KOTTAYAM PUBLIC LIBRARY

Call No. MF9 Acc. No. 9483

Author. ചെക്കോവ്. ആൻറൺ

Title. പ.ദ്രോണ്

9483

# പച്ചോന്ത്

NATIONAL BOOK S… SPCS LTD. KOTTAYAM

പ്രഭാത് ബുക്ക്ഹൗസ്.

# PACHONTH

(STORIES)

Jessy Kottayam

**ANTON CHEKHOV**

*First Impression August 1956.*

*Copies 1500. Price Re. One.*

*Translated by:*

**T. N. KRISHNA PILLAI.**

PUBLISHERS:

**Prabhatham Printing & Publishing Company (Private) Ltd.**

9483.

# പച്ചോന്തു

(കഥകൾ)

ആൻറൺ ചെക്കോവ്

പരിഭാഷകൻ:

ടി. എൻ. കൃഷ്ണപിള്ള

ഒന്നാംപതിപ്പ്
1956 ആഗസ്റ്റ്.
കോപ്പി 1500

വില ഒരു രൂപ

MF9
Che-p

പ്രസാധകന്മാർ:
പ്രഭാതം പ്രിൻറിംഗ് ആൻഡ് പബ്ളിഷിംഗ്
കമ്പനി (പ്രൈവററ്) ലിമിററഡ്.

ജനയുഗം പ്രസ്സ്, കൊല്ലം

വിതരണം:
പ്രഭാത് ബുക്ക്ഹൗസ്
കൊല്ലം, തിരുവനന്തപുരം, കോട്ടയം,
ആലപ്പുഴ, എറണാകുളം,
കോഴിക്കോട്ട്, കണ്ണൂർ, മംഗലാപുരം.

# ആൻറൺ ചെക്കോവ്

## (1860—1904)

നാല്പത്തിനാലു വർഷത്തെ ജീവിതംകൊണ്ടു് നൂററാണ്ടുകളെ അതിജീവിക്കാൻ കഴിയുന്നതൊക്കെ സാധിച്ചിട്ടു മറഞ്ഞ ആൻറൺ പവ്‌ലോവിച്ചു് ചെക്കോവ് ഒരു ചെറുകച്ചവടക്കാരൻെറ മകനായി 1860-ൽ ററാഗറോംഗിൽ (റഷ്യ) ജനിച്ചു.

ഒരു ഡാക്ടരായാണു് ചെക്കോവ് ജീവിതം തുടങ്ങിയതു്. തൻെറ സ്മരണകളിൽ അദ്ദേഹം അതോർമ്മിക്കുന്നഭാഗം ശ്രദ്ധേയമാണു്: "വൈദ്യശാസ്ത്രപഠനം എൻെറ സാഹിത്യജീവിതത്തിൽ തീർച്ചയായും വളരെയേറെ സ്വാധീനശക്തി ചെലുത്തിയിട്ടുണ്ടു്. അതു് എൻെറ വീക്ഷണശക്തിയുടെ പരിധി വിസ്തൃതമാക്കി, എൻെറ അറിവിനു മുതൽക്കൂട്ടായിരുന്ന ആ അനുഭവങ്ങൾ ഒരു ഡാക്ടർക്കു മാത്രം ഗ്രഹിക്കാൻ കഴിയുന്ന പലതും എനിക്കു നേടിത്തന്നു. കൂടാതെ ജീവിതത്തോടും ജനതയോടുമുള്ള എൻെറ സമീപനത്തിലും അതിൻെറ സ്വാധീനശക്തി ഉണ്ടായിരുന്നു. വൈദ്യശാസ്ത്രബോധം എന്നെ പല തെററുകളിൽനിന്നും മുക്തനാക്കിനിറുത്തുകയും ചെയ്തിരിക്കുന്നു."

ഒരു വിദ്യാർത്ഥിയായിരുന്നകാലത്തുതന്നെ ചെക്കോവ് പത്രങ്ങൾക്കു കഥകളെഴുതിയിരുന്നു. ഹാസ്യരസപ്രധാനമായ പ്രസിദ്ധീകരണങ്ങളിലാണു് അക്കാലത്തെ തൂലികാവിലാസം അവിരാമം പ്രത്യക്ഷപ്പെട്ടിരുന്നതു്. നിരുപദ്രവമായ ഫലിതകഥകളിൽനിന്നും വളരെ വേഗം സാമൂഹ്യപ്രശ്നങ്ങളുടെനേരെ വിരൽചൂണ്ടുന്ന ഒരു പരിഷ്ക്കർത്താവായി ചെക്കോവ് മാറി. റഷ്യയുടെ ഓരോ കോണിലും ചെക്കോവിൻെറ പ്രശസ്തി സർവ്വാധിപത്യം സ്ഥാപിച്ചു. 1887-ൽ "ദി അക്കാഡമി ആഫ് സയൻസസ്" പുഷ്കിൻസമ്മാനത്തിൻെറ പകുതിഭാഗം ചെക്കോവിനു നല്കി ആദരിച്ചു.

ചെറുകഥാസാഹിത്യത്തിന്റെ വളർച്ചയിൽ ഒരു പ്രസ്ഥാനമായി വന്ന ചെക്കോവിന്റെ സാങ്കേതികരീതി ഏതാണ്ട് അനുപമമായിത്തന്നെ നില്ക്കുന്നു. ജീവിതകാലംമുഴുവൻ നാടകരചനയിൽ ഏർപ്പെട്ടിരുന്ന ബർണാഡ്ഷായ്ക്കുപോലും ചെക്കോവിന്റെ രീതികളുപയോഗിച്ച് ഒരു നാടകം രചിക്കാൻ വളരെക്കാലം വേണ്ടിവന്നു എന്നു പറഞ്ഞാൽ, വിരലിലെണ്ണാവുന്നത്രമാത്രം എഴുതിയിട്ടുള്ള അദ്ദേഹത്തിന്റെ തൂലികയുടെശക്തി ഏതാണ്ടൂഹിക്കാവുന്നതാണല്ലോ.

1900—ൽ 'ദി അക്കാഡമി ആഫ് സയൻസസി'ലെ ഒരു ആണററിമെമ്പറായി ചെക്കോവ് തെരഞ്ഞെടുക്കപ്പെട്ടെങ്കിലും രണ്ടു വർഷത്തിനുശേഷം ഗോർക്കിക്ക് ആ സ്ഥാനം നിഷേധിച്ച സാർചക്രവർത്തിയുടെ തീരുമാനത്തോടു പ്രതിഷേധിച്ച് അദ്ദേഹം ആ പദവി തിരസ്കരിച്ചു.

ഇക്കാലമത്രയും കടുത്ത ക്ഷയരോഗം അദ്ദേഹത്തിന്റെ ആയുസ്സിനെ കരണ്ടുതിന്നുന്നുണ്ടായിരുന്നു. തീവ്രമായ സർവ്വ ശ്രമങ്ങളെയും അതിലംഘിച്ചുകൊണ്ട് 1904 ജൂലൈ 15—ാം തീയതി അതു് അദ്ദേഹത്തിന്റെ ജീവൻ അപഹരിച്ചു.

* * * * * * * *

"ഒരു മനുഷ്യന് ആവശ്യമുള്ളത് ആറടിമണ്ണുമാത്രമാണെന്നാണു പറയപ്പെടുന്നതു്. എന്നാൽ അതു് ഒരു മരിച്ച മനുഷ്യന്റെ ആവശ്യമാണ്. ജീവിച്ചിരിക്കുന്ന ഒരുവനാവശ്യമുള്ളതു് ആറടിമണ്ണോ, ഒരു ജില്ലയോ അല്ല, ഈ പ്രകൃതിമുഴുവൻ, ഇതിലെ എല്ലാ വിഭവങ്ങളും, തന്റെ ആത്മാവിന്റെ വൈശിഷ്ട്യവും വാസനയും സ്വതന്ത്രമായി പ്രകടിപ്പിക്കുന്നതിനുള്ള സാഹചര്യവും." പ്രായം ഏറുന്തോറും ഈ ലോകത്തിനൊരു പരിവർത്തനം കൂടിയേതീരുവെന്ന ബോദ്ധ്യം ഉറച്ചുവരികയും ചെക്കോവിന്റെ തൂലിക സന്ദർഭം കിട്ടുന്നിടത്തൊക്കെ അതു പ്രഖ്യാപിച്ചുകൊണ്ടിരിക്കയും ചെയ്തിരുന്നു. യുക്തിയിലും ശാസ്ത്രത്തിന്റെ ശക്തിയിലും സുദൃഢവിശ്വാസമുള്ള ചെക്കോവ് ശുഭാപ്തിവിശ്വാസത്തോടെപറഞ്ഞു: "വികൃതവും വൃത്തികെട്ടതുമായ ഈ നാട്ടു് അനുപമമായ ഒരു പുഷ്പവാടിയായിമാറും— ഇരുന്നൂറോ, മുന്നൂറോ വർഷങ്ങൾകൊണ്ടല്ല." അതു ശരിയായിരുന്നു, വിപ്ലവത്തിനുള്ള വെമ്പലുകളുമായി ബന്ധപ്പെട്ടിരുന്നില്ലെങ്കിലും ആ സമൂലപരിവർത്തനം അകലത്തല്ലാതെകാണാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

ചെക്കോവിൻെറ ചെറുകഥകളേപ്പററി ടോൾസ്റ്റോയ് പറഞ്ഞിട്ടുള്ളതു ശ്രദ്ധേയമാണ്: "കലാകാരനായ ചെക്കോവിനെ, ടർജിനോവും, ഡസ്റ്റോവ്സ്കിയും, ഞാനും ഉൾപ്പെടെയുള്ള തൻെറ മുൻഗാമികളുമായി താരതമ്യപ്പെടുത്തിക്കൂട. ഇമ്പ്രഷനിസ്ററുകളെപ്പോലെ ചെക്കോവിനു സ്വതന്ത്രമായ ഒരു രീതി വശമുണ്ട്. യാതൊരു ക്രമവും പരസ്പരബന്ധവും ഇല്ലാതെ ചായം ഉപയോഗപ്പെടുത്തുന്ന ഒരു കലാകാരനെ നോക്കിനില്ക്കുന്ന പ്രതീതിയാണ് ചെക്കോവ് ജനിപ്പിക്കുന്നതു്. പക്ഷെ ഒരു ചുവടു പിറകോട്ടുവച്ചിട്ട്, അതിൻെറ ഫലം പരിശോധിച്ചാൽ ഭാവശക്തി അത്ഭുതകരമായിരിക്കും. നിങ്ങളുടെമുമ്പിൽ വ്യക്തവും ആശ്ചര്യജനകവുമായ ഒരു ചിത്രമായിരിക്കും കാണുന്നതു്."

ചെറുകഥാലോകത്തും നാടകരചനയിലും ഒരു പുതിയ പാത തുറന്നിട്ടു ചെക്കോവ് മറഞ്ഞു. പക്ഷെ ചെക്കോവാകാനുള്ള ആശയും, അതസാദ്ധ്യമാണെന്നബോധത്താലുള്ള നിരാശയുംകൊണ്ട് അദ്ദേഹത്തെ കൂടുതൽ ആദരിക്കുന്ന ഒരു വലിയവിഭാഗം സാഹിത്യകാരന്മാർ ലോകത്തിൻെറ ഓരോകോണിലുമായി ഇന്നും ചിതറിക്കിടക്കുന്നുണ്ട്.

പരിഭാഷകൻ.

## കഥകൾ

നെല്ലിക്ക

നവവധു

ഒരു ഗൃഹസ്ഥന്റെ മരണം

ഒരു കലാകാരന്റെ കഥ

പല്ലോന്ത്

വൈരികൾ

# നെല്ലിക്ക

പുലച്ചമുതൽ ആകാശം മഴക്കാറുകൊണ്ടു മൂടപ്പെട്ടിരുന്നു; മൂകവും തണുപ്പുനിറഞ്ഞതുമായ ആ ദിനം ഉന്മേഷരഹിതമായിരുന്നു. തലയ്ക്കുമുകളിൽ മേഘപാളികൾ ഏതുനിമിഷവും കോരിച്ചൊരിയാൻ തയ്യാറായിനില്ക്കുക, പക്ഷേ അതൊട്ടു സംഭവിക്കയുമില്ല—അത്തരം ഒരു ദിവസം. മൃഗഡാക്ടറായ ഇവാൻ ഇവാനിച്ചും, ഹൈസ്കൂൾ അദ്ധ്യാപകനായ ബർക്കിനും തളരുന്നതുവരെ നടന്നിരുന്നു. എന്നിട്ടും പിന്നിടേണ്ട ദൂരം അനന്തമായി നീണ്ടുകിടക്കുന്നപോലെ തോന്നി. അകലത്തായി മിറാനൊസിററ്സ്കോയ് ഗ്രാമവും ഒരു കാററാടിമില്ലും അവ്യക്തമായെങ്കിലും മുന്നിൽ കാണാമായിരുന്നു. ചെറുകുന്നുകളുടെ ഒരു നിരപോലെ ഗ്രാമത്തിന്റെ വലത്തെയററത്തായുള്ള അതിർത്തിയിൽ കണ്ടിരുന്നതു് നദിയുടെ കരയാണെന്നവർക്കു മനസ്സിലായി. പിന്നെ പച്ചപ്പുൽതകിടികളും, അരളിമരങ്ങളും, ഗ്രാമത്തോട്ടങ്ങളുമുണ്ടു്; ഈ കുന്നുകളുടെ മുകളിൽനിന്നാണെങ്കിൽ അനന്തമായി നീണ്ടുകിടക്കുന്ന പാടങ്ങളും, കമ്പിത്തപാൽത്തൂണുകളും, ഇഴയുന്ന പട്ടുനൂൽപ്പുഴുപോലെയുള്ള തീവണ്ടിയും അകലത്തായി കാണാമായിരുന്നു. നല്ല കാലാവസ്ഥയിലാണെങ്കിൽ പട്ടണംതന്നെയും ദൃശ്യമായിരിക്കും. ഈ നിശ്ചലമായ ദിനത്തിൽ പ്രകൃതി ദയാമയിയും വ്യാകുലയുമായിക്കാണുമ്പോൾ ഇവാൻ ഇവാനിച്ചിനും ബർക്കിനും, പ്രകൃതിയുടെനേരേ സ്നേഹപൂർണ്ണമായ ഒരലയിളക്കം ഹൃദയത്തിൽ അനുഭവപ്പെട്ടു, തങ്ങളുടെ നാടു് എത്ര വിശാലവും ഭംഗിയുററതുമാണെന്നു ചിന്തിച്ചുപോകയും ചെയ്തു.

"കഴിഞ്ഞതവണ പ്രോക്കോഫിയുടെ കുടിലിൽ കഴിച്ചപ്പോൾ ഒരു കഥ പറയാമെന്നു നിങ്ങൾ പറഞ്ഞല്ലോ." ബർക്കിൻ പറഞ്ഞു:

“അതെ. എൻെറ അനിയൻെറ കഥ പറയാൻ ഞാനുദ്ദേശിച്ചു.”

കഥപറയാനുള്ള പ്രാരംഭമായി ഇവാൻ ഇവാനോവിച്ച് ഒരു നെടുവീപ്പിട്ടുകൊണ്ടു് തൻെറ പൈപ്പു കത്തിച്ചതും മഴ തുടങ്ങിയതും ഒന്നായിക്കഴിഞ്ഞു. അഞ്ചു നിമിഷങ്ങൾക്കകം മാരി അലറിച്ചൊരിഞ്ഞുതുടങ്ങിയപ്പോൾ അതെപ്പോഴവസാനിക്കുമെന്നു പ്രവചിക്കാനൊക്കാത്തവിധമായിരുന്നു. ഇവാൻ ഇവാനിച്ചും ബെക്കിനും കരണീയമെന്തെന്നറിയാതെ നിന്നുപോയി. ആകെ നനഞ്ഞുകഴിഞ്ഞ നായ്ക്കൾ വാലു താഴ്ത്തി, താല്പര്യത്തോടെ അവരെ നോക്കിനിന്നു.

“എവിടെങ്കിലും ഒന്നു കയറിനില്ക്കാനിടം കണ്ടുപിടിക്കണം.” ബെക്കിൻ പറഞ്ഞു. “നമുക്കു് അലിഖിൻെറ വീട്ടിലേയ്ക്കു പോകാം, വളരെ അടുത്താണു്.”

“എങ്കിൽ വരു.”

അവർ ഒരു വശത്തേക്കു തിരിഞ്ഞു് പുതുതായി കൊയ്ത്തു കഴിഞ്ഞുകിടക്കുന്ന പാടത്തിലൂടെ നേരേ നടന്നു. ഒന്നുകൂടി വലത്തേക്കുതിരിഞ്ഞു ഗതിതുടന്നപ്പോൾ അവർ ഒരു പാതയിലെത്തി. പൊപ്ലാർ മരങ്ങളും, ഒരു തോട്ടവും ചുവന്ന മേൽക്കൂരയുമുള്ള ഒരു കളപ്പുര വളരെ വേഗം കണ്ടു. വിശാലമായ നദിയുടെ ജലപ്പരപ്പു തിളങ്ങിയിരുന്നു. ഒരു കാററാടിമില്ലും വെള്ളപൂശിയ മതിൽകെട്ടോടുകൂടിയ ഒരു കുളിക്കടവും കാണപ്പെട്ടു. അതാണു് അലിഖിൻ താമസിച്ചിരുന്ന ‘സോഫ്യിനോ.’

മില്ല പ്രവർത്തിച്ചുകൊണ്ടിരുന്നു, അതിൻെറ കാററുപിടിച്ചു കറങ്ങുന്ന ലോഹദളങ്ങളുടെ കോലാഹലം നദിയുടെ പ്രവാഹധ്വനിയെ കീഴ്പ്പെടുത്തിക്കളഞ്ഞിരുന്നു; അണക്കെട്ടു മുഴുവൻ കിടുങ്ങിയിരുന്നു. ആകെ നനഞ്ഞുകഴിഞ്ഞ കുതിരകൾ ചില വണ്ടികൾക്കടുത്തു ശിരസ്സു നമിച്ചുനില്ക്കുന്നു. തലയിലും ചുമലിലും ചാക്കുകെട്ടുകളുമായി ആളുകൾ നീങ്ങിയിരുന്നു. ചെളികെട്ടി നിറഭേദം വന്നുകഴിഞ്ഞ തറ, വെള്ളത്തിനു തണുപ്പേറിയും കുടിലമായും കാണപ്പെട്ടിരുന്നു. അഴുക്കും, ശാരീരികമായ അസുഖവും, ചെളികടന്ന ബൂട്ട്സും, കടുത്ത കുളിരും കൊണ്ടു് ഇവാൻ ഇവാനിച്ചും ബെക്കിനും തണുപ്പിൻെറ കഷ്ടപ്പാടറിഞ്ഞുതുടങ്ങിയിരുന്നു; കാററാടിമില്ല കടന്നപ്പോൾ അവർ ജന്മിയുടെ കളപ്പുരയുടെനേക്കുനടന്നു. പരസ്പരം കുററപ്പെടുത്തുന്നവിധം അവർ മൂകരായിരുന്നു.

കളപ്പുരകളിൽ ഒന്നിൽനിന്നും പതിര് തൂററുന്നതിൻെറ ശബ്ദം കേൾക്കാമായിരുന്നു; ഒരു കതകു തുറക്കപ്പെട്ടതോടെ പൊടിപടലത്തിൻെറ മേഘമാലകൾ ഉയൎന്നു. വാതില്ക്കൽതന്നെ, തടിച്ചു് മുടി നീട്ടിവളൎത്തിയ അലിഖിൻ, ഒരു ജന്മിയെന്നതിനെക്കാൾ ഒരു പ്രൊഫസറുടെയോ ചിത്രകാരൻെറയോ ഭാവത്തിൽ നിന്നിരുന്നു. വെള്ളംകാണേണ്ട കാലം വളരെ കടന്ന ഒരു വെള്ളഷർട്ടു് അയാൾ ധരിച്ചിരുന്നതു് ഒരു ചരടുകൊണ്ടു് അരയിൽ ചേൎത്തുകെട്ടിയിരുന്നു. അയാൾ ഒരു ലങ്കോട്ടിയല്ലാതെ അതിനുമുകളിൽ കാലുറകളോ മററോ ധരിച്ചിരുന്നില്ല, പാദരക്ഷകളിൽ ചെളിയും വയ്ക്കോലും കട്ടിപിടിച്ചിരുന്നിരുന്നു. കണ്ണിനും മൂക്കിനും ചുററും പൊടിപടലത്തിൻെറ പരിവേഷം തെളിഞ്ഞുനില്ക്കുന്നുണ്ടു്. അയാൾ ഇവാൻ ഇവാനിച്ചിനേയും ബക്കിനേയും തിരിച്ചറിഞ്ഞു. അവരെ കണ്ടതിൽ അയാൾ സന്തുഷ്ടനായി കാണപ്പെട്ടു.

"മാന്യരേ, വീട്ടിലേയ്ക്കു പോകുക." അയാൾ പറഞ്ഞു. "ഞാൻ ഒരുനിമിഷത്തിനകം എത്തിയേക്കാം."

അതൊരു വലിയ ഇരുനിലക്കെട്ടിടമായിരുന്നു. മുമ്പു് കാൎയ്യസ്ഥന്മാർ ഉപയോഗിച്ചിരുന്ന ചെറിയ ജാലകങ്ങളും പുളഞ്ഞുതുടങ്ങിയ ചരിവുതട്ടുകളുമുള്ള താഴത്തെ നിലയാണു് അലിഖിൻ ഉപയോഗിച്ചിരുന്നതു്. അവിടം വളരെ മോശപ്പെട്ടനിലയിൽ ഒരുക്കപ്പെട്ടിരുന്നു. അവിടെ ബജ്റാകൊണ്ടുള്ള അപ്പത്തിൻേറയും കുറഞ്ഞ 'വോഡ്കാ' (റഷ്യാക്കാർ സാധാരണ ഉപയോഗിക്കുന്ന നാടൻമദ്യം) യുടേയും കുതിരയുടെ പുറത്തു് ഇട്ടിരിക്കുന്നതിനുള്ള തുകൽസാധനങ്ങളുടേയും ഗന്ധം തങ്ങിനിന്നിരുന്നു. അതിഥികളില്ലാത്ത സന്ദൎഭങ്ങളിൽ അയാൾ മുകളിലത്തെ നിലയിലേയ്ക്കു പോയിരുന്നതേയില്ല. ഇവാൻ ഇവാനിച്ചിനേയും ബക്കിനേയും ഒരു വേലക്കാരി അകത്തേക്കു നയിച്ചു. അവർ സ്വയമറിയാതെ അവളെ നോക്കിനിന്നിട്ടു പരസ്പരം ശ്രദ്ധിച്ചുപോയി. അവൾ അത്ര്യയ്ക്കു സുന്ദരിയായിരുന്നു.

"സ്നേഹിതരേ, നിങ്ങളെ ഇവിടെ കാണാൻകഴിഞ്ഞതിൽ എനിക്കുള്ള സന്തോഷം എത്രമാത്രമാണെന്നു് നിങ്ങൾക്കൊരു രൂപവും കാണുകയില്ല." അവരെക്കടന്നു് ഹാൾമുറിയിലേയ്ക്കു മുന്നിൽ നടന്ന അലിഖിൻ പറഞ്ഞു. "ഇതു തീരെ പ്രതീക്ഷയില്ലാതിരുന്ന, ആശ്ചൎയ്യപ്പെടുത്തുന്ന ഒരു വരവുതന്നെയാണു്! പെലാഗ്യാ," അയാൾ

പരിചാരികയോടു തിരിഞ്ഞുപറഞ്ഞു. "ഈ മാന്യന്മാക്കു് ഈറൻ മാററാൻ വസ്ത്രങ്ങൾ കൊണ്ടുവരൂ. ഞാനും വേഷംമാററിക്കളയാം. പക്ഷെ ആദ്യമായി ഒന്നു കുളിക്കണം. ഈ വസന്തത്തിൽ ഞാനൊന്നു കുളിച്ചതായിത്തന്നെ ഓർക്കുന്നില്ല. അവർ എല്ലാം ഒരുക്കുമ്പോഴേക്കും നമുക്കൊന്നു കുളിക്കരുതോ?"

മൃദുലസുന്ദരമായ രൂപമുള്ള മനോജ്ഞയായ പെലാഗ്യാ അവക്കു സോപ്പും ടവ്വലും കൊണ്ടുവന്നുകൊടുത്തു. അലിഖിനും സ്നേഹിതനും കുളിക്കടവിലേക്കു പോയി.

"അതെ, ഞാനൊന്നു കുളിച്ചിട്ടു വളരെക്കാലമായി." തന്റെ വസ്ത്രങ്ങൾ അഴിച്ചുമാററുന്നതിനിടയിൽ അയാൾ പറഞ്ഞു–"എനിക്കൊരു നല്ലകുളിക്കടവുള്ളതു കണ്ടല്ലോ. അച്ഛൻ കെട്ടിച്ചതാണിതു്. പക്ഷെ, എന്തുകൊണ്ടോ ഒന്നു കുളിക്കാൻ എനിക്കു സമയം ലഭിക്കാറില്ല."

അയാൾ കൽപ്പടിയിലിരുന്നു് നീണ്ട മുടിയിലും കഴുത്തിലും സോപ്പുതേച്ചു പതയ്ക്കാൻതുടങ്ങി, അതോടെ അയാളുടെ ചുററും ജലം കറുത്തനിറമാകാൻതുടങ്ങി.

"അതെ, തീച്ചയായും നിങ്ങൾ......."ഇവാൻ ഇവാനിച്ചു് തങ്ങളുടെ ആതിഥേയന്റെ ശിരസ്സിലേക്കു് അത്ഥവത്തായി നോക്കിയിട്ടുപറഞ്ഞു.

"ഞാനൊന്നുകുളിച്ചിട്ടു വളരെക്കാലമാകുന്നു...."അലിഖിൻ ലജ്ജിതനെപ്പോലെ ആവത്തിച്ചിട്ടു വീണ്ടും വീണ്ടും സോപ്പു തേച്ചപ്പോഴേക്കും ചുററുമുള്ള ജലം മഷിപോലെ നീലനിറത്തിലായി.

ഇവാൻ ഇവാനിച്ചു് എഴുന്നേററു് ഒരു ശബ്ദത്തോടെ ജലത്തിലേക്കു കുതിച്ചുവീണു, അയാൾ കൈകൾ ആഞ്ഞുവീശി, ചുററും അലകളുയത്തി, മഴയേററുകൊണ്ടു നീന്തി; അയാളുയത്തിവിട്ട അലകളിൽ വെള്ളക്കരിങ്കൂവളങ്ങൾ ഇളകിത്തുള്ളിക്കൊണ്ടിരുന്നു. അയാൾ നദിയുടെമദ്ധ്യംവരെ നീന്തിയിട്ടു മുങ്ങി, ഊളിയിട്ടു് അയാൾ മറെറാരിടത്തു് പൊങ്ങി, വീണ്ടും നീന്തി. നദിയുടെ അടിത്തട്ടിൽ സ്പശിക്കാൻ ശ്രമിച്ചുകൊണ്ടു് കൂടെക്കൂടെ ഊളിയിട്ടിട്ടാണു് അയാൾ നീന്തിയതു്. "ഓ, ഈശ്വരാ!" ആഹ്ളാദത്തള്ളലിൽ അയാൾ ഉൽഘോഷിച്ചു. "ഓ, എന്റീശ്വരാ...." അയാൾ മില്ലിന്റെനേക്കുനീന്തി. അവിടെനിന്നു ചില കൃഷിക്കാരോടു് അല്പം സംസാരിച്ചിട്ടു് അയാൾ തിരിച്ചുനീന്തി.

എന്നാൽ നദിയുടെ മദ്ധ്യത്തിലെത്തിയപ്പോൾ മുഖത്തു മഴവീഴത്തക്ക വിധം മലൎന്നുകിടന്നു് അയാൾ ഒഴുക്കിന്റെ ശക്തിക്കു സ്വയം അൎപ്പി തനായി. ബൎക്കിനും, അലിഖിനും മടങ്ങാനായി വസ്ത്രങ്ങൾ ധരിച്ചു് തയാറായിനിന്നിട്ടും അയാൾ നീന്തിക്കൊണ്ടുതന്നെയിരുന്നു.

"ഈശ്വരാ! നല്ലവനായ ദൈവമേ!" അയാൾ ഉൽഘോഷിച്ചു കൊണ്ടിരുന്നു. "പ്രിയപ്പെട്ട ദൈവമേ!"

"കേറിവരൂ!" ബൎക്കിൻ വിളിച്ചുപറഞ്ഞു.

അവർ വീട്ടിലേയ്ക്കുമടങ്ങി. മുകളിലത്തെനിലയിലെ വിശാല മായ സ്വീകരണമുറിയിൽ വിളക്കേററപ്പെട്ടുകഴിഞ്ഞു. ബൎക്കിനും ഇവാൻ ഇവാനിച്ചും സിൽക്കുഡ്രസിംഗ്ഗൗണുകളും ചൂടുള്ള പാദരക്ഷ കളും ധരിച്ചു് ചാരുകസാലകളിൽ ഉപവിഷ്ടരായി. തന്റെ ചൂടുള്ള ഫ്രാക്കുകോട്ടും, പാദരക്ഷകളും ധരിച്ചു്, മുടി കോതിവച്ചുകൊണ്ടു് അലിഖിൻ ആ അറയിലെ ചുടാസ്വദിച്ചുകൊണ്ടു് ഉലാത്തുന്നുണ്ടായി രുന്നു. മൃദുവായ പാദപാതശബ്ദത്തോടെ എത്തിയ സുന്ദരിയായ പെ ലാഗ്യാ ആൎദ്രമായ പുഞ്ചിരിയോടെ ചായപകൎന്നു കൊടുത്തപ്പോൾ മാത്രമാണു്, ഇവാൻ ഇവാനിച്ചു് തങ്കവൎണ്ണത്തിലുള്ള ചട്ടക്കൂടുള്ള ചിത്രങ്ങളിൽനിന്നു് പഴയ നായികമാരും സുന്ദരികളും, രൂക്ഷമായി നോക്കുന്ന സൈനികോദ്യോഗസ്ഥന്മാരുംകൂടി കേൾക്കുന്നുണ്ടെന്ന ഭാവത്തിൽ തന്റെ കഥാകഥനം ആരംഭിച്ചതു്.

"ഞങ്ങൾ രണ്ടു സഹോദരന്മാരായിരുന്നു." അയാൾ ആരംഭിച്ചു "ഇവാൻ ഇവാനിച്ചു് (ഞാൻ) രണ്ടു വയസ്സിനിളയ നിക്കൊളേ ഇവാ നിച്ചു്. ഞാൻ പഠിത്തംതുടൎന്നു് ഒരു മൃഗഡാക്ടരായി; പക്ഷേ നിക്കോ ളേ പത്തൊമ്പതാമത്തെ വയസ്സിൽ ഒരു ഗവൺമെൻറാഫീസിൽ ഉദ്യോഗത്തിൽ പ്രവേശിച്ചു പ്രവൃത്തിയെടുക്കാൻ തുടങ്ങി. ഞങ്ങളുടെ അച്ഛൻ, ചിംഷാ-ഹിമാലേയ്സ്കി, സ്വകാൎയ്യഭടന്മാരുടെ മക്കൾക്കാ യുള്ള ഒരു വിദ്യാലയത്തിൽ പഠനംനടത്തിയ ആളായിരുന്നുവെങ്കിലും പില്ക്കാലത്തു് ഓഫീസ്സർ പദവിയിലേക്കു കയററംചെയ്യപ്പെട്ടു്, കുറച്ചു കാലത്തിനുശേഷം പരമ്പരയായി പ്രഭുപദവി അനുഭവിക്കാനനുവദി ക്കപ്പെട്ടു. ഒരു ചെറിയ എസ്റ്റേററും അദ്ദേഹത്തിനു നൽകപ്പെട്ടു. അ ദ്ദേഹത്തിന്റെ മരണശേഷം കടംവീട്ടുനാതിനു്, എസ്റ്റേററു വില്ക്കേ ണ്ടതായിവന്നു. എങ്കിലും അവിടെ പാടത്തും, കൊച്ചുകാടുകളിലും കൃഷകബാലന്മാരോടൊപ്പം സംസാരിച്ചും കുതിരകളെമേച്ചും മരങ്ങളു ടെ തടിയിൽനിന്നും തൊലിയുരിഞ്ഞെടുത്തും മീൻപിടിച്ചും എല്ലാം,

ഞങ്ങളുടെ ബാല്യകാലം ഗ്രാമപ്രദേശത്തെ സ്വാതന്ത്ര്യപൂർണ്ണമായ പരിസരത്തിൽ കഴിച്ചുവെന്ന നേട്ടമുണ്ടു്. ഇങ്ങനെ മീൻപിടിച്ചും, ശരത്കാലത്തു തെക്കൻദിക്കിലേക്കു പറന്നുപോകുന്ന പാട്ടുന്ന പറവകളെനോക്കിയും കുളിർത്തുപറവുന്ന തെളിഞ്ഞദിനങ്ങളിൽ ഗ്രാമത്തിൽ വളർന്നവൻ പട്ടണത്തിലെ ദുഷിച്ച, മടുപ്പിക്കുന്ന ജീവിതത്തിൽചെന്നുപെട്ടാൽ ഗ്രാമത്തിലേക്കു മടങ്ങാനുള്ള അവാച്യമായ പ്രേരണ അടക്കാനാവില്ലാതായിപ്പോകും. എൻെറ അനിയൻ ഗവർമെൻറാഫീസിൽ പ്രവൃത്തിയെടുത്തു വാടുകയായിരുന്നു. വർഷങ്ങൾ കഴിഞ്ഞു. അവൻ തൻെറ പഴയ പദവിയിൽതന്നെ എന്നും ഇരുന്നു, എന്നും ഒരേതരം കാര്യങ്ങൾ എഴുതിക്കൂട്ടിക്കൊണ്ടു്. എങ്കിലും എപ്പോഴും ആ ഒരേയൊരു ലക്ഷ്യത്തെപ്പററി ചിന്തിച്ചുകൊണ്ടിരുന്നു— എങ്ങനെ ഗ്രാമത്തിലേക്കു മടങ്ങാമെന്നു്. ഈ അഭിലാഷങ്ങൾ അയാളിൽ അനിഷേദ്ധ്യമായി വളർന്നു, നദിയുടെയോ കായലിൻെറയോ കരയിൽ എവിടെങ്കിലും ഒരു എസ്റ്റേററുവാങ്ങുക എന്ന സ്വപ്നം.

"അവൻ ഒതുക്കമുള്ള ഒരു സൽസ്വഭാവിയായിരുന്നു, ഞാൻ അവനെ വളരെ ഇഷ്ടപ്പെട്ടിരുന്നു. എങ്കിലും തൻെറ സ്വന്തമായി ഒരു എസ്റ്റേററുവാങ്ങി അതിൽ ചുരുണ്ടുകൂടാനുള്ള അവൻെറ അത്യാശയെപ്പററി എനിക്കൊരു സഹാനുഭാവവും തോന്നിയിരുന്നില്ല. മനുഷ്യന് ആറടിമണ്ണിൻെറ ആവശ്യമേ ഉള്ളുവെന്നാണു പറയുന്നതു്. പക്ഷെ ഇപ്പോൾ പറയുന്നതു് ബുദ്ധിമാന്മാർ ഗ്രാമങ്ങളിലേക്കു തിരിയാൻ ആശിക്കുന്നതൊരു നല്ല ലക്ഷണമാണെന്നാണു്. പക്ഷേ ഈ എസ്റ്റേററുകളും ആറടിമണ്ണല്ലാതെ മറെറാന്നുമല്ലല്ലോ. പട്ടണത്തിൽനിന്നു്, അവിടത്തെ മാത്സര്യത്തിലും അലട്ടലുകളിലുംനിന്നു്, ശബ്ദായമാനമായ ജീവിതത്തിൽനിന്നു്, രക്ഷപ്പെട്ടു നാട്ടുമ്പുറത്തേക്കു തലവലിച്ചു രക്ഷപ്പെടാമെന്നു കരുതുന്നതു ജീവിതമല്ല അഹംഭാവമാണു്, മടിയാണു്; അതൊരുതരം പരിത്യാഗമാണു്, വിശ്വാസരഹിതമായ പരിത്യാഗം. ആറടി ഭൂമിയോ, നാട്ടുമ്പുറത്തൊരു എസ്റ്റേററോ അല്ല മനുഷ്യനാവശ്യം, പിന്നെയോ ഈ ലോകംമുഴുവൻ, പ്രകൃതിമുഴുവൻ, അവൻെറ ആത്മാവിൻെറ വ്യക്തിഗതമായ വൈശിഷ്ട്യവും മേന്മയും പ്രകാശിപ്പിക്കാനുള്ള അവകാശവും സൗകര്യവുമാണു് ലഭിക്കേണ്ടതു്.

"എൻെറ അനിയൻ നിക്കൊളേ, ആഫീസിലെ ഡസ്കിന്നടുത്തിരുന്നു് തൻെറ തോട്ടത്തിൽതന്നെ ഉണ്ടായ, തൻെറ മുററം മുഴുവൻ

ഹൃദ്യമായ പരിമളംപരത്തുന്ന പച്ചക്കറികൾ തന്റെ മുററത്തും പുറത്തും പൂൽത്തകിടിയിലും ഇരുന്നനുഭവിക്കുന്നതായും, സൂര്യരശ്മിയും ഏററു് അവിടെക്കിടന്നു് ഉറങ്ങുന്നതായും തന്റെ പടിക്കു വെളിയിലുള്ള ബെഞ്ചിലിരുന്നു് നീണ്ടമണിക്കൂറുകളോളം പാടത്തിലും കാട്ടിലും നോക്കിയിരിക്കുന്നതായും സ്വപ്നംകണ്ടിരുന്നു. കൃഷിശാസ്ത്രഗ്രന്ഥങ്ങളും, സ്ഥിതിവിവരക്കണക്കുകളും അയാൾക്കു വലിയ ഭ്രമമായിരുന്നു. അതയാളുടെ ആത്മീയോല്ലാസം തളിക്കാൻവയ്ക്കുന്നവയായിരുന്നു. അയാൾ പത്രങ്ങൾ വായിച്ചിരുന്നു. പക്ഷെ എല്ലാം ഒരു വീടും കായ്കനിത്തോട്ടവും കൃഷിക്കുപററുന്നവിധം ഒരാററിനടുത്തുള്ള ഒരു മില്ലും നീരുറവവന്നുനിറയുന്ന കുളവുമുള്ള വിസ്തൃതമായ എസ്റ്റേററുകളെപ്പററിയുള്ള പരസ്യങ്ങൾ ആയിരുന്നു. അയാളുടെ ഭാവനയിൽ മുഴുവൻ ഉദ്യാനത്തിലെ പാതകളും, പൂക്കളും, പഴങ്ങളും, കിളികൾക്കുള്ള കൂടുകളും പുതുവെള്ളത്തിലെ മത്സ്യങ്ങൾ കൂത്താടുന്ന കുളങ്ങളും, എല്ലാം ഉള്ള ഒരു സ്ഥലം നിറഞ്ഞുനിന്നിരുന്നു. ആ ഭാവനയുടെരൂപം പരസ്യത്തിന്റെ വൈവിദ്ധ്യമനുസരിച്ചു മാറിക്കൊണ്ടിരുന്നു എന്നുമാത്രം. എങ്കിലും നെല്ലിമരങ്ങൾ അയാളുടെ സ്വപ്നത്തിലുള്ള എല്ലാ തോട്ടങ്ങളിലും ഉണ്ടായിരുന്നു. അവയില്ലാത്ത ഒരു എസ്റ്റേററ ഭാവന ചെയ്യാൻ അയാൾക്കു കഴിയാതെയായി.

'ഗ്രാമീണജീവിതത്തിനു്, അതിന്റേതായ മേന്മകളൊക്കെയുണ്ടു്!' അയാൾ പറയുമായിരുന്നു. ചായകുടിച്ചുകൊണ്ടു നിങ്ങളങ്ങിനെ ഇരിക്കുമ്പോൾ മുൻവശത്തെ കുളത്തിൽ നിങ്ങളുടെ താറാവുകൾ ഒഴുകിനടക്കുന്നു. എങ്ങും ഹൃദ്യമായ ഒരു സുഗന്ധം തങ്ങിനില്ക്കുന്നു.... നെല്ലിത്തോട്ടത്തിൽ ധാരാളം നെല്ലിക്ക പഴുത്തുനില്ക്കുന്നു."

"അയാൾ തന്റെ എസ്റ്റേററിനു രൂപങ്ങൾ നൽകി. എല്ലാററിനും സ്ഥായിയായ ഒരേഭാവങ്ങളായിരുന്നു. (1) പ്രധാന കെട്ടിടം. (2) ഭൃത്യർക്കുള്ളഭാഗം. (3) അടുക്കളത്തോട്ടം. (4) നെല്ലിമരത്തോട്ടം. അയാൾ അരിഷ്ടിച്ചുജീവിച്ചു, ഒരിക്കലും നിറച്ചുണ്ടില്ല. എങ്ങിനെയെങ്കിലും വസ്ത്രധാരണംചെയ്യും, ഒരു ഭിക്ഷക്കാരനെപ്പോലെ, കഴിയുന്നത്ര പണം ഒരുക്കൂട്ടി അയാൾ ബാങ്കിൽനിക്ഷേപിച്ചുകൊണ്ടിരുന്നു. അവൻ ഒരു വല്ലാത്ത പിശുക്കനായി. എനിക്കു് അവന്റെനേരേ നോക്കാൻതന്നെ വിഷമമായി. എപ്പോഴെങ്കിലും അവനു ഞാൻ കുറച്ചു പണം കൊടുക്കുകയോ, വിശേഷദിവസങ്ങളിൽ വല്ല പാരിതോഷികവും

എത്തിക്കയോ ചെയ്താൽ അവനതെല്ലാം തൻെറ സമ്പാദ്യത്തിൽചേൎത്തു. ഒരു മനുഷ്യൻെറ തലയിൽ ഇങ്ങനെയൊരുറച്ച ആശ ഉണ്ടായാൽ പിന്നെയെന്തൊക്കെച്ചെയ്താലും ഒരു ഫലവും കാണുകില്ല.

"വത്സരങ്ങൾ കഴിഞ്ഞുപോയി, അവൻ മററൊരുവിഭാഗത്തിലേക്കയയ്ക്കപ്പെട്ടു. അവനു വയസ്സു നാല്പതുകഴിഞ്ഞു, എന്നിലും പത്രങ്ങളിലെ പരസ്യങ്ങൾ വായിക്കയും പണം ചേൎത്തുവയ്ക്കയും ചെയ്തകൊണ്ടുതന്നെയിരുന്നു. ഒടുവിൽ അയാൾ വിവാഹംകഴിച്ചതായി ഞാനറിഞ്ഞു. എല്ലാം ആ ഒററലക്ഷ്യത്തോടെ, നെല്ലിമരത്തോടുമുള്ള ഒരു എസ്റ്റേറവ് തൻേറതായുണ്ടാകാൻവേണ്ടി, അവനു തീരെ ഇഷ്ടമില്ലാത്ത വളരെ പ്രായംചെന്ന വിരൂപിണിയായ ഒരു വിധവയെ, അവൾക്കു പണമുണ്ടായിരുന്നതുകൊണ്ട് അവൻ വിവാഹംചെയ്തു. വിവാഹത്തിനുശേഷവും അങ്ങേയററത്തെ പിശുക്കോടുകൂടിത്തന്നെ, ഭാൎയ്യയെ അൎദ്ധപട്ടിണിയാക്കിക്കൊണ്ട്, അവളുടെ പണംകൂടി തൻെറ ബാങ്കുനിക്ഷേപത്തിലാക്കിക്കൊണ്ടു ജീവിച്ചു. അവളുടെ ആദ്യഭൎത്താവ് ഒരു പോസ്റ്റ്മാസ്റ്ററായിരുന്നു, അവൾ രുചിയും സുഖവുമുള്ള ആഹാരരീതി പരിചയിച്ചിരുന്നതാണ്. പക്ഷേ രണ്ടാമത്തെ ഭൎത്താവിൽനിന്നും കരിഞ്ഞ റൊട്ടിപോലും അവൾക്കു ലഭിച്ചിരുന്നില്ല. ഈ വിചിത്രമായ സംരക്ഷണരീതിയിൽ മൂന്നുവൎഷംകിടന്നു കഷ്ടപ്പെട്ടിട്ട് അവൾ മരിച്ചു. ഒരുനിമിഷമെങ്കിലും അവളുടെ മരണത്തിനു താൻ കാരണക്കാരനാണെന്ന ചിന്ത എൻെറ അനിയനുണ്ടായില്ലെന്നു പറയേണ്ടതില്ലല്ലോ. മദ്യംപോലെ ധനവും ഒരുവനെ വഴിതെററിക്കുന്നു. ഞങ്ങളുടെ പട്ടണത്തിൽ ഒരു കച്ചവടക്കാരനുണ്ടായിരുന്നു. അയാൾ മരിക്കാൻകിടക്കുമ്പോൾ ഒരുപാത്രം തേൻ ആവശ്യപ്പെട്ടു. എന്നിട്ടയാൾ തൻെറ സമ്പാദ്യമായ കറൻസിനോട്ടുകളും ഭാഗ്യക്കുറിയുടെ ടിക്കറുകളും മററാൎക്കും കിട്ടാതിരിക്കാനായി തേനിൽചേൎത്തു ഭക്ഷിച്ചു. ഒരുദിവസം റയിൽവേസ്റ്റേഷനിൽവച്ച് ഞാൻ എനിക്കു വന്ന കുറെ കാലികളെ പരിശോധിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഡ്രൈവർ എഞ്ചിനടിയിൽ വീണു, അയാളുടെ കാലു മുറിഞ്ഞു തുണ്ടിച്ചുപോയി. രക്തമൊലിച്ചുകിടക്കുന്ന അയാളെ ഞങ്ങൾ പൊക്കിയെടുത്തു വിശ്രമമുറിയിൽ കൊണ്ടുപോയി. അതൊരു വല്ലാത്ത കാഴ്ചയായിരുന്നു. പക്ഷേ അയാൾ തൻെറ കാലു പോയതിനെപ്പററി കേഴുകയല്ല ചെയ്തതു്. അയാളെ വിഷണ്ണനാക്കിയതോ—അയാളുടെ ബൂട്ട്സിൽ ഇരുപതു റൂബിൾ ഉണ്ടായിരുന്നു. അതു നഷ്ടപ്പെട്ടിരിക്കുമെന്ന ഭീതിയായിരുന്നു അയാൾക്കു്."

"നിങ്ങൾ വിഷയത്തിൽനിന്നും തെററിപ്പോകുന്നു." ബെക്കിൻ ഓർമ്മിപ്പിച്ചു.

ഇവാൻ ഇവാനിച്ച് ഒരുനിമിഷം മൂകനായിരുന്നിട്ട് തുടർന്നു: "ഭാര്യയുടെ മരണശേഷം എൻെറ അനിയൻ ഒരു എസ്റ്റേററന്വേഷി ക്കാൻതുടങ്ങി. അഞ്ചുവർഷം വേണമെങ്കിൽ നിങ്ങൾക്കന്വേഷിക്കാം, എങ്കിലും പറവുന്നതു തെററായിരിക്കും. നിങ്ങൾ ഭാവനചെയ്യുതിൽ നിന്നും വ്യത്യസ്തമായ ഒന്നായിരിക്കും വാങ്ങുന്നതു്. എൻെറ അനിയൻ നിക്കൊളെ മുന്നൂറു് ഏക്കർ വാങ്ങി. അതിൽ നല്ല ബംഗ്ലാവും ഭൃത്യ ക്കുള്ള കെട്ടിടങ്ങളും ഒരു പൂന്തോട്ടവും എല്ലാം ഉണ്ടായിരുന്നു; തുക ഒരു എഴുജിൻവമുഖാന്തിരം നല്കേണ്ടതായിരുന്നു. എന്നാൽ അതിൽ കായ്കനിത്തോട്ടങ്ങളോ, താറാവുകൾ ഉല്ലസിക്കുന്ന തടാകമോ ഉണ്ടാ യിരുന്നില്ല. അടുത്തു ചുടുകട്ടയും എല്ലുവളവും നിർമ്മിക്കുന്ന ചൂളകളു ണ്ടായിരുന്നതിനാൽ അടുത്തുണ്ടായിരുന്ന ആററിലെ വെള്ളം കാപ്പി വെള്ളംപോലെ കവത്തതായിരുന്നു. ഒന്നും അയാളുടെ താല്പര്യം നശി പ്പിച്ചില്ല, എന്നല്ല എൻെറ അനിയൻ നിക്കൊളെ ഇവാനോവിച്ച് രണ്ടുഡസൻ നെല്ലിമരത്തൈകൾക്കേപ്പാടുചെയ്തിട്ട് ഒരു ജന്മിയായി അവിടെ താമസവുമാക്കി.

"കഴിഞ്ഞവർഷം ഞാൻ അയാളെ കാണാൻ പോയി. അയാൾ എങ്ങനെ കഴിയുന്നെന്നറിയാൻ എനിക്കാഗ്രഹമുണ്ടായിരുന്നു. എനി ക്കുള്ള കത്തുകളിൽ എൻെറ അനിയൻ 'ചുംബറോക ലോവപുഷ്ടോ വ്' അഥവാ 'ഹിമാലയ്സ്കോയി' എന്നാണ് അയാളുടെ ആവാസ സ്ഥലത്തിൻെറ മേൽവിലാസം തന്നിരുന്നതു്. ഞാൻ ഉച്ചയ്ക്കുശേഷം 'ഹിമാലയ്സ്കോയി'യിൽ എത്തി. വളരെ ചൂടുള്ള ഒരു ദിവസമായി രുന്നു. എങ്ങും കുഴികളും വേലികളും കശാലകളും നിരനിരയായി ദേവതാരുവൃക്ഷങ്ങളും നിറഞ്ഞിരുന്നതിനാൽ മുററത്തുവരെ വണ്ടി ഓടിച്ചെത്താനോ വണ്ടി സൗകര്യമായി സൂക്ഷിക്കുന്നതിനോ ഒരു സ്ഥലം കണ്ടെത്താൻ പ്രയാസമായിരുന്നു. ഞാൻ അകത്തേക്കു ചെല്ലുമ്പോൾ ഇഞ്ചിയുടെ നിറത്തിൽ പന്നിപോലെ ഒരു പട്ടി എൻെറ നേരെവന്നു. അതൊരു മടിയനല്ലെന്നു കാണിക്കാൻവേണ്ടി യെങ്കിലും ഒന്നു കുരയ്ക്കേണ്ടതായിരുന്നു. പാചകക്കാരൻ, അയാളും ഒരു പന്നിയെപ്പോലെതന്നെ കൊഴുത്തിരുന്നു, അടുക്കളയിൽനിന്നും പുറത്തേക്കുവന്നു്, തൻെറ യജമാനൻ ഭക്ഷണത്തിനുശേഷം പതി വുപോലെ വിശ്രമിക്കയാണെന്നറിയിച്ചു. ഞാൻ എൻെറ അനിയ

ൻെറയടുത്തേക്കു ചെല്ലുമ്പോൾ മുട്ടുവരെ കരിമ്പടംകൊണ്ടു പുതച്ച് അ യാൾ കിടക്കയിൽ നിവൃന്നിരിക്കുകയായിരുന്നു. അയാൾക്കു വയസ്സുകൂടി യിട്ടുണ്ട്, ശരീരം ശരിക്കു തടിച്ചുകൊഴുത്തിട്ടുണ്ട്; കവിളും നാസി കയും അധരങ്ങളും എല്ലാം തടിച്ചുതൂങ്ങിയിട്ടുണ്ട്—അവനെ കരിമ്പട ത്തിൽപൊതിഞ്ഞ ഒരു പന്നിയായി ഞാൻ പെട്ടെന്നു ശങ്കിച്ചുപോയി.

"ഞങ്ങൾ പരസ്പരം ആലിംഗനംചെയ്തു കരഞ്ഞു—സന്തോഷ ത്തിൻെറയും സന്താപത്തിൻെറയുമായ കണ്ണുനീരു കലരന്നൊഴുകി— കാരണം, ഒരിക്കൽ ഞങ്ങൾക്കു ചെറുപ്പമായിരുന്നു. ഇപ്പോൾ രണ്ടു പേരും നരച്ചു പട്ടടയിലേയ്ക്കു് അനുദിനം അടുക്കുകയാണ്. അവൻ വേഷംമാറി തൻെറ എസ്റ്റേററ് എന്നെ കാണിക്കുന്നതിന്നായി പുറ ത്തേയ്ക്കിറങ്ങി.

'വരട്ടെ, നീ ഇവിടെ എങ്ങനെ കഴിയുന്നു?' ഞാൻ ചോ ദിച്ചു.

'എല്ലാം ഈശ്വരകാരുണ്യംകൊണ്ട്, ശരിയായി നടക്കുന്നു. ഞാൻ സന്തോഷമായി ജീവിക്കുകയാണ്.'

"അയാൾ ഇപ്പോൾ പഴയ ബലഹീനപ്പാട്ടുകാരനും ദീനനുമായ ഗൃഹ സ്ഥനല്ല, ശരിയായ ഒരു ജന്മിയും മാന്യനുമാണ്. അയാൾ ഒരിടത്തു റച്ച്, അത്യാവേശത്തോടെ ഗ്രാമീണജീവിതത്തിൽ മുഴുകുകയായിരുന്നു. ശരിക്കു തിന്നും, ഉല്ലാസത്തോടെ കുളിമുറിയിൽ കുളിച്ചും നല്ല തടിവ ച്ചിരിക്കുന്നു. ഗ്രാമസഭയോട് അയാൾ ഇഷ്ടികയുടെയും എല്ലുവളത്തി ൻെറയും ചുളകളെപ്പററി വ്യവഹാരപ്പെട്ടിരുന്നു. ഗ്രാമീണർ, 'യജ മാനൻ' എന്നു വിളിക്കാൻ കൂട്ടാക്കാത്തപ്പോൾ അയാൾ അതൊരപ മാനമായി ഗണിച്ചിരുന്നു. അയാൾ മതപരമായ കാര്യങ്ങളിൽ ഒരു ഉറച്ച മാന്യൻെറ നിലയിൽ ഏപ്പെട്ടിരുന്നു; അയാളുടെ സൽക ർമ്മങ്ങളിൽ യാതൊരു അസാധാരണത്വവും ദർശിക്കപ്പെട്ടിരുന്നില്ല: ഈ സൽക്കർമ്മങ്ങളെന്തൊക്കെയാണ്? അയാൾ കൃഷകരുടെ എല്ലാ രോഗങ്ങളും സോഡാപ്പൊടിയും ആവണക്കെണ്ണയുംകൊണ്ടു ചികി ത്സിച്ചിരുന്നു. തൻെറ ജന്മദിനത്തിൽ നന്ദി അറിയിക്കുന്ന ഒരാരാ ധന നടത്തുകയും അതിന്നുശേഷം അരത്തൊട്ടി 'വോഡ്ക'കൊണ്ട് ഒരു സൽക്കാരം നടത്തുകയും ചെയ്തിരുന്നു. ഏററവും യുക്തിപൂർവ്വക മായ ഒരു കർത്തവ്യം നിറവേററുന്നാഭാവത്തിലായിരുന്നു അത്. — ഓ, ഭയങ്കരമായ ആ അരത്തൊട്ടി മദ്യംകൊണ്ടുള്ള സൽക്കാരങ്ങൾ! ഇന്ന് ആ തടിച്ചജന്മി 'സെംസ്റവുവേ'യുടെ മുന്നിൽ കൃഷകർ തങ്ങളുടെ

ആടുകളെ തൻെറ ഭൂമിയിൽ മേയാൻ അനുവദിച്ചിരിക്കുന്നതിനെ പ്പററി അട്ടഹസിക്കുന്നു. നാളെ ഉല്ലാസകരമായ ഒരു ദിനത്തിൽ അയാൾ അവരെ അരത്തൊട്ടി മദ്യംകൊണ്ടു സല്ക്കരിക്കുന്നു. അവർ കുടിച്ചു കൂത്താടി ഉന്മത്തരായി ആഹ്ളാദത്തോടെ പാടുന്നു. അയാളുടെമുമ്പിൽ ബോധമില്ലാതെ മുട്ടുകുത്തുന്നു. അവൻെറ നിലയിലുള്ള പുരോഗതികൾ, അലസതയ്ക്കു വളംവയ്ക്കുന്ന അനുകൂലസംഭവങ്ങൾ, ലജ്ജാകരമായ സന്തോഷമാണ് ഓരോ റഷ്യാക്കാരനിലും ഉണ്ടാക്കുന്നതു്. ഗവണ്മെൻറ് സർവ്വീസിലായിരുന്നപ്പോൾ, സ്വന്തമായൊരഭിപ്രായം ഉണ്ടായിരിക്കുന്നതിൽഭയപ്പെട്ടിരുന്ന നിക്കൊളെ ഇവാനിച്ച്, ഒരു മന്ത്രിസത്തമൻെറ ഭാവത്തിൽ അവിരാമം തത്വപ്രഖ്യാപനങ്ങൾ നടത്തിയിരുന്നു. 'വിദ്യാഭ്യാസം അത്യാവശ്യമാണ്. പക്ഷേ, ജനങ്ങൾ അതിനു തയ്യാറാകുന്നില്ല.' ശാരീരികമായ ദണ്ഡനങ്ങളേല്പിച്ചുള്ള ശിക്ഷ തെററാണ്. പക്ഷേ, ചില സന്ദർഭങ്ങളിൽ അതു് ഗുണം ചെയ്യുന്നതും ഒഴിച്ചുകൂടാൻ പാടില്ലാത്തതുമാണ്.

'ജനങ്ങൾ എങ്ങിനാണെന്നും, അവരെ എങ്ങിനെ കരുതണമെന്നും എനിക്കറിയാം'—അവൻ പറഞ്ഞിരുന്നു. 'ആളുകൾ എന്നെ സ്നേഹിക്കുന്നു. ഞാനൊന്നു വിരലനക്കിയാൽമതി, അവർ എന്തും ചെയ്യും.'

"ഇതൊക്കെ ബുദ്ധിയും ആനുകൂല്യവും തെളിഞ്ഞുനില്ക്കുന്ന ഒരു പുഞ്ചിരി അണിഞ്ഞുകൊണ്ടാണ് പറയുന്നതെന്നോർക്കണം. 'നമ്മൾ തറവാട്ടുകാർ' അല്ലെങ്കിൽ മാന്യന്മാർ നമ്മുടെ മുത്തശ്ശൻ ഒരു സാധാരണ കൃഷിക്കാരനായിരുന്നെന്നും നമ്മുടെ അച്ഛൻ ഒരു വെറും പട്ടാളക്കാരനായിരുന്നു എന്നും ഉള്ളകാര്യം തീരെ മറന്നിരിക്കുന്നു. ഞങ്ങളുടെ ഇരട്ടപ്പേരായ ചിം ഷ്യാഹിമാലയ്സ്കി എന്നതുതന്നെ വളരെ വികൃതമാണ്. എങ്കിലും അതിപ്പോൾ അയാൾക്കു് ഗൗരവവും അന്തസ്സുമുള്ളതും സുഖകരവുമായ പേരായിത്തോന്നുന്നു.

"പക്ഷേ, ഇന്നു് എനിക്കുവേണ്ടി, എൻെറ അനിയനുവേണ്ടി, അല്ല, ഞാൻ സംസാരിക്കാനാഗ്രഹിക്കുന്നതു്. എൻെറ അനിയനോടുകൂടി കഴിച്ച ഏതാനും മണിക്കൂറുകൾക്കിടയിൽ എനിക്കു ബോദ്ധ്യമായ പരിവർത്തനമാണു ഞാൻ പറയാനുദ്ദേശിക്കുന്നതു്. വൈകിട്ടു് ചായകുടിക്കുമ്പോൾ ഭൃത്യൻ ഒരു പിഞ്ഞാണംനിറയെ നെല്ലിക്കകൊണ്ടുവന്നു. അതു വിലയ്ക്കുവാങ്ങിയ നെല്ലിക്കയായിരുന്നില്ല. അയാൾ തന്നെ വച്ചുപിടിപ്പിച്ച തൻെറ തോട്ടത്തിലെ നെല്ലിമരങ്ങൾ

ആദ്യംകായ്ച കനികളായിരുന്നു അതു്. നിക്കൊളെ ഇവാനിച്ച് ഏറ്റവുമായി ചിരിച്ചുകൊണ്ടു് ഒരന്ത്യമിനിട്ടെങ്കിലും ആ നെല്ലിക്കയിൽ നോക്കിയിരുന്നിരിക്കണം; അപ്പോൾ അയാളുടെ മിഴികൾ നിറഞ്ഞു തിളങ്ങിയിരുന്നു. വികാരാവേശംകൊണ്ടു് മൂകനായിരുന്ന അയാൾ ഒരു നെല്ലിക്കഎടുത്തു വായിലേക്കിട്ടു്, തന്റെ നേട്ടത്തിൽ, താൻ വളരെക്കാലമായി മോഹിച്ച ഒരു കളിക്കോപ്പു കൈവന്നതിൽ ഒരു ശിശുവിനുണ്ടാകാവുന്ന സംതൃപ്തിയോടെ ഇരുന്നിട്ടയാൾ പറഞ്ഞു.

'നല്ല രുചിയായിരിക്കുന്നു!'

"എന്നിട്ടയാൾ ആർത്തിയോടെ അതു ഭക്ഷിച്ചുകൊണ്ടാവർത്തിച്ചു."

'എന്തൊരു രുചിയായിരിക്കുന്നു! തിന്നുനോക്കൂ.'

"അവ കട്ടപ്പും പുളിപ്പുമുള്ളതായിരുന്നു എങ്കിലും പുഷ്കിൻ പറഞ്ഞപോലെ 'നമ്മെ ഉദ്ധതരാക്കുന്ന പൊളി ധീരമായ ആയിരം സത്യങ്ങളെക്കാൾ പ്രിയങ്കരമായിരിക്കും'. തന്റെ ജീവിതലക്ഷ്യങ്ങൾ നേടിക്കഴിഞ്ഞ, അഭിലാഷങ്ങൾ സാക്ഷാല്ക്കരിക്കപ്പെട്ട, വിധിയെപ്പററി പരാതികളില്ലാത്ത സന്തുഷ്ടനായ ഒരു മനുഷ്യനെ ഞാൻ മുന്നിൽ കണ്ടു. മനുഷ്യന്റെ ജീവിതാനന്ദത്തെപ്പററി എന്റെ വിശ്വാസത്തിൽ ലേശം ശോകാത്മകത്വമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ സന്തുഷ്ടനായ ഒരു മനുഷ്യനെ നേരിട്ടപ്പോൾ ആ ശോകാത്മകത്വം നിരാശയുടെ വക്കിലോളം എത്തിപ്പോയി. ആ അനുഭൂതി രാത്രിമുഴുവൻ ചേതനയിൽ പ്രാമാണ്യം സ്ഥാപിച്ചുനിന്നു. എന്റെ അനിയന്റെ കിടപ്പുമുറിയുടെ അടുത്ത അറയിൽതന്നെ എനിക്കും കിടക്ക ഒരുക്കിയിരുന്നു. അയാൾ ആ അറയിൽ വിശ്രമമില്ലാതെ ഉലാത്തുന്നതും, കൂടെക്കൂടെ പ്ലേററിൽനിന്നും ഒരു നെല്ലിക്ക എടുക്കാനായുന്നതും എനിക്കു മനസ്സിലാക്കാമായിരുന്നു. സംതൃപ്തരും സന്തുഷ്ടരുമായ എത്ര മനുഷ്യർ കാണുമെന്നു ഞാൻ സ്വയം ചോദിച്ചുപോയി! എന്തൊരു അതിജീവിക്കുന്ന ശക്തിയാണു്! ജീവിതത്തെപ്പററി ഒന്നു ചിന്തിക്കൂ—ശക്തിയുടെ ഗർവ്വും, അലസതയും, പാവപ്പെട്ടവരുടെ അറിവില്ലായ്മയും മൃഗസമാനമായ നിലയും, ആകെക്കൂടി പൊറുക്കാൻ വയ്യാത്ത ദാരിദ്ര്യവും മററു മാത്സര്യങ്ങളും കാപട്യങ്ങളും........എങ്കിലും സമാധാനം എല്ലാ ഭവനങ്ങളിലും തെരുവിലും നിലനില്ക്കുന്നു. ഒരു പട്ടണത്തിലെ അമ്പതിനായിരംവരുന്ന ജനസംഖ്യയിൽ ഒരുത്തൻ പോലും തന്റെ അരിശവും അമർഷവും ഉച്ചത്തിൽ ഘോഷിക്കാൻ

ഉണ്ടാവുന്നില്ല. പകൽ ചന്തയിൽനിന്നും ആഹാരം വാങ്ങി തിന്നു്, രാത്രി ഉറങ്ങുകയും, നിരൎത്ഥകമായി പുലമ്പുകയും, വിവാഹംകഴിച്ചു വാൎദ്ധക്യംപററി തങ്ങളുടെ ബന്ധുക്കളുടെ ജഡം ശവപ്പറമ്പിലേയ്ക്കുട്ടുകകയും ചെയ്യുന്നവരെ നാം കാണുന്നു. പക്ഷെ, ജീവിതത്തിന്റെ മറയ്ക്കുപിന്നിൽ കഷ്ടപ്പാടും, യാതനകളും നിറഞ്ഞുനില്ക്കുന്നവരുടെ യഥാൎത്ഥജീവിതം നാം കാണുന്നില്ല. എല്ലാം ശാന്തവും സമാധാനനിർഭരവുമാണു്, സ്ഥിതിവിവരക്കണക്കുകളിൽമാത്രം, അവയ്ക്കു ചെകിട്ടു പൊട്ടിയിരിക്കയാണു്, ഏറെപ്പേർ ഭ്രാന്തരായിട്ടുണ്ടു്. വീപ്പക്കണക്കിനു മദ്യം ഉപയോഗിക്കപ്പെട്ടിട്ടുണ്ടു്, എണ്ണമില്ലാത്ത കുഞ്ഞുങ്ങൾ പട്ടിണികിടന്നു ചത്തിട്ടുണ്ടു്.........എന്നൊക്കെ ദിഗന്തംനടുക്കുന്ന സ്വരത്തിൽ വിളിച്ചുപറയാൻ തോന്നും. അല്ലെങ്കിലും ഇതെല്ലാം യഥാവിധിയാണു്. സ്പഷ്ടമായും ഭാഗ്യംലഭിച്ചവൎക്കേ ജീവിതം ആസ്വദിക്കാനൊക്കൂ. എന്തുകൊണ്ടെന്നാൽ, ദുഃഖിതർ അവരുടെ ഭാരം മൂകമായി സഹിക്കുന്നു, ഈ മൂകതയില്ലെങ്കിൽ സന്തോഷം അസാദ്ധ്യമാണു്. ഇതു് ലോകവ്യാപകമായ ഒരുതരം ഉറക്കമാണു്. ഓരോ ഭാഗ്യവാന്റേയും വാതിലിന്മുന്നിൽ കനത്ത ചുററികയുമായി ഒരു മനുഷ്യനുണ്ടാകണം, അയാം വാതലിൽ അവിരാമം മുട്ടിക്കൊണ്ടു്, ലോകത്തിൽ ദുഃഖിതരുണ്ടെന്നു് ഓൎമ്മിപ്പിച്ചുകൊണ്ടിരിക്കണം. തന്നെപ്പോലെയുള്ള ഭാഗ്യവാന്മാരേയും ജീവിതം നീക്കുപോക്കില്ലാത്ത മുഷ്ടിയുടെ നഖക്കൂട്ടിൽ ആക്കി ഞെരിക്കും, പരിണാമം അവരേയും ഗ്രസിക്കും—രോഗവും ദാരിദ്ര്യവും തോൽവിയും—താനിന്നു കാണുകയും കേൾക്കുകയും ചെയ്യുന്നപോലെ അന്നും ആരും ആരുടേയും ദൗർഭാഗ്യങ്ങൾ കാണാനുണ്ടാവുകയില്ലെന്നു്. പക്ഷെ, ഒരു ചുററികയുമായി വരേണ്ട ആ മനുഷ്യൻ ഇല്ല. ഭാഗ്യവാൻ സൎവ്വസുഖങ്ങളിലും മുഴുകി ജീവിതം ആസ്വദിച്ചുകൊണ്ടുതന്നെയിരിക്കുന്നു. കാററിൽ നേരിയ വിറയൽമാത്രം തോന്നിക്കുന്ന പൊപ്ലാർമരത്തെപ്പോലെ ജീവിതത്തിന്റെ ചെറിയതോതിലുള്ള ഭാഗ്യവിപൎയ്യയങ്ങൾ അയാളെ സ്പൎശിക്കുന്നില്ല, ഒരു കേട്ടമില്ലാതെ എല്ലാം നിലനില്ക്കുന്നു.

"ആ രാത്രിയിൽ ഞാനും അതേവിധം സന്തുഷ്ടനും സംതൃപ്തനുമായ ഒരു മനുഷ്യനാണെന്നതു് ഞാൻ മനസ്സിലാക്കി." ഇവാൻഇവാനിച്ചു് എഴുന്നേററിട്ടു തുടൎന്നു: "ഞാനും വേട്ടയ്ക്കു പോകുമ്പോഴും, അത്താഴത്തിനിരിക്കുന്നിടത്തുവച്ചും ജീവിതത്തിന്റെ ശരിയായ മാൎഗ്ഗങ്ങളെപ്പററിയും ആരാധനാവിഷയത്തെപ്പററിയും മനുഷ്യരെ കരു

തേണ്ട രീതിയെപ്പററിയും സംസാരിച്ചിട്ടുണ്ട്. വിജ്ഞാനമില്ലാതെയുള്ള അവസ്ഥ അന്ധകാരതുല്യമാണെന്നു പ്രഖ്യാപിച്ചിട്ടുണ്ട്; വിദ്യാഭ്യാസം അത്യാവശ്യമാണ്, പക്ഷേ, സാധാരണക്കാക്കു സാമാന്യവിദ്യാഭ്യാസം മാത്രം മതിയെന്നായിരുന്നു. സ്വാതന്ത്ര്യം ഒരനുഗ്രഹമാണ്, വായുവില്ലാതെ വന്നാലത്തെപ്പോലെ, സ്വാതന്ത്ര്യമില്ലാതെ ജീവിക്കാൻ പ്രയാസമാണ്, എന്നൊക്കെ ഞാനും പറഞ്ഞിരുന്നു. പക്ഷേ, നാം കുറെ ക്ഷമിക്കണം, കാത്തിരിക്കണം. അതേ അതാണു ഞാൻ പറഞ്ഞിരുന്നതു്. പക്ഷേ ഇപ്പോൾ ഞാൻ ചോദിക്കുന്നു, എന്തിനുവേണ്ടിയാണു കാത്തിരിക്കേണ്ടതു?" ഇവാൻ ഇവാനിച്ച്, ബെക്കിനെ കോപത്തോടെ നോക്കി ചോദിച്ചു: "എന്തൊന്നിൻെറ പേരിലാണു നാം കാത്തിരിക്കേണ്ടതു്, ഞാൻ നിങ്ങളോടു ചോദിക്കുന്നു. എന്താണാലോചിക്കാനുള്ളതു്?" ധൃതിവയ്ക്കാതിരിക്കു, ഓരോ ആശയവും ക്രമേണ പ്രയോഗത്തിൽ വരും, എന്നവർ പറയുന്നു, അതിൻെറ ശരിയായ സമയത്തു്. പക്ഷേ ഇതു പറയുന്നവരാരാണു്? ഇതു ന്യായമാണെന്നതിനടിസ്ഥാനമായി എന്തുണ്ട്? നിങ്ങൾ ഓരോന്നിൻേറയും സ്വാഭാവികമായ ഗതിയെപ്പററി പറയുന്നു, ജീവിതത്തിൽ ഒരു പട്ടുകുഴിയുടെ വക്കിൽ പതറിനില്ക്കുന്ന ഞാൻ അതു ചാടിക്കടക്കുകയോ ഒരു പാലം നിർമ്മിക്കുകയോ ചെയ്യാതെ ആ കുഴി സ്വയം നികന്നുവരാനായി കാത്തുനില്ക്കണമെന്നു പറയുന്നതിലെന്തു യുക്തിയാണു്? ഞാനൊന്നുകൂടി ചോദിക്കുന്നു, എന്തിനു നാം കാത്തുനില്ക്കണം? നില്ക്കു, ജീവിക്കാനുള്ള കരുത്തു് നമുക്കില്ലാത്തപ്പോഴും നാം ജീവിക്കണം, നാം ഇച്ഛിക്കുന്ന ജീവിതം!

"ഞാൻ അടുത്ത ദിവസം എൻെറ അനുജനോടു യാത്രപറഞ്ഞു പിരിഞ്ഞതുമുതൽ പട്ടണജീവിതം എനിക്കസഹ്യമായിക്കഴിഞ്ഞു. എൻെറ ആത്മാവിൽ സമാധാനത്തിൻെറ ഭാരം വദ്ധിച്ചുവന്നു. ജാലകത്തിലൂടെ നോക്കാൻതന്നെ എനിക്കു ഭയമാണു്. അവിടെ ഒരു മേശയ്ക്കുചുററുമിരിക്കുന്ന സന്തുഷ്ടമായ കുടുംബത്തെക്കാൾ വേദനാമയമായ കാഴ്ച എനിക്കു മററൊന്നില്ല. ഞാൻ കിഴവനായി, കമ്മശേഷിയും കുറഞ്ഞു, വെറുക്കാൻകൂടി എനിക്കു കഴിവില്ല. വേദന ഹൃദയത്തിലൊതുക്കി നീറാനേ എനിക്കു കഴിയു, വെറുപ്പും ക്ലേശവും എന്നെ വലയംചെയ്യുന്നു, രാത്രിയിൽ നീറുന്ന ചിന്തകളുടെ സമ്മർദ്ദത്തിൽ തലച്ചോറു പിടയുമ്പോൾ എനിക്കുറങ്ങാൻ കഴിയുന്നില്ല....... ഹോ, എനിക്കു ചെറുപ്പമായിരുന്നെങ്കിൽ!"

ഇവാൻ ഇവാനിച്ച് അക്ഷമനായി ഉലാത്തിക്കൊണ്ടിരുന്നു.

"എനിക്കു് ചെറുപ്പമായിരുന്നെങ്കിൽ."

പെട്ടെന്നു് അയാൾ അലിഖിൻെറ അടുത്തുചെന്നു് ആദ്യം ഒരു കരവും പിന്നീടു് അടുത്തതും പിടിച്ചമർത്തിക്കൊണ്ടു പറഞ്ഞു:

"പാവ്ൽ കോൺസ്റ്റൻൻറിനിച്ചു്," അയാളുടെ സ്വരം യാചനാനിർഭരമായിരുന്നു. "നിങ്ങൾ ഒരിക്കലും അലസനാകരുതു്, നിങ്ങളുടെ അന്തഃകരണം ഒരിക്കലും ഉറങ്ങിപ്പോകാൻ അനുവദിക്കരുതു്! നിങ്ങൾക്കു യൗവനവും ശക്തിയും ചൊടിയും ഉള്ളപ്പോൾ പ്രവർത്തിക്കുന്നതിൽ അലസനാവരുതു്. സന്തോഷംപോലെ മറെറാന്നുമില്ല; ഉണ്ടാകുകയുമില്ല. ജീവിതത്തിനൊരുദ്ദേശമുണ്ടെങ്കിൽ ആ ഉദ്ദേശവും ലക്ഷ്യവും നമ്മുടെ ആനന്ദം നേടുന്നതിനായിരിക്കണം. പക്ഷെ, ഏതുവിധത്തിലും അതു മഹത്തരവും കൂടുതൽ ന്യായയുക്തവുമായിരിക്കണം. നന്മചെയ്യൂ!"

ഇവാൻ ഇവാനിച്ചു് ഇതെല്ലാം സഹതാപാർഹമായ സ്വരത്തിൽ യാചനാനിർഭരമായ പുഞ്ചിരിയോടെയാണുപറഞ്ഞതു്. അയാൾക്കുവേണ്ടി എന്തോ വലിയ സേവനം അപേക്ഷിക്കുന്ന ഒരു ഭാവമുണ്ടായിരുന്നു അതിനു്.

അവർ വളരെനേരം മൂകരായി തങ്ങളുടെ ചാരുകസാലകളിൽ ഇരുന്നു. ഇവാൻ ഇവാനിച്ചിൻെറ കഥ അലിഖിനെയോ, ബർക്കിനെയോ തീരെ തൃപ്തിപ്പെടുത്തിയില്ല. രാത്രി സ്വർണ്ണച്ചട്ടക്കൂട്ടുള്ള ചിത്രങ്ങളിൽനിന്നു ജീവൻപൂണ്ടു തങ്ങളുടെ അടുത്തേക്കു വരുന്ന വലിയ പടനായകന്മാരുടേയും സുന്ദരികളുടേയും സാമീപ്യത്തിൻെറ പ്രതീതിക്കു പകരം നെല്ലിക്കയും തിന്നു ജീവിച്ച ഒരു പാവപ്പെട്ട ഗുമസ്തൻെറ കഥ ഒട്ടും ആസ്വാദ്യകരമായിരുന്നില്ല. അവർ ശരറാന്തലും പരവതാനികളുംകൊണ്ടു വിതാനിച്ച ഒരു സ്വീകരണമുറിയിൽ കാഞ്ചനവർണ്ണത്തിലുള്ള ചട്ടക്കൂട്ടുകളിലെ രൂപങ്ങൾ അവിടെ വ്യാപരിച്ചിരുന്നൊന്നും അവർ ഈ കസാലകളിൽ ഇരിക്കയും ചായകഴിക്കയും ചെയ്തിരുന്നെന്നുമുള്ള ചിന്തയോടെ സുന്ദരിയായ പെലാഗ്യാ പാദപാതശബ്ദം കേൾപ്പിക്കാതെ ചലിച്ചിരുന്നിടത്താണിരിക്കുന്നതെന്നു യാഥാർത്ഥ്യം ഒരു കഥയെക്കാൾ സുഖകരമായിരുന്നു.

അലിഖിനെ നിദ്ര കീഴടക്കിയിരുന്നു. അയാൾ പുലർച്ച്യ്ക്കു മൂന്നുമണിക്കെഴുന്നേററു് തൻെറ എസ്റ്റേററിലെ പണികൾ ശ്രദ്ധിക്കുവാൻ പോയതാണു്. അയാളുടെ മിഴികളിൽ നിദ്ര നുഴഞ്ഞുകയറിക്ക

ഴിഞ്ഞിരുന്നു. എങ്കിലും താൻ പോയിക്കഴിഞ്ഞ് തന്റെ അതിഥിക ളിൽ ആരെങ്കിലും ആസ്വാദ്യകരമായ എന്തെങ്കിലും പറയുന്നെങ്കിൽ അതു നഷ്ടപ്പെട്ടുമെന്ന ചിന്തകൊണ്ട് അയാൾ ഉറങ്ങാൻപോയില്ല. ഇവാൻ ഇവാനിച്ച് പറഞ്ഞുതീർത്തതു ബുദ്ധിപൂർവ്വകമോ വെറും കഥ യില്ലായ്മയോ എന്നായാൾക്കു തിട്ടമായിരുന്നില്ല. എങ്കിലും ദൈനംദി നജീവിതത്തിൽ അയാളെ സംബന്ധിച്ചിടത്തോളം വലിയ പ്രാധാ ന്യമുള്ളതായി തോന്നാത്ത ധാന്യത്തേയും വയ്ക്കോലിനേയും താറി നേയും മററു പലതിനേയുംപററി സുഹൃത്തുക്കൾ സംഭാഷണം തുടന്ന പ്പോൾ അതു കേട്ടുകൊണ്ടിരിക്കയും സംഭാഷണം നീണ്ടുപോകുവാൻ അയാൾ ആഗ്രഹിക്കയുംചെയ്തു.........

“ശരി, ഉറക്കത്തിനു നേരമായി” ബക്കിൻ എഴുന്നേററിട്ടു പറ ഞ്ഞു; അയാൾ ഉറക്കത്തിനു പിരിയുമ്പോഴുള്ള വന്ദനം പറയുന്നതി നുള്ള സ്വാതന്ത്ര്യം ആവശ്യപ്പെട്ടു.

അലിഖിൻ, അവക്കു സുഖനിദ്ര ആശംസിച്ചിട്ടു താഴത്തെ നില യിലേയ്ക്കു പോയി. അതിഥികൾ മുകളിലത്തെ നിലയിൽതന്നെ തങ്ങി. അവക്കു വിശാലമായ ഒരറയാണു നല്കപ്പെട്ടിരുന്നതു്. അതിൽ പഴയ മട്ടിൽ കടച്ചിൽപണികളുള്ള രണ്ടു കട്ടിലുകളും, ഒരു കോണിൽ ദന്ത നിർമ്മിതമായ കുരിശിൽ തറച്ച ക്രിസ്തുവിന്റെ പ്രതിമയും ഉണ്ടായി രുന്നു. സുന്ദരിയായ പെലാഗ്യാ അവക്കായി തയ്യാറാക്കിയ വിസ്തൃ തമായ കിടക്കയിലെ വിരിപ്പിൽനിന്നും സുഖപ്രദമായ ഒരു ഗന്ധവും കുളുർമ്മയും അനുഭവപ്പെട്ടിരുന്നു.

ഇവാൻ ഇവാനിച്ച് മൂകനായി ഉടുപ്പഴിച്ചിട്ടിട്ടു കിടന്നു.

“കർത്താവേ, ഈ പാപികളിൽ കരുണയുണ്ടാകണേ” എന്ന പ്രാർത്ഥനയോടെ അയാൾ പുതപ്പു തലവഴി വലിച്ചുമൂടി.

അയാൾ മേശമേൽ വച്ച പൈപ്പിൽനിന്നും വീര്യം കുറഞ്ഞ പുകയിലപ്പുകയുടെ ഗന്ധം വന്നിരുന്നു. ആ ശ്വാസംമുട്ടിക്കുന്ന ഗന്ധം എവിടന്നാണു വരുന്നതെന്നു ചിന്തിച്ചുകൊണ്ടു ബക്കിൻ ഏറെനേരം കണ്ണുംമിഴിച്ച് ഉറങ്ങാതെതന്നെ കിടന്നു.

രാത്രിമുഴുവൻ ജനാലയുടെ പാളികളിൽ മഴ ധാരമുറിയാതെ മുട്ടിക്കൊണ്ടിരുന്നു.

---

# നവവധു

മണി ഒൻപതു കഴിഞ്ഞിരുന്നു. ഉദ്യാനത്തിൽ നിലാവിന്റെ പ്രഭ തെളിഞ്ഞുനില്ക്കുകയാണു്. മാർമിക് ഹെയ്ലോവ്നാ മുത്തശ്ശി, ഏർപ്പാടുചെയ്ത സായന്തനപ്രാർത്ഥന ഷൂമിൻഗൃഹത്തിൽ കഴിഞ്ഞിരുന്നതേയുള്ളു. ഒരുനിമിഷത്തേയ്ക്കു് ഉദ്യാനത്തിലേയ്ക്കു വഴുതിയ നട്യായ്ക്കു് ഭക്ഷണമുറിയിലെ ഒരുക്കങ്ങൾ കാണാമായിരുന്നു. അവളുടെ മുത്തശ്ശി തീൻമേശയ്ക്കു ചുററും ധൃതിപ്പെട്ടു നടന്നു്, ഫാദർ അൻഡ്രേരിയോടും നട്യായുടെ അമ്മയായ നീനാ ഇവാനോവ്നായോടും സംസാരിച്ചിരുന്നു. ആ അറയിൽ ഏററപ്പെട്ട പ്രകാശത്തിൽ തന്റെ അമ്മയുടെ പ്രായം, മതിക്കാവുന്നതിൽനിന്നു താഴേത്തേക്കു വന്നിരിക്കുന്നതായി അവൾക്കു തോന്നി. അവരുടെ അടുത്തായിത്തന്നെ ഫാദർ അൻഡ്രേരിയുടെ പുത്രൻ അൻഡ്രേരി അൻഡ്രേറിച്ച് ശ്രദ്ധാപൂർവ്വം സംഭാഷണം ശ്രവിച്ചുകൊണ്ടിരുന്നിരുന്നു.

ഉദ്യാനത്തിൽ കുളുർമ്മയും ശാന്തതയും പരന്നിരുന്നു. നിലത്തു് ചലനങ്ങളില്ലാത്ത നിഴലുകൾ പതിഞ്ഞിരുന്നു. വിദൂരതയിൽനിന്നും, പട്ടണത്തിനപ്പുറത്തുനിന്നെന്നോണം, തവളകളുടെ തൊള്ളകീറൽ കേൾക്കാം. ഉല്ലാസപ്രദമായ മേയ്മാസത്തിന്റെ സുഖം, അന്തരീക്ഷത്തിൽ അനുഭവപ്പെടുന്നുണ്ടു്. നഗരത്തിനപ്പുറത്തെങ്ങോ, അംബരത്തിനു താഴെ തരുനികരാഗ്രങ്ങളിലും പാടത്തും കാട്ടിലും എല്ലാം എല്ലാ പാപചിന്തകളേയും അകററി നിഗ്ഗൂഢവും അനവദ്യസുന്ദരവും വിശുദ്ധവുമായ ജീവിതത്തെപ്പററി ബോധം നല്കുന്ന വസന്തം പിറവി എടുക്കുന്നതിന്റെ പ്രതീതി ആ സാന്ദ്രമായ വായു യഥേഷ്ടം വലിച്ചു ശ്വസിക്കുമ്പോൾ ഉണ്ടാകും. ആർക്കും കണ്ണീരുതൂകാൻ തോന്നിപ്പോകുന്ന ഒരു നിമിഷം വന്ന ഭാവമുണ്ടായിരുന്നു.

നട്‌യായ്ക്കു് വയസ്സ് ഇരുപത്തിമൂന്നായിരുന്നു; പതിനാറു വയസ്സു കഴിഞ്ഞപ്പോൾമുതൽ അവൾ വിവാഹത്തെപ്പററി സ്വപ്നങ്ങൾ കണ്ടുതുടങ്ങിയതാണു്. എന്നിട്ടു് ഇപ്പോഴവൾ ഭക്ഷണമുറിയിലിരിക്കുന്ന അൻഡ്രേ അൻഡ്രേയിച്ചിന്റെ പ്രതിശ്രുതവധുവായിരിക്കുന്നു. അവൾ അയാളെ ഇഷ്ടപ്പെടുന്നുണ്ടു്; ആ വിവാഹം ജൂലൈ ഏഴാംതീയതിക്കു നിശ്ചയിക്കപ്പെട്ടിരിക്കുകയുമാണു്. അടുക്കളയിൽനിന്നും കത്തികൾതമ്മിലുരസുന്ന ശബ്ദം കേൾക്കാം. വാതിൽ മാച്ചിരുന്ന ഭാരം കെട്ടിയിട്ടുള്ള തട്ടി ചലിച്ചു ശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. ടർക്കിക്കോഴിയെ പൊരിക്കുന്ന എരിവുകലന്ന മണം പരക്കുന്നു. ഒരു വ്യത്യാസവും പരിവർത്തനവുംവരാതെ എല്ലാം എന്നെന്നും ഇങ്ങനെതന്നെ തുടൎന്നുപോകുമെന്ന ഒരു ഭാവം തെളിഞ്ഞുനില്ക്കുന്നു.

ആരോ അകത്തുനിന്നും പോർട്ടിക്കോവിൽ വന്നുനിന്നു. അതു് ഒരു സന്ദർശനാർത്ഥം പത്തുദിവസംമുൻപു് മോസ്കോവിൽനിന്നും എത്തിയ സഷാ എന്നു വിളിക്കപ്പെട്ടിരുന്ന അലക്സാണ്ഡർ ടിമോഷിച്ച് ആയിരുന്നു. അയാൾ നട്‌യായുടെ മുത്തശ്ശിയിൽനിന്നും സഹായങ്ങൾ പ്രതീക്ഷിച്ചെത്താറുണ്ടായിരുന്ന, അവരുടെ ഒരകന്ന ചാർച്ചയിൽപെട്ട മെലിഞ്ഞു കൃശാംഗിയായ മെരിയാ പെട്രാവിനായുടെ പുത്രനായിരുന്നു. പലരും അയാൾ ഒരു നല്ല കലാകാരനാണെന്നു പറഞ്ഞിരുന്നു. അയാളുടെ അമ്മ മരിച്ചപ്പോൾ മുത്തശ്ശി അവരുടെ ആത്മാവിനെ ഓർത്തു് അയാളെ മോസ്കോവിലെ കൊമ്മിസ്സാറോവ് പാഠശാലയിലയച്ചു. ഒന്നുരണ്ടുവർഷങ്ങൾക്കകം അയാൾ അവിടുന്നു് ഒരു ആർട്ട്‌സ്കൂളിലേയ്ക്കു മാററപ്പെട്ടു; അവിടെ പതിനഞ്ചുവഷത്തോളം പഠനംനടത്തി ഒരു ശില്പിയെന്ന യോഗ്യതയോടെ അയാൾ പുറത്തുവന്നു. ഒരു ശില്പിയായി പണിയെടുക്കാതെ മോസ്കോവിലെ കല്ലച്ചടിസംബന്ധമായ ഒരു സ്ഥാപനത്തിൽ അയാൾ പ്രവൃത്തി നേടി. രോഗിയായ അയാൾ ഒട്ടൊരു സുഖവും ആശ്വാസവും തേടി എല്ലാ വേനല്ക്കാലത്തിലും ഇവിടെവന്നു താമസിച്ചിരുന്നു.

അയാൾ കഴുത്തുവരെ കുടുക്കുകളിട്ട നീളൻകോട്ടും, മുഷിഞ്ഞു വക്കുപൊട്ടിയ പരുക്കൻകാല്ശറകളും ധരിച്ചിരുന്നു. അയാളുടെ കുപ്പായം ഇസ്തിരിയിട്ടതായിരുന്നില്ല—ആകെക്കൂടി അയാളുടെ വേഷം തീരെ മോശമായിരുന്നു. തീരെ ശോഷിച്ചു് അസ്ഥികൾ തെളിഞ്ഞ കൈവിരലുകളും, വലിയ കണ്ണുകളുമുള്ള, താടിവളർത്തിയ അയാളുടെ തൊലി ഇരുണ്ടിരുന്നെങ്കിലും അയാൾ സുമുഖനായിരുന്നു. "ഷൂമിൻ"സിൽ

തൻെറ സ്വന്തം വീട്ടിലെ നിലതന്നെ അയാൾക്കനുഭവപ്പെട്ടിരുന്നു. ഒരു സ്വാതന്ത്ര്യക്കുറവും അയാൾക്കു തോന്നിയിരുന്നില്ല. വളരെക്കാലമായി അയാൾ ഉപയോഗിച്ചിരുന്ന മുറി സഷായുടെ അറയെന്നുതന്നെ അറിയപ്പെട്ടിരുന്നു.

പൂമുഖത്തുനിന്നു നട്യായെ കണ്ട അയാൾ അവളുടെ അടുത്തേക്കു ചെന്നു.

"ഇവിടെ സുഖമായിരിക്കുന്നു" അയാൾ പറഞ്ഞു.

"ഇവിടെപ്പോഴും അങ്ങനാണ്. ശരത്കാലംവരെ സഷാ താമസിക്കണം."

"അതെ. എനിക്കും അങ്ങനെ തോന്നുന്നു. സെപ്തംബർവരെ ഞാൻ നിന്നോടുകൂടി കാണുമെന്നാണു തോന്നുന്നത്."

പ്രത്യേകിച്ചൊരു കാര്യവുമില്ലായിരുന്നെങ്കിലും അയാൾ ചിരിച്ചു; എന്നിട്ടവളുടെ സമീപംതന്നെ ഇരുന്നു.

"ഞാൻ ഇവിടെ നിന്ന് അമ്മയെ നോക്കുകയായിരുന്നു" നട്യാ പറഞ്ഞു. "ഇവിടെനിന്നു നോക്കുമ്പോൾ അവർ കൂടുതൽ ചെറുപ്പമായി തോന്നുന്നു. അവരുടെ കുറവുകൾ ഞാൻ സമ്മതിക്കുന്നു." അല്പം കഴിഞ്ഞു് അവൾ തുടർന്നു: "എങ്കിലും അവർ വളരെ മെച്ചപ്പെട്ട ഒരു വ്യക്തിയാണ്."

"അതെ. അവർ അത്യുത്തമയാണ്" സഷാ സമ്മതിച്ചു. "അവർ തൻെറ രീതികളിൽക്കൂടിത്തന്നെ വളരെ നന്മയും സ്നേഹവും നിറഞ്ഞവരാണ്. പക്ഷേ..........ഞാൻ എങ്ങനെ വിശദീകരിക്കണം? ഞാൻ ഇന്നതിരാവിലെ അടുക്കളയിലൊന്നു നോക്കി; നാലു ഭൃത്യരുണ്ടു് തറയിൽ കിടന്നുറങ്ങുന്നു, ഒരു പായ്കൂടിയില്ലാതെ വെറും കീറത്തുണികൾ വിരിച്ചു്, മൂട്ടയും പൂച്ചികളും ദുർഗന്ധവും. അവിടെ നിറഞ്ഞിരിക്കുന്നു........ഇരുപതുവഷത്തിനുമുമ്പുള്ളതിൽനിന്നും ഒരു പണവിട വ്യത്യാസമില്ലാതെയുള്ള സ്ഥിതി. മുത്തശ്ശിയെ പറയണ്ട, അവൾക്കു വയസ്സായി—പക്ഷെ നിൻെറ അമ്മ, അവരുടെ ഫ്രഞ്ചുപരിജ്ഞാനവും നാടകാഭിനയഭ്രമവും, എല്ലാം എന്തിന്........ഇതൊക്കെ മനസ്സിലാക്കാനുള്ള കഴിവു് അവൾക്കുണ്ടാകേണ്ടതാണ്."

സഷാ സംസാരിക്കുമ്പോൾ അസ്ഥികൾ തെളിഞ്ഞു നേർത്ത തൻെറ രണ്ടു വിരലുകൾ ശ്രോതാവിൻെറ മുഖത്തിനുനേരെ ചൂണ്ടുന്ന ഒരു ശീലം അയാൾക്കുണ്ടു്.

"ഇവിടെ എല്ലാററിലും ഒരു നിഗൂഢത എനിക്കനുഭവപ്പെടാറുണ്ട്." അയാൾ തുടൻ: "എനിക്കിതത്ര പൊരുത്തമാവുന്നില്ല. ഈശ്വരാ, ഒരുത്തരും ഒന്നും ചെയ്യുന്നില്ല! നിൻെറ അമ്മയാണെങ്കിൽ ഒന്നുംചെയ്യാതെ ഒരു പ്രഭ്വിയെപ്പോലെ അങ്ങു ജീവിക്കുന്നു. മുത്തശ്ശിയും നീയും അതേപടിതന്നെ. നിൻെറ ഭാവിവരൻ അൻഡേരി അൻഡ്റിച്ചാണെങ്കിൽ, അയാളും ഒന്നും ചെയ്യുന്നില്ല."

നട്യാ അതൊക്കെ കഴിഞ്ഞവർഷവും കേട്ടതാണ്. അതിനു മുമ്പിലത്തെ വർഷവും അയാൾ അതു പറഞ്ഞതാണ്. സഷായുടെ ഹൃദയഗതി ആവിധമാണെന്നവൾക്കറിയാമായിരുന്നു. ആതവളെ രസിപ്പിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു, പക്ഷേ എന്തുകൊണ്ടോ ഇപ്പോഴവൾക്കതിൽ അസ്വാസ്ഥ്യംതോന്നി.

"ഇതൊക്കെ പഴയ പല്ലവികളാണ്." അവൾ എഴുനേററിട്ടു പറഞ്ഞു. "മറെറാന്നും ചിന്തിക്കാനും പറയാനുമില്ലേ?"

ഒരു പുഞ്ചിരിയോടെ അയാളും എഴുനേററു, അവർ ഒരുമിച്ചകത്തേയ്ക്കുപോയി. നല്ല ആരോഗ്യമുള്ള മെലിഞ്ഞു നീണ്ട സുന്ദരിയായ അവൾ മോടിയിൽ അണിഞ്ഞൊരുങ്ങി അയാളുടെ ഒപ്പംനടക്കുമ്പോൾ ഒരപരാധബോധം ഹൃദയത്തിൽ നിറഞ്ഞുവരുന്നപോലെ അവൾക്കനുഭവപ്പെട്ടു. അതോടെ അവൾക്കയാളോടതിരററ സഹതാപംതോന്നി. ഒട്ടൊരു ക്ഷമാപണസ്വരത്തിൽ അവൾ പറഞ്ഞു:

"നിങ്ങൾ എന്തൊക്കെയോ, വിവരമില്ലാതെ പറയുന്നു. നോക്കൂ. എൻെറ അൻഡേരിയെപ്പററിത്തന്നെ എന്തൊക്കെയാണ് പറഞ്ഞതു്!—നിങ്ങൾക്കു് അദ്ദേഹത്തെ ലേശംപോലും അറിഞ്ഞുകൂടാ, അല്ലേ?"

"എൻെറ അൻഡേരി. . . . നിൻെറ അൻഡേരിയെപ്പററിയല്ല! നിൻെറ യൗവ്വനത്തെയാണ് ഞാൻ പഴിക്കുന്നതു്."

അവർ ഭക്ഷണമുറിയിലെത്തുമ്പോൾ മററുള്ളവർ ആഹാരത്തിനിരുന്നുകഴിഞ്ഞിരുന്നു. നട്യായുടെ മുത്തശ്ശി, അവരെ എല്ലാവരും മുത്തശ്ശി എന്നുതന്നെയാണു വിളിക്കാറ്, തടിച്ചുകൊഴുത്തു സാധാരണക്കാരിയായ, തിങ്ങിയ പുരികങ്ങളും ലേശം മീശയും ഉള്ള ഉച്ചത്തിൽ സംസാരിക്കുന്ന ഒരു സ്ത്രീയായിരുന്നു. അവരുടെ സ്വരവും സംഭാഷണരീതികളുംതന്നെ ആ ഗൃഹത്തിലെ പ്രധാനി എന്ന നിലയിലായിരുന്നു. ആ പഴയ വീടും തോട്ടവും അവരുടേതായിരുന്നെങ്കിലും,

എന്നും നാശത്തിലും തകർച്ചയിലുംനിന്നു രക്ഷിക്കണമെന്നവർ ഈശ്വരനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു. നട്ടയായുടെ അമ്മയും മുത്തശ്ശിയുടെ സ്നേഹയുമായ നിനാ ഇവാനോവ്നാ, അവർ സുന്ദരിയായിരുന്നു, കണ്ണാടയും മോതിരവും അണിഞ്ഞിരുന്നു. അവരേയും മുത്തശ്ശിയേയുംകൂടാതെ ഫാദർ അൻഡേരി—മെലിഞ്ഞു പല്ലില്ലാത്ത, അൻഡേരി അൻഡ്റിച്ചിന്റെ പിതാവായ, അദ്ദേഹം ഏതോ നേരമ്പോക്കുപറയാൻതുടങ്ങുന്ന ഒരു ഭാവത്തോടെയാണ് എപ്പോഴും കാണപ്പെട്ടിരുന്നതു്, അൻഡേരി അൻഡ്റിച്ച്—അയാൾ ബലിഷ്ഠ സുന്ദരമായ രൂപവും ഒരു നടനെപ്പോലെ ചുരുണ്ട മുടിയുമുള്ള ഒരു യുവാവാണ്—എന്നിവരുംകൂടിയിരുന്ന് മയക്കുവിദ്യയെപ്പററി സംസാരിക്കയായിരുന്നു.

"ഒരാഴ്ചയ്ക്കകം മുത്തശ്ശി കുറേക്കൂടി തടിക്കും" സഷാ മുത്തശ്ശിയോടു പറഞ്ഞു.

"പക്ഷേ, നീ കുറച്ചുവല്ലതും ശരിക്കു കഴിക്കണം. നിന്റെ ഒരു കോലം കണ്ടില്ലേ!" അവർ നെട്ടുതായൊന്നു നിശ്വസിച്ചു. "എന്തു രൂപമാണ്! നീ ഒരു മുടിഞ്ഞ മോനാണ്, അല്ലാതെന്തുപറയാനാ നിന്നെപ്പററി!"

"അടക്കമില്ലാതെ ജീവിച്ചു്, അയാൾ തടി കേടാക്കി." അത്ര നിരുപദ്രവമല്ലാത്ത ഒരു പുഞ്ചിരിക്കൊണ്ടു തിളങ്ങുന്ന നയനങ്ങളോടെ ഫാദർ അൻഡേരി പറഞ്ഞു. "പാടത്തിൽ പന്നിയെ തീററാൻ വിട്ടു മട്ടിലായി."

"എന്റച്ഛനെ എനിക്കിഷ്ടമാണ്." അൻഡേരി അൻഡ്റിച്ച് തന്റെ പിതാവിന്റെ ചുമലിൽ തഴുകിക്കൊണ്ടു പറഞ്ഞു. "എന്റെ നല്ല, പ്രിയപ്പെട്ട അച്ഛൻ."

ആരും ഒന്നും ഉരിയാടിയില്ല. സഷാ പെട്ടെന്നു പൊട്ടിച്ചിരിച്ചുപോയി. അയാൾ തന്റെ തുവാല അധരങ്ങളിൽ അമർത്തിപ്പിടിച്ചു.

"അപ്പോൾ നിങ്ങൾ മയക്കുവിദ്യയിൽ വിശ്വസിക്കുന്നു, അല്ലേ?" ഫാദർ അൻഡേരി, നിനാ ഇവാനോവ്നായോടു ചോദിച്ചു.

"ഞാൻ വിശ്വസിക്കുന്നു എന്നു തീർത്തുപറയാൻ സാദ്ധ്യമല്ല." ഗൗരവപൂർണ്ണമായ ഭാവത്തോടും സ്വരത്തിലും നിനാ ഇവാനോവ്നാ പറഞ്ഞു. "പക്ഷേ നിഗൂഢവും പിടികിട്ടാത്തതുമായ പലതും പ്രകൃതിയിലുണ്ടു്,"

“ഞാൻ നിങ്ങളോടു യോജിക്കുന്നെങ്കിലും, വിശ്വാസം നിഗൂഢതകളെ വളരെയധികം സങ്കുചിതമാക്കുന്നു എന്നുകൂടി ചേൎത്തുകൊള്ളട്ടെ.”

ഒരു വലിയ ടൎക്കിക്കോഴിയെ പൊരിച്ചതു മേശപ്പുറത്തെത്തി. ഫാദർ അൻഡേരിയും നിനാ ഇവാനോവ്നയും സംഭാഷണം തുടൎന്നുകൊണ്ടുതന്നെയിരുന്നു. ഇവാനോവ്നയുടെ മോതിരത്തിലെ വൈരക്കല്ലും മിഴികളിൽ രണ്ടിററു കണ്ണീരും വെട്ടിത്തിളങ്ങിയിരുന്നു. അവരുടെ ഹൃദയം വല്ലാതെ ചലിച്ചിരുന്നു.

“വാദിച്ചു ജയിക്കാൻ എനിക്കു കഴിവു കുറവാണു്.” അവർ പറഞ്ഞു. “എങ്കിലും കണ്ടെത്താൻകഴിയാത്ത വളരെയേറെ നിഗൂഢതകൾ ജീവിതത്തിലുണ്ടെന്നു് നിങ്ങളും സമ്മതിക്കും.”

“ഇല്ല, ഒരെണ്ണംപോലും ഇല്ല.”

ആഹാരത്തിനുശേഷം അൻഡേരി അൻഡ്റിച്ച്, വയലിൻ വായിച്ചപ്പോൾ നിനാ ഇവാനോവ്നാ പിയാനോവായിച്ചു. അയാൾ പത്തുവൎഷംമുമ്പു് സൎവ്വകലാശാലയിൽനിന്നും ശബ്ദശാസ്ത്രത്തിൽ ബിരുദംനേടിയിരുന്നു എങ്കിലും സ്ഥിരമായ ഒരു ജോലിയിലോ, തൊഴിലിലോ ഏൎപ്പെടാതെ വല്ല സഹായനിധിക്കും പിരിവിനും, മററും മാത്രം വായിച്ചിരുന്നു. പട്ടണത്തിൽ അയാൾ ഒരു നല്ല ഗായകനായി വാഴ്ത്തപ്പെട്ടിരുന്നു.

അൻഡേരി അൻഡ്റിച്ച് ആലാപനംനടത്തുമ്പോൾ ഏവരും ഏകാഗ്രതയോടെ ശ്രദ്ധിച്ചിരുന്നു. * ‘സമോവാർ’ ചൂടുള്ള നീരാവി വമിച്ചുകൊണ്ടു് മേശപ്പുറത്തിരുന്നിരുന്നെങ്കിലും സഷാമാത്രമേ ചായകഴിച്ചിരുന്നുള്ളു. കൃത്യം പന്ത്രണ്ടടിച്ചതും ഫിഡിലിന്റെ ഒരു തന്ത്രി പൊട്ടി. എല്ലാവരും ചിരിച്ചു, പിന്നെ യാത്രപറയലുകളുടെ ബഹളമായിരുന്നു.

തന്റെ ഭാവിവരനോടു് യാത്രയും വന്ദനവും പറഞ്ഞിട്ടു് നഡ്യാ തന്റെ അമ്മയോടുകൂടി, താൻ ഉപയോഗിച്ചിരുന്ന മുകളിലത്തെ നിലയിലെ അറയിലേയ്ക്കുപോയി. (താഴത്തെ നില മൂത്തശ്ശി

* ചായഉണ്ടാക്കുന്നതിനു് റഷ്യയിൽ ഉപയോഗിക്കുന്ന ഒരുതരം പാത്രം. പാത്രത്തിന്റെ നടുവിലൂടെയുള്ള ഒരു കുഴലിൽ കരിയിട്ടു കത്തിച്ചാണു് ചൂടു് നിലനിറുത്തുന്നതു്.

ഉപയോഗിച്ചിരുന്നു) താഴത്തെ നിലയിലും ഭക്ഷണമുറിയിലും വിളക്കു കൾ കെടുത്തപ്പെട്ടുകഴിഞ്ഞെങ്കിലും ചായകുടിച്ചുകൊണ്ടു് സഷാ അവിടെത്തന്നെ ഇരുന്നു. ചായകഴിക്കാനിരുന്നാൽ മോസ്ക്കോയിലെ രീതിയിൽ സഷാ വളരെയേറെ സമയം എടുത്തിരുന്നു. അതു് തുടച്ച യായി ആറോ ഏഴോ കപ്പുവരെ ആവുകയുംചെയ്യും.

നട്യാ കിടന്നു് വളരെയേറെ സമയം കഴിഞ്ഞശേഷം ഭൃത്യർ മേശ വൃത്തിയാക്കുന്നതിൻേറയും മുത്തശ്ശി അവരെ ശകാരിക്കുന്നതിൻേറയും ശബ്ദം അവൾ കേട്ടു. ഒടുവിൽ ആ ഭവനം ശാന്തതയിൽ മുങ്ങി. ഇടയ്ക്കിടയ്ക്കു് താഴത്തെ നിലയിൽ, സഷായുടെ അറയിൽ നിന്നും, കേട്ടിരുന്ന ചുമമാത്രം ആ നിശ്ശബ്ദതയിൽ വിടവു സൃഷ്ടിച്ചു കൊണ്ടിരുന്നു.

## II

നട്യാ ഉണർന്നപ്പോൾ മണി രണ്ടിനടുത്തായിരുന്നതേയുള്ളു. കിഴക്കു വിളച്ച് കണ്ടുതുടങ്ങിയിരുന്നു. രാത്രികാവൽക്കാരൻെറ ശബ്ദം അകലത്തിൽ കേൾക്കാമായിരുന്നു. നട്യായ്ക്കുറങ്ങാൻകഴിയുമായിരുന്നില്ല. അത്രയ്ക്കു മാർദ്ദവമേറിയ കിടക്ക നിദ്രയ്ക്കു പററാത്തതായി തോന്നി. ഈ മേയ്മാസത്തിലെ കഴിഞ്ഞ രാത്രികളിലെപ്പോലെ അവൾ എഴുന്നേററിരുന്നു ചിന്തയിൽ മുഴുകി. ചിന്തകൾ കഴിഞ്ഞ രാവുകളിലെപ്പോലെ വിരസവും വ്യത്ഥവും ആഴ്ന്നവയുമായിരുന്നു—അൻഡ്രേറി അൻഡ്റിച്ചു് തന്നെ ആരാധിക്കുകയും വിവാഹാഭ്യത്ഥന നടത്തുകയും ചെയ്ത നിമിഷങ്ങളെപ്പററിയുള്ള ചിന്തകൾ, അവൾ അതു സ്വീകരിക്കയും ക്രമേണ നല്ലവനും സമത്ഥനുമായ അയാളെ മനസ്സിലാക്കുകയും ആദരിക്കുകയും ചെയ്തതു്; പക്ഷേ എന്തു കൊണ്ടോ വിവാഹത്തിന് ഒരുമാസംമാത്രം ശേഷിപ്പുള്ളപ്പോൾ അവൾക്കു ഭീതിതോന്നി. നീറുന്ന അനുഭവങ്ങൾ തനിക്കുണ്ടായേക്കുമെന്ന ഭയവും അസ്വാസ്ഥ്യവും അവളെ വലയംചെയ്തു.

“ടിക്_ടോക്” രാത്രി കാവൽക്കാരൻെറ അലസമായ ചുവട്ടടി ശബ്ദം അവളുടെ കർണ്ണങ്ങളിൽവന്നുതച്ചു. “ടിക_ടോക്....”

പഴയമട്ടിലുള്ള ജാലകത്തിൽക്കൂടി ഉദ്യാനവും, അതിനപ്പുറത്തു് തഴച്ചു വളർന്നുനില്ക്കുന്ന പൂവണിഞ്ഞ ചെടികളും കാണാം. തണുപ്പേററു് അവ പരവശമായിട്ടുണ്ടു്. അവയെ മൂടിനിറുത്താനെന്നോ

ണം കനത്ത മഞ്ഞു പൊതിഞ്ഞിരിക്കുന്നു. ഉറക്കം മായാത്തയന്തരത്തിൽ, അകലത്തുള്ള മരങ്ങളിലിരുന്ന് കാക്കകൾ കരഞ്ഞുകൊണ്ടിരുന്നു.

"ഈശ്വരാ, എന്താണെന്നെ ഇത്ര വിഷാദമഗ്നയാക്കുന്നതു്?"

എല്ലാ പെൺകുട്ടികൾക്കും വിവാഹത്തിനുമുമ്പ് ഇങ്ങനെ തോന്നാവുണ്ടോ? ആർക്കറിയാം? അതോ, ഇത്ര ഡഷ്ഷായുടെ സ്വാധീനശക്തിയാണോ? പക്ഷേ ഡഷ്ഷാ അതേകാര്യം ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുള്ളതല്ലേ, ഓരോവർഷവും മുടങ്ങാതെ, അകൃത്രിമമായും സരളമായും. എന്തുകൊണ്ടവൾക്കു് ഡഷ്ഷായെ തന്റെ ചിന്തയിൽനിന്നൊഴിച്ചുനിറുത്താനാവുന്നില്ല? എന്തുകൊണ്ടു്?

കാവൽക്കാരന്റെ പ്രദക്ഷിണംവയ്പു കഴിഞ്ഞിരുന്നു. മരങ്ങൾക്കുമുകളിലും ജാലകത്തിനടുത്തും പക്ഷികൾ വിഹരിക്കാൻതുടങ്ങിയിരുന്നു. ഉദ്യാനത്തിൽനിന്നും മൂടൽമഞ്ഞു മാഞ്ഞിരുന്നു, എല്ലാം പുഞ്ചിരിക്കയാണ്. നിമിഷങ്ങൾക്കകം ആദ്യത്തെ കിരണങ്ങളുടെ ലാളനയിൽ, ഉദ്യാനം ജീവൻപൂണ്ടു, ഇലകളിൽ മഞ്ഞുതുള്ളികൾ വെട്ടിത്തിളങ്ങി. പഴക്കംചെന്ന, അവഗണിക്കപ്പെട്ടുകിടന്ന ആ ഉദ്യാനം ആ ഒരു പ്രഭാതത്തിലേയ്ക്കുമാത്രമായി പ്രസരിപ്പും ഉന്മേഷവും പൂണ്ടുനിന്നു.

മുത്തശ്ശി ഉണർന്നിരുന്നു. ഡഷ്ഷായുടെ ആഴ്ന്ന കട്ടത്ത ചുമ കേൾക്കുന്നു. താഴെ ഭൃത്യൻ പ്രാതലിനൊരുക്കുന്നതിന്റെ ശബ്ദങ്ങൾ, കസേരകൾ വലിച്ചുനീക്കപ്പെടുന്നു.

മണിക്കൂറുകൾ സാവധാനം നീങ്ങി. നട്യാ ഏറെനേരമായി ഉദ്യാനത്തിൽ ഉലാത്തുകയാണ്, പ്രഭാതം ഇഴഞ്ഞുനീങ്ങുന്നു.

കൈയിൽ ഒരുപാത്രം ലോഹമയമായ ജലവും മിഴികളിൽ കണ്ണീരുമായി നീന ഇവാനോവ്ന കടന്നുവന്നു. അവർ ആത്മനിഷ്ഠാവാദത്തിലേയ്ക്കും, ഹോമിയോപ്പതിയിലേയ്ക്കും കടന്നിരുന്നു. വളരെയേറെ വായിക്കുന്നതിലും മതപരമായ സംശയനിവൃത്തികൾക്കും അവർ അങ്ങേഅററം ശ്രദ്ധിച്ചിരുന്നു. ഇതിനൊക്കെ ഏതോ നിഗൂഢങ്ങളായ പ്രാധാന്യങ്ങളുണ്ടെന്നു നട്യായ്ക്കു തോന്നിയിരുന്നു. അവൾ അമ്മയെ ചുംബിച്ചിട്ടു്, ഒപ്പം നടന്നു.

"അമ്മ എന്തിനാണു കരഞ്ഞതു്?" അവൾ ആരാഞ്ഞു.

"കഴിഞ്ഞ രാത്രി ഞാൻ ഒരു കിഴവനേയും അയാളുടെ മകളെ യും സംബന്ധിച്ചുള്ള ഒരു പുസ്തകം വായിച്ചു. അയാൾ ഒരാഫീസിൽ ജോലിചെയ്തിരുന്നു. എന്നിട്ടോ.—കിഴവൻെറ പുത്രിയിൽ അയാളുടെ മേലുദ്യോഗസ്ഥൻ അനുരക്തനായി! ഞാനതു പൂർത്തിയാക്കിയില്ല, എങ്കിലും എനിക്കു കണ്ണീരുനിയന്ത്രിക്കാനാവാതെയായി." തൻെറ കയ്യിലിരുന്ന ടംബ്ളറിൽനിന്നും അല്പം വെള്ളം കുടിച്ചിട്ടവർ തുടന്നു. "ഇന്നു രാവിലെ ഞാനതു വീണ്ടും ഓർത്തു കരഞ്ഞു."

"എനിക്കും എന്തൊക്കെയോ മനോവിഷമങ്ങൾ തോന്നുന്നു." അല്പംകഴിഞ്ഞു നട്യാ പറഞ്ഞു: "എന്താണെനിക്കുറങ്ങാൻ കഴിയാത്തതു്?"

"എനിക്കറിഞ്ഞുകൂട മോളെ. ഉറങ്ങാൻ കഴിയാത്തപ്പോൾ ഞാൻ കണ്ണിറുക്കിഅടയ്ക്കും—ഇതാ ഇങ്ങനെ—എന്നിട്ട് അന്നാ കരീനിനായുടെ ഭാവവും സംഭാഷണങ്ങളും എങ്ങനായിരുന്നെന്നോർക്കും, അല്ലെങ്കിൽ ചരിത്രത്തിൽനിന്നോ, പഴയകാലത്തെ അനുഭവങ്ങളിൽ നിന്നോ എന്തെങ്കിലും ഓർത്തു് അതിൽ മുഴുകാൻ ശ്രമിക്കും....."

അമ്മ തന്നെ മനസ്സിലാക്കുന്നില്ലെന്നു നട്യാക്കു തോന്നി, അവൾക്കവളെ മനസ്സിലാക്കാൻ കഴിവില്ല. ഇത്തരം അനുഭൂതികൾ അവൾക്കു മുമ്പുണ്ടായിട്ടില്ല; എല്ലാം ഒളിക്കാനവൾക്കു തോന്നി. അവൾ തൻെറ അറയിലേയ്ക്കു മടങ്ങി.

രണ്ടുമണിക്കു് എല്ലാവരും ഭക്ഷണത്തിനിരുന്നു, അതു് ഉപവാസത്തിനുള്ള ഒരു ബുധനാഴ്ചയായിരുന്നു, മുത്തശ്ശി അതുകൊണ്ടു മാംസഭക്ഷണം തൊടാതെ ഗോതമ്പുചേർത്തു തയാറാക്കപ്പെട്ട ആഹാര സാധനങ്ങളാണു കഴിച്ചതു്.

മുത്തശ്ശിയെ ശുണ്ഠിപിടിപ്പിക്കാനായി സഷാ മാംസഭക്ഷണത്തോടൊപ്പം അവക്കു വിളമ്പപ്പെട്ട രീതിയിലുള്ളതും കഴിച്ചു. ഭക്ഷണസമയം മുഴുവൻ അയാൾ ഫലിതങ്ങൾ തട്ടിമൂളിച്ചു. പക്ഷേ എല്ലാററിനും ഒരു ഗുണപാഠമുള്ള നീണ്ട ഫലിതങ്ങളായിരുന്നു അവ, നേർത്തുമെലിഞ്ഞു് അസ്ഥിമാത്രമായ വിരലുകൾ ഉയർത്തി ഉപസംഹരിക്കുന്നതുവരെ അവ ഒട്ടും നേരംപോക്കുകളായിരുന്നില്ല; പക്ഷേ അയാളുടെ രോഗസ്ഥിതിയും അകലത്തല്ലാത്ത അന്ത്യവും ഹൃദയത്തിലൂടെ കടന്നുപോകുമ്പോൾ നിങ്ങൾക്കു കരയാതിരിക്കാൻ കഴിഞ്ഞെന്നു വരികയില്ല.

ഭക്ഷണത്തിനുശേഷം വിശ്രമത്തിനായി മുത്തശ്ശി തന്റെ അറയിലേയ്ക്കു പോയി. കുറച്ചുസമയം പിയാനോ വായിച്ചിട്ട്, നിനാ ഇവാനോവ്നായും ആ അറയിൽനിന്നുപോയി.

"പ്രിയപ്പെട്ട നട്യാ," ഭക്ഷണത്തിനുശേഷം തന്റെ പതിവുള്ള സംസാരത്തിലേയ്ക്കു സഷാ തിരിഞ്ഞു. "ഞാൻ പറയുന്നതു നീ ശ്രദ്ധിച്ചിരുന്നെങ്കിൽ! ഒന്നു കേട്ടിരുന്നെങ്കിൽ!"

അയാൾ എഴുന്നേററ് ആ മുറിയിൽ ഉലാത്തുമ്പോൾ പഴയമട്ടിലുള്ള ഒരു ചാരുകസാലയിൽ നട്യാ മിഴികളടച്ചുകൊണ്ടു ചുരുണ്ടുകൂടിക്കിടന്നു.

"നീ ഇവിടെനിന്നും പഠിക്കാൻപോയിരുന്നെങ്കിൽ," അയാൾ പറഞ്ഞു. "വിവരവും ശേഷിയുമുള്ള പുണ്യാത്മാക്കളാണ് മെച്ചപ്പെട്ടവർ. അതാണാവശ്യവും. അത്തരം മനുഷ്യർ വദ്ധിക്കുമ്പോൾ ദൈവരാജ്യം ഭൂമിയിലാകുന്നു. അപ്പോൾ ഒരു കല്ലും ഒരാളുടെപുറത്തേയ്ക്കും എറിയേണ്ടിവരുന്നില്ല; നിന്റെ ഈ പട്ടണത്തിൽ എല്ലാം പരിവത്തനമടയും, ഒരു മാന്ത്രികവിദ്യയാലെന്നവിധമാണ് മാററംവരുന്നതു്. എങ്ങും കൂററൻമാളികകളും, ഉദ്യാനങ്ങളും, കണ്ണഞ്ചിക്കുന്ന ധാരായന്ത്രങ്ങളും നല്ല മനുഷ്യരും.... പക്ഷേ അതൊന്നുമല്ല പ്രധാനം. എങ്ങും ഒരു ബഹളം കാണുകയില്ല, തിന്മയും അതിന്റെ അടിസ്ഥാനമായ കാരണങ്ങളും അന്തർദ്ധാനംചെയ്യും, ഓരോ വ്യക്തിക്കും സത്യദീക്ഷയുണ്ടാകും, എവരും ജീവിതത്തിന്റെ തത്വമറിഞ്ഞവരാവും. എന്റെ പ്രിയപ്പെട്ട, ഓമനയായ നട്യാ, പോകൂ! ഈ വൃത്തികേടുകൾ വളരെ ഏറിപ്പോയെന്നവരെ ബോധ്യപ്പെടുത്തു, വിരസവും ദുഷിച്ചുകഴിഞ്ഞതുമായ ജീവിതം! അല്ലെങ്കിൽ നീ അതു മനസ്സിലാക്കുന്നുണ്ടെന്നെങ്കിലും തെളിയിക്കു."

"എനിക്കുവയ്യാ, സഷാ, ഞാൻ വിവാഹിതയാകാൻ പോകയാണ്."

"സാരമില്ല. അതുകൊണ്ടെന്താണ്?"

അവർ ഉദ്യാനത്തിലേയ്ക്കിറങ്ങി, അവിടെ ഉലാത്തിക്കൊണ്ടിരുന്നു.

"എന്തായാലും, എന്റെ പ്രിയപ്പെട്ട നട്യാ, നീ ഇതേപ്പററി ചിന്തിക്കണം. നീ വളരെ മനസ്സിലാക്കുവാനുണ്ട്, നിന്റെ അലസജീവിതം എത്ര ധമ്മവിരുദ്ധവും അയുക്തവുമാണെന്ന് നീ മനസ്സി

ലാക്കണം" സഷാ തുടൎന്നു: "നിൻെറ മുത്തശ്ശിയും അമ്മയും അലസമായ ഒരു ജീവിതം നയിക്കുന്നതിനുവേണ്ടി, മററുള്ളവർ എത്ര പണിപ്പെടുന്നുണ്ടെന്നും, അവരുടെ വിയൎപ്പിൻെറഫലമാണു് നിങ്ങൾ അനുഭവിക്കുന്നതെന്നും നിനക്കറിയാൻ കഴിയുന്നില്ലേ? അതു നന്നാണോ? വിശുദ്ധമാണോ? മററുള്ളവരുടെ വിയൎപ്പിൻെറഫലം തട്ടിത്തിന്നുന്നതു്?"

'ശരിയാണു്, ശരിയാണു് നിങ്ങൾ പറയുന്നതു്' എന്നു പറയാൻ അവൾക്കനിഷേദ്ധ്യമായ ആശയുണ്ടായിരുന്നു, താനെല്ലാം മനസ്സിലാക്കുന്നുണ്ടു്. പക്ഷേ, അവളുടെ കണ്ണുകൾ നിറഞ്ഞു. അവൾ തന്നിലേക്കുതന്നെ ചുരുങ്ങി താഴുന്നപോലെ തോന്നി; അവൾ തൻെറ അറയിലേക്കു പൊയ്ക്കളഞ്ഞു.

വൈകിട്ടു് അൻഡേരി അൻഡ്റിച്ചുവന്നു് പതിവുപോലെ ഏറെനേരം വയലിൻ വായിച്ചു. അയാൾ അത്രയധികം സംസാരിക്കാത്ത ഒരു പ്രകൃതക്കാരനായിരുന്നു, അയാൾ തൻെറ വയലിൻെറ തന്ത്രികളെ ഇഷ്ടപ്പെട്ടിരുന്നതു്, അതിൽ ആലാപനം നടത്തുമ്പോൾ ആരോടെങ്കിലും സംസാരിക്കേണ്ടിവരുന്നില്ലെന്നതുകൊണ്ടായിരിക്കാം. പത്തുമണി കഴിഞ്ഞു് തൻെറ വീട്ടിലേക്കു പോകാനായി കോട്ടെടുത്തിട്ടുകഴിഞ്ഞ അയാൾ നട്യായെ തൻെറ കരങ്ങളിലെടുത്തു കപോലങ്ങളിലും ചുമലിലും കൈത്തണ്ടിലും വികാരവായ്പോടെ ചുംബനങ്ങളൎപ്പിച്ചു.

"ഓമനേ, എൻെറ കരളേ, കൺമണീ," അയാൾ മന്ത്രിച്ചു. "എത്രയ്ക്കാനന്ദമത്തനാണു്, ഞാൻ! എനിക്കു സന്തോഷംകൊണ്ടു് ഭ്രാന്തുപിടിച്ചുപോകുമെന്നു തോന്നുന്നു!"

ഇതും വളരെക്കാലങ്ങൾക്കുമുൻപു് താൻ കേട്ടിട്ടുള്ളതുപോലെ അവൾക്കുതോന്നി; ആരും വായിക്കാതെ തള്ളിയിരിക്കുന്ന ഏതോ പഴയ നോവലിൻെറ പൊളിഞ്ഞ താളുകളിൽ താനതു വായിച്ചിട്ടുണ്ടെന്നു്.

ഭക്ഷണമുറിയിലെ മേശയ്ക്കടുത്തിരുന്നു. സഷാ, തൻെറ നീണ്ട വിരലുകളിൽ ചേൎത്തുപിടിച്ച സാസറിൽനിന്നും ചായ കഴിച്ചുകൊണ്ടിരുന്നു. മുത്തശ്ശി പെഷ്യൻസ് (ഒററയ്ക്കുകളിക്കുന്ന ഒരുതരം ചീട്ടുകളി) കളിച്ചുകൊണ്ടിരുന്നു. നിനാ ഇവാനോവ്നാ വായനയിൽ മുഴുകിയിരിക്കയാണു്. പുണ്യവാളൻെറ പടത്തിനു മുൻപിലിരുന്ന

വിളക്കിൻെറനാളം നേരിയ ചലനത്തോടെ ജ്വലിച്ചിരുന്നു. എല്ലാം ശാന്തവും സുരക്ഷിതവുമായിത്തോന്നി. എല്ലാവരേയും വന്ദിച്ചിട്ട് തൻെറ അറയിലേക്കുപോയ നട്യാ കട്ടിലിൽചെന്നു കിടന്ന ഉടൻ നിദ്രയിൽ മുഴുകി. എങ്കിലും കഴിഞ്ഞ രാത്രിയിലെപ്പോലെ പ്രഭാത ത്തിൻെറ ആദ്യത്തെ വിളച്ച് കിഴക്കുകണ്ടപ്പോൾ അവൾ ഉണർന്നു. അവൾക്കുറങ്ങാൻ കഴിയുന്നില്ല, ഭാരമേറിയ ഏതോ അസമാധാന ചിന്തകൾ നെഞ്ചിലമരുന്നപോലെ അവൾക്കുതോന്നി. ഏറനേരം കാൽമുട്ടുകളിൽ കൈകൾ ചുററിക്കൊണ്ടിരുന്ന്, തൻെറ ഭാവിവര നേയും വിവാഹത്തേയുംപററി അവൾ ചിന്തിക്കാൻ തുടങ്ങി....... എന്തു കാരണത്താലോ, തൻെറ അമ്മ അമ്മരന സ്നേഹിച്ചിരുന്നി ല്ലെന്നവൾക്കു തോന്നി, ഇപ്പോൾ അവക്ക് സ്വന്തമായി ഒന്നും ഇല്ല, അവക്കാകെ ആശ്രയമായുള്ളത് തൻെറ മുത്തശ്ശിയായ അവരുടെ അമ്മാവിയാണ്. തികച്ചും സാധാരണക്കാരിയും ആനന്ദമറിയാത്ത വളുമായ ഒരു സ്ത്രീയായി തൻെറ അമ്മയെ കാണാൻ കഴിയാതെ, അവരെ ഏതോ ഉയന്ന മണ്ഡലങ്ങളിൽപെട്ട അസാധാരണ വ്യക്തി യായി താൻ കണ്ടിരുന്നതെന്തുകൊണ്ടാണെന്നാണവൾക്കു ഗ്രഹിക്കാൻ കഴിയാത്തത്.

താഴത്തെ നിലയിൽ സഷായും ഉണർന്നതന്നെ ഇരുന്നിരുന്നു— അയാളുടെ ചുമ അവൾക്കു വ്യക്തമായി കേൾക്കാം. അയാൾ ഒരു വിചിത്രജീവിയാണ്, ആജ്ജവത്വമുള്ള അയാളുടെ സ്വപ്നങ്ങളിൽ അസാധാരണമായ, നിരക്കാത്ത, എന്തൊക്കയോ ഉണ്ടെന്നവൾ ചിന്തിച്ചു. പക്ഷേ അയാളുടെ ആജ്ജവത്വത്തിനും, അസാധാരണ ത്വത്തിനും ഒരാകഷകത്വമുണ്ട്; അയാളുടെ ദോഷങ്ങൾക്കുതന്നെയും കഴമ്പുണ്ട്. ആ നിമിഷത്തിൽ പഠിത്തം തുടരാനായി പോകേണ്ട താണെന്നുതന്നെ അവൾക്കുതോന്നി. അവളുടെ ഹൃദയവും ചേത നയും എല്ലാം ഹൃദ്യമായ ഒരു കുളുമ്മയിൽ ആണ്ടുമുങ്ങി. ഉന്മാദജന കമായ ഹഷപ്രകഷം അനുഭവപ്പെട്ടുപോയി.

"ചിന്തിക്കാതിരിക്കയാണ് ഭേദം........" അവൾ സ്വയം മന്ത്രിച്ചു "അതേ, ചിന്തിക്കാതിരിക്കുയാണു നന്നു്."

"ടിക്_ടോക്" അകലത്തുനിന്നും രാത്രികാവൽക്കാരൻെറ പാദപാതശബ്ദം കേൾക്കായി. "ടിക്_ടോക്_ടിക്_ടോക്"

ജൂൺമാസം പകുതിയായപ്പോഴേക്കും വിരസതയിൽ മുങ്ങിക്കഴിഞ്ഞ സഷാ, പൊടുന്നനെ മോസ്കോയിലേക്കു തിരിച്ചുപോകുന്നതിനെപ്പററി സംസാരിക്കാൻതുടങ്ങി.

"എനിക്കീപട്ടണത്തിൽ താമസിക്കാൻ പററുകില്ല." അയാറം രൂക്ഷസ്വരത്തിൽ പറഞ്ഞു. "ഒട്ടും ഒഴുക്കുവെള്ളമില്ല! ഡ്രെയിനേജ് (അഴുക്കുവെള്ളം കടത്തിക്കൊണ്ടുപോകുന്നതിനുള്ള സജ്ജീകരണങ്ങറം) ഇല്ല. ഭക്ഷണംകഴിക്കാൻതന്നെ വയ്യാതായിരിക്കുന്നു. അടുക്കളയാണെങ്കിൽ വൃത്തികേടിൻെറ കൂടാണ്...."

"മുടിഞ്ഞമോനേ അല്പം ക്ഷമിക്കു" മുത്തശ്ശി വാത്സല്യത്തോടെ പറഞ്ഞു. "കല്യാണം ഏഴാംതീയതിയാണല്ലോ."

"എനിക്കു് തീരെ വയ്യ."

"സെപ്റ്റംബർവരെ ഞങ്ങളോടുകൂടി താമസിക്കാമെന്നാണ് നീ പറഞ്ഞിരുന്നതു്."

"ഇപ്പോറം എനിക്കു് കഴിയുന്നില്ല. എനിക്കു് ജോലികറം തീർക്കേണ്ടതുണ്ടു്."

വേനൽ മാഞ്ഞു് തണുപ്പും മഴയും ആരംഭിച്ചിരുന്നു. മരങ്ങളിൽനിന്നും തുള്ളികറം ചൊരിഞ്ഞിരുന്നു. ഉദ്യാനത്തിൻെറ ഭംഗി ആസ്വാദ്യമല്ലാത്തവിധം വികൃതമായിക്കഴിഞ്ഞിരുന്നു. അവിടുന്നു് പ്രവൃത്തിയിലേക്കുമടങ്ങാൻ തോന്നിപ്പോവുക സ്വാഭാവികംമാത്രമാണ്. പരിചിതമല്ലാത്ത സ്ത്രീസ്വരങ്ങറം മുകളിലത്തേയും താഴത്തേയും നിലകളിലുള്ള അറകളിൽനിന്നും കേട്ടിരുന്നു. മുത്തശ്ശിയുടെ അറയിൽ ഒരു തയ്യൽയന്ത്രം പ്രവർത്തിക്കുന്നതിൻെറ ശബ്ദവും കേറംക്കുന്നുണ്ടു്. വധുവിനുള്ള ആടകറം തുന്നുന്നതിൻെറ ശബ്ദമാണതു്. രോമക്കുപ്പായങ്ങറംമാത്രം ആറെണ്ണമാണ് നട്യായ്ക്കായി തുന്നപ്പെട്ടതു്; അതിലേററവും കുറഞ്ഞതിനുതന്നെ മുന്നൂറു റൂബിറം ചെലവാക്കിയതായി മുത്തശ്ശി അഭിമാനിക്കുന്നുണ്ടു്. ഈ ബഹളങ്ങളൊക്കെ അസഹ്യമായി സഷായ്ക്കുതോന്നി. അയാറം കുണ്ഠിതത്തോടെ തൻെറ അറയിൽ അടച്ചുമൂടിയിരുന്നു. എങ്കിലും ജൂലൈ ഒന്നാംതീയതിക്കു മുമ്പു് പോകയില്ലെന്നുസമ്മതിക്കാൻ അയാറം ബാദ്ധ്യസ്ഥനായി; അവരുടെ പ്രേരണകറം അത്ര ശക്തിമത്തായിരുന്നു.

സമയം വേഗത്തിൽ കടന്നുപൊയ്ക്കൊണ്ടിരുന്നു. സെൻറ പീററിൻെറ ദിനത്തിൽ ഉച്ചഭക്ഷണവുംകഴിഞ്ഞു് അൻഡേരി അൻഡ്റിച്ച് നട്യായെ, വിവാഹശേഷം തങ്ങൾക്കു താമസിക്കാനായി വാടകയ്ക്കെടുത്തു് ഒരുക്കിയിട്ടിരുന്ന ഭവനത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. അതൊരു രണ്ടുനിലക്കെട്ടിടമായിരുന്നു. എങ്കിലും മുകളിലത്തെനിലയിൽമാത്രമേ വീട്ടുസാമാനങ്ങൾ ക്രമപ്പെടുത്തിയിരുന്നുള്ളു. ചായംപിടിപ്പിക്കപ്പെട്ട, മരത്തിൽ കൊത്തുപണികൾ ചേക്കപ്പെട്ടപോലെയുള്ള തറയും, മെച്ചപ്പെട്ട പിയാനോയും, വയലിൻസ്റ്റാൻഡും—എല്ലാംകൂടി ബാൾറൂമിൻെറ (നൃത്തത്തിനുള്ള അറ) പ്രൗഢി വർദ്ധിപ്പിച്ചിരുന്നു. തങ്കനിറം പൂശപ്പെട്ട മിന്നുന്ന ചട്ടക്കൂട്ടിൽ ഒരു എണ്ണച്ചായാചിത്രം ഭിത്തിയിൽ തൂക്കപ്പെട്ടിരുന്നു. അതു് കടുംചുവപ്പുനിറത്തിലുള്ള ഒരു പൂക്കലശത്തിനടുത്തു് ഒരു സുന്ദരി നഗ്നയായി സ്ഥിതിചെയ്യുന്നതായിരുന്നു.

"ഭംഗിയുള്ള ചിത്രം" ഹൃദ്യമായ ഒരു നെടുവീർപ്പോടെ അൻഡേരി അൻഡ്റിച്ച് പറഞ്ഞു. അതു് ഷിഷ്മാച്ചിവ്സ്കി വരച്ചതാണു്."

അടുത്തതു് സ്വീകരണമുറിയായിരുന്നു. ഒരു വട്ടമേശയും സോഫായും നീലനിറംചേക്കപ്പെട്ട കുറെ കസേരകളും അതിലുണ്ടായിരുന്നു. സോഫായുടെ മുകളിലായി ഭിത്തിയിൽ, ഫാദർ അൻഡേരി, താൻ നേടിയിട്ടുള്ള എല്ലാ കീർത്തിമുദ്രകളും പദവിക്കുചേന്ന ഹാരവുംധരിച്ചെടുത്ത ഒരു വലിയ ഛായാപടവും തൂക്കപ്പെട്ടിരുന്നു. അവർ സർവ്വസജ്ജീകരണങ്ങളുമുള്ള ഭക്ഷണമുറിയിലേക്കും, അവിടുന്നു കിടപ്പുമുറിയിലേക്കും പോയി. ആ അറയിലെ നേരിയ പ്രകാശത്തിൽ രണ്ടു കട്ടിലുകൾ ചേർത്തിട്ടിരുന്നു. ആ രീതിയിലിട്ടാലല്ലാതെ ഒരിക്കലും നിദ്ര സുഖമാകയില്ലെന്നാണു് അതു സ്ഥാപിച്ചവരുടെ വിശ്വാസമെന്നുതോന്നിപ്പോകും. അവളുടെ അരക്കെട്ടിൽ ചുററിപ്പിടിച്ചിരുന്ന കൈ ഇളക്കാതെതന്നെ അൻഡേരി അൻഡ്റിച്ച് അവളെ ഓരോ അറയിലേക്കും നയിച്ചു. അനിഷേദ്ധ്യമായ അപരാധബോധവും വെറുപ്പും തളച്ച്യും, ഈ അറകളും കിടക്കകളും കസാലകളും അവളിൽ വളത്തുമ്പോൾ നഗ്നയായ ആ സ്ത്രീയുടെ ചിത്രം അവളുടെ ഹൃദയത്തെ അസഹ്യമായ ഒരവസ്ഥയിലെത്തിച്ചു. താൻ ഒരിക്കലും അൻഡേരി അൻഡ്റിച്ചിനെ സ്നേഹിച്ചിട്ടില്ലെന്നും, ഒരിക്കലും തനിക്കതു സാദ്ധ്യമാകയില്ലെന്നും അവൾക്കു തോന്നി. അതെങ്ങിനെപറയണം? ആരോടുപറയണം? രാവും പകലും അവൾ അതുതന്നെ ചിന്തിച്ചെങ്കിലും

എന്തും എത്താതെതന്നെ, തീരുമാനം കാണാതെതന്നെ ചിന്ത നീണ്ടു....അയാളുടെ കരങ്ങൾ അവളുടെ അരക്കെട്ടിനെ ചുററിയിട്ടുണ്ട്. ആർദ്രതയോടെ അയാൾ സംസാരിക്കുന്നുണ്ട്, അവളോടുകൂടി നടക്കുമ്പോൾ അയാൾആനന്ദോന്മത്തനുമാണ്. പക്ഷെ, ഇതെല്ലാം സഭ്യമല്ലാത്തതും നിരക്കാത്ത വിഡ്ഢിത്തങ്ങളുമാണ്, അസഹ്യമായ തെററാണ്, അയാളുടെ കരം തൻെറ അരക്കെട്ടു മരവിപ്പിക്കുന്ന ഒരു ചങ്ങലപോലെ ചുററിയിരിക്കുന്നതായി അവൾക്കനുഭവപ്പെട്ടു. ഏതുനിമിഷത്തിലും താൻ കുതറി ഓടുകയോ, പൊട്ടിക്കരയുകയോ, ജനാലയിലൂടെ തെരുവിലേക്കു ചാടുകയോചെയ്തുപോയേക്കാമെന്നവൾ ഭയന്നു. അൻഡ്രേി അൻഡ്റിച്ച് അവളെ കുളിമുറിയിലേക്കു നയിച്ചു, ചുവരിൽ ഘടിപ്പിച്ചിരുന്ന പൈപ്പിൻെറ അടപ്പുതുറന്നു; ജലം ശക്തിയായി ഒഴുകി.

"ഇതു നല്ലതല്ലേ?" അയാൾ ചിരിച്ചുകൊണ്ടു ചോദിച്ചു. "ഇതിൻെറ സംഭരണപാത്രത്തിൽ ഒരു നൂറുതൊട്ടി വെള്ളം കൊള്ളും. കുളിമുറിയിൽ നമുക്കതൊരു വലിയ സൗകര്യമാണല്ലോ."

മുററത്തു് കുറച്ചുസമയംനടന്നിട്ടു് അവർ തെരുവിലേക്കിറങ്ങി, ഒരു വണ്ടിയിൽ കയറി. ഉടനേ പെയ്യാനിരിക്കുന്ന മഴയുള്ള മേഘങ്ങൾ ഉരുണ്ടുകൂടുന്നമട്ടിൽ പൊടിപടലം ഉയർന്നു.

"കുളിരുന്നുണ്ടോ?" പൊടിയുടെനേരെ ഇമകൾ അടപ്പിച്ചുവച്ചുനോക്കിക്കൊണ്ടു് അൻഡ്രേി അൻഡ്റിച്ച് ചോദിച്ചു.

അവൾ മറുപടിപറഞ്ഞില്ല.

"ഞാനൊരു പ്രവൃത്തിയുംചെയ്യാതിരിക്കുന്നതിനെപ്പററി സഷാ ഇന്നലെ, പരിഹസിച്ചതോർക്കുന്നോ?" അയാൾ കുറെക്കഴിഞ്ഞു ചോദിച്ചു. "അയാൾ പറഞ്ഞതു ശരിയാണ്. അതിൽ അണുവിട തെററില്ല. ഞാനൊന്നുംചെയ്യുന്നില്ല; എനിക്കെന്തെങ്കിലും ചെയ്യാനൊട്ടറിഞ്ഞുംകൂടാ. എന്താണിതു്? തൊപ്പിയിൽ നാടപിന്നിച്ചേർത്ത ഒരു കുഞ്ചിയുംവച്ചു് ഒരുദിവസം ഒരാഫീസിലേക്കു് ജോലിക്കുപോകേണ്ടിവരിക എന്ന ചിന്തതന്നെ എന്നെ വളരെ അസ്വസ്ഥനാക്കുന്നതെന്തു്? ഒരു വക്കീലിൻെറയോ, ലാററിൻഅദ്ധ്യാപകൻെറയോ, ടൗൺകൗൺസിലറുടെയോ പദവി എനിക്കസഹ്യമാകുന്നതെന്താണു്? ഓ! റഷ്യാമാതാവേ! റഷ്യാമാതാവേ!! എത്ര മടിയന്മാരെയും ഉപയോഗശൂന്യന്മാരെയുമാണു് നീ പ്രസവിക്കേണ്ടിവരുന്നതു്! എന്നെപ്പോ

ലെയുള്ള എത്ര ജീവികൾ, ആത്മവേദനയനുഭവിക്കുന്ന എത്ര വ്യക്തികൾ!"

തന്റെ അലസത കാലഘട്ടത്തിന്റെ ഒരു ഘടകവും സ്വഭാവവുമാക്കി അയാൾ വിവരിച്ചുകൊണ്ടിരുന്നു.

"നമ്മുടെ വിവാഹംകഴിയുമ്പോൾ", അയാൾ തുടർന്നു: "നമുക്കു് നാട്ടുമ്പുറത്തുപോയി പാർക്കാം. ഓമനേ! നമുക്കവിടെ പണിയെടുക്കാം. ഒരു തോട്ടവും പുഴയുമുള്ള കുറച്ചു സ്ഥലംവാങ്ങി നമുക്കദ്ധ്വാനിക്കാം. ജീവിതം കാണാം......അതെത്ര നന്നായിരിക്കും!"

അയാൾ തന്റെ ഹാററ് കൈയിലെടുത്തു. നേർത്ത കാററിൽ അയാളുടെ മുടി ഇളകിക്കളിച്ചുകൊണ്ടിരുന്നു. അയാളുടെ വാക്കുകൾ ശ്രദ്ധിച്ചുകൊണ്ടു് അവൾ ചിന്തിച്ചു: "ഈശ്വരാ, എനിക്കെന്റെ വീട്ടിൽപോയാൽമതി. ഹോ, ദൈവമേ!" അവർ നട്യായുടെ വീട്ടിനടുത്തെത്തുന്നതിനല്പ മുമ്പെ ഫാദർ അൻഡ്രേറി അവരെ കടന്നുപോയി.

"നോക്കു, അതാ എൻറച്ഛൻ." അൻഡ്രേറി അൻഡ്റിച്ചു് ഉത്സാഹത്തോടെ പറഞ്ഞിട്ടു് ഹാററുയർത്തി വീശി. "എനിക്കെന്റെ അമ്മാരനെ വളരെ ഇഷ്ടമാണു്." വണ്ടിക്കു കൂലികൊടുത്തുവിട്ടിട്ടു് അയാൾ തുടർന്നു. "പ്രിയപ്പെട്ട എന്റെ അമ്മാരൻ, എത്ര നല്ല ഒരച്ഛനാണദ്ദേഹം!"

രാത്രി, സന്ദർശകരുണ്ടാവും. അവരോടൊക്കെ ഹൃദ്യമായി പെരുമാറേണ്ടിവരും. എല്ലാവരേയുംനോക്കി പുഞ്ചിരിക്കയും വയലിൻ വായിക്കപ്പെടുമ്പോൾ ശ്രദ്ധനടിക്കയുംവേണം, എല്ലാ കഥയില്ലായ്മകളും കേൾക്കണം, വിവാഹത്തെപ്പററിമാത്രം സംസാരിച്ചുകൊണ്ടിരിക്കണം—അതെല്ലാം ഓർത്തു് ഉന്മേഷരഹിതയായ നട്യാ വീട്ടിനുള്ളിലേക്കുപോയി. മുത്തശ്ശി പട്ടുകുപ്പായങ്ങളണിഞ്ഞു് സന്ദർശകരുണ്ടാവുമ്പോൾ പതിവുള്ള ഗൗരവഭാവത്തിൽ 'സമോവറി'നടുത്തിരുന്നിരുന്നു. ഫാദർ അൻഡ്രേറി ഹൃദ്യമായ സ്മിതത്തോടെ അറയിലേക്കു കടന്നുവന്നു.

"നിങ്ങളെ നല്ല ആരോഗ്യത്തിൽ കാണുന്നതിന്റെ സുഖവും സന്തോഷവും എനിക്കുണ്ടു്." അയാൾ മുത്തശ്ശിയോടതു പറഞ്ഞതു് കാര്യമായാണോ നേരമ്പോക്കിനാണോ എന്നു കാണാൻ പ്രയാസമായിരുന്നു.

# IV

ജനാലക്കതകുകളിലും മേൽക്കൂരയിലും കാററ് മുട്ടിക്കൊണ്ടിരുന്നു. ചൂളംവിളിക്കുന്ന ശബ്ദവും പുകക്കുഴലിൽനിന്നും ഉയന്ന അസ്വസ്ഥപ്രദമായ ധ്വനിയും ഒരു വിലാപഗാനംപോലെ തെളിഞ്ഞിരുന്നു. രാത്രി മണി ഒന്നു കഴിഞ്ഞിരുന്നു. പക്ഷെ, ആരും ഉറങ്ങിയിരുന്നില്ല. താഴത്തെ നിലയിൽനിന്നും വയലിൻെറ ശബ്ദം ഒഴുകിവരുന്നുണ്ടെന്നു നട്യായ്ക്കു് തോന്നി. ഏതോ ജനാലക്കതകു് വിജാവരിയിൽനിന്നും പറിഞ്ഞതിൻെറ ശബ്ദം മുഴങ്ങിക്കേട്ടു. ഒരു മിനിട്ടു കഴിഞ്ഞപ്പോൾ നീനാ ഇവാനോവ്നാ അടിയുടുപ്പു മാത്രമണിഞ്ഞുകൊണ്ടു്. ഒരു മെഴുകുതിരിയുമായി ആ അറയിലേക്കു വന്നു.

“നട്യാ! ആ ശബ്ദം എന്തായിരുന്നു?” അവർ ആരാഞ്ഞു.

തൻെറ മുടി ഒന്നായി പിന്നിവച്ചു് ഭീതിനിറഞ്ഞ പുഞ്ചിരിയുമായി നിന്ന നട്യായുടെ, അമ്മ കൊടുങ്കാററടിക്കുന്ന ഈ രാത്രിയിൽ കൂടുതൽ പ്രായംചെന്നു പതിവിലേറെ ചെറുതായി കാണപ്പെടുന്നപോലെ അവൾക്കു തോന്നി. വളരെ അടുത്തകാലംവരെ ഒരസാധാരണവ്യക്തിത്വമുള്ളയാളായി കരുതി, താൻ അവരുടെ ഓരോവാക്കും ശ്രദ്ധിക്കുന്നതിൽ അഭിമാനിച്ചിരുന്നതു നട്യാ ഓർത്തു. പക്ഷേ ഇപ്പോൾ പറയപ്പെട്ട ആ വാക്കുകൾ എന്താണെന്നോക്കാൻതന്നെ അവളുടെ ഓമ്മശക്തി ഏകാഗ്രമായിരുന്നില്ല—അവൾ ശ്രവിച്ചതു ശക്തിഹീനവും തീരെ സ്പർശിക്കാത്തതുമായതാണു്.

പുകക്കുഴലിൽ നേത്ത ശബ്ദത്തിലുള്ള സംഗീതം മുഴങ്ങുന്നപോലെതോന്നി. അതോടെ “ഹോ, എൻെറ ദൈവമേ!” എന്ന വാക്കുകൾകൂടി തിരിച്ചറിയാം. നട്യാ കിടക്കയിൽ എഴുന്നേററിരുന്നു തൻെറ മുടി തീവ്രമായി വലിച്ചു്പറിച്ചുകൊണ്ടു തേങ്ങി.

“അമ്മേ, അമ്മേ” അവൾ കേണു. “പ്രിയപ്പെട്ട അമ്മേ ഞാനനുഭവിക്കുന്നതെന്താണെന്നു നിങ്ങളറിഞ്ഞിരുന്നെങ്കിൽ! ഞാൻ യാചിക്കർ, ഞാൻ കേണയാചിക്കുന്നു—ഞാൻ, പൊയ്ക്കുളയാൻ അനുവദിക്കു!”

“എവിടെ?” നിനാ ഇവാനോവ്ന ചോദിച്ചു, സംഭ്രമാധിക്യത്താൽ അവർ പെട്ടെന്നു കിടക്കയുടെ അരികിൽ ഇരുന്നു. “എവിടാണു് നിനക്കു പോകേണ്ടതു്?”

അടുത്തൊരുവാക്കുപോലും ഉച്ചരിക്കാൻ കഴിയാകെ നട്യാ പൊട്ടിക്കരഞ്ഞു.

"എന്നെ ഈ പട്ടണത്തിൽനിന്നും പോകാനനുവദിക്കു." ഒടുവിൽ അവഠം പറഞ്ഞു "ഈ വിവാഹം വേണ്ട, ഇതുനടത്തരുത്, എന്നെ വിശ്വസിക്കു, ഞാനാമനുഷ്യനെ സ്നേഹിക്കുന്നില്ല....അയാളെപ്പററി സംസാരിക്കാൻതന്നെ എനിക്കുവയ്യ."

"അങ്ങിനെയല്ല, എൻെറ പൊന്നുമകളേ," ഭീതിയോടെ നിനാ ഇവാനോവ്നാ പെട്ടെന്നു പറഞ്ഞു. "നീ ഒന്നു ശാന്തയാകു. നിൻെറ മനസ്സ് നേരേ നില്ക്കയല്ല. അങ്ങിനെ ചിലപ്പോഠം സംഭവിക്കാവുന്നതാണ്. അൻഡേരിയുമായി നീ പിണങ്ങിയിരിക്കും! പക്ഷേ പ്രണയബദ്ധരുടെ കലഹം ഒരു ചുംബനംകൊണ്ടു തീരാനുള്ളതേയുള്ളു."

"അമ്മേ, പോകു! പോകു." നട്യാ തേങ്ങലോടെ പറഞ്ഞു.

"അതെ." അല്പംകഴിഞ്ഞു നിനാഇവാനോവ്നാ പറഞ്ഞു "കഴിഞ്ഞ ദിവസങ്ങളിൽ നീ ഒരു കൊച്ചുപെണ്ണായിരുന്നു. പക്ഷേ നീ ഇപ്പോഠം ഒരു വധുവാണ്. പ്രകൃതിയുടെ, ജീവവസ്തുവിലുള്ള പരിണാമഗതി അനുനിമിഷം പ്രവത്തിക്കുന്നു. നീ എവിടാണെന്ന് നീ അറിയുന്നതിനുമുൻപ് നീ ഒരമ്മയായിക്കഴിഞ്ഞിരിക്കും, പിന്നെ ഒരു വൃദ്ധ, എന്നെപ്പോലെ, കുഴപ്പക്കാരിയായ ഒരു പുത്രിയുള്ള ഒരു വൃദ്ധ!"

"എൻെറ പ്രിയപ്പെട്ട അമ്മേ, നിങ്ങഠം വാത്സല്യവും ബുദ്ധിയുമുള്ളവരാണ്. നിങ്ങളും ദുഃഖിതയാണ്." നട്യാ പറഞ്ഞു "അമ്മയും ഏററവും ദുഃഖിതയാണ്—എന്തിന്, നിങ്ങഠം സർവ്വസാധാരണമായ തത്വപ്രസംഗങ്ങഠം നടത്തുന്നു? എന്തിന്? ദൈവത്തെ വിചാരിച്ച്, എന്തിനാണ്?"

നിനാഇവാനോവ്നാ എന്തൊക്കെയോ പറയാൻ വെമ്പിയെങ്കിലും ഒരു വാക്കുകൂടി പുറത്തുവന്നില്ല. തേങ്ങിക്കൊണ്ട് അവർ തൻെറ അറയിലേക്കുപോയി. നേരിയ സംഗീതംപോലെ പുകക്കുഴലിൽനിന്നും ഒരിക്കൽക്കൂടി ഉയന്ന ശബ്ദംകേട്ട് നട്യാ നടുങ്ങി. അവഠം കിടക്കയിൽനിന്നും ഞെട്ടിത്തെറിച്ചെഴുന്നേററ് തൻെറ അമ്മയുടെ മുറിയിലേക്കുപോയി. കരഞ്ഞുവീങ്ങിയ കണ്ണുകളോടെ നിനാ

ഇവാനോവ്നാ ഒരു നീലക്കമ്പിളിപ്പുതച്ചു്, ഒരു പുസ്തകവുമായി കട്ടിലിൽ കിടന്നിരുന്നു.

"അമ്മേ, ഞാൻ പറയുന്നതൊന്നുകേൾക്കു," നട്യാ കേണു. "ഒന്നു ചിന്തിച്ചുനോക്കണമമ്മേ, അമ്മ എന്നെ മനസ്സിലാക്കാൻ ശ്രമിക്കു. ഞാൻ യാചിക്കയാണു്. നമ്മുടെ ജീവിതം എത്ര കഴമ്പില്ലാത്തതും, അപകർഷപൂർണ്ണവുമാണെന്നാലോചിക്കു! എന്റെ കണ്ണു് തുറന്നുകഴിഞ്ഞു. ഇപ്പോൾ എനിക്കെല്ലാം വ്യക്തമായിക്കാണാൻ കഴിയുന്നു. നിങ്ങളുടെ അൻഡേരി അൻഡ്റിച്ചുതന്നെ എന്താണു്? അമ്മേ, അയാൾ അല്പംപോലും ബുദ്ധിമാനല്ല. ഈശ്വരാ! ഹോ! അല്പം ചിന്തിക്കു, അയാൾ മൂഢനാണു്!"

നിനാ ഇവാനോവ്നാ പിടഞ്ഞെഴുന്നേററിരുന്നു.

"നീയും നിന്റെ മുത്തശ്ശിയും എന്നെ വേദനപ്പിക്കയാണു്." ഒരു തേങ്ങലോടെ അവർ തുടന്നു. "എനിക്കു ജീവിക്കണം! എനിക്കു ജീവിക്കണം," അവർ മാറത്തലച്ചുകൊണ്ടാവത്തിച്ചു. "എനിക്കെന്റെ സ്വാതന്ത്ര്യം അനുവദിക്കയില്ലേ? എനിക്കിത്ര പ്രായമായിട്ടില്ല, നിങ്ങൾ രണ്ടുപേരുംകൂടി എന്നെ ഒരു കിഴവിയാക്കി!"

അവർ തേങ്ങിക്കരഞ്ഞുകൊണ്ടു് കിടക്കയിലേക്കു മറിഞ്ഞു. ബാലിശമായ ദൗർബല്യവും വേദനയും നിറഞ്ഞ ഒരു കൊച്ചുജീവിയെപ്പോലെ അവർ കമ്പിളിയിൽ സ്വയം ചുരുട്ടപ്പെട്ടപോലെ കിടന്നുരുണ്ടു. നട്യാ തന്റെ അറയിലേക്കുപോയി വേഷംമാറി, പുലരിയുംകാത്തു് ജനാലയ്ക്കരുകിൽ ഇരിപ്പുറപ്പിച്ചു. ഇരവുമുഴവൻ അവൾ ചിന്തയിൽ മുഴുകി ഇരുന്നു. ആരോ അവിരാമം വാതിലിൽ മുട്ടുന്നപോലെയും, ചൂളംവിളി കേൾക്കുന്നതായും തോന്നിയിരുന്നു.

ആപ്പിൾമരങ്ങളും, മുന്തിരിയും മുഴവൻ കാററിന്റെ ശക്തിയിൽ തകന്നതിനെപ്പററി, പുലച്ചയായപ്പോൾ മുത്തശ്ശി കേഴാൻ തുടങ്ങിയിരുന്നു. ഉല്ലാസരഹിതവും ചന്തംകുറഞ്ഞതുമായ ഒരു പ്രഭാതമായിരുന്നു അതു്. പുലച്ചയ്ക്കുതന്നെ വിളക്കുകൊളുത്താൻ തോന്നുന്ന ഒരു മങ്ങിയ പ്രഭാതം. ആ പ്രഭാതത്തെപ്പററി എവരും പരാതി പറഞ്ഞുകൊണ്ടിരുന്നു. അപ്പോൾ ജനാലയുടെ പാളികളിൽ മഴത്തുള്ളികൾ മുട്ടിക്കൊണ്ടിരുന്നു. പ്രാതൽ കഴിച്ചിട്ടു് നട്യാ, നേരെ സഷായുടെ അറയിലേക്കു ചെന്നു. ഒററ വാക്കുകൂടി ഉരിയാടാതെ, ഒരു കോ

ണിലിട്ട കസാലയിൽ ഇരുന്ന് അയാളുടെമുന്നിൽ മുട്ടുകുത്തി, മുഖംപൊത്തിക്കൊണ്ടു് അവാം തേങ്ങി.

"എന്താണിതു്? എന്താണുകാര്യം?" സഷാ ചോദിച്ചു.

"എനിക്കിങ്ങനെ ജീവിക്കാൻവയ്യ. തീരെവയ്യ!" അവൾ മുരണ്ടു. "ഇവിടെഎങ്ങിനെ ഇത്രയും ജീവിക്കാൻകഴിഞ്ഞു എന്നൊനിക്കറിഞ്ഞുകൂട, എനിക്കതു തീരെ പിടികിട്ടുന്നില്ല. എൻെറ ഭർത്താവായി വരാൻപോകുന്ന മനുഷ്യനെ ഞാൻ വെറുക്കുന്നു. ഞാൻ എന്നെത്തന്നെ വെറുക്കുന്നു, ശൂന്യവും അലസവുമായ ഈ ജീവിതത്തെ മുഴുവൻ ഞാൻ വെറുക്കുന്നു........"

"പറയ്യ, പറയ്യ............." സഷാ ഇടയിൽകടന്നുപറഞ്ഞു. അവാം എന്താണ് പറയുന്നതെന്നായാൾക്കു പിടികിട്ടിയിരുന്നില്ല. "സാരമില്ല........എല്ലാം നേരെയാവും........"

"എനിക്കീജീവിതം വെറുത്തുകഴിഞ്ഞു." നട്യാ തുടന്നു. "ഒരു ദിവസംകൂടി ഇവിടെ ഇനി കഴിക്കാൻ ഞാൻ ശക്തയല്ല! നാളെ ഞാൻ പോകാം. ദൈവത്തെ വിചാരിച്ചു് എന്നെക്കൂടി കൊണ്ടുപോക!"

സഷാ അത്ഭുതത്തോടെ അവളെ ഒരുനിമിഷം തുറിച്ചുനോക്കി. ഒടുവിൽ സത്യത്തിൻെറ പ്രകാശം അയാൾ കണ്ടു, ഒരു കൊച്ചുകുഞ്ഞിനെപ്പോലെ അയാൾ ആനന്ദമത്തനായി. കൈകൾ ചുഴററിവീശി, ഇറുക്കാംകുറഞ്ഞ ചെരിപ്പോടുകൂടിയ ചുവടിളക്കി അയാൾ ആനന്ദത്തോടെ നൃത്തംവച്ചുപോയി.

"ഉജ്ജ്വലമായി!" അയാൾ കൈകൾ കൂട്ടിത്തിരുമ്മിക്കൊണ്ടുപറഞ്ഞു "ഈശ്വരാ, അതെത്ര നന്നായി!"

അയാൾ അവളെ കണ്ണിമയ്ക്കാതെ നോക്കി. അവളുടെ വിടന്ന മിഴികൾ പ്രേമനിർഭരമായിരുന്നു. അവ മാന്ത്രികശക്തിയാൽ മയക്കപ്പെട്ടപോലെ തിളങ്ങിയിരുന്നു. ആ നയനങ്ങൾ അയാളിൽനിന്നും ശാശ്വതവും, ഹൃദ്യവും അതുല്യപ്രാധാന്യമുള്ളതുമായ എന്തോ ആ നിമിഷത്തിൽ പ്രതീക്ഷിക്കുന്നപോലെ തോന്നി. അയാൾ അവളോടൊന്നും വ്യക്തമാക്കിയിട്ടില്ല, എങ്കിലും വിശാലവും പുതുമയുള്ളതും അറിയപ്പെടാത്തതുമായ എതോ ഒരനുഭൂതി തൻെറ മുന്നിൽ അവതരി

കുന്നതായി അവൾക്കു തോന്നി. പ്രതീക്ഷമുററിയ മിഴികളോടെ അവൾ അയാളെ നോക്കിനിന്നു. എന്തിനും, മരിക്കാൻതന്നെയും, അവൾ ആ നിമിഷത്തിൽ സന്നദ്ധയായിരുന്നു.

"ഞാൻ നാളെപ്പോകുന്നു" കുറെ കഴിഞ്ഞയാൾ പറഞ്ഞു "എന്നെ യാത്രയാക്കാൻ നിനക്ക് സ്റ്റേഷനിലേക്കു വരാം. നിന്റെ സാധനങ്ങൾ എന്റെ പെട്ടിയിലാക്കി, നിനക്കൊരുടിക്കററും ഞാൻ വാങ്ങാം. മൂന്നാമത്തെ ബെല്ലടിക്കുമ്പോൾ നിനക്കും വണ്ടിയിൽ കയറാം. നമുക്കൊരുമിച്ചുപോകാം. മോസ്കോവരെ എന്റെ ഒപ്പം യാത്രചെയ്യാം. അവിടുന്ന് പീറേറഴ്സ് ബെർഗ്ഗിലേക്ക് നിനക്കു പോകാം. നിനക്കു പാസ്പോർട്ടുണ്ടോ?"

"ഉണ്ട്."

"നീ ഒരിക്കലും പശ്ചാത്തപിക്കേണ്ടിവരികയില്ല. ഒരിക്കലും ദുഃഖിക്കേണ്ടിവരികയില്ല. എനിക്കത്ര വിശ്വാസമുണ്ട്!" സഷാ ഔൽസുക്യത്തോടെ പറഞ്ഞു. "നിനക്കുപോയി പഠിക്കാം. പിന്നെ എല്ലാം സ്വാഭാവികമായി ലക്ഷ്യത്തിലേക്കു തിരിഞ്ഞുകൊള്ളും. നീ നിന്റെ ജീവിതംതന്നെ മാററിമറിക്കുമ്പോൾ എല്ലാ പരിവത്തനങ്ങളും വന്നുകൊള്ളും. ജീവിതം ഒന്നടച്ചുവാക്കുക എന്നതേ പ്രധാനമായുള്ളു. ബാക്കി ഒന്നും അത്ര കാര്യമാക്കാനില്ല. അപ്പോൾ നാളെ നമുക്കുപോകാം?"

"അതെ. ദൈവത്തെവിചാരിച്ച്!"

വേർപാടിനു മുൻപുള്ള ആ ദിവസത്തിൽ തന്നിൽ ആഴ്ന്ന പരിവത്തനങ്ങൾ അനുഭവപ്പെട്ടപ്പോൾതന്നെ ഒരിക്കലും അനുഭവിച്ചിട്ടില്ലാത്തത്ര വേദനയും ഭാരവും അവളുടെ ഹൃദയത്തെ വരിഞ്ഞുമുറുക്കുകയായിരുന്നു. തന്റെ അറയിൽ എത്തിയതിന്റെ അടുത്തനിമിഷം കിടക്കയിലേക്കുവീണ നട്യാ ഗാഢനിദ്രയിൽ ലയിച്ചു. മിഴികളിൽ കണ്ണീരിന്റെനനവും, അധരങ്ങളിൽ ഒരു പുഞ്ചിരിയുടെ ലേശലേശവുമായി അവൾ അന്തിവരെ നിദ്രയിൽ മുഴുകിക്കിടന്നു.

## V

വണ്ടി വിളിക്കപ്പെട്ടു. നട്യാ ഹാററും കോട്ടുംധരിച്ച്, തന്റെ അമ്മയെ അവസാനമായി ഒരുനോക്കു കാണുന്നതിന് വളരെക്കാല

മായി അവർ ഉപയോഗിക്കുന്ന മുകളിലത്തെ നിലയിലെ അറയിലേക്കു ചെന്നു. കുറച്ചുസമയം അവൾ തന്റെ അറയിൽ തന്റെ ശരീരത്തിന്റെ ചൂടുമാഞ്ഞിട്ടില്ലാത്ത കിടക്കയ്ക്കരുകിൽനിന്നിട്ട് സാവധാനം അമ്മയുടെ മുറിയിലേക്കു കടന്നു. നിനാ ഇവാനോവ്നാ നല്ല ഉറക്കമായിരുന്നു, ആ അറ നിശ്ശബ്ദതയിൽ ആഴ്ന്നുനിന്നിരുന്നു. അമ്മയെ ചുംബിച്ച്, അവരുടെ മുടിയിൽ തഴുകിക്കൊണ്ട്, അവൾ ഒന്നു രണ്ടുനിമിഷത്തോളംനിന്നു....എന്നിട്ടവൾ സാവധാനം താഴത്തെ നിലയിലേക്കുപോയി.

മഴ ശക്തിയായി പെയ്തുകൊണ്ടിരുന്നു. മേലാപ്പു നിവർത്തുവച്ച വണ്ടി മഴയേററുകൊണ്ട് മുൻവശത്തു നിന്നിരുന്നു.

"വണ്ടിയിൽ നിനക്കു് സ്ഥലംകാണുകില്ല, നട്യാ." ഭൃത്യന്മാർ സാധനങ്ങൾ വണ്ടിയിൽ കയററിവയ്ക്കുമ്പോൾ മുത്തശ്ശിപറഞ്ഞു "ഈ മഴയത്ത് നീ സഷായെ യാത്രയാക്കാൻ പോകാൻ ശഠിക്കുന്നതാണതിശയം! നീ ഇവിടെനില്ക്കു, എന്തൊരു മഴയാണെന്നുനോക്കു."

നട്യാ എന്തോ പറയാനാഞ്ഞു, പക്ഷേ നാവ് ചലിച്ചില്ല. വണ്ടിയിൽ കയറുന്നതിന് അവളെ സഷാ സഹായിച്ചു. അവളുടെ കാലുകൾ നനയാതെ കമ്പിളികൊണ്ടു പുതപ്പിച്ചു. അയാൾക്കൂടി കടന്ന് അവളുടെ അടുത്തിരുപ്പുറപ്പിച്ചു.

"സുഖമായി പോയിട്ടുവരു!" മുത്തശ്ശി പൂമുഖത്തുനിന്നു യാത്രാനുമതി നല്കിക്കൊണ്ടുപറഞ്ഞു "മാസ്ക്കോയിൽ എത്തിയാലുടൻ എഴുത്തയയ്ക്കണം. മറക്കരുതേ, സഷാ!"

"തീർച്ചയായും എഴുതാം." സഷാ പറഞ്ഞു.

"മുത്തശ്ശിക്കു നമസ്കാരം!"

"ദൈവമാതാവ് നിന്നെ രക്ഷിക്കട്ടെ!"

"എന്തൊരുമഴയാണിതു്!" സഷാ പറഞ്ഞു.

അപ്പോഴാണ് നട്യാ കരയാൻ തുടങ്ങിയതു്. താൻ എല്ലാം വിട്ടുപോകയാണെന്നവളപ്പോഴാണോർത്തതു്, മുത്തശ്ശിയോടു യാത്രപറയുമ്പോഴോ, അമ്മയുടെ കട്ടിലിനടുത്തു നില്ക്കുമ്പോൾതന്നെയുമോ അവൾക്കാ വേദന ഉണ്ടായില്ല. 'എന്റെ പട്ടണമേ, ഞാൻ പോകട്ടെ!' എല്ലാം അവളുടെ സ്മരണയിലേക്കു തിരക്കിട്ടുവന്നു—അൻഡ്രേറി

അൻഡ്റിച്ചു്, അയാളുടെ അച്ഛൻ, പുതിയ ഭവനം, പുഷ്പകലശത്തോടുകൂടിക്കണ്ട സുന്ദരിയുടെ നഗ്നരൂപം,—പക്ഷേ ഒന്നും അവളെ ഭയപ്പെടുത്തുകയോ, ഹൃദയത്തിൽ ഭാരമേററുന്നവിധം അമൻർതാഴ്കയോ ചെയ്യുന്നില്ല. അതെല്ലാം ഒരു കഥയില്ലായ്മയും അർത്ഥശൂന്യവുമായി അവൾക്കുതോന്നി. എല്ലാം സ്മരണയിൽ വളരെ അകന്നകന്നുപോവുകയാണു്. അവൾ ട്രയിനിൽ കടന്നു. വണ്ടി നീങ്ങിക്കഴിഞ്ഞപ്പോൾ, ആ ഭൂതകാലം മുഴുവൻ, ബൃഹത്തും പ്രാധാന്യമുള്ളതുമായ അതൊക്കെ മുന്നിൽ തെളിഞ്ഞു, വിശാലമായ ഒരു ഭാവിയുടെ മഹിമയ്ക്കു മുന്നിൽ തീരെ അദൃശ്യമായിപ്പോയി. മഴത്തുള്ളികൾ ജനാലയുടെ പാളികളിൽ താളം വച്ചുകൊണ്ടിരുന്നു. പച്ചവിരിച്ച പാടങ്ങളും ഓടിമറയുന്ന ടെലഗ്രാഫ്പോസ്റ്റുകളും അവയിലെ കമ്പികളിലിരിക്കുന്ന പറവകളും അല്ലാതെ ഒന്നും കാണാനില്ലായിരുന്നു. ആ കാഴ്ചകൾ അവളുടെ കരളിൽ കുളിരുകോരിയിട്ടു. അവൾ സ്വാതന്ത്ര്യത്തിലേക്കുള്ള പാതയിലാണെന്ന ബോധം അവൾക്കുണ്ടായി. പഠിക്കാനാണു പോകുന്നതു്, 'കൊസ്സാക്കിലേക്കു കുതിക്കുക,' എന്ന പഴഞ്ചൊല്ലനുസരിച്ചുള്ള പ്രവർത്തിയാണതെന്നോർത്തപ്പോൾ അവൾ ഉച്ചത്തിൽ ചിരിച്ചു. മിഴികൾ നിറഞ്ഞുപോയി. അവൾ പ്രാർത്ഥനയിൽ ലയിച്ചു.

സഷാ അതുകണ്ടു് ഹൃദ്യമായി ചിരിച്ചു.

## VI

ശരത്കാലം കഴിഞ്ഞു, ഹേമന്തം വന്നു. വീട്ടിനെപ്പററിയുള്ള സ്മരണ നട്യായെ അക്ഷമയാക്കി. എന്നും അവൾ അമ്മയേയും മുത്തശ്ശിയേയും ഓർത്തു. സഷായെപ്പററിയുള്ള ചിന്തയും തെളിഞ്ഞുനിന്നു. വീട്ടിൽനിന്നും സ്നേഹനിർഭരമായ കത്തുകൾ വരാറുണ്ടു്, എല്ലാം പൊറുക്കുകയും മറക്കുകയും ചെയ്യപ്പെട്ടിരിക്കുന്നു. മേയിലെ പരീക്ഷയിൽ ജയിച്ചുകഴിഞ്ഞു് അവൾ ഉല്ലാസത്തോടും, സന്തോഷത്തോടും വീട്ടിലേക്കു തിരിച്ചു. സഷായെ കാണാൻ അവൾ മാസ്കോയിൽ ഇറങ്ങി. കഴിഞ്ഞവർഷത്തിലേതിൽനിന്നും അയാൾ ഒട്ടും മാറിയിട്ടില്ല—താടി വളർത്തി, പഴയ മട്ടിലുള്ള മുഷിഞ്ഞ അതേ കോട്ടും കാലുറകളും ധരിച്ചു്, മിഴികൾ വിടർന്നു പ്രകാശമുള്ളവയായിത്തന്നെ കാണാം. എങ്കിലും അയാൾ അസ്വാസ്ഥനും രോഗിയും ആയി

കാണുന്നു. കൂടുതൽ മെലിഞ്ഞ് പ്രായമേറിയപോലെയായിരിക്കുന്നു, അവിരാമം ചുമയ്ക്കുന്നുമുണ്ട്.

"ഓ, ഇതാര്, നട്യാ!" അയാൾ ആനന്ദമത്തനായി ഉരുവിട്ടു. "എന്റെ ഓമനയായ, പ്രിയപ്പെട്ടവൾ!"

കല്ലച്ചുടികളുള്ള ഒരു പണിസ്ഥലത്ത് അവർ ഇരുന്നു. ചുററും പുകയിലപ്പുകയുടേയും ചായത്തിന്റേയും മഷിയുടേയും ഗന്ധം ചൂഴ്ന്നുനിന്നിരുന്നു. അവർ അയാളുടെ മുറിയിലേയ്ക്കു പോയി. അവിടേയും പുകയിലപ്പുകയുടെ ഗന്ധവും വൃത്തിഹീനതയുംതന്നെ. തണുത്ത സമോവറിനടുത്ത് ഒരുടഞ്ഞ പിഞ്ഞാണത്തിൽ നിറച്ച്, ഈച്ച ചത്തുകിടന്നിരുന്നു. അവിടത്തെ എല്ലാം, തന്റെ സ്വകാര്യജീവിതത്തിൽ സഷാ അശ്രദ്ധനാണെന്നു വ്യക്തമാക്കിയിരുന്നു. സുഖത്തെ വെറുത്ത് എല്ലാം കഴച്ചുമറിച്ചിട്ടിരുന്നു. അയാളുടെ സുഖത്തെയോ സ്വകാര്യജീവിതത്തെയോപററി ആരെങ്കിലും പറയാനൊഞ്ഞാൽ എന്താണെന്നു ശ്രദ്ധിക്കാൻതന്നെ തുനിയാതെ അയാൾ പൊട്ടിച്ചിരിച്ചിരുന്നു.

"എല്ലാം ശരിയായിത്തന്നെ കഴിയുന്നു" നട്യാ ധൃതിയിൽ പറഞ്ഞു. "കഴിഞ്ഞ ശരത്കാലത്ത് അമ്മ, എന്നെക്കാണാൻ പീറേറഴ്സ്ബെർഗ്ഗിൽ വന്നിരുന്നു. മുത്തശ്ശിക്കു പിണക്കമൊന്നും ഇല്ലെന്നും അമ്മ പറഞ്ഞു. എങ്കിലും എന്റെ അറയിൽ ചെന്ന് എന്നും കുരിശു വരയ്ക്കുന്നുണ്ടത്രേ."

സഷാ സന്തുഷ്ടനായി കാണപ്പെട്ടു. അയാൾ കൂടെക്കൂടെ ചുമയ്ക്കുകയും ചിലമ്പുന്ന സ്വരത്തിൽ സംസാരിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവൾ അത്ഭുതത്തോടെ അയാളെ നോക്കി, അയാൾ യഥാർത്ഥമായും രോഗഗ്രസ്ഥനാണോ, അതോ തന്റെ തോന്നലാണോ എന്നവൾ അത്ഭുതപ്പെട്ടുകൊണ്ടിരുന്നു.

"സഷാ, പ്രിയപ്പെട്ട സഷാ," അവൾ പറഞ്ഞു. "നിങ്ങൾക്കു സുഖക്കേടാണ്!"

"എനിക്കൊന്നുമില്ല. അല്പമൊരസുഖം—കാര്യമാക്കാനില്ല...."

"ഈശ്വരനെ വിചാരിച്ച്" യോജിക്കാൻകഴിയാതെ അവൾ പരിഭവസ്വരത്തിൽ പറഞ്ഞു. "സഷാ, എന്താണൊരു ഡാക്ടറെ കാണാത്തത്? ശരീരം സൂക്ഷിക്കാത്തതെന്ത്? എന്റെ പ്രിയപ്പെട്ട

സഷാ, എൻെറ സഷാ" അവൾ മന്ത്രിച്ചു, അവളുടെ മിഴികൾ നിറഞ്ഞു. എന്തോ കാരണത്താൽ അൻഡ്രേരി അൻഡ്റിച്ചും പുക്കലശത്തിന്നരികിലെ ആ നഗ്നചിത്രവും, വളരെ അകലത്തായിക്കഴിഞ്ഞിരുന്ന കുട്ടിക്കാലംമുതലുള്ള എല്ലാ ഭൂതകാലസ്മരണകളും അവളുടെ ഹൃദയത്തിൻമുന്നിൽ തെളിഞ്ഞുവന്നു. കഴിഞ്ഞവർഷത്തെപ്പോലെ സഷായെശരിയായരൂപത്തിലും സരസനായും കാണാത്തതിൽ അവൾ പൊട്ടിക്കരഞ്ഞു. "പ്രിയപ്പെട്ട, എൻെറ സഷാ, നിങ്ങൾക്കു തീരെ, തിരെ സുഖമില്ല. ഇത്ര മെലിഞ്ഞു വിളറിയിരിക്കുന്നതിന് ഞാൻ എന്തു ചെയ്താൽ മതിയാകയില്ലെന്നാണ് എനിക്കറിയാൻപാടില്ലാത്തതു്! എനിക്കു സഷായോടു വളരെ കടപ്പാടുണ്ട്. എനിക്കുവേണ്ടി സഷാ എന്തുമാത്രം ചെയ്തുവെന്ന് സഷായ്ക്കറിഞ്ഞുകൂടാ. പ്രിയപ്പെട്ട സഷാ! സഷായാണ്, എനിക്കേററവും പ്രിയപ്പെട്ട, എൻെറ ഹൃദയത്തിൻെറ അടിത്തട്ടുവരെ അവകാശമുള്ള ഏകവ്യക്തി എന്നു മനസ്സിലാക്കണം."

സംഭാഷണത്തിൽ മുഴുകി അവർ അങ്ങനെ ഇരുന്നു. പീറേറഴ്സ്ബെർഗ്ഗിലെ ഒരു ഹേമന്തത്തിനുശേഷം, മുമ്പുതന്നെ പകുതി പട്ടടയിലായിക്കഴിഞ്ഞ എന്തൊക്കെയോ പഴഞ്ചൻരൂപങ്ങൾ അവസാനിച്ചതായി അയാളുടെ പുഞ്ചിരിയിലും സംഭാഷണങ്ങളിലും സാമീപ്യത്തിലുംനിനാവൾക്കു തോന്നി.

"മററന്നാൾ വാൾഗായിൽ ഞാനൊരു യാത്രപോകുന്നുണ്ടു്" സഷാ പറഞ്ഞു. "ഞാൻ * 'കുമിസ്സ്' പരീക്ഷിച്ചുനോക്കാൻപോകയാണ്. എൻെറ ഒരു സ്നേഹിതനും ഭാര്യയുംകൂടി എന്നോടുകൂടി വരുന്നുണ്ട്. ആ സ്ത്രീ വളരെ മഹത്വമുള്ള ഒരു വ്യക്തിയാണ്. പഠിക്കാൻ ഞാനവരെ പ്രേരിപ്പിച്ചുകൊണ്ടിരിക്കയാണ്. അവളുടെ ജീവിതം ഒരു പരിവർത്തനത്തിലെത്തിക്കാൻ ഞാൻ ശ്രമിച്ചുകൊണ്ടിരിക്കയാണ്."

എല്ലാം സംസാരിച്ചുകഴിഞ്ഞ അവർ സ്റ്റേഷനിലേയ്ക്കു തിരിച്ചു. അവൾക്കു ചായയും ആപ്പിൾപഴങ്ങളും കൊടുത്തു് അയാൾ സല്ക്കരിച്ചു. ട്രെയിൻ നീങ്ങിയപ്പോൾ പുഞ്ചിരിയോടെ തൻെറ തൂവാല ഉയർത്തി വീശിക്കൊണ്ടു് അയാൾ നിന്നു. അയാളുടെ പാദങ്ങളിൽ

---

* കുതിരപ്പാൽ പിരിച്ചുണ്ടാക്കിയ ലഹരിയുള്ള ഒരു പാനീയം. ഇതു് ക്ഷയത്തിനുള്ള മരുന്നായി പറയപ്പെടുന്നു.

നോക്കിയാൽതന്നെ അയാളുടെ രോഗസ്ഥിതി എത്ര കട്ടത്തതാണെന്നവർക്ക കാണാമായിരുന്നു. ജീവിതം നീണ്ടുനില്ക്കാനുപകരിക്കുന്ന ഒരു ഭാവമല്ല, അതെന്നവർ ഭയന്നു.

ഉച്ചയോടുകൂടി നട്'യാ തൻെറ പട്ടണത്തിലെത്തി. തെരുവിലൂടെ വണ്ടിയിൽ യാത്രചെയ്യുമ്പോൾ പാതയുടെ വിസ്'തൃതിക്കുറവു കൊണ്ടുള്ള വൈകൃതവും, ഇടുങ്ങി സൗകര്യംകുറഞ്ഞ ഭവനങ്ങളും അവളെ ചിന്തിപ്പിച്ചു. വഴിയിൽ അധികമാരെയും കാണാനില്ലായിരുന്നു. അവർ ആകെ വഴിയിൽ കണ്ടതു്, പൊടിയണിഞ്ഞ കോട്ടിട്ട പിയാനോ സ്വരപ്പെടുത്തുകാരനായ ജർമ്മൻകാരനെ മാത്രമായിരുന്നു. തൻെറ ഭവനം പൊടിപടലത്തിൻെറ മൂടുപടമണിഞ്ഞു കാണപ്പെട്ടു. മുത്തശ്ശി പ്രായാധിക്യംകൊണ്ടു പഴയപടി സ്ഥൂലിച്ചും നിഷ്'കപടയായുംതന്നെ ഇരുന്നു. അവർ നട്'യായെ അടക്കിപ്പിടിച്ചു തൻെറ മുഖം അവളുടെ ചുമലിൽ ചേർത്തു്, പിടിവിടാൻ തയ്യാറില്ലാത്തപോലെ നിന്നു കരഞ്ഞു. വളരെ പ്രായംചെന്നപോലെ തോന്നിച്ചിരുന്ന നിനാ ഇവാനോവ്'നായും മൂകയായും ശാന്തയായും കാണപ്പെട്ടിരുന്നു. അവരുടെ മോതിരത്തിലെ വൈരക്കല്ലുകൾ മിന്നിയിരുന്നു.

"എൻെറ പ്രിയപ്പെട്ട മകളേ, എൻെറ മകളേ!" അവർ വിറയാന്ന മേനിയോടെ വിളിച്ചു.

അവർ മൂവരും കണ്ണീരോടെ ഇരുന്നു. കഴിഞ്ഞതൊക്കെ അമ്മയും മുത്തശ്ശിയും മറന്നു എന്നതു് ലഘുവിൽ ബോധ്യമായി. പഴയ കുടുംബസ്ഥിതിയും, അതിഥികളെ സ്വീകരിക്കാനുള്ള അവകാശവും, എല്ലാം നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. അശ്രദ്ധവും ചുമതലകളില്ലാത്തതുമായ ഒരു സമാധാനജീവിതം നയിക്കുന്ന ഭവനത്തിൽ പെട്ടെന്നു പോലീസ്സു് കടന്നുവന്നു്, ഗൃഹനാഥനെ കള്ളപ്രമാണം ചമച്ചതിനോ, അപഹരണത്തിനോ വിലങ്ങുവച്ചാലത്തെ ഒരവസ്ഥ അവിടെ അനുഭവപ്പെട്ടിരുന്നു—അതോടെ അശ്രദ്ധവും ചുമതലകളില്ലാത്തതുമായ ഒരു ജീവിതം തീന്നില്ലേ!

നട്'യാ മുകളിലേയ്ക്കു പോയി. തൻെറ കിടക്ക അതേപടി ഉണ്ടു്. പതറിത്തുടിക്കുന്ന യവനികയോടുകൂടിയ അതേ ജാലകം, ജാലകത്തിൽക്കൂടി ഒട്ടും വ്യത്യാസമില്ലാതെ കാണുന്ന വെയിലിൽ തിളങ്ങി, ഉന്മത്തവും ശബ്ദായമാനവുമായ അതേ ജീവിതവുമായി നില്ക്കുന്ന ഉദ്യാനം. മേശയിൽ ഒന്നു സ്പർശിച്ചിട്ടു്, അവർ മനോരാജ്യത്തിൽ മുഴുകി.

ഭക്ഷണവും പാലടയും രുചിയുള്ള ചായയും എല്ലാം മുറപോലെ ലഭിച്ചു. എങ്കിലും എന്തോ ഒരു കുറവ്, ആ അറയിൽ ഒരു ശൂന്യത അനുഭവപ്പെടുന്നു, തട്ടുപലക താണുവരുന്നപോലെ ഒരു തോന്നൽ. രാത്രി അവർ മൂടിപ്പുതച്ചുകിടന്നു. പക്ഷേ, ചൂടും മൃദുലതയുമുള്ള കിടക്കയിൽ എന്തോ ഒരു അപാകത അനുഭവപ്പെട്ടിരുന്നു.

നിനാ ഇവാനോവ്നാ, അവളുടെ കിടക്കയിൽവന്നിരുന്നു. ഒരപരാധിയുടേതുപോലെ ചഞ്ചലവും ഭീതികലർന്നതുമായിരുന്നു അവരുടെ മിഴികൾ.

"നട്യാ, എല്ലാം എങ്ങിനിരിക്കുന്നു?" അവർ ചോദിച്ചു. "നീ സന്തുഷ്ടയാണോ? സത്യത്തിൽ നിനക്കു സന്തോഷമാണോ?"

"അതേ. അമ്മേ."

നിനാ ഇവനോവ്നാ എഴുന്നേററു് മകളുടേയും ജാലകത്തിന്റേയുംനേർക്കു കുരിശുവരച്ചു.

"നീ കാണുന്നപ്പോലെ ഞാൻ മതഭക്തയായിരിക്കയാണ്." അവർ പറഞ്ഞു "ഞാൻ വേദാന്തം പഠിക്കയാണ്. ഞാൻ ചിന്തിച്ചു ചിന്തിച്ചു കഴിക്കുന്നു........പലതും പകൽവെളിച്ചംപോലെ എനിക്കിപ്പോൾ വ്യക്തമാണ്. ജീവിതത്തെ ഒരു പ്രിസത്തിൽക്കൂടി (Prism—സമാന്തരചതുർഭുജമുഖപിണ്ഡം. ഇവിടെ കണ്ണാടി കൊണ്ടുള്ള പ്രിസമാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.) കാണണം."

"അമ്മേ, മുത്തശ്ശിയുടെ സ്ഥിതി എങ്ങിനെ?"

"ഒരു കുഴപ്പവുമില്ല. നീ സഷായോടുകൂടി പോയതിന്റെ കമ്പി കിട്ടിയപ്പോൾ അവർ നിന്നിടത്തുതന്നെവീണു. മൂന്നുദിവസം അവർ കിടക്കയിൽനിന്നെണീററില്ല. പിന്നെ അവർ കരയാനും പ്രാർത്ഥിക്കാനും തുടങ്ങി. പക്ഷേ ഇപ്പോൾ വിശേഷിച്ചൊന്നുംതന്നെയില്ല."

അവർ എഴുന്നേററു് ആ അറയിൽ ഉലാത്താൻ തുടങ്ങി.

"ടിക്—ടോക്." രാത്രി കാവൽക്കാരന്റെ ശബ്ദം കേൾക്കാം. "ടിക്—ടോക്."

"ജീവിതത്തെ ഒരു പ്രിസത്തിൽക്കൂടി കാണുകയെന്നതാണ് മഹത്തായ കാര്യം." അവർ പറഞ്ഞു. "തെളിച്ചുപറഞ്ഞാൽ ജീവി

തം നമ്മുടെ അന്തക്കരണത്തിൽവച്ചു് ഏററവും ചെറിയ ഘടകങ്ങളായി ഭാഗിച്ചു്, അടിസ്ഥാനവണ്ണങ്ങളായ ഏഴു നിറങ്ങൾപോലെയാക്കി, ഓരോ ഘടകവും പഠനത്തിനു വിധേയമാക്കണം."

നിനാ ഇവാനോവ്ന, തുടൎന്നുപറഞ്ഞതും അവർ പോയസമയവും നട്യാ അറിഞ്ഞില്ല, അവരം ഉറങ്ങിക്കഴിഞ്ഞിരുന്നു.

മേയ്മാസം കഴിഞ്ഞു, ജൂൺ ആയി. നട്യാ വീട്ടിൽ പഴയപടി പഴകിക്കഴിഞ്ഞു. മുത്തശ്ശി സമോവറിനടുത്തിരുന്നു ചായ പകരുകയും നെടുവീപ്പിടുകയും ചെയ്തിരുന്നു. നിനാ ഇവാനോവ്ന രാത്രിയിൽ തന്റെ വേദാന്തപഠനങ്ങളെപ്പററി പറഞ്ഞിരുന്നു. അവർ പഴയപടി ചെറിയ തുകകൾക്കുപോലും മുത്തശ്ശിയെ ആശ്രയിച്ചുതന്നെ ജീവിച്ചു. വീടുമുഴുവൻ ഈച്ചപെരുകിയിരുന്നു. തട്ടുപലകകൾ താണുവന്നുകൊണ്ടിരുന്നു. ഫാദർ അൻഡേരിയേയും അൻഡേരി അൻഡ്റിച്ചിനേയും നേരിടാൻ ഭയന്നു് നിനാ ഇവാനോവ്നയും മുത്തശ്ശിയും പുറത്തുപോയിരുന്നില്ല. നട്യാ ഇരുവശവുമുള്ള വീടുകളിലും വേലിക്കെട്ടുകളിലും നോക്കിക്കൊണ്ടു തെരുവിലും ഉദ്യാനത്തിലും ഉലാത്താറുണ്ടായിരുന്നു. വളരെക്കാലമായി പട്ടണം പ്രായാധിക്യംവന്നപോലെ മാറുകയാണെന്നവൾക്കു തോന്നിയിട്ടുണ്ടു്. ഒന്നുകിൽ അതവസാനിക്കാനോ, ഒരു നവ്യമായ യൗവനഭംഗിയോടെ ഉയൎത്തെഴുന്നേല്ക്കാനോ തയാറെടുക്കുകയാവാം എന്നവൾ ചിന്തിച്ചു. വിധിയെ നേരിട്ടു് പതറാതെയും നിശ്ചയദാർഢ്യത്തോടും സ്വാതന്ത്ര്യവാഞ്ഛയോടും ഒരു പുതിയ വിശുദ്ധമായ ജീവിതം കണ്ടെത്താൻ നേരേ മുന്നോട്ടുപോകുന്നതിനൊരാൾക്കെപ്പോഴാണു കഴിയുക—എന്നവൾ ചിന്തിച്ചു. എപ്പോഴായാലും ആ ജീവിതം വരേണ്ടതുതന്നെയാണു്. മുത്തശ്ശിയുടെ ഗൃഹത്തിൽ നാലു ഭൃത്യക്കുമായി പൊടിയും ചവറം പ്രാണികളും നിറഞ്ഞ, കുടുസ്സായ ഒരു മുറിയിലെ തറയിൽ കിടക്കേണ്ട അവസ്ഥ നിശ്ശേഷം മാറുന്ന ആ ദിനം ഒരിക്കൽ വരും—ആ സമയംവരുമ്പോൾ പഴകിയ പലതും, ഈ വീടും പരിസരവും ഒന്നും കാണുകില്ല. അതിന്റെ എല്ലാ സ്മരണകളും മായും, അതൊന്നും ഓർക്കാൻതന്നെ അപ്പോൾ ആരും കാണുകയില്ല. നട്യായുടെ ഏകാഗ്രമായ ചിന്തയിൽവന്നുതറച്ചിരുന്നതു്, അവൾ ഉദ്യാനത്തിൽ ഉലാത്തുമ്പോൾ വേലിയിൽ തട്ടിക്കൊണ്ടു് അടുത്ത വീട്ടിലെ കുട്ടികൾ "അതാ പോകുന്നു നവവധു" എന്നാൎത്തട്ടഹസിച്ചു പരിഹസിച്ചിരുന്നതുമാത്രമാണു്.

സാരട്ടോവിൽനിന്നും സഷായുടെ ഒരു കത്തുവന്നു. വ്യക്തതയും ചന്തവുമില്ലാത്ത പതറുന്ന അക്ഷരങ്ങളിൽക്കൂടി അയാൾ എഴുതിയിരുന്നതു്, വോൾഗായിലൂടെയുള്ളയാത്ര ഒരു വിജയമായിരുന്നെന്നാണു്. പക്ഷേ സാരട്ടോവിൽ അയാൾ സുഖക്കേടുവർദ്ധിച്ചു കിടപ്പിലായി. കഴിഞ്ഞ രണ്ടാഴ്ച അയാൾ ആസ്പത്രിയിൽതന്നെയായിരുന്നു. ആ സൂചന അവൾക്കു വ്യക്തമായി, അശുഭസൂചകമായ ഒരു സംഭവത്തിന്റെ ഭീതി അവളിൽ വ്യക്തമായ രൂപംപ്രാപിക്കതന്നെചെയ്തു. ആ അശുഭചിന്തകളും സഷായുടെ അന്ത്യം അടുത്തെന്ന ചിന്തപോലും തന്നെ പഴയ തോതിൽ ക്ലേശിപ്പിക്കുന്നില്ലെന്നവൾക്കു തോന്നി. പീറേഴ്സ്ബർഗ്ഗിലേയ്ക്കു പോകാനുള്ള അനിഷേദ്ധ്യമായ ഒരാശ അവളിലുണ്ടായി. സഷായോടുള്ള ഹൃദയബന്ധം പ്രിയകരമാണെങ്കിലും അതു് വളരെ പഴക്കമുള്ള ഒരു ഭൂതകാലത്തിന്റേതാണെന്ന പ്രതീതി അവളുടെ ഹൃദയത്തിൽ തെളിഞ്ഞിരുന്നു. ആ രാത്രിമുഴുവൻ അവൾക്കുറങ്ങാൻ കഴിഞ്ഞില്ല. പുലർച്ചയ്ക്കു് അവൾ എഴുന്നേററ് എന്തോ ശ്രദ്ധിച്ചെന്നപോലെ ജാലകത്തിനടുത്തിരുന്നു. താഴത്തെ നിലയിൽനിന്നും, ഒരു ശബ്ദവും ഉയർന്നിരുന്നില്ല—മുത്തശ്ശി തിടുക്കത്തിലും വേദനാനിർഭരമായ സ്വരത്തിലും എന്തോ മുരണ്ടുകൊണ്ടിരുന്നു. അപ്പോൾ ആരോ കരഞ്ഞു........നട്യാ താഴത്തെ അറയിലെത്തുമ്പോൾ മുത്തശ്ശി ആ അറയുടെ ഒരു കോണിൽനിന്നു പ്രാർത്ഥിക്കയായിരുന്നു, അവരുടെ മിഴികൾ അശ്രുപൂർണ്ണങ്ങളായിരുന്നു. മേശമേൽ ഒരു കമ്പിവാർത്ത കിടന്നിരുന്നു.

നട്യാ ആ കമ്പിവാർത്ത നോക്കുന്നതിനുമുൻപു് മുത്തശ്ശിയുടെ രോദനം ശ്രദ്ധിച്ചുകൊണ്ടു് ഏറെനേരം ആ അറയിൽ ഉലാത്തി. കഴിഞ്ഞദിവസം രാവിലെ സാരട്ടോവിൽവച്ചു്, അലക്സാണ്ഡർ ടിമോഫിച്ചു്—സഷാ—ക്ഷയരോഗംമൂലം മൃതിയടഞ്ഞതായി അതിൽ കുറിച്ചിരുന്നു.

മുത്തശ്ശിയും നിനാ ഇവാനോവ്നയും പരേതന്റെ ആത്മാവിനുവേണ്ടി പ്രാർത്ഥന ഏർപ്പാടുചെയ്യുന്നതിനായി പള്ളിയിലേക്കു പോയി, നട്യാ ചിന്തയിൽമുഴുകി ഏറെനേരം ആ അറയിൽതന്നെ ഉലാത്തി. തന്റെ ജീവിതം സഷാ ഇച്ഛിച്ചപോലെ ആകെ കീഴ്മേൽ മറിക്കാൻ കഴിഞ്ഞതായി അവൾ ഉണർന്നു, അവൾ ഒററപ്പെട്ട ജീവിയായി, അവൾ ഇവിടെ അന്യയാണു്, ആവശ്യമില്ലാത്തവളാണു്, അവൾക്കു് അവിടെ ഒരു മമതയും ഇല്ലായിരുന്നു.

ഭൂതകാലംമുഴുവൻ ചീന്തി എറിയപ്പെട്ടിരിക്കുന്നു, എല്ലാം അഗ്നിക്കിരയായപോലെ, ചാരംകൂടി കാററിൽ പാറന്നുകഴിഞ്ഞു. അവൾ സഷ്മായുടെ അറയിൽചെന്നു നിശ്ചേതനയായി നിന്നു.

"പ്രിയപ്പെട്ട സഷ്മാ, നമസ്കാരം. ഞാൻ യാത്രചോദിക്കുന്നു." അവൾ പറഞ്ഞു. അവളുടെ മുന്നിൽ ജീവിതം നിണ്ടുകിടക്കുന്നു, പുതുമയുള്ള വിശാലമായ ജീവിതം. അവ്യക്തവും നിഗൂഢവുമായ ജീവിതം അവളെ മാടിവിളിക്കുന്നു. അടുത്തണയ്ക്കാൻ ആകർഷിക്കുന്നു.

അവൾ തന്റെ സാധനങ്ങൾ യാത്രയ്ക്കൊരുക്കാനായി മുകളിലത്തെ നിലയിലേയ്ക്കു പോയി, അടുത്ത പ്രഭാതത്തിൽ തന്റെ വീട്ടിനോടു യാത്രപറഞ്ഞു് അവൾ ആ പട്ടണംവിട്ടു. ഉല്ലാസത്തോടും ഉശിപ്പോടും—അതു് ഒരിക്കലും തിരിച്ചുവരാതിരിക്കാനുള്ള തീരുമാനത്തോടെയായിരുന്നു.

# ഒരു ഗൃഹസ്ഥൻെറ മരണം

ആ നല്ല രാവിൽ ആ നല്ല ഗൃഹസ്ഥൻ, ഇവാൻഡിമിററ്റിച്ച് ചെർവ്യാകോവ് മുൻപന്തിയിൽ രണ്ടാമത്തെവരിയിലിരുന്ന് ഓപ്റാഗ്ലാസിൽക്കൂടി 'ലസ്ക്ലോച്ചസ് സി കോർണിവില്ലി'ലെ രംഗങ്ങൾ ആസ്വദിക്കയായിരുന്നു. രംഗത്തിൽ ലയിച്ചിരുന്ന്, താൻ ഏററവും ആനന്ദമത്തനായ ജീവിയാണെന്നോർക്കുമ്പോൾ, പെട്ടെന്ന്....'പെട്ടെന്ന്' എന്നതു വളരെയേറെ ഉപയോഗത്തിലിരിക്കുന്ന ഒരു പദപ്രയോഗമായിപ്പോകുന്നു, പക്ഷേ ജീവിതം അപ്രതീക്ഷിതസംഭവങ്ങളുടെ ഒരു സമാഹാരമായിരിക്കുമ്പോൾ ഒരു സാഹിത്യകാരന് ആ വാക്കെങ്ങനെ കൈവിടാൻകഴിയും? പെട്ടെന്ന്, അയാളുടെ മുഖം ഒന്നു വല്ലാതുയന്നു, മിഴികൾ ഉരുണ്ടുകൂടി കയറി, ശ്വാസഗതി തടസ്സപ്പെട്ടു.......ഓപ്പറാഗ്ലാസിൽനിന്നും മുഖം തെന്നിമാറി, ഇരിപ്പിടത്തിൽനിന്നും ഒന്നു തെറിച്ചുയന്നിട്ട്—ക്-ശ്ശൂ! അതായതു് അയാൾ ഒന്നു തുമ്മി. ആക്കും ഇഷ്ടപ്പെടുമ്പോൾ തുമ്മാനുള്ള അവകാശമുണ്ടു്; കൃഷിക്കാർ, പോലീസ്ഇൻസ്പെക്ടർമാർ, എന്നല്ല രാജ്യത്തിലെ ഉപരിസഭാസാമാജികന്മാർ വരെ തുമ്മുന്നു. ആരും തുമ്മുന്നു—ആരും. ചെർവ്യാകോവിനും വല്ലായ്മ ഒന്നുംതോന്നിയില്ല, തൂവാല എടുത്തു മൂക്കൊന്നു തുടച്ചു, എന്നിട്ട് ഒരു മാന്യനെപ്പോലെ തൻെറ തുമ്മൽ ആക്കെങ്കിലും ഉപദ്രവമായോ എന്നു ചുററുമൊന്നു നോക്കി. അപ്പോഴാണ് ഒരു വല്ലായ്മ അവതരിക്കുക. നേരെ മുന്നിൽ, ആദ്യത്തെ വരിയിൽ അല്പം പ്രായമായ ഒരു മനുഷ്യൻ ഇരിക്കുന്നു, അദ്ദേഹം എന്തോ പുലമ്പിക്കൊണ്ടു് കഷണ്ടിമണ്ടയും കഴുത്തും വിസ്തരിച്ചു തുടയ്ക്കുന്നു. വാത്താവിതരണവകുപ്പിലെ സിവിൽ ജനറൽ ബ്രിഷലോവിനെയാണ് ആ മനുഷ്യനിൽ ചെർവ്യാകോവു് കണ്ടതു്.

"ഞാനദ്ദേഹത്തിൻെറമേൽ തുമ്മി," ചെർവ്യാകോവ് ചിന്തിച്ചു: "അദ്ദേഹം എൻെറ മേലധികാരിയല്ല, എങ്കിലും അതു കടുത്ത തെററായിപ്പോയി. ഞാൻ ക്ഷമായാചനംചെയ്യണം."

ചെർവ്യാകോവ് ഒരു ചെറിയ ചുമയോടെ മുന്നോട്ടാഞ്ഞു ജനറലിൻെറ ചെവിയിൽ മന്ത്രിച്ചു:

"ഞാൻ തുമ്മിയതവിടുന്നു ക്ഷമിക്കണം. ഞാൻ ഒട്ടും പ്രതീ...."

"കളയൂ."

"എന്നോടു ക്ഷമിക്കണം.........ഒട്ടും കരുതിക്കൂട്ടിചെയ്തതല്ല!"

ദൈവത്തെവിചാരിച്ചൊന്നു മിണ്ടാതിരിക്കൂ. ഞാൻ ഇതൊന്നു കേട്ടുകൊള്ളട്ടെ!"

ഒട്ടൊരു പരാജയബോധത്തോടെ ഇളിഭ്യതകലന്ന പുഞ്ചിരിയുമായി, രംഗത്തു ശ്രദ്ധിക്കാൻ ചെർവ്യാകോവ് ശ്രമിച്ചു. അയാൾ നടന്മാരെ ശ്രദ്ധിച്ചുകൊണ്ടിരുന്നു, എങ്കിലും താൻ ഭാഗ്യവാനാണെന്ന ബോധം അനുഭവപ്പെട്ടില്ല. അപരാധബോധം അയാളെ വിഴുങ്ങിക്കഴിഞ്ഞിരുന്നു. ഇടനേരം പ്രഖ്യാപിക്കപ്പെട്ടപ്പോൾ ബ്രിഷലോവിനടുത്തേക്കുചെന്നു് ഏതാനുംനിമിഷം സംശയിച്ചുനിന്നു്, ധൈര്യം സംഭരിച്ചുകൊണ്ടയാൾ അവ്യക്തമായി ഉരുവിട്ടു.

"ഞാൻ അങ്ങയുടെമേൽ തുമ്മി....അവിടന്നു........ദയവായി ക്ഷമിക്കണം....ഞാൻ അറിഞ്ഞുചെയ്തതല്ലെന്നു്....അവിടന്നറിയണം...."

"ശരി, ശരി....ഞാനതു മറന്നുകഴിഞ്ഞു. ഒന്നുപോകുമോ?,' ജനറൽ അതു പറയുമ്പോൾ അദ്ദേഹത്തിൻെറ അധരങ്ങൾ അക്ഷമകൊണ്ടു് വക്രിച്ചിരുന്നു.

"അദ്ദേഹം ക്ഷമിച്ചെന്നു പറയുന്നു. പക്ഷേ ആ നോട്ടം എന്നെ തൃപ്തിപ്പെടുത്തുന്നില്ല," ജനറലിൻെറനേരെ വിശ്വാസക്കുറവോടെ നോക്കി ചെർവ്യാകോവു് ചിന്തിച്ചു. "അദ്ദേഹം എന്നോടു സംസാരിക്കാൻതന്നെ ഇഷ്ടപ്പെടുന്നില്ല. ഞാൽ കരുതിക്കൂട്ടി ചെയ്തതല്ലെന്നു് പറഞ്ഞു മനസ്സിലാക്കണം........അല്ലെങ്കിൽ അദ്ദേഹത്തിൻെറമേൽ കാറിത്തുപ്പാനാണു് ഞാൻ ഉദ്ദേശിച്ചതെന്നദ്ദേഹം കരുതും. ഇപ്പോഴല്ലെങ്കിൽ, ആ ചിന്ത പിന്നീടെങ്കിലും അദ്ദേഹത്തിനുണ്ടാവും............"

വീട്ടിലെത്തിയ ചെർവ്യാകോവ്, മാന്യതയ്ക്കു നിരക്കാത്ത തൻെറ തെററിനെപ്പററി ഭാൎയ്യയോടു പറഞ്ഞു. അവളും അതിനു കടുത്ത ഗൗരവം കല്പിക്കുന്നതായി അയാൾ കണ്ടു. ഒരുക്ഷണം അവൾ നിന്നുരുകിപ്പോയി, പക്ഷേ ബ്രിഷലോവ് "നമ്മുടെ" മേലധികാരിയല്ലെന്നു കണ്ടപ്പോൾ അവൾക്കൊട്ടാശ്വാസം തോന്നി,

"എങ്കിലും നിങ്ങൾപോയി ക്ഷമായാചനം ചെയ്യണം" അവൾ പറഞ്ഞു. "അല്ലെങ്കിൽ, നാലാളുകൂട്ടുന്നിടത്തു് മാന്യന്മാൎക്കുചേന്ന വിധം പെരുമാറാൻ നിങ്ങൾക്കറിഞ്ഞുകൂടെന്നദ്ദേഹം കരുതും."

"അതല്ലെ, പറഞ്ഞതു്! ഞാൻ ക്ഷമായാചനംചെയ്യാൻ ശ്രമിച്ചു, പക്ഷേ അദ്ദേഹം ഒരു വല്ലാത്ത പ്രകൃതക്കാരനായാണു് കാണപ്പെട്ടതു്. ഒരക്ഷരം കാൎയ്യമായിഗണിച്ചു സംസാരിച്ചില്ല. അല്ലെങ്കിലും സംസാരിക്കാൻ സാവകാശവും തന്നില്ല."

അടുത്തദിവസം ചെർവ്യാകോവു് മുടിവെട്ടിച്ചു്, ഔദ്യോഗിക വേഷമായ ഫ്രാക്കുകോട്ടുംധരിച്ചു്, ബ്രിഷലോവിനെ തൻെറ സ്വഭാവശുദ്ധി ബോദ്ധ്യപ്പെടുത്താനായി തിരിച്ചു. ജനറലിൻെറ സ്വീകരണമുറി പരാതിക്കാരെക്കൊണ്ടു നിറഞ്ഞിരുന്നു. അദ്ദേഹംതന്നെ അവിടിരുന്നു് പരാതികൾ സ്വീകരിക്കയാണു്. ഏതാനും ആളുകളുടെ പരാതികേട്ടിട്ടു് ജനറൽ മിഴികളുയൎത്തി ചെർവ്യാകോവിനെനോക്കി.

"കഴിഞ്ഞരാത്രി, അവിടുന്നോൎക്കുന്നുണ്ടെങ്കിൽ, അക്കേഡിയായിൽവച്ചു്," ആ ഗ്രമസ്തൻ ആരംഭിച്ചു "ഞാ....ഞാൻ....ഒന്നുതുമ്മി.... അതു്....അവിടുന്നു ക്ഷമി—...."

"ഛെ! എന്തു വിഡ്ഢിത്തമാണിതു്" ജനറൽ ആക്രോശിച്ചു "തനിക്കുവേണ്ടി എനിക്കെന്തുചെയ്യാൻ കഴിയും?" അദ്ദേഹം മററുള്ളവരുടെ മുഖത്തുകൂടി നോക്കിക്കൊണ്ടു് ആരാഞ്ഞു.

"അദ്ദേഹം ഞാൻ പറയുന്നതുകൂടി ചെവിക്കൊള്ളുന്നില്ല." വിളറിക്കഴിഞ്ഞ ചെർവ്യാകോവ് വിചാരിച്ചു. അദ്ദേഹം കോപിച്ചിരിക്കയാണു്........പക്ഷേ അങ്ങനെ വിടാൻപാടില്ല.......എൻെറ തെററു വിശദീകരിക്കണം......."

അവസാനത്തെ പരാതിക്കാരനോടും അന്വേഷണംനടത്തിയിട്ടു് ജനറൽ തൻെറ വസതിയിലേയ്ക്കു തിരിയാൻ ഭാവിക്കുമ്പോൾ ചെർവ്യാകോവു് വീണ്ടും അടുത്തുകൂടി മന്ത്രിച്ചു:

"അവിടുന്ന ക്ഷമിക്കണം! എന്റെ കരളുനിറഞ്ഞ പശ്ചാത്താപമാണു്, അങ്ങയെ അലട്ടാൻ എനിക്കു ധൈര്യംനല്കുന്നതു്".

കണ്ണീരിനടുത്തെത്തിക്കഴിഞ്ഞ ആ മനുഷ്യനു് ഹസ്തസംജ്ഞകൊണ്ടു് ജനറൽ വിടനല്കി.

"നിങ്ങൾ എന്നെ പരിഹസിക്കുന്നു!" അദ്ദേഹം അതു പറഞ്ഞതും, ചെർവ്യാകോവിന്റെ മുഖത്തിനുനേരേ വാതിലടഞ്ഞു.

"പരിഹസിക്കയോ!" ചെർവ്യാകോവു് ചിന്തിച്ചു. "ഇതിൽ ഒരു പരിഹാസവും ഞാൻ കാണുന്നില്ല. ഒരു ജനറലിനിതു മനസ്സിലാവുന്നില്ലെന്നോ? ഞാൻ ആ മനുഷ്യനെ ക്ഷമായാചനവുംകൊണ്ടിനി അലട്ടുന്നില്ല. നാശംപിടിക്കാൻ! ഞാനയാൾക്കൊരു കത്തെഴുതും, അയാളുടെ മുന്നിൽ ഞാനിനി പോകുന്നില്ല! അതേ, അതു തന്നെ!"

വീട്ടിലേക്കു മടങ്ങുമ്പോൾ ചെർവ്യാകോവിന്റെ ചിന്ത ഈവിധം അലഞ്ഞുകൊണ്ടിരുന്നു. പക്ഷേ ഒരു കത്തെഴുതാൻ അയാൾക്കു കഴിഞ്ഞില്ല. അയാൾ ചിന്തയെ മഥിച്ചുകൊണ്ടിരുന്നു. എങ്കിലും വികാരങ്ങൾക്കു രൂപംനല്കി വാക്കുകൾ മിനയാനുള്ള മാർഗ്ഗം അജ്ഞാതമായിത്തന്നെ നിന്നു. അതുകൊണ്ടു്, തകരാറൊഴിവാക്കാൻ അടുത്തദിവസവും അയാൾ ജനറലിന്റെ മുന്നിൽ പോകേണ്ടിവന്നു.

"ഇന്നലെ അവിടുത്തെ അലട്ടാൻ ഞാൻ തുനിഞ്ഞു," ജനറൽ, അയാളുടെനേരേ ഒരു ചോദ്യം തൊടുത്തുവിടുന്നപോലെ നോട്ടം തിരിച്ചപ്പോൾ ചെർവ്യാകോവു പറഞ്ഞു, "അവിടുന്നു വ്യാഖ്യാനിച്ചപോലെ പരിഹസിക്കാനല്ല, ഞാൻ അങ്ങയുടെമേൽ തുമ്മിപ്പോയതിനുള്ള ക്ഷമ ചോദിക്കാൻ വന്നതാണു്............അങ്ങയുടെമേൽ പരിഹാസംചൊരിയുക എന്നതു് എനിക്കു ചിന്തിക്കാൻകൂടി കഴിയുന്ന കാര്യമല്ല. എന്റെ നാവതിനു വഴങ്ങുകയില്ല! ആളുകളെ പരിഹസിക്കുക എന്ന ശീലം അന്തസ്സില്ലാത്തതാണു്. മേലധികാരികൾക്കു തന്നെ മാന്യത കല്പിക്കാതിരുന്നാൽ........"

"കടക്കു പുറത്തു്" കോപാവേശത്താൽ വിറച്ചുകൊണ്ടു് ജനറൽ ആക്രോശിച്ചു.

"ഞാൻ ക്ഷമ യാചിക്കുന്നു?" ഭയംകൊണ്ടു ശക്തിഹീനമായ സ്വരത്തിൽ ചെർവ്യാകോവു മന്ത്രിച്ചു.

"ചെര, പുറത്തു്!" തറയിൽ ആഞ്ഞുചവിട്ടിക്കൊണ്ടു ജനറൽ അലറി.

തന്റെ ഉള്ളിൽ എന്തൊക്കെയോ തകന്നുവീണതായി ചെർവ്യാകോവിനു തോന്നി. പിന്തിരിഞ്ഞു, വാതലിലൂടെ പുറത്തുകടക്കുമ്പോൾ അയാൾ ഒന്നും കേൾക്കുന്നും കാണുന്നുമില്ലായിരുന്നു; അയാൾ തെരുവിലിറങ്ങി യാതൊരു ലക്ഷ്യവുമില്ലാതായപോലെ നടന്നു. ജീവച്ഛവംപോലെ അയാൾ വീട്ടിലെത്തി, ഔദ്യോഗികവേഷമായ ഫ്രാക്കുകോട്ടു് ഊരിയിടാൻകൂടെ മറന്നു് അയാൾ സോഫായിൽ കയറിക്കിടന്നു. അങ്ങനെതന്നെ കിടന്നു് അയാൾ മരിച്ചു.

# ഒരു കലാകാരന്റെ കഥ

ആറേഴവൎഷംമുമ്പു ഞാൻ ടി—എന്ന സ്ഥലത്തു താമസിച്ചിരുന്ന കാലത്തെ സംഭവങ്ങളാണു്. പുലൎച്ചയ്ക്കെഴുന്നേററു കൃഷിക്കാരുടെ മട്ടിൽ നീളൻകോട്ടും ധരിച്ചു്, സായന്തനവേളകളിൽ ബീയറുകുടിയും ആൎക്കും തന്നോടൊരു സഹാനുഭൂതിയുമില്ലെന്നുള്ള അവിരാമമായ പ്രസംഗങ്ങളുമായിക്കഴിച്ചിരുന്ന യുവാവും ജന്മിയുമായ ബലോക്കുറോവിന്റെ എസ്റ്റേറ്റായിരുന്നു അതു്. ഞാൻ തോട്ടത്തിലുള്ള പഴയ കെട്ടിടത്തിലും, അയാൾ അതിനോടു ചേൎന്ന തോട്ടത്തിലുള്ള ഒരു കൊച്ചുപുരയിലുമായിരുന്നു. മൊത്തം പറയാനുള്ള ഗൃഹോപകരണങ്ങളിൽപെടുന്ന ഒരു സോഫാ വിശാലമായ ഒരറയിലുണ്ടായിരുന്നതിലാണു ഞാൻ ഉറങ്ങിയിരുന്നതു്. പിന്നൊരു മേശകൂടി ഉണ്ടായിരുന്നതു് ഏകാന്തമായിരുന്നു് പേഷ്യൻസു കളിക്കാൻ ഉപയോഗിച്ചിരുന്നു. അന്തരീക്ഷം ചലനരഹിതമായിനില്ക്കുന്ന കാലാവസ്ഥയിൽ പോലും അറയിൽ ചൂടുകായുന്നതിനായി കെട്ടിയിട്ടുള്ള പഴഞ്ചൻസ്റ്റൌവിൽനിന്നും ഒരു മുഴക്കം കേൾക്കാം. ഒരു നല്ല കാററടിച്ചാൽ മേൽക്കൂര മുഴുവൻ കിടുങ്ങി താഴെവീഴാൻഭാവിക്കുന്നപോലെ തോന്നും; അതൊരു സംഭ്രമജനകമായ അനുഭവമാണു്, വിശേഷിച്ചും കൊടുങ്കാററുള്ള നിശകളിൽ പത്തു ജനാലകളിലുംകൂടി മിന്നൽപിണറുകൾ വീശിയടിക്കുമ്പോൾ.

അലസതയിൽ ആണ്ടുമുങ്ങി ഞാൻ യാതൊരു ജോലിയുംചെയ്യാതെ കഴിക്കയായിരുന്നു. മണിക്കൂറുകളോളം ഞാൻ ആ ജാലകത്തിലൂടെ ആകാശത്തിലേയ്ക്കും, ഉദ്യാനത്തിലെ പാതയിലേയ്ക്കും, പക്ഷികളേയും നോക്കിയിരിക്കും, പിന്നെ ഉറക്കമാണു്. ചിലപ്പോൾ പുറത്തേക്കിറങ്ങിയാൽ രാത്രി വളരെ ചെല്ലുന്നതുവരെ ഞാൻ അലഞ്ഞുനടന്നിരുന്നു.

ഇത്തരം ഉദ്ദേശശൂന്യമായ അലഞ്ഞുതിരിയലുകൾക്കിടയിൽ ഒരു ദിവസം, ഞാൻ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ഒരു എസ്റ്റേററിൽ എത്തി. അസ്തമനസമയമായിരുന്നു, സായന്തനത്തിൻെറ വർണ്ണപ്പകിട്ടു് പാടത്തെ പച്ചവിരിപ്പിൽ കസവുപൂക്കൾ തുന്നിച്ചേർത്തുകൊണ്ടിരുന്നു. ഇടതൂർന്നു വളർന്നുനിന്ന പ്രായമേറിയ ദേവതാരുവൃക്ഷങ്ങൾ ഭംഗിയൊത്ത ഒരു കനത്ത മതിൽപോലെ നിന്നിരുന്നു. ലഘുവിൽ ഒരു കമ്പിവേലി മറികടന്നു്, ഞാൻ മുന്നോട്ടുനടന്നു; ദേവതാരുവൃക്ഷത്തിൽനിന്നും കൊഴിഞ്ഞ ഇലകൾ ഒരിഞ്ചുകനത്തിൽ വിതറിക്കിടന്നിരുന്നതിൽ പാദങ്ങൾ വഴുതുന്നുണ്ടു്. സുഖപ്രദമായ ഒരു ശാന്തതയും ഇരുളിൻെറ നേർത്ത മറയും വ്യാപിച്ചിരുന്നെങ്കിലും, അന്തിക്കതിരവൻെറ തങ്കക്കിരണങ്ങൾ ചിലന്തിവലയിൽ മഴവില്ലണിയിച്ചുകൊണ്ടു് അരിച്ചിറങ്ങിയിരുന്നു. ദേവതാരുവൃക്ഷങ്ങളിൽനിന്നും മാദകമായ ഒരു സുഗന്ധം ലഹരിപരത്തി ഒഴുകിയിരുന്നു. ഇരുവശവും നാരകങ്ങൾ നിറഞ്ഞ ഒരു പാതയിലേയ്ക്കു ഞാൻ കടന്നു. അവഗണനയുടേയും കാലപ്പഴക്കത്തിൻേറയും ഭാവങ്ങൾ അവിടെയും വ്യക്തമായിരുന്നു. കഴിഞ്ഞവർഷം കൊഴിഞ്ഞ ഇലകൾ കാൽചുവട്ടിൽ ഞെരിഞ്ഞുകൊണ്ടിരുന്നു; പാതവക്കിലെ വൃക്ഷങ്ങളുടെ തായ്ത്തടികൾക്കിടയിലൂടെ അസ്തമനാർക്കൻെറ പ്രഭ വിതറിവീണിരുന്നു. എൻെറ വലതുഭാഗത്തായി വളർന്നുമുററിയ ഒരാപ്പിൾമരത്തിലിരുന്നു് ഒരു മാമ്പഴക്കുരുവി ശക്തിഹീനവും കമ്പിതവുമായ സ്വരത്തിൽ അവിരാമം പാടിക്കൊണ്ടിരുന്നു—പരിസരത്തിലുള്ള മറെറല്ലാററിനേയുംപോലെ, അതിനും പ്രായാധിക്യമുള്ളപോലെ തോന്നി.

നാർകച്ചെടികളുടെ നീണ്ടനിര പഴയ മട്ടിലുള്ള വരാന്തയും എടുപ്പുകളുമുള്ള ഒരു മാളികയുടെ മുന്നിൽ അവസാനിക്കുന്നതായി കാണപ്പെട്ടു. പെട്ടെന്നുതന്നെ മുന്നിൽ നെടുമുററവും കുളിക്കുന്നതിനു കടവുകെട്ടപ്പെട്ടിട്ടുള്ള ചിറയും കുറേ നേർത്തുനീണ്ട മരങ്ങളും ചിറയ്ക്കപ്പുറത്തൊരു ഗ്രാമവും ഒരു മണിഗോപുരവും അതിൻെറ അഗ്രത്തിൽ അവസാനത്തെ ചെങ്കതിരുകളുടെ ചുംബനത്തിൽ തുടുത്തുമിന്നുന്ന കുരിശും കാണപ്പെട്ടു.

ഒരുനിമിഷത്തേയ്ക്കു പൂർവ്വപരിചയമുള്ള ഒരു ദിക്കിൽ പൊടുന്നനേയെത്തിയ ഒരു പ്രതീതി എനിക്കുണ്ടായി; വെറും പൂർവ്വപരിചയമെന്നല്ല, ഏതോ ഭൂതകാലത്തിൽ അവിഘടിതമായ ഒരാത്മബന്ധമുണ്ടായിരുന്നു എന്ന തോന്നൽ, കുട്ടിക്കാലത്തെങ്ങോ കണ്ടിട്ടുള്ള

പോലെ ഈ സ്ഥലം സ്മരണയിൽ കുളുമ്മയുററ വിവിധചിത്രത്തിൽ നിരത്തുന്നു.

സിംഹപ്രതിമകൾ വച്ച, ഉയന്ന വെള്ളഗേററിനപ്പുറത്ത്, പറമ്പും മുററവും നീണ്ടുകിടന്നിരുന്നു. അവിടെ രണ്ടു യുവതികൾ നിന്നിരുന്നു. മെലിഞ്ഞു വളരെ സുന്ദരിയായ മൂത്തവൾ തങ്കനിറത്തിലുള്ള മുടിയുള്ളവളായിരുന്നു. പരുക്കൻപ്രകൃതക്കാരിയെന്നു വിളിച്ചറിയിക്കുന്ന മിഴികളും അധരങ്ങളുമുള്ള അവൾ എന്നെ തീരെ ശ്രദ്ധിച്ചിരുന്നില്ല. പതിനെട്ടിനപ്പുറം കടന്നിട്ടില്ലാത്ത മററെ യുവതിയും അഴകാന്ന ഒരു വിളച്ച്യുള്ള കൃശാംഗിയായിരുന്നു. ലജ്ജാശീലയായ അവൾ നീണ്ട മിഴികൾ വിടത്തിനോക്കി, ഞാൻ കടന്നുപോകുമ്പോൾ ഇടങ്ങിയതല്ലാത്ത അവളുടെ വായിൽനിന്നും ഏതാനും ഇംഗ്ലീഷുവാക്കുകൾ ഉതിന്നു; കഴിഞ്ഞുപോയ ഏതോ കാലത്ത് ഈ മുഖങ്ങളും എനിക്കു പരിചിതങ്ങളായിരുന്നെന്നു തോന്നി. ഹൃദ്യമായ ഒരു സ്വപ്നത്തിൻെറ സുഖശീതളിമ മായാതെ നില്ക്കുന്ന ഒരനുഭൂതിയോടെയാണു ഞാൻ വീട്ടിൽ മടങ്ങിയെത്തിയത്.

ഏതാനും ദിവസങ്ങൾക്കുശേഷം ഒരു സായന്തനത്തിൽ ബെലോക്കുറോവും ഞാനും ആ വീട്ടിനടുത്തുകൂടി കടന്നുപോകുമ്പോൾ ഉയന്നു വളൻനില്ക്കുന്ന പുല്ലുകളെ ചക്രങ്ങൾക്കടിയിലിട്ടു ഞെരിച്ചുകൊണ്ട് ഒരു വണ്ടി മുന്നിലെത്തി. അതിൽ ഞാൻ മുമ്പു കണ്ട മൂത്ത പെൺകുട്ടി ഇരുന്നിരുന്നു. അഗ്നിബാധയാൽ കഷ്ടപ്പെടുന്നവക്കു സഹായധനം നല്കുന്നതിനുള്ള സംഭാവനകളുടെ ഒരു പട്ടിക അവളുടെ കയ്യിലിരുന്നിരുന്നു. ഞങ്ങളുടെനേരെ നോക്കാതെ സിയാനോവോ ഗ്രാമത്തിൽ അഗ്നിബാധയാൽ ഭവനരഹിതരായ സ്ത്രീപുരുഷന്മാരുടേയും കുട്ടികളുടേയും കണക്ക് അവൾ പറഞ്ഞു. ആ കഷ്ടപ്പാടുകാക്കു സഹായമെത്തിക്കുന്നതിനു രൂപീകരിക്കപ്പെട്ട സമിതിയിലെ ഒരംഗമായിരുന്നു അവൾ. ആ പട്ടിക ഒപ്പുവയ്ക്കാനായി ഞങ്ങളുടെ പക്കൽ തന്നിട്ടു മടക്കിവാങ്ങിക്കൊണ്ട് അവൾ യാത്രപറയാൻ ഒരുങ്ങി.

“പീററർ പെട്രോവിച്ച്, നിങ്ങൾ ഞങ്ങളെയാകെ മറന്നുകഴിഞ്ഞു,” ബെല്ലോക്കുറോവിൻെറനേക്കു കൈനീട്ടിക്കൊണ്ട് അവൾ തുടന്നു: “മോൺസിയർ എൻ—(എന്നെയാണവൾ അതുകൊണ്ടുദ്ദേശിച്ചതു്) തൻെറ ആരാധകരുമായി ഇടപഴകാൻ ഇഷ്ടപ്പെടുന്നപക്ഷം ഞാനും അമ്മയും വളരെ സന്തുഷ്ടരായിരിക്കും, നിങ്ങൾ രണ്ടുപേരുമായി വരണം.”

ഞാൻ ശിരസ്സു നമിച്ചു.

അവൾ പോയിക്കഴിഞ്ഞപ്പോൾ പീററർ പെട്രോവിച്ച് അവളെപ്പററി പറയാൻതുടങ്ങി. അയാൾ പറഞ്ഞതു്, അവൾ വലിയ ഒരു കുടുംബത്തിലെ അംഗമാണു്, പേരു് ലിഡിയാവോൾച്ചാനിനോവാ, അവൾ അമ്മയോടും അനുജത്തിയോടുംകൂടി താമസിച്ചിരുന്ന 'എസ്റ്റേററ്'ന്റെ ചിറയ്ക്കുമപ്പുറമുള്ള ഭാഗത്തിന്റെകൂടി ഷെൽക്കോവ്ക്കാ എന്ന ഒററപ്പേരാണു്. മോസ്ക്കോയിൽ നല്ല പദവിയിൽ ഇരുന്ന അവളുടെ അച്ഛൻ മരിക്കുമ്പോൾ രാജസഭയിൽ അംഗമായിരുന്നു. സമൃദ്ധിനിറഞ്ഞ പരിസരമായിരുന്നെങ്കിലും വഷത്തിലെ എല്ലാ ഋതുക്കളിലും ആ കുടുംബം ഈ നാട്ടുമ്പുറത്തുതന്നെ കഴിച്ചിരുന്നു, ലിഡിയാ താൻ ജനിച്ച ഷെൽക്കോവ്ക്കാഗ്രാമത്തിലെ * സെംസ്റ്റ്വോ സ്കൂളിൽ ഇരുപത്തഞ്ചു റൂബിൾ പ്രതിഫലത്തിന്മേൽ അദ്ധ്യാപികയായി പണി എടുത്തുമിരുന്നു. അവളുടെ സ്വകാര്യച്ചെലവിനുള്ള ആ തുക നേടാൻ കഴിയുന്നതിൽ അവൾ അഭിമാനംകൊണ്ടിരുന്നു.

"വളരെ ഭേദപ്പെട്ട ഒരു കുടുംബമാണ്" ബെലോകുറോവ് പറഞ്ഞു. "തീച്ചയായും നമുക്കവിടൊന്നുപോകണം. നിങ്ങൾകൂടിവന്നാൽ അവക്കു് വളരെ സന്തോഷമായിരിക്കും."

ഒരു ദിവസം ഉച്ചഭക്ഷണവുംകഴിഞ്ഞു്—അന്നേതോ പുണ്യവാളന്മാരുടെ ദിനമായിരുന്നു—വൊൾച്ചാനിനോവാ കുടുംബത്തെ സന്ദശിക്കാമെന്നോകാത്തും ഓർത്ത ഞങ്ങൾ 'ഷെൽക്കോവ്ക്കാ'യിലേയ്ക്കു തിരിച്ചു. അമ്മയും രണ്ടുമക്കളും വീട്ടിൽതന്നെ ഉണ്ടായിരുന്നു. അവരുടെ അമ്മ, യകാറ്റെറിനാ പവ്ലോവ്നാ, ഒരു കാലത്തു് സുന്ദരിയായിരുന്നിരിക്കണം, പക്ഷേ പ്രായത്തിന്റെചേരുന്നതിലധികം തടിച്ചു് ശ്വാസഗതിയുടെ ശക്തിക്രമംകുറഞ്ഞ ശോകാത്മകഭാവംപൂണ്ട അവർ ഒരു ശൂന്യമാനസയായിരുന്നു. കലയെപ്പററി സരസമായി എന്നോടു സംസാരിക്കാൻ അവർ ശ്രമിച്ചിരുന്നു. ഞാൻ ഷെൽക്കോവ്ക്കായിൽ ചെല്ലുമെന്നു മകളിൽനിന്നും അറിഞ്ഞിരുന്ന അവർ, മോസ്ക്കോയിലെ പ്രദശനത്തിൽവെച്ചിരുന്ന എന്റെ ചില പ്രകൃതിചിത്രീകരണങ്ങൾ ശ്രമപ്പെട്ടു് ഓമ്മയിൽ വരുത്തിവെച്ചിരുന്നു. അവയിൽ ഞാനുദ്ദേശിച്ചിരുന്നതെന്താണെന്നവർ ചോദിച്ചു. ലിഡിയാ, അതല്ലെങ്കിൽ വീട്ടിൽ വിളിക്കപ്പെട്ടുന്ന മട്ടിലാണെങ്കിൽ ലിഡ്, ഏ

* 1866-ൽ റഷ്യയിൽ ഓരോ ജില്ലയിലുമായി ഏർപ്പെടുത്തപ്പെട്ട ജനപ്രതിനിധിസഭ. ഇതിന്റെ അധികാരങ്ങൾ 1890-ൽ കുറവുചെയ്തു.

യസമയവും വൈലോകുറോവിനോടാണ് അധികം സംസാരിച്ചിരുന്നതു്. പുഞ്ചിരി പടരാത്തതും ഗൗരവഭാവമണിഞ്ഞതുമായ മുഖത്തോടെ അവൾ 'സെംസ്റ്റ്വോയി'ൽ പ്രവർത്തിക്കാത്തതിനെപ്പററിയും ഒററ യോഗത്തിലെങ്കിലും സംബന്ധിക്കാത്തതിനെപ്പററിയും ചോദിച്ചുകൊണ്ടിരുന്നു.

"പീററർ പെട്രാവിച്ച് ഇതൊട്ടും ശരിയല്ല." അവർ കുററപ്പെടുത്തുന്ന സ്വരത്തിൽ പറഞ്ഞു. "തീർച്ചയായും ഇതു തെററാണ്—നിങ്ങൾ സ്വയം ലജ്ജിക്കേണ്ടതാണ്."

"ശരിയാണ്, ലിഡാ, വളരെ ശരിയാണ്." അവളുടെ അമ്മ പറഞ്ഞു: "അതു വലിയ തെററുതന്നെ."

"നമ്മുടെ ജില്ലാ മുഴുവൻ ബലാഗിൻെറ പിടിയിലാണ്." ലിഡാ പറഞ്ഞിട്ട് എന്നോടു തിരിഞ്ഞു. "പ്രാദേശികസഭാദ്ധ്യക്ഷനാണയാൾ, അയാൾ തൻെറ അനന്തിരവരേയും മക്കളേയും എല്ലാം ഉദ്യോഗത്തിൽ നിയമിക്കും, പിന്നെന്തുതോന്ന്യാസങ്ങളും കാട്ടും. ഇതു തീർച്ചയായും നാം തടയണം. ചെറുപ്പക്കാരായ നാം ഒരു നല്ല സംഘടനയുണ്ടാക്കണം, പക്ഷേ നമ്മുടെ ആളുകളുടെ പോക്കിതാണ്. ഇതു തീരെ നല്ലതല്ല, പീററർ പെട്രോവിച്ച്!"

സെംസ്റ്റ്വോയുടെ കാര്യം ചർച്ചയായപ്പോൾ സെൻയാ, ഇളയവൾ, ഒരക്ഷരം സംസാരിച്ചിരുന്നില്ല. കുട്ടിക്കാലത്തെ തൻെറ ശുശ്രൂഷകിയെ അവൾ വിളിച്ചിരുന്നവിധം "മിസ്സി" എന്ന ബാലിശമായ ഓമനപ്പേരും ഒരു കൊച്ചുകുട്ടി എന്ന പരിഗണനയുംമാത്രം ലഭിച്ചിരുന്ന അവൾ, ഗൗരവതരമായ ചർച്ചകളിൽ തനിക്കൊരു കാര്യവുമില്ലെന്ന മട്ടിൽ ഇരുന്നു. കുടുംബാംഗങ്ങളുടെ ചിത്രങ്ങളടങ്ങിയ ആൽബം ഞാൻ മറിച്ചുനോക്കിക്കൊണ്ടിരിക്കുമ്പോൾ കൗതുകനിർഭരമായ മിഴികൾ എന്നിലുറപ്പിച്ചിരുന്ന്, അവൾ അവരെ എനിക്കു മനസ്സിലാക്കിത്തന്നുകൊണ്ടിരുന്നു—"അതെൻെറ ചിററപ്പനാണ്....അതെൻെറ തലതൊട്ടപ്പനാണ്," നേരിയ വിരൽകൊണ്ട് ചിത്രങ്ങളിൽ സ്പർശിച്ചു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, അവളുടെ ചുമൽ പന്തിയല്ലാത്തവിധം എൻെറ ഭുജത്തിൽ ഉരസിയിരുന്നു. അപ്പോൾ ലേശംകൂടി വളരാനുള്ള തിടുക്കത്തോടെ നില്ക്കുന്ന കുചങ്ങൾ വ്യക്തമായി കാണാമായിരുന്നു. നേർത്ത തെളിഞ്ഞ ചുമലും, ഞൊറിവുകളും ഒതുക്കിക്കെട്ടപ്പെട്ട അരയോടുകൂടിയ മേനിയും എന്നോടടുത്തിരുന്നു.

ഞങ്ങൾ ക്രോക്കറും ടെന്നിസും കളിച്ചു്, ഉദ്യാനത്തിൽ ഉലാത്തി, ചായകഴിച്ചു്, ഒടുവിൽ അത്താഴത്തിനിരുന്നപ്പോൾ സംഭാഷണം വളരെ നീണ്ടുപോയി. ചുവരിൽ എണ്ണച്ഛായാചിത്രങ്ങളുടെ പകപ്പുകളായ അച്ചടിച്ചിത്രങ്ങളില്ലാത്ത ആ വലിയ ബാൾറൂമിൽ സുഖപ്രദമായ ഒരു ഭവനത്തിലെ ഹൃദയലാഘവത്വവും കുളുർമ്മയും ഞാനനുഭവിച്ചു. അവർ ഭൃത്യരെപ്പോലും കുറച്ചു ഭേദപ്പെട്ട രീതിയിലാണു് സംബോധന ചെയ്തിരുന്നതു്. ലിഡായും, മിസ്സിയും അന്തരീക്ഷത്തിനൊരു വിശുദ്ധിയും പ്രസരിപ്പും വരുത്തിയിരുന്നു, എന്തിലും ഒരു സാന്ദ്രത അനുഭവപ്പെട്ടിരുന്നു. അത്താഴസമയത്തു് ലിഡാ, വീണ്ടും ബലാഗിനേയും സെംസ്റ്റ്വോയേയുംപററി ബെലാക്കുറോവിനോടു് സംസാരിച്ചു. വളരെക്കൂടുതൽ ഉച്ചത്തിൽ സംസാരിച്ചിരുന്നെങ്കിലും അവളുടെ വാചാലത ഹൃദ്യമായിരുന്നു—ഒരദ്ധ്യാപികയുടെ ജീവിതമാവാം അവൾക്കാശീലം വരുത്തിയതു്. എൻെറ സ്നേഹിതൻ പീററർ പെട്രോവിച്ചാകട്ടെ നേരേമറിച്ചു്, എന്തു സംസാരവും തർക്കത്തിലേയ്ക്കുമറിക്കുന്ന വിദ്യാർത്ഥിജീവിതത്തിലെ സ്വഭാവക്കാരനായിരുന്നു. വീറോടും വിരാമമില്ലാതെയും തൻെറ ഭാഗം നേടാൻനിന്ന അയാൾ തൻെറ ബുദ്ധിയും പുരോഗമനാശയങ്ങളും പ്രകടിപ്പിക്കാൻ ബദ്ധപ്പെട്ടിരുന്നു. അയാളുടെ അംഗവിക്ഷേപംകൊണ്ടു് ഒരു കറിപ്പാത്രം കമിഴ്ന്നു് മേശപ്പുറത്തു പടർന്നു ഞാനൊഴിച്ചാരും ശ്രദ്ധിച്ച മട്ടുതന്നെ കണ്ടില്ല.

ഞങ്ങൾ യാത്രപറഞ്ഞിറങ്ങുമ്പോൾ എങ്ങും ഇരുളും ശാന്തതയും പരന്നിരുന്നു.

"കറിപ്പാത്രം തട്ടിക്കമിഴ്ത്തുന്നതു് നല്ല ശീലമല്ലെങ്കിലും അതു ശ്രദ്ധിക്കാതിരിക്കുന്നതാശ്വാസകരമാണു്." ബെലാക്കുറോവു് നെടുവീർപ്പോടെ പറഞ്ഞു. "അവർ സന്തുഷ്ടരും സംസ്കാരസമ്പന്നരുമായ ഒരു കുടുംബമാണു്. നല്ലവരുമായുള്ള സംസർഗ്ഗം എനിക്കു കുറഞ്ഞിരുന്നു—ഞാൻ നശിച്ചു. ഇനി വളരെയേറെ ചെയ്യേണ്ടതായുണ്ടു്. വളരെയേറെ!"

ഒരു മാതൃകയായിരിക്കേണ്ട ജന്മിയുടെ കടമകളെപ്പററി അയാൾ വളരെ പറഞ്ഞു. ഈ മനുഷ്യൻ, എത്ര അലസനും നിയന്ത്രണരഹിതനുമാണെന്നു് ഞാൻ ചിന്തിച്ചുപോയി. അയാൾ ഗൗരവപൂർണ്ണമായ കാര്യങ്ങൾ സംസാരിക്കുമ്പോഴൊക്കെ വേദനകലർന്ന തീക്ഷ്ണതയോടെ നിവൃത്തിനിവൃത്തി സംസാരിച്ചിരുന്നു—അതു പൂർണ്ണമാക്കുന്നതിനു

വല്ലാത്ത താമസംവരുക എന്നതൊരു ശീലമായിരുന്നു. അയാൾ ഒരു പ്രായോഗികജീവിയാണെന്നു വിശ്വസിക്കാൻ എനിക്കു കഴിവില്ല, കാരണമില്ലാതല്ല, വല്ല കത്തും തപാലിലിടാൻ ഞാനേല്പിച്ചിട്ടുള്ളപ്പോഴൊക്കെ അതയാളുടെ കീശയിൽത്തന്നെ കിടന്നുപോകും.

"നാശംപിടിക്കാൻ, ഇതൊന്നുമല്ല," എന്നോടുകൂടി നടക്കുന്നതിനിടയിൽ അയാൾ മുരണ്ടു. "എന്തൊക്കെ പ്രവർത്തിച്ചാലും, ഒരു ആർദ്രത ആരിൽനിന്നും ലഭിക്കുകില്ല. എങ്ങുനിന്നും ലഭിക്കുന്നില്ല."

## II

ഞാൻ വോൾക്കാനിനോവ്കുടുംബത്തിലെ ഒരു സാധാരണ സന്ദർശകനായി. വരാന്തയിലേക്കു കടക്കുന്നിടത്തുള്ള താഴത്തെ പടിയിലാണു് ഞാൻ സാധാരണ ഇരിക്കുക. ജീവിതം പ്രയോജനശൂന്യമായി അതിശീഘ്രം പാഞ്ഞുപോകുന്നതിനെപ്പററി, ഹൃദയവേദനയുടേയും പശ്ചാത്താപത്തിൻേറയും ഭാരം ചുമന്നുകൊണ്ടിരുന്നു. എനിക്കുതന്നെ താങ്ങാൻകഴിയാത്തവിധം ഭാരം നിറഞ്ഞു നില്ക്കുന്ന കരളു വലിച്ചുചീന്തി എടുത്തെറിയാൻകഴിഞ്ഞാൽ ഒട്ടൊരാശ്വാസംതോന്നുമെന്നു് ഞാൻ സ്വയം മന്ത്രിച്ചിരുന്നു. ലിഡാ എന്നും രോഗികളെ സ്വീകരിക്കയും, പുസ്തകങ്ങൾ കൊടുക്കയും പലപ്പോഴും ഒരു കുടയുമായി ഗ്രാമത്തിൽ പോകയും, രാത്രിമുഴവൻ സെംസ്റവോയെപ്പററിയും പള്ളിക്കൂടത്തെപ്പററിയും സംസാരിക്കയും ചെയ്തിരുന്നതായി ഞാൻ പെട്ടെന്നറിഞ്ഞു. നേർത്തുമെലിഞ്ഞു സുന്ദരിയായ അവൾ ഒരു കക്കശഭാവത്തോടെ പ്രായോഗികമായ കാര്യങ്ങളെപ്പററി പ്രസംഗിക്കുമ്പോഴൊക്കെ ഒരു മുഖവുരയെന്നോണം പറയുമായിരുന്നു:

"ഇതു നിങ്ങൾക്കു കൗതുകമുള്ളതായിരിക്കയില്ല."

എന്നെ അവൾ ഇഷ്ടപ്പെട്ടിരുന്നില്ല. ഞാൻ പ്രകൃതിഭംഗി പകർത്തുന്ന ഒരു ചിത്രകാരനായിരുന്നതിനാലും എൻെറ ചിത്രങ്ങളിൽ ജനതയുടെ ആവശ്യങ്ങൾ ഇല്ലാതിരുന്നതിനാലും ഞാനിതിലൊക്കെ അശ്രദ്ധനാണെന്നു വിശ്വസിച്ചുമാണു് അവൾ എന്നെ ഇഷ്ടപ്പെടാതിരുന്നതു്. ബെയ്ക്കൽ തടാകതീരത്തു സഞ്ചരിക്കുമ്പോൾ ഉടുപ്പും നീലനിറത്തിലുള്ള നീണ്ട കാലുറകളും ധരിച്ചു കുതിരപ്പുറത്തു വന്ന ഒരു ബുർയാത്ത്പെൺകുട്ടിയുമായി ഞാൻ കണ്ടു. അവളുടെ മുരളി വില്ക്കുമോ എന്നു ഞാനന്വേഷിച്ചു, പക്ഷേ എൻെറ

പാശ്ചാത്യവേഷത്തിലും തൊപ്പിയിലും വെറുപ്പോടെ ഒന്നു നോക്കി ഒരുനിമിഷംതികച്ചു സംസാരിക്കാനുള്ള കൗതുകംകാണാതെ അവരം തൻെറ കുതിരയെ ഓടിച്ചുപോയി. അതേവിധം ലിഡാ എന്നെ വ്യത്യസ്ഥയായി കാണുന്നതായി എനിക്കു തോന്നി. അവരം, എന്നോടുള്ള വെറുപ്പു പ്രകടമാക്കിയിരുന്നില്ലെങ്കിലും ഞാനതു മനസ്സിലാക്കുന്നുണ്ടായിരുന്നു. ഒരു ഡാക്റ്ററല്ലാതെ മരുന്നുകൊടുക്കുന്നതു വഞ്ചനയാണെന്നും ആവശ്യംപോലെ വസ്തുവകകളും സമ്പത്തും ഉള്ളയാളിനു കുറെ ഭൂതദയയൊക്കെ കാട്ടാൻകഴിയുന്നതു് അത്ര മഹാകാര്യമല്ലെന്നും ഞാൻ ആ വരാന്തയ്ക്കടുത്തെ പടിയുടെ താഴേഅററത്തിരുന്നു പറഞ്ഞു സമാധാനപ്പെട്ടമായിരുന്നു.

അവളുടെ അനുജത്തി 'മിസ്സി' എന്നെപ്പോലെ ലോകത്തെപ്പററി വലിയ ചിന്തയൊന്നും ഇല്ലാതെ ഒരലസജീവിതം നയിച്ചിരുന്നു. രാവിലെ എഴുന്നേററാൽ വരാന്തയിലെ ഒരു ചാരുകസാലയിൽ വന്നുകിടന്നു് അവരം വായിക്കാൻതുടങ്ങും, അവളുടെ കാലടികരം നിലത്തു സ്പർശിക്കുകതന്നെയില്ലായിരിക്കും. ചിലപ്പോരം നാരകച്ചെടികരംക്കിടയിലൂടെയുള്ള പാതയിലോ, പാടത്തോ അവരം ഏകാന്തമായ പാരായണത്തിൽ മുഴുകി സമയംപോക്കും. ആത്തിയോടെ താളുകരം വായിച്ചുതീക്കുന്ന അവളുടെ നോട്ടവും മുഖത്തെ വിളച്ചയും പാരായണം ഒരു മാനസികാദ്ധ്വാനമാണെന്നു വിളിച്ചറിയിക്കാറുണ്ടു്. എന്നെ പെട്ടെന്നു കാണുമ്പോരം ഒരു സംഭ്രമം അവളുടെ മുഖത്തു തെളിയും, പുസ്തകം മാററിവയ്ക്കും, ആ നീണ്ട നയനങ്ങരം എൻെറ മുഖത്തുറപ്പിച്ചു താല്പര്യപൂർവ്വം ഞങ്ങരം അതിനുമുമ്പു പിരിഞ്ഞശേഷമുണ്ടായിട്ടുള്ള എല്ലാ സംഭവങ്ങളും ഒന്നൊഴിയാതെ പറയും—ഭൃത്യരുടെഭാഗത്തെ പുകക്കുഴലിലൂടെ. തീ ആളിക്കത്തിയതു്; ഒരു ജോലിക്കാരൻ മുൻവശത്തെ ചിറയിൽനിന്നും ഒരു വലിയ മത്സ്യംപിടിച്ചതു്. മിക്കദിവസങ്ങളിലും അവരം ഇളനിറത്തിലുള്ള ഒരു ബ്ളൗസും കടുത്ത നീലനിറത്തിലുള്ള ഒരു പാവാടയുമാണു ധരിക്കുക. ഞങ്ങരം ഒരുമിച്ചു ലാത്തുകയും വററുന്നതിനു പഴങ്ങരം പറിക്കയും തോണിയാത്രചെയ്യുകയും ചെയ്തിരുന്നു. അവരം തോണിയിലേക്കു കുതിച്ചുകയറുകയോ പഴങ്ങരം പറിക്കാൻ ശ്രമിക്കയോ ചെയ്യുമ്പോരം നേർത്തു സുന്ദരമായ അവളുടെ നഗ്നമായ കരം കട്ടികുറഞ്ഞു് ഇളകിക്കിടന്നുതുള്ളുന്ന ബ്ളൗസിൻെറ കൈകളിൽകൂടി കാണാമായിരുന്നു. ചിലപ്പോരം ഞാൻ ചിത്രംവരയ്ക്കുകയും അവരം പ്രശംസകളുംചൊരിഞ്ഞു നില്ക്കുയും ചെയ്യുമായിരുന്നു.

ജൂലൈമാസത്തിലെ ഒരു ഞായറാഴ്ച രാവിലെ ഒമ്പതുമണിക്ക് ഞാൻ വോറംച്ചാനിനോമ്പ് കുടുംബത്തിലേക്കു തിരിച്ചു. ആ തോട്ടത്തിൽ, വീടുമായി കഴിയുന്നാത്ര അകന്ന് ഉഷ്ണകാലത്തു സുലഭമായ കുമിഠം, പിന്നീടു സെൻയായുമായി വന്നു ശേഖരിക്കത്തക്കവിധം, കണ്ടുപിടിച്ച് അടയാളംചെയ്തുകൊണ്ടു ഞാൻ നടക്കുകയായിരുന്നു. ഊഷ്മളമായ കാററു വീശിക്കൊണ്ടിരുന്നു. സെൻയായും അമ്മയും ലളിതമായ വസ്ത്രങ്ങളണിഞ്ഞു്, പള്ളിയിൽനിന്നും വീട്ടിലേക്കുവരുന്നതു കാണപ്പെട്ടു. സെൻയാ തൻെറ ഹാററ് കയ്യിൽവച്ചിരുന്നു. കുറേക്കഴിഞ്ഞു് അവർ വെണ്മാടത്തിലിരുന്നു ചായകഴിച്ചു.

ഒരലസജീവിയായ ഞാൻ എൻെറ അലസതയ്ക്കു ന്യായീകരണം കാണാൻ സ്വാഭാവികമായി ശ്രമിക്കാറുള്ളതിനാൽ ഞായറാഴ്ചദിവസങ്ങളിലെ ഈ സന്ദശനങ്ങൾക്കൊരു പ്രത്യേകമാധുര്യമുണ്ടായിരുന്നു. ഈ ഉദ്യാനം കുളുമ്മയണിഞ്ഞു് ആദ്യത്തെ കിരണങ്ങളേററു മിന്നുന്ന മഞ്ഞുതുള്ളികളുമായിനിന്നു മദിക്കുമ്പോൾ, അരളിയും പിച്ചിയും വീട്ടിനുചുററും സുഗന്ധത്തിൻെറ പട്ടുമെത്ത വിരിക്കുമ്പോൾ ആ യുവതികൾ പള്ളിയിൽനിന്നെത്തി അണിഞ്ഞൊരുങ്ങി ഉല്ലാസത്തോടെ ഇരുന്നു പ്രാതൽകഴിക്കുമ്പോൾ, പൂർണ്ണവിശ്രമത്തിനുവച്ച ആ ദിവസം ജീവിതംമുഴുവൻ നീണ്ടുനില്ക്കാൻ ഞാനാഗ്രഹിച്ചുപോകാറുണ്ടു്. ആ പ്രത്യേകദിവസവും ഞാനങ്ങനെതന്നെയുള്ള ചിന്തയിലായിരുന്നു. അപ്പോൾ ആ തോട്ടത്തിൽ മററു ചിന്തകളും ലക്ഷ്യങ്ങളും ഇല്ലാതെ അവിരാമം നടക്കാൻ ഞാൻ ഒരുക്കമായിരുന്നു, ആ ദിവസംമുഴുവൻ, ആ ഋതുമുഴുവൻ.

സെൻയാ ഒരു കുട്ടയും തൂക്കിപ്പിടിച്ചെത്തി, എന്നെ തോട്ടത്തിൽ കാണുമെന്നു നേരത്തേ അവൾക്കുറപ്പുണ്ടായിരുന്നപോലെ തോന്നി. ഞങ്ങൾ കുമിൾ ശേഖരിച്ചു, വളരെയൊക്കെ സംസാരിച്ചു, അവൾ ഒരു ചോദ്യം ചോദിച്ചപ്പോൾ എൻെറ മുഖം കാണുന്നതിനായി മുന്നിലേയ്ക്കു കടന്നുനിന്നിരുന്നു.

"ഗ്രാമത്തിൽ ഇന്നലെ ഒരു അതിശയമുണ്ടായി." അവൾ പറഞ്ഞു. "മുടന്തി പെലാഗിയാ ഒരുവർഷമായി സുഖക്കേടായി കിടന്നതാണു്. സവ് ഡാക്ടർമാരും സവ് മരുന്നുകളും തോററു് ഒടുവിൽ ഇന്നലെ ഒരു കിഴവി വന്നു് അവളുടെ ചെവിയിലെന്തോ മന്ത്രിച്ചു. അതോടെ സുഖക്കേടെല്ലാം പറന്നു."

“അതിൽ തീരെ കാൎയ്യമില്ല” ഞാൻ പറഞ്ഞു. “നാം പ്രായം ചെന്നവരുടെയും രോഗികളുടേയും കാൎയ്യത്തിൽ അത്ഭുതങ്ങൾക്കായി നോക്കിക്കൂടാ. ആരോഗ്യംതന്നെ ഒരത്ഭുതമല്ലേ? ജീവിതം? മനസ്സിലാക്കാൻ നമുക്കു വിഷമമുള്ളതൊക്കെ അത്ഭുതങ്ങളാണു്.”

‘,മനസ്സിലാക്കാൻ കഴിയാത്ത കാൎയ്യങ്ങളെ നിങ്ങൾക്കു ഭയമില്ലേ?

“ഇല്ല. മനസ്സിലാക്കാൻ കഴിയാത്ത അത്ഭുതങ്ങളെ ഞാൻ ധൈൎയ്യമായി നേരിടുന്നു. ഞാൻ സംഭ്രമത്തിനു വഴങ്ങാറില്ല. ഞാനതിനുപരിയാണു്. മനുഷ്യൻതന്നെ, സിംഹം, കടുവാ, നക്ഷത്രങ്ങൾ തുടങ്ങി പ്രകൃതിയിലുള്ള എല്ലാററിനുമുപരിയാണെന്ന ബോധം ഉണ്ടാകണം. അത്ഭുതങ്ങൾക്കും, ഗ്രഹിക്കാനാവാത്തതായി കാണുന്നവയ്ക്കും ഉപരിയായി മനുഷ്യൻ തന്നെ കാണണം. അല്ലെങ്കിൽ മനുഷ്യൻ മനുഷ്യനല്ല, എല്ലാത്തിനേയും ഭയക്കുന്ന മൂഷികനാകുന്നു.”

ഒരു കലാകാരനെന്നനിലയിൽ എനിക്കു വളരെ അറിവുണ്ടെന്നും, അതിനപ്പുറത്തുള്ളതു് ഊഹിക്കാനുള്ള കഴിവുണ്ടെന്നും സെൻയാ വിശ്വസിച്ചു. ദിവ്യവും ശാശ്വതവുമായി അവൾ വിശ്വസിക്കുന്ന ഒരു വിശുദ്ധലോകത്തിലേയ്ക്കവളെ നയിക്കാൻ ശക്തനായി അവളെന്നെ കാണുകയായിരുന്നു. ശാശ്വതമായ ശാന്തിയേയും അത്ഭുതങ്ങളേയും പററി അവൾ പറഞ്ഞു. എല്ലാം സമ്മതിക്കാൻ കഴിയാതെ, മരണത്തോടെ എന്റെ ഭാവനയും ഞാനും നശിക്കുമെന്നു സമ്മതിക്കാൻ കഴിവില്ലാത്ത ഞാൻ പറയും: “മനുഷ്യൻ അനശ്വരനാണു്”, ശാശ്വതമായ ജീവിതം നമ്മെ കാത്തിരിക്കുന്നു.” തെളിവുകൾ ആവശ്യപ്പെടാതെ അവളതു ശ്രദ്ധിച്ചുകേട്ടിരുന്നു, വിശ്വസിച്ചിരുന്നു.

ഞാൻ വീട്ടിലേയ്ക്കു മടങ്ങാൻ ഭാവിക്കുമ്പോൾ അവൾ പെട്ടെന്നു നിന്നിട്ടു പറഞ്ഞു;

“നമ്മുടെ ലിഡാ, മഹത്വമുള്ള ഒരുവളല്ലേ? ഞാനവളെപ്പററി അഭിമാനംകൊള്ളുന്നു. അവൾക്കുവേണ്ടി എന്റെ ജീവിതം ബലികഴിക്കേണ്ടിവന്നാൽ ഒരുനിമിഷം പതറാതെ ഞാനതു ചെയ്യും. പക്ഷേ—സെൻയാ ഒരു വിരൽ എന്റെ കോട്ടിന്റെ കൈയിൽ വച്ചുകൊണ്ടു ചോദിച്ചു. “നിങ്ങൾ എന്താണെപ്പോഴും അവളോടു തക്കിക്കുന്നതു്? എന്താണു നിങ്ങളെപ്പോഴും ശുണ്ഠിയെടുക്കുന്നതു്?

“അവൾ തെററുകളിൽ വിശ്വസിക്കുന്നതുകൊണ്ടു്!”

സെൻയാ അതംഗീകരിക്കാതെ ശിരസ്സ് ചലിപ്പിച്ചു, അവളുടെ മിഴികാം നിറഞ്ഞു.

"അതു മനസ്സിലാക്കാൻ എത്ര പ്രയാസമായിരിക്കുന്നു!" അവാം പറഞ്ഞു.

അപ്പോഠം എവിടെനിന്നോ മടങ്ങിയെത്തിയ ഭാവത്തിൽ ലിഡാ കൈയിൽ ഒരു കവഞ്ചിയുമായി നിന്ന് ഒരു ജോലിക്കാരനു നിർദ്ദേശങ്ങഠം നല്കിക്കൊണ്ടു നിന്നിരുന്നു. കതിരവൻെറ കിരണങ്ങളേററ് അവളുടെ മെലിഞ്ഞു സുന്ദരമായ രൂപം കൂടുതൽ ആകർഷകമായിരുന്നു. അവാം ധൃതിയിൽ രണ്ടുമൂന്നു രോഗികളെ സ്വീകരിച്ച് ഉച്ചത്തിൽ സംസാരിച്ചുകൊണ്ടു തിരക്കും അക്ഷമയും കൊണ്ടു ഭാവത്തോടെ ഓരോ അറയിലും പാഞ്ഞുനടന്ന് അലമാരകളും മററും വലിച്ചു തുറന്നുനോക്കിയിട്ടു മുകളിലേയ്ക്കു പോയി. ഭക്ഷണംകഴിക്കുന്നതിനു തിരഞ്ഞിട്ടുതന്നെ അവാം അകപ്പെട്ടില്ല. സൂപ്പുകഴിക്കാറായപ്പോഴാണവാം ഞങ്ങളുടെ ഭക്ഷണമേശയ്ക്കടുത്തെത്തിയതു്. വിശേഷവിധിയായി ഒന്നും സംഭവിച്ചിട്ടില്ലെങ്കിലും, വിശദാംശങ്ങളിലേയ്ക്ക് എൻെറ സ്മരണ സാന്ദ്രതനിറഞ്ഞ ഒരനുഭൂതിയോടെ ചെന്നെത്തുന്നുണ്ടു്. ഭക്ഷണത്തിനുശേഷം സെൻയാ ഒരു ചാരുകസാലയിൽ കിടന്നു വായനതുടങ്ങിയപ്പോഠം ഞാൻ വരാന്തയുടെ താഴെയററത്തുള്ള പടിയിലിരുന്നു. ആരും ഒന്നും സംസാരിച്ചിരുന്നില്ല. മേഘാവൃതമായ ആകാശം ഇരുണ്ടിരുന്നു, ചാററൽമഴയുമുണ്ടായിരുന്നു, ചൂടുമാറിയിരുന്നില്ല; കാററകന്നിരുന്നു, ആ ദിനം ഒരിക്കലും അവസാനിക്കയില്ലെന്നു തോന്നി. നിദ്രയുടെ നിഴൽമായാത്ത മിഴികളോടെ യകറേറിനാ പവ്ലോവ്നാ ഒരു വിശറിയുമായി വരാന്തയിലേയ്ക്കു വന്നു.

"ഓ! അമ്മേ," സെൻയാ അവരുടെ പാണിയിൽ ചുംബിച്ചുകൊണ്ടു പറഞ്ഞു. "പകൽ കിടന്നുറങ്ങുന്നതു് അമ്മയുടെ ശരീരസ്ഥിതിക്കു നന്നല്ല."

അവർ പരസ്പരം ദാർഢ്യമുള്ള മമതയിലായിരുന്നു. ആരെങ്കിലും ഒരാഠം തോട്ടത്തിലേക്കോ മറേറാ പോയാൽ അടുത്തയാഠം വരാന്തയിൽ പ്രത്യക്ഷപ്പെട്ടു് മരങ്ങഠംക്കിടയിലൂടെ മിഴികളയച്ചുകൊണ്ടു നീട്ടിവിളിക്കും "സെൻയാ! സെൻയാ!!" അല്ലെങ്കിൽ "അമ്മേ, അമ്മ എവിടെപ്പോയി?" അവർ ധ്യാനവും പ്രാർത്ഥനയും മററും ഒരുമിച്ചു നടത്തിയിരുന്നു, അവരുടെ വിശ്വാസങ്ങഠംക്കു വളരെ പൊരുത്തമുണ്ടായിരുന്നു. സംസാരിക്കാതെതന്നെ അവർ പരസ്പരം ശരിക്കറി

ഞ്ഞിരുന്നു. മററുള്ളവരോടുള്ള പെരുമാററത്തിലും അവർ തുല്യനില യിലായിരുന്നു. യക്കറേററിനാ പവ്ലോവ്നാ വിളംബമില്ലാതെ തന്നെ എന്നോട്ട് ഉററ മമതയിലായിരുന്നു. രണ്ടോ മൂന്നോ ദിവ സത്തേയ്ക്കു ഞാനങ്ങോട്ടു കടക്കാതിരുന്നാൽ, അവർ ഉടനേ, എൻെറ ശരീരസുഖത്തിനു തകരാവുഭവിച്ചിട്ടാണോ എന്നന്വേഷിക്കും.എൻെറ ചിത്രങ്ങൾ നോക്കി പ്രശംസയും അഭിപ്രായവും ചൊരിയുകയും മിസ്സിയെപ്പോലെതന്നെ ഗാർഹികരഹസ്യങ്ങൾപോലും വിശ്വാസപൂ ർവ്വം അറിയിക്കുകയുംചെയ്തിരുന്നു.

മൂത്തമകളെപ്പററി അവക്കു തികഞ്ഞ ആദരവുതന്നെ ഉണ്ടായി രുന്നു. ലിഡിയായ്ക്കു ലാളനാപരമായ പെരുമാററങ്ങൾ ശീലമില്ലാ യിരുന്നു. അവളുടെ സംസാരം എപ്പോഴും ഗൗരവതരമായ കാര്യങ്ങളെ പ്പററിയുമാണ്. തൻേറതായ നിഷ്ഠകളിൽക്കൂടി അവളുടെ ജീവിതം നീങ്ങുമ്പോൾ, അവളുടെ അനുജത്തിയും അമ്മയും കപ്പലിൻെറ ഗതി നിയന്ത്രിക്കുന്ന കപ്പിത്താനെപ്പററി ഒരു സാധാരണ നാവികനുള്ള ആദരവും ഭക്തിയും സൂക്ഷിച്ചിരുന്നു.

"നമ്മുടെ ലിഡാ, ഒരസാധാരണ വ്യക്തിയാണ്, അല്ലേ?" അവർ പലപ്പോഴും അങ്ങനെ പറഞ്ഞിരുന്നു.

ഈ മഴ ചാറിക്കൊണ്ടിരിക്കുമ്പോഴും ഞങ്ങൾ ലിഡായെപ്പററി സംസാരിച്ചു.

"അവൾ ശ്രേഷ്ഠയാണ്," ആ അമ്മ ചുററും നോക്കി സ്വരം വളരെ താഴ്ത്തി തുടർന്നു.

"ഇവളെപ്പോലെ അധികമാരും കാണുകില്ല. ഒരു ചിന്ത എ ന്നെ അലട്ടാറുണ്ട്. പള്ളിക്കൂടങ്ങളും, ചികിത്സയും, പുസ്തകങ്ങളും— എല്ലാം കൊള്ളാം. പക്ഷേ അങ്ങേഅററമായാൽ നന്നാണോ? അവൾക്കു വയസ്സ് ഇരുപത്തിനാല് ആയി. വിവാഹത്തെപ്പററി ഗൗരവമായി ചിന്തിക്കേണ്ട കാലമായില്ലേ? ഈ പുസ്തകങ്ങളും ആശു പത്രിയും എല്ലാംകൂടി, കാലം കഴിഞ്ഞുപോകുന്നതിനെപ്പററി ബോധ മില്ലാതാക്കുകയാണ്........അവൾ വിവാഹിതയാകേണ്ട പ്രായം കഴി ഞ്ഞിരിക്കുന്നു."

വായനയിൽ മുഴുകിയിരുന്ന സെൻയായുടെ മുഖം വിളറിയിരു ന്നു: അഴിഞ്ഞുലഞ്ഞു ചിതറിവീണ മുടിനാരിഴകളോടെയുള്ള ശിര

സ്സയത്തി ആത്മഗതമായി മന്ത്രിക്കുന്നപോലെ അമ്മയെനോക്കി അവൾ പറഞ്ഞു:

"അമ്മേ, എല്ലാം ഈശ്വരന്റെ കൈകളിലാണു്."

എന്നിട്ടവൾ വീണ്ടും പുസ്തകത്തിൽത്തന്നെ മുഴുകി.

ബെലാക്കുറോവ് വന്നു. അയാൾ കൃഷിക്കാരുടെരീതിയിൽ തുന്നപ്പെട്ട കുപ്പായമാണു ധരിച്ചിരുന്നതു്. ഞങ്ങൾ ക്രോക്കറ്റും ടെന്നിസ്സും കളിച്ചു്, ഇരുട്ടു പടന്നപ്പോൾ അത്താഴത്തിനിരുന്നു. ലിഡാ അപ്പോഴും പള്ളിക്കൂടത്തെപ്പററിയും ജില്ലായിലെഎല്ലാക്കാൎയ്യങ്ങളും തന്റെ പിടിയിൽ അമൎത്തിവച്ചിരിക്കുന്ന ബലാഗിനെപ്പററിയും സംസാരിച്ചു. അന്നു് വോൾചാനിനോവുകുടുംബത്തോടു യാത്രപറഞ്ഞുപിരിഞ്ഞ ഞാൻ സുദീൎഘവും സാന്ദ്രസുന്ദരവുമായ ഒരലസലതയിൽനിന്നു ഒരു ദിവസം കഴിഞ്ഞുപോയതോൎത്തു്, എത്ര നീണ്ട സുഖാനുഭൂതികളാണെങ്കിലും ലോകത്തിൽ അതിന്റെ നിലനില്പിന്നൊരു പരിമിതിയുണ്ടെന്നോൎത്തുപോയി. പടിക്കൽവരെ ഷെൻയാ ഞങ്ങളെ അനുഗമിച്ചു, ഒരുപക്ഷെ പുലൎച്ചമുതൽ അവളുമായി കഴിച്ചുകൂട്ടേണ്ടതായിരിക്കാം വരാനിരിക്കുന്ന ഏകാന്തതനിറഞ്ഞ നിമിഷങ്ങൾ ദുൎഭരമായി എനിക്കു തോന്നി. ഈ നല്ല കുടുംബം എത്രമാത്രം തീക്ഷ്ണമായ ഒരു മമതാബന്ധമാണെന്നിൽ വളൎത്തിയതെന്നു് ഞാനപ്പോഴാണറിയുക. പെട്ടെന്നു്, ഈ ഗ്രീഷ്മൎത്തുവിൽ ചിത്രരചനയ്ക്കുള്ള ഒരു പ്രേരണ എന്നിൽ പെട്ടെന്നുണൎന്നു.

"നിങ്ങളുടെ ജീവിതം വിരസവും അലസവുമാകുന്നതെന്താണു്?" വീട്ടിലേയ്ക്കു മടങ്ങുമ്പോൾ ഞാൻ ബെലാക്കുറോവിനോടു ചോദിച്ചു. "എന്റെ ജീവിതം വിരസവും തീരെ ഉല്ലാസരഹിതവുമാണു്. അതു് ഞാനൊരു ചിത്രകാരനായിട്ടാണു്. പശ്ചാത്താപവും അസൂയയും ആത്മവിശ്വാസക്കുറവും എന്റെ പ്രവൎത്തനശേഷിയെ ചെറുപ്പത്തിലേ കരണ്ടുതിന്നിരുന്നു. ഞാനെന്നും ദരിദ്രനായിരിക്കും, ഞാനൊരു പരാജയമാണു്, നശിച്ചവനാണു്, പക്ഷെ നിങ്ങൾ—നിങ്ങൾക്കാരോഗ്യമുണ്ടു്, മാന്യതയുണ്ടു്, പണമുണ്ടു്—എന്നിട്ടും നിങ്ങളുടെ ജീവിതം ഉന്മേഷരഹിതമാകുന്നു, ജീവിതം നിങ്ങൾക്കു സുഖകരമാകാത്തതെന്തു്? ലിഡായിലോ, ഷെൻയായിലോ അനുരക്തനാകാൻ നിങ്ങൾക്കെന്താണു തടസ്സം?"

"ഞാൻ മറെറാരുവളെ സ്നേഹിക്കുന്നുഎന്നതു് നിങ്ങൾ മറന്നു." ബെലാക്കുറോവു പറഞ്ഞു.

ല്യൂബോവ് ഇവാനോവ്നായെയാണയാൾ അർത്ഥമാക്കിയതെന്ന് എനിക്കു മനസ്സിലായി. അവൾ അയാളോടുകൂടി താമസിക്കുന്നവളാണ്, തടിച്ചു്, വട്ടമുഖവും, ആഡംബരഭ്രമവും ഉള്ള അവൾ ശരത്കാലത്തെ ഹംസത്തെപ്പോലെ റഷ്യയിലെ ദേശീയവസ്ത്രങ്ങളും ആഭരണങ്ങളും അണിഞ്ഞു് കുടയുമായി ഉദ്യാനത്തിൽ ഉലാത്തുന്നതു് ഞാനൊന്നും കണ്ടിട്ടുണ്ടു്. എപ്പോഴും കാപ്പിയോ ഊണോ കഴിക്കുന്നതിന് അവളെ ഭൃത്യ വന്നു വിളിച്ചുകൊണ്ടിരിക്കും. മൂന്നുവർഷംമുമ്പു് വേനൽക്കാലത്തു് അവൾ ആ കെട്ടിടത്തിലെ ഒരു ഭാഗം വാടകയ്ക്കെടുത്തു താമസമാക്കിയതാണ്. ബെലാക്കുറോവിനെക്കാൾ പത്തുവയസ്സു കൂടുതൽഉള്ള അവൾ അയാളെ കയ്യടക്കിവച്ചിരുന്നു. പുറത്തേക്കൊന്നിറങ്ങാൻ അവളുടെ സമ്മതത്തോടല്ലാതെ അയാൾക്കു കഴിഞ്ഞിരുന്നില്ല. അവൾ കൂടെക്കൂടെ വിങ്ങിക്കരയാറുണ്ടു്, അപ്പോഴൊക്കെ അടുത്തു താമസിക്കാൻകഴിയാതെ ഞാൻ മാറാനുദ്ദേശിക്കയാണെന്നറിയിച്ചാൽ കടുത്ത തേങ്ങലും കരച്ചിലും അവൾ നിറുത്തിക്കൊള്ളും.

ഞങ്ങൾ വീട്ടിലെത്തിയപ്പോൾ ബെലാക്കുറോവു് ചിന്തയിൽ മുഴുകി തുറിച്ചുനോക്കിക്കൊണ്ടു് ഒരു സോഫായിൽ ഇരുന്നു. പുതുതായ പ്രേമത്തിന്റെ മധുരിമ പുരണ്ടാലത്തെ ഒരു കുളുർമ്മനിറഞ്ഞ വികാരത്തിന്റെ സുഖത്തോടെ ഞാൻ ആ അറയിൽ ഉലാത്തിക്കൊണ്ടിരുന്നു. വാൾച്ചാനിനോവ്കുടുംബത്തെപ്പററി സംസാരിക്കാൻ എനിക്കു വല്ലാത്ത പ്രചോദനമുണ്ടായി.

"തന്നെപ്പോലെ പള്ളിക്കൂടങ്ങളുടേയും, ആശുപത്രികളുടേയും കാര്യത്തിൽ മുഴുകാൻകഴിയുന്ന 'സെംസ്റ്റ്‌വോ'യിലെ ഒരംഗത്തെ മാത്രമേ ലിഡാ സ്നേഹിക്കയുള്ളു." ഞാൻ പറഞ്ഞു: "പക്ഷേ അവളെപ്പോലെ ഒരുവളെ ലഭിക്കാനായി ഒരാൾ സെംസ്റ്റ്‌വോയിലെ അംഗമാകയല്ല യക്ഷികഥകളിലെ കാമുകന്മാരെപ്പോലെ ഉരുക്കുണ്ടുട്ട്സുകൾ ധരിച്ചുവേണമെങ്കിലും നടക്കും. മിസ്സി? അവൾതന്നെ എത്ര ഓമനത്തമുള്ളവളാണ്!"

വളരെയേറെ "ർ......ർ" ശബ്ദങ്ങളോടെ ശ്വാസംനിറുത്താതെ പ്രായാധിക്യത്തെപ്പററി മനോവേദനയോടെ, അശുഭാപ്തിവിശ്വാസത്തിൽ മുഴുകി—നമ്മുടെ കാലഘട്ടത്തിന്റെ ഒരു രോഗമായിത്തീർന്നിരിക്കയാണ് ഇതു്—ഉറച്ച വിശ്വാസത്തോടെയുള്ള അയാളുടെ പ്രഭാഷണത്തിന്റെ സ്വരം ഞാനയാളുമായി തർക്കിക്കുന്നു എന്ന ഭാവത്തിലായിരുന്നു. വിരസമായ ഒരു മരുഭൂമിയിലെ സൂര്യാതപത്തേക്കാൾ, ഇട

ങ്ങിയ ഒരായിൽ അവിരാമം സംസാരിക്കുവാൻ ഒരുങ്ങി ഇരിക്കുന്ന ഒരാളുടെ സാന്നിദ്ധ്യം കൂടുതൽ അസുഖപ്രദമാണെന്നെനിക്കുതോന്നി.

"ഇതു് ഒരു ശുഭാപ്തിവിശ്വാസത്തെയോ അശുഭാപ്തിവിശ്വാസത്തെയോ ബാധിക്കുന്ന കാര്യമല്ല." ഞാൻ അക്ഷമനായി പറഞ്ഞു. "തൊണ്ണൂററിഒൻപതുശതമാനം ആളുകൾക്കും വിവരമില്ലെന്നാണു് ചുരുക്കം."

ഇതു ബെലാക്കുറോവിനെ ഉന്നംവച്ചു ഞാൻ പറഞ്ഞതാണെന്നോണ്ണി അസുഖപ്പെട്ടു്, അയാൾ എഴുന്നേററുപോയി.

## III

"രാജകുമാരൻ മലോഷ്യാമോവോയിൽ താമസിക്കയാണു്. അദ്ദേഹത്തിന്റെ അഭിവാദനങ്ങൾ അറിയിക്കാൻ പറഞ്ഞു," ലിഡാ അമ്മയോടു പറഞ്ഞു. അവൾ തിരിച്ചെത്തിയിരുന്നതേയുള്ളു, കയ്യുറകൾ ഊരുന്നതിനിടയിൽ അവൾ തുടർന്നു: "അദ്ദേഹം എനിക്കു വളരെ പ്രയോജനപ്പെടുന്ന വിവരങ്ങൾ തന്നു.....പ്രാദേശികസഭയിൽ മലോഷ്യാമോവോയിൽ വൈദ്യസഹായസങ്കേതം സ്ഥാപിക്കുന്നകാര്യം ഉന്നയിക്കാമെന്നദ്ദേഹം വാഗ്ദാനം ചെയ്തിട്ടുണ്ടു്. പക്ഷേ വലിയ പ്രതീക്ഷയ്ക്കൊന്നും വകയില്ലെന്നാണു പറയുന്നതു്." അവൾ പെട്ടന്നുതിരിഞ്ഞു് എന്നോടുപറഞ്ഞു: "ക്ഷമിക്കണം. ഇതൊക്കെ നിങ്ങൾക്കു താല്പര്യമുള്ള കാര്യങ്ങളല്ലെന്നു ഞാൻ മറന്നുപോയി."

"എനിക്കു താല്പര്യമില്ലെന്നെന്താ?" ചുമലുകൾ ചലിപ്പിച്ചുകൊണ്ടു ഞാൻ ചോദിച്ചു. "എന്റെ അഭിപ്രായം അറിയാൻ നിങ്ങൾക്കു കൗതുകമില്ലെങ്കിലും ഈ കാര്യം എനിക്കു വളരെ താല്പര്യമുള്ളതാണു്."

"അതെയോ?"

"അതെ. എന്റെ അഭിപ്രായത്തിൽ ഒരു വൈദ്യസഹായസങ്കേതം മലോഷ്യാമോവിൽ അനാവശ്യമാണു്."

എന്റെ എതിർപ്പു് അതേപടി അവളിലും പടർന്നു. എന്നെ ഉറപ്പിച്ചു നോക്കിക്കൊണ്ടവൾ ചോദിച്ചു:

"പിന്നെന്താ വേണ്ടതു്? പ്രകൃതിയിലെ ചിലതൊക്കെ പകത്തിയ ചിത്രങ്ങളോ?"

"തീച്ചയായും പ്രകൃതിഭംഗി പകത്തിയ ചിത്രങ്ങളല്ലവേണ്ടതു്. അവിടെ ഒന്നും ആവശ്യമില്ല."

കയ്യറകൾ വലിച്ചുരിയിട്ടു്, അവർ അപ്പോൾ തപാലിൽവന്ന പത്രം നിവക്കുകയായിരുന്നു. ഒരുനിമിഷത്തിനുശേഷം, തൻെറ ചിന്തകളെ നിയന്ത്രിക്കാൻ കട്ടത്തശ്രമം ചെയ്തുകൊണ്ടവർ പറഞ്ഞു:

"കഴിഞ്ഞയാഴ്ച അന്ന പ്രസവത്തോടെ മരിച്ചു; ഒരു വൈദ്യസഹായകേന്ദ്രം അടുത്തെങ്ങാനും ഉണ്ടായിരുന്നെങ്കിൽ അവക്കാ അനുഭവം ഉണ്ടാകുമായിരുന്നില്ല. പ്രകൃതിഭംഗി പകത്താൻ മാത്രമിരിക്കുന്ന ചിത്രകാരന്മാക്കും ഇതേപ്പററിയൊക്കെ കുറച്ചെങ്കിലും ചിന്തയും സഹതാപവും ഉണ്ടായിരിക്കണമെന്നാണു് എനിക്കുതോന്നുന്നതു്."

"എനിക്കീവക കാര്യങ്ങളെപ്പററി സുദൃഢമായ അഭിപ്രായങ്ങൾ തന്നെയുണ്ടു്." ഞാൻ പറഞ്ഞു. പക്ഷേ ഒന്നും കേൾക്കാൻ തയാറില്ലാത്തപോലെ അവർ പത്രംകൊണ്ടു മുഖം മറച്ചിരുന്നു. "എൻെറ അഭിപ്രായം, നിലവിലിരിക്കുന്ന പരിതസ്ഥിതികളിൽ, വൈദ്യസഹായസങ്കേതങ്ങൾ, പള്ളിക്കൂടങ്ങൾ, വായനശാലകൾ ഇവയെല്ലാം അടിമത്തം നിലനിത്തുന്ന ശക്തികൾക്കരുനിൽക്കയേയുള്ളൂ. ജനത മുഴുവൻ, ഇന്നു് അടിമത്തത്തിൻെറ കനത്തചങ്ങലയിൽ തളച്ചപ്പെട്ടിരിക്കയാണു്, അവരുടെ മോചനത്തിനൊന്നുംചെയ്യാതെ പുതിയ കണ്ണികൾകൂടി നിങ്ങൾവച്ചു വിളക്കുന്നു—ഇതാണെൻെറ വിശ്വാസം."

അവർ മിഴികളുയത്തി വെറുപ്പുകലന്ന ഒരു പുഞ്ചിരിയുമായി ഇരുന്നു, എങ്കിലും ഞാൻ എൻെറ വിശ്വാസങ്ങൾ വിശദീകരിച്ചുകൊണ്ടിരുന്നു.

"അന്ന പ്രസവത്തോടെ മരിച്ചു എന്നതല്ലകാര്യം, പക്ഷെ അന്നയും, മാത്തയും പെലാഗെയയും ഉദിച്ചാൽ ഇരുട്ടുന്നതുവരെ പണിയെടുക്കുന്നു, ജീവിതം മുഴുവൻ പട്ടിണിയിലും രോഗത്തിലുംകൂടി മരണത്തിലേക്കു വഴുതുന്ന തങ്ങളുടെ കുട്ടികളെപ്പററി ചിന്തിച്ചുനീറി അകാലത്തിൽ ആയുസ്സറുവീഴുന്നു. അവരുടെ കുട്ടികൾ നൂററാണ്ടുകളായി അതേജീവിതത്തിലും വേദനകളിലുംകൂടി നിരങ്ങിനീങ്ങുന്നു. കോടിക്കണക്കിനു മനുഷ്യജീവികൾ മാറാത്തഭീതിയിലും, ആശങ്കയിലുംകൂടി, ഒരു കഷണം അപ്പത്തിനായി മൃഗങ്ങളെക്കാൾ കഷ്ടപ്പെടുന്നു. അവരുടെനിലയെ സംബന്ധിച്ചു് ഏററവും പരിതാപകരമായിരിക്കുന്നതു്, അവക്കു തങ്ങളുടെ ആത്മാവിനെപ്പററി, തങ്ങളിലുള്ള ദിവ്യമായ മനു

ഷ്യത്വത്തെപ്പററി—ഈശ്വരാംശത്തെപ്പററി ചിന്തിക്കാൻകഴിയുന്നില്ല. വിശപ്പും തണുപ്പും ഭീതിയും അവിരാമമുള്ള പണിയുടെ ഭാരവുംകൊണ്ടു് ആത്മീയോന്നതിയിലേക്കുള്ള പാത വഴുതുന്നതായിത്തീരുന്നു. അങ്ങനെ മനുഷ്യനും മൃഗവുമായുള്ള അന്തരത്തെപ്പററി ബോധമുണ്ടാകാതെ നിൽക്കുന്നു. അവരുടെ രക്ഷയ്ക്കു്, ആശുപത്രികളും പള്ളിക്കൂടങ്ങളുമായി ചെല്ലു. പക്ഷേ ഇതൊന്നുംകൊണ്ടു് അവരുടെ അടിമത്തം അറുത്തെറിയാൻ കഴിയുകയില്ല. അതിനുപകരം, അവരെ കൂടുതൽ അടിമത്തത്തിലേക്കും പുതിയ അന്ധവിശ്വാസങ്ങൾ അടിച്ചേല്പിച്ചു് കൂടുതൽ അസൗകര്യങ്ങളിൽ കുടുക്കുകയും ചെയ്യുമ്പോൾ, അവർ സെംസ്ററവോയിലേക്കു, പുസ്തകങ്ങൾക്കും രക്തമൂറവുന്ന നീരട്ടയ്ക്കും കൊടുക്കേണ്ടതിനു കൂടുതൽ അദ്ധ്വാനം നടത്തേണ്ടിവരുന്നു."

"ഞാൻ നിങ്ങളോടു തക്കിക്കുന്നില്ല." തന്റെ മുഖത്തിനുനേരെ പിടിച്ചിരുന്ന പത്രം അല്പം താഴ്ത്തിക്കൊണ്ടു ലിഡാ പറഞ്ഞു. "ഞാനിതൊക്കെ മുമ്പും കേട്ടിട്ടുള്ളതാണു്. ഞാൻ ഒരുകാര്യം മാത്രം പറഞ്ഞുകൊള്ളട്ടെ—ഇതൊക്കെ കേട്ടു, പ്രവർത്തിക്കാതിരിക്കാൻ സാദ്ധ്യമല്ല! ഞങ്ങൾ മനുഷ്യസമുദായത്തെ മുഴുവൻ ഉദ്ധരിക്കുന്നെന്നു പറഞ്ഞില്ല, പക്ഷേ, തെററുകളും കണ്ടേക്കാം. ഞങ്ങൾ കഴിവുള്ളതുചെയ്യുന്നു—അതിൽ ഞങ്ങളുടെ വിശ്വാസം ശരിയുമാണെന്നുറപ്പുണ്ടു്. സംസ്കാരസമ്പന്നനായ മനുഷ്യന്റെ ഏററവും മഹത്തരവും വിശുദ്ധവുമായ കത്തവ്യം അയൽക്കാരനെ സേവിക്ക എന്നതാണു്, ഞങ്ങൾ കഴിവിനൊത്തവിധം ചെയ്യുകയാണു്. നിങ്ങളതിഷ്ടപ്പെടുന്നില്ല; ഒരാൾക്കും എല്ലാവരേയും തൃപ്തിപ്പെടുത്താനൊക്കുകില്ലല്ലോ."

"അതെ. ലിഡാ, അതാണശരി." അവളുടെ അമ്മപറഞ്ഞു.

അവളുടെ സാമീപ്യത്തിൽ അവർ എപ്പോഴും ചകിതയാണു്. അവൾ സംസാരിക്കുമ്പോൾ എന്തെങ്കിലും അബദ്ധമോ, പൊരുത്തപ്പെടാത്തതോ ആയതു പറഞ്ഞുപോകുമെന്നവർ ഭയന്നിരുന്നു. അവർ ഒരിക്കലും അവളോടു തക്കിച്ചിരുന്നില്ല. "അതേ, ലിഡാ. അതാണശരി" അങ്ങനെ അവർ എപ്പോഴും യോജിക്കയേഉള്ളു.

"നശിച്ച അഭിപ്രായങ്ങളും അന്ധമായ വിശ്വാസങ്ങളും ജനങ്ങളെ പഠിപ്പിച്ചിട്ടു്, വൈദ്യസഹായസങ്കേതങ്ങളും മററും നൽകിയതുകൊണ്ടു് അവരുടെ അജ്ഞതമാററി മരണനിരക്കിൽ കുറവുവരുത്താൻ കഴിയുമെന്നാശിക്കുന്നതു് നിങ്ങളുടെ ജാലകത്തിൽകൂടി വരുന്ന വെ

ളിച്ചുംകൊണ്ടു ലോകത്തെമുഴുവൻ പ്രകാശമാനമാക്കാമെന്ന വ്യാമോഹത്തിനു തുല്യമാണു്," ഞാൻ പറഞ്ഞു. "നിങ്ങൾ അവൎക്കൊട്ടും തുണ നൽകുന്നില്ല, അവരുടെ ജീവിതത്തിൽ ഇടപെട്ടു പുതിയ ആവശ്യങ്ങളും ഭാരങ്ങളും താല്പൎയ്യങ്ങളുംകൊണ്ടു് അവരുടെ അദ്ധ്വാനത്തിൽ പുതിയ അവകാശങ്ങൾ സ്ഥാപിക്കയാണു്."

"ഈശ്വരാ! എന്തെങ്കിലും ചെയ്യേണ്ടേ!" ലിഡാ അക്ഷമമായി പറഞ്ഞു. ആ സ്വരത്തിൽനിന്നും എന്റെ വാദഗതികൾ അലട്ടുന്നതും, അവജ്ഞയെയർഹിക്കുന്നതുമായി അവൾ കരുതുന്നൊന്നു വ്യക്തമാക്കിയിരുന്നു.

"സാധാരണക്കാരനെ അദ്ധ്വാനഭാരത്തിൽനിന്നും മോചിപ്പിക്കണം." ഞാൻ പറഞ്ഞു. "അവരുടെ ഭാരം കുറയണം. അവൎക്കൊന്നു ശാന്തമായി ശ്വസിക്കാൻതക്ക സ്ഥിതി വരുത്തിക്കൊടുക്കണം, അങ്ങനെ ജീവിതകാലം മുഴുവൻ ചെളയിലും പാടത്തും മുങ്ങിക്കിടന്നു നരകിക്കാതെ അവരുടെ ആത്മാവിനെയും ഈശ്വരനെയുംപററി ചിന്തിക്കാനുള്ള ശേഷിയും സന്ദൎഭവും വരുത്തിക്കൊടുക്കണം. ഓരോ മനുഷ്യനും ആത്മീയമായ ഒരാഹ്വാനം അനുഭവപ്പെടുന്നുണ്ടു്—സത്യാന്വേഷണത്തിനും ജീവിതത്തിന്റെ മഹത്വം കാണാനും ഉള്ള ഒരു ജന്മവാസന. അവരെ ദുഃഖരമായ അദ്ധ്വാനത്തിൽനിന്നുംമോചിപ്പിക്കുക; തങ്ങൾ സ്വതന്ത്രരാണെന്നബോധം അവൎക്കുണ്ടാകാൻ സഹായിക്കൂ. അപ്പോൾ ഈ പുസ്തകങ്ങളും ആസ്പത്രികളും എന്തൊരു പരിഹാസമായിരുന്നൊന്നു നിങ്ങൾക്കുകാണാം. ഒരാൾ തനിക്കുചേന്ന തൊഴിൽകണ്ടെത്തുമ്പോൾ മാത്രമേ മതം, ശാസ്ത്രം, കല തുടങ്ങിയവ അയാളെ തൃപ്തനാക്കൂ—അല്ലാതെ ഈ പൊടിക്കൈകൾകൊണ്ടല്ല."

"അവരെ തൊഴിലിൽനിന്നും രക്ഷിക്കുക!" ലിഡാ പരിഹസിച്ചു "അതു സാദ്ധ്യമാണെന്നാണു്!"

"അതെ. അവരുടെ വേലയുടെ ഒരുഭാഗം ഏറെറടുക്കുക. പട്ടണത്തിലും ഗ്രാമത്തിലുമുള്ള നാമെല്ലാം ഒന്നായി, നമ്മുടെ പങ്കുവേല ഏല്ക്കാൻ തയ്യാറായാൽ, മുന്നോട്ടിറങ്ങുന്ന ഒരു വലിയ അദ്ധ്വാനവിഭാഗത്തിനു രണ്ടോ മൂന്നോ മണിക്കൂർവീതമുള്ള ശ്രമമേകാണൂ. ധനവാനും ദരിദ്രനും എന്ന ഭേദമില്ലാതെ ദിവസം മൂന്നുമണിക്കൂർ വേലയും ബാക്കി ഒഴിവുസമയവുമായി കിട്ടിയാൽ എങ്ങനിരിക്കുമെന്നു ചിന്തിച്ചു നോക്കു! അദ്ധ്വാനഭാരവും, അതിനുള്ള സമയവും വീണ്ടും കായ്ക്കാനാ

യി യന്ത്രങ്ങൾ കണ്ടുപിടിക്കാം. നമ്മുടെ ബദ്ധപ്പാട്ടം ആവശ്യങ്ങളും കുറഞ്ഞുവരും! നമ്മുടെ കുഞ്ഞുങ്ങൾ ആരോഗ്യവും രോഗങ്ങളെ അതിജീവിച്ചുനില്ക്കുന്നതിന്ന ശക്തിയുള്ളവരുമാകും. അപ്പോൾ അന്നായെയും, മാത്തയെയും പെലാഗെയയെയുംപററി നാം ചിന്തിച്ചു വേദനിക്കേണ്ടി വരികില്ല. നമുക്കു മരുന്നും, ആശുപത്രികളും, പുകയിലക്കമ്പനികളും ആവശ്യമില്ലെങ്കിൽ, ചിന്തിച്ചുനോക്കു—നമുക്കെത്രസമയം ശേഷിപ്പുകിട്ടും! ഈ സമയം സംഘടിതമായി ശാസ്ത്രത്തിനും, കലയ്ക്കുംവേണ്ടി നമുക്കു മാററിവയ്ക്കാം. ജനങ്ങൾ ഒത്തൊരുമിച്ചു്, ഒരു പാത നന്നാക്കുന്നപോലെ, നമുക്കെല്ലാം ഒററക്കെട്ടായി ജീവിതത്തിൻെറ സത്യാന്വേഷണം, സാദ്ധ്യമാക്കാം—എനിക്കതിൽ വിശ്വാസമുണ്ടു്—സത്യം വളരെവേഗം കണ്ടെത്താം, മാനവസമുദായം മരണത്തിൻെറ മാറാത്ത ഭീതിയിൽനിന്നും ശാശ്വതമായി മോചിപ്പിക്കപ്പെട്ടും—മരണം തന്നെ മാറിനില്ക്കും."

"നിങ്ങൾതന്നെ പരസ്പരവിരുദ്ധമായി പറയുന്നു" ലിഡാ, പറഞ്ഞു. "നിങ്ങൾ ശാസ്ത്രത്തിനെപ്പററി പറയുമ്പോൾതന്നെ സാക്ഷരതത്തെ എതിക്കുന്നു."

"ചാരായക്കടകളുടെ ബോർഡുവായിക്കാൻമാത്രം ഉപകരിക്കുന്ന, മനസ്സിലാക്കാൻ കഴിയാത്ത പുസ്തകങ്ങൾ വായിക്കാൻമാത്രം ഉതകുന്ന, നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം റൂറിക്കിൻെറ കാലംമുതൽ നിലനിന്നതാണു്; ഗോഗോളിൻെറ പെട്രൂഷ്കാ വളരെ മുൻപുതന്നെ വായിക്കാൻ കഴിയുമായിരുന്നു. പക്ഷേ നാട്ടുമ്പുറങ്ങൾ ഇന്നും അതേപടി നിൽക്കയാണു്. സാക്ഷരത്വമല്ല, നമുക്കാവശ്യം; നമ്മുടെ ജന്മവാസനകളെ വികസിപ്പിക്കാനുള്ള സാവകാശവും സൗകര്യങ്ങളുമാണാവേണ്ടതു്. പള്ളിക്കൂടങ്ങളല്ല, കലാശാലകളാണു നമുക്കാവശ്യം."

"നിങ്ങൾ ആരോഗ്യശാസ്ത്രത്തെ എതിക്കുന്നു."

"അതെ. രോഗം പ്രകൃതിയിൽ നിലനില്ക്കുമ്പോഴേ, അതിനെപ്പററി പഠിക്കേണ്ടിവരുന്നുള്ളു. പക്ഷേ അതിൻെറ ചികിത്സയ്ക്കല്ല, ചികിത്സ ആവശ്യമാണെങ്കിൽ അതു രോഗത്തിനല്ല, രോഗകാരണത്തിനാണു്. കാതലായകാരണം ഒഴിവാക്കുക—ശാരീരികമായ കഠിനാദ്ധ്വാനം ഇല്ലാതാവട്ടെ, രോഗങ്ങൾ ഇല്ലാതാവും. ഭേദമാക്കാൻ കഴിയുന്ന ശാസ്ത്രമല്ല ഞാൻ വിഭാവനംചെയ്യുന്നതു്," ഞാൻ ആവേശത്തോടെ തുടർന്നു. "ശരിയായ ശാസ്ത്രവും കലയും താല്ക്കാലികമായ ശാന്തിയല്ല ഉന്നംവയ്ക്കുന്നതു്; ശാശ്വതമായ, അഴിവില്ലാത്ത

ഉപാധികളിൽ ലക്ഷ്യംവയ്ക്കണം. അവ ജീവിതത്തിന്റെ അർത്ഥവും സത്യവും തിരയുന്നു, ദൈവത്തെ, ആത്മാവിനെ. പക്ഷെ, അവരെ ആശുപത്രികളിലും വായനശാലകളിലും തളച്ചുനിറുത്താൻ തുനിയുമ്പോൾ ജീവിതത്തിന്റെ കഴപ്പങ്ങൾ ഏറി, ഭാരം ദുർഭരമാവുന്നു. നമുക്കു ധാരാളം ഡാക്ടർമാരും, വക്കീലന്മാരും, വിദ്യാഭ്യാസമുള്ള ജനതയും ഉണ്ട്. പക്ഷേ അണുക്കളെപ്പററി ഗവേഷണംനടത്താനാളില്ല, ഗണിതശാസ്ത്രജ്ഞന്മാരില്ല. തത്വജ്ഞാനികളില്ല, കവികളില്ല. നമ്മുടെ ബുദ്ധിയും പരമമായ കഴിവും താല്ക്കാലികമായ ആശ്വാസങ്ങൾക്കും രക്ഷാമാർഗ്ഗങ്ങൾക്കുമായി ചിലവിടേണ്ടിവരുന്നു..........ശാസ്ത്രജ്ഞന്മാരും, സാഹിത്യകാരന്മാരും ചിത്രകാരന്മാരും ഒരു ഉന്മാദത്തോടെ പ്രവർത്തിക്കുന്നു; ജീവിതത്തിന്റെ സുഖസമൃദ്ധി വർദ്ധിപ്പിക്കുന്നതിനവരോടു നന്ദിയുണ്ടു്. നമ്മുടെ ശാരീരികാവശ്യങ്ങൾ അധികരിച്ചുതന്നെ നില്ക്കുന്നു, എങ്കിലും നാം സത്യത്തിൽനിന്നും അകലത്താണ്, മനുഷ്യൻ ഏററവും ഉപദ്രവിയായ നികൃഷ്ടജീവിയായിത്തന്നെ നിലനില്ക്കുന്നു; ഭൂരിപക്ഷം മനുഷ്യരും നാശഗർത്തത്തിലേക്കു നയിക്കപ്പെടുന്നു, നികത്താനാവാത്ത കെടുതികൾ ചുഴ്ന്നുകൂടുന്നു. ഈ പരിതസ്ഥിതികളിൽ ഒരു കലാകാരന്റെ ജീവിതം അർത്ഥശൂന്യമാണ്, അയാളുടെ ഭാവനയുടെ ഔന്നത്യം ഏറിയിരിക്കുന്തോറും അർത്ഥശൂന്യവും വിചിത്രവുമായ ഈ ചുററുപാടിൽ നിലവിലിരിക്കുന്ന പരിതസ്ഥിതികളെ പൂജിച്ചു ചൂഷണവാസനകളെ അയാൾ തൃപ്തിപ്പെടുത്തുന്നതായേ കാണപ്പെടുകയുള്ളൂ. ഞാൻ പ്രവർത്തിക്കുന്നില്ല....എനിക്കു വയ്യ. ലോകം പൊട്ടിത്തെറിച്ചു ചിതറട്ടെ........"

"മിസ്സീ അപ്പുറത്തുപോകൂ." വളരെ ചെറിയ ഒരു കുട്ടിക്കു കേൾക്കാൻപാടില്ലാത്ത വാക്കുകളാണവയെന്നഭാവത്തിൽ ലിഡാ പറഞ്ഞു.

ഷെൻയാ വേദനയോടെ അമ്മയേയും സഹോദരിയേയും നോക്കിയിട്ടെഴുന്നേററുപോയി.

"തങ്ങളുടെ തെററ് സാധൂകരിക്കാൻ ഓരോരുത്തർ ഇങ്ങിനൊക്കെപ്പറയാറുണ്ട്." ലിഡാ പറഞ്ഞു. "ആസ്പത്രികളും സ്കൂളും വേണ്ടെന്നുപറയുന്നതു് ചികിത്സിക്കയും പഠിപ്പിക്കയും ചെയ്യുന്നതിനേക്കാൾ എളുപ്പമാണ്........"

"അതെ ലിഡാ, അതാണശരി" അവളുടെ അമ്മ പറഞ്ഞു.

"നിങ്ങൾ ചിത്രരചന ഉപേക്ഷിക്കുമെന്നു നിങ്ങൾപറയുന്നു," ലിഡാ തുടർന്നു. "നിങ്ങളുടെ കല മഹത്തരമാണെന്നു് നിങ്ങൾ കരു

ത്തുന്നു. നമുക്കു തർക്കംനിർത്താം, നിങ്ങൾ പറഞ്ഞതുപോലെ, പ്രകൃതിഭംഗി വകതിരിക്കുക എന്നതുമായി നോക്കുമ്പോൾ ഹീനമായ പള്ളിക്കൂടങ്ങളും ആശുപത്രികളും സ്ഥാപിക്കാൻതന്നെ ഞാനാഗ്രഹിക്കുന്നുണ്ട്; ഒരിക്കലും നമുക്കു തർക്കിക്കണ്ട," പെട്ടെന്നു തന്റെ അമ്മയോടു തിരിഞ്ഞു് തികച്ചും വ്യത്യസ്ഥമായ സ്വരത്തിൽ അവൾ തുടർന്നു. "രാജകുമാരൻ കഴിഞ്ഞതവണ ഇവിടെ വന്നതിൽനിന്നും വളരെ മോശമായിട്ടുണ്ട്, അദ്ദേഹം വളരെ മെലിഞ്ഞുപോയി. അവർ അദ്ദേഹത്തെ 'വിച്ചി'യിലേക്കയയ്ക്കുന്നു."

അവൾ തന്റെ അമ്മയോട് രാജകുമാരനെപ്പറ്റി വളരെയേറെ സംസാരിച്ചു, അതേനോട്ട സംസാരിക്കുന്നതൊഴിവാക്കാനാണെന്ന് അവളുടെ ഭാവത്തിൽനിന്നും വളരെ വ്യക്തമായിരുന്നു. എന്നോടുള്ള പ്രതിഷേധം മറയ്ക്കുന്നതിനുള്ള ശ്രമത്തിൽ അവൾ മേശമേലേക്കു ചാഞ്ഞു്, പത്രംവായിക്കുന്നഭാവത്തിൽ ഇരുന്നു. എന്റെ സാന്നിദ്ധ്യം അവൻ ഇഷ്ടപ്പെട്ടില്ലെന്നു തീർച്ചയായിരുന്നു. ഞാൻ യാത്രപറഞ്ഞു വീട്ടിലേക്കു തിരിച്ചു.

## IV

പുറത്തു ശാന്തതപരന്നിരുന്നു. ചിറയ്ക്കപ്പുറത്തെ ഗ്രാമം നിദ്രയിൽ മുഴുകിക്കഴിഞ്ഞു. നക്ഷത്രങ്ങളുടെ നേരിയ പ്രകാശം ചിറയിലെ ജലപ്പരപ്പിൽ പ്രതിഫലിക്കുന്നതല്ലാതെ എങ്ങും ഒരു പ്രകാശത്തിന്റെ കണികപോലുമില്ല. സിംഹപ്രതിമകൾ വച്ച ഗേററിനടുത്തു ഷെൻയാ എന്നെ കാത്തു നിശ്ചലയായി നിന്നിരുന്നു. "ഗ്രാമത്തിൽ സർവ്വരും ഉറങ്ങിക്കഴിഞ്ഞു," അവളുടെ രൂപം ശരിയായി കാണാൻ ശ്രമിച്ചുകൊണ്ടു ഞാൻ പറഞ്ഞു, പക്ഷേ വേദനവിങ്ങുന്ന രണ്ടു മിഴികൾ എന്റെ മുഖത്തുറപ്പിച്ചിരിക്കുന്നതേ വ്യക്തമായിരുന്നുള്ളു. അതു കണ്ടു ഞാൻ തുടർന്നു. "സത്രം സൂക്ഷിപ്പുകാരനും കുതിരയെ മോഷ്ടിക്കുന്നവരും എല്ലാം ശാന്തമായുറങ്ങുന്നു. പക്ഷേ മാന്യതയുള്ള നമ്മുടെ വർഗ്ഗംമാത്രം തർക്കിക്കയും തമ്മിൽ വെറുക്കുകയും ചെയ്യുന്നു."

അതു് ആഗസ്റ്റ്മാസത്തിലെ നിരുന്മേഷകരമായ ഒരു രാത്രിയായിരുന്നു. ശരത്കാലത്തിന്റെ ഒരംശം കലർന്ന അന്തരീക്ഷമാണു് ആ നിരുന്മേഷം പരത്തിയിരുന്നതു്, തുടുത്ത മേഘപാളികൾക്കു പിറകിൽ ചന്ദ്രൻ പ്രത്യക്ഷപ്പെട്ടിരുന്നു, പാടത്തിനു നടുവിലൂടെയുള്ള

ആ പാതയിൽ പ്രകാശം പരന്നിരുന്നില്ല. നക്ഷത്രങ്ങൾ കൂടക്കൂടെ കൊഴിഞ്ഞുകൊണ്ടിരുന്നു. എൻെറയൊപ്പം നടന്നിരുന്ന സെൻയാ ശിരസ്സുയർത്തിയിരുന്നില്ല, കൊഴിഞ്ഞുവീഴുന്ന നക്ഷത്രങ്ങളുടെ ദർശനം എന്തുകൊണ്ടോ അവളെ ഭയപ്പെടുത്തിയിരുന്നു.

"നിങ്ങൾ പറഞ്ഞതായിരിക്കാം ശരി" തണുപ്പുകൊണ്ടു വിറച്ചിരുന്ന അവൾ പറഞ്ഞു. "നാം ഒത്തൊരുമിച്ച് ആത്മീയപ്രവർത്തനങ്ങൾക്കിറങ്ങിയാൽ, ഒന്നും അജ്ഞാതമായി നില്ക്കയില്ല."

"തീർച്ചയായും നാം മഹത്വമുള്ള ജീവികളാണ്, നാം മനുഷ്യൻെറ പ്രാഭവത്തെപ്പററി ബോധത്തോടെ ഉന്നതമായ ലക്ഷ്യങ്ങളോടെ ജീവിച്ചാൽ ഒടുവിൽ നാം ദൈവതുല്യരാകും. പക്ഷേ അതുണ്ടാകുന്നില്ല—മനുഷ്യൻ അധഃപ്പതനത്തിലേയ്ക്കു താഴുന്നു, ഏറെക്കാലം കഴിയാതെ മനുഷ്യനിലെ മഹത്വവും മാഞ്ഞുപോയേക്കും."

ഗേററിൽനിന്നു നോക്കിയാൽ കാണാത്തയകലത്തിൽ ഞങ്ങൾ എത്തിയപ്പോൾ സെൻയാ പെട്ടെന്നു നിന്ന് എൻെറ കരം ഗ്രഹിച്ചമർത്തി.

"നമസ്കാരം". അവൾ വിറയ്ക്കുന്നുണ്ടായിരുന്നു. നേർത്ത ബ്ലൗസിനു മുകളിൽ ഒന്നുമില്ലാതെ അവൾ തണുത്തു വിറയ്ക്കുകയായിരുന്നു. "നാളെ വരണം."

ഏകാന്തതാബോധം, ലോകത്തോടുമുഴുവനും എന്നോടുതന്നെയും എൻെറ ഹൃദയത്തിൽ ശൂന്യതകൊണ്ടുനിറച്ചിരുന്നു. കൊഴിഞ്ഞുവീഴുന്ന നക്ഷത്രങ്ങളിലേയ്ക്കു നോക്കാതിരിക്കാൻ ഞാനും ശ്രമിക്കയായിരുന്നു.

"കുറച്ചുനിമിഷങ്ങൾകൂടി നില്ക്കൂ" ഞാൻ പറഞ്ഞു.

ഞാൻ സെൻയായിൽ പ്രേമബന്ധനായിരുന്നു. ഒരു പക്ഷേ ആദരവു കലന്ന മധുരസാന്ദ്രമായ ഭാവത്തോടെ എന്നെ വീക്ഷിക്കുകയും, യാത്രയാക്കാൻ വരികയും ചെയ്തിരുന്നതിനാലാവാം ഞാനവളെ സ്നേഹിച്ചത്. അവളുടെ നേർത്തുമെലിഞ്ഞ രൂപവും, കനംകുറഞ്ഞ കണ്ഠവും ലാളിത്യമുള്ള ആ ഭാവവും, പുസ്തകങ്ങളുമെല്ലാം എന്നിൽ ഒരു മമതാബന്ധം വളർത്തിയിരുന്നു. അവളുടെ ഹൃദയമോ? അവൾക്കസാധാരണമായ ബുദ്ധിയുണ്ടെന്നെനിയ്ക്കു തോന്നിയിരുന്നു, അവളുടെ വിശാലഹൃദയത്വം ഞാനാരാധിച്ചിരുന്നു, ഒരു പക്ഷേ കൂടുതൽ

സുന്ദരിയായ ലിഡാ എന്നെ ഇഷ്ടപ്പെടാത്തപ്പോൾ അതിൻ വിപരീതമായി ഇവൾ എന്നെ കരുതിയതാവാം ഈ ഹൃദയബന്ധത്തിനു കാരണം. ഒരു കലാകാരനെന്ന നിലയിൽ ഷെൻയാ എന്നെ ഇഷ്ടപ്പെട്ടിരുന്നു. ഭാവനാ പ്രഭാവം കൊണ്ടു ഞാൻ അവളുടെ ഹൃദയം കവന്നിരുന്നു. അവളെ എൻെറ ഹൃദയറാണിയാക്കി, അവൾക്കുവേണ്ടി മാത്രം ചിത്രങ്ങൾ രചിക്കാൻ ഞാൻ അങ്ങേയററം ആശിച്ചിരുന്നു, എന്നോടുകൂടി ഈ ഗ്രാമത്തിൻെറയും പാടങ്ങളുടെയും, മഞ്ഞിൻെറയും സായന്തനഭംഗിയുടെയും ആധിപത്യം വഹിച്ച്, ഈ ശാന്തിനിറഞ്ഞ പരിസരത്തിൽ ഞാനനുഭവിക്കുന്ന ഏകാന്തത അവൾ നിർമ്മാർജ്ജനം ചെയ്യുമെന്നു ഞാൻ ആർത്തിയോടെ കൊതിച്ചിരുന്നു.

"നില്ക്കൂ," ഞാനപേക്ഷിച്ചു "കുറച്ചുനിമിഷംകൂടി നില്ക്കൂ."

ഞാൻ എൻെറ കോട്ടിട്ടു അവളെ പുതപ്പിച്ചു. ഒരു പുരുഷൻെറ കോട്ടണിഞ്ഞു കാണപ്പെടുന്നതിൽ, ലേശം ലജ്ജയും ചന്തക്കുറവും അനുഭവപ്പെട്ട അവൾ ചിരിച്ചുകൊണ്ട് അതു് ഊരി എറിഞ്ഞപ്പോൾ ഞാനവളെ അടക്കിപ്പിടിച്ചണച്ചുനിറുത്തി അധരങ്ങളിലും ചുമലിലും കൈപ്പത്തിയിലും ചുംബനങ്ങൾ വർഷിച്ചു.

"നാളെ കാണാം" ആ നിശയിൽ നിറഞ്ഞുനില്ക്കുന്ന ശാന്തിക്കു ഭംഗം വരുത്താൻ ഭയന്നെന്നോണം കരുതലോടെ, എന്നെ ആലിംഗനം ചെയ്തുകൊണ്ട് അവൾ മന്ത്രിച്ചു. "നമുക്കുതമ്മിൽ യാതൊരു രഹസ്യവും ഇല്ല. ഇന്നുതന്നെ ഞാൻ എല്ലാം അമ്മയോടും ചേച്ചിയോടും പറയട്ടെ........എൻെറ പൊന്നേ, എനിക്കെന്തോ വലിയ ഭയമായിരിക്കുന്നു! അമ്മയുടെ കാര്യം സാരമില്ല, അവൾക്കെന്നെ ജീവനാണു്—പക്ഷേ, ലിഡാ!"

അവൾ ഗേററിനുനേരെ ഓടിപ്പോയി.

"നമസ്കാരം" അവൾ വിളിച്ചുപറഞ്ഞു.

അവൾ മടങ്ങിപ്പോകുന്നതിൻെറ പാദപാതശബ്ദം ശ്രവിച്ചുകൊണ്ട് ഞാൻ ഏതാനും നിമിഷത്തോളം നിന്നു. വീട്ടിലേയ്ക്കു തിരിച്ചുപോകാൻ എനിക്കു തീരെ തോന്നിയില്ല. അവിടവുമായി എന്നെ ബന്ധിച്ചുനിറുത്താൻ ഒന്നുമില്ല. ഏറെനേരം ചിന്തയിൽ മുഴകി ഞാനവിടെ നിന്നു, എന്നിട്ട് അവളെ അടക്കിവച്ചിരിക്കുന്ന വീട്ടിൻെറനേർക്ക് ഒന്നുകൂടി നോക്കാനായി നടന്നു, ആ പ്രിയപ്പെട്ട ഭവ

നം ജനാലകളാകുന്ന നയനങ്ങൾ വിടൎത്തി എന്നെ സ്നേഹപൂർവ്വം വീക്ഷിക്കുന്നപോലെ അനുഭവപ്പെട്ടു. ഞാൻ വരാന്തവഴി ടെന്നിസ് കോർട്ടിൽ കടന്നു്, അരളിമരങ്ങൾക്കപ്പുറത്തുള്ള വീട്ടിൽ നയനങ്ങ ളൎപ്പിച്ചു് ഒരു ബെഞ്ചിൽ ഇരുന്നു. മുകളിലത്തെനിലയിലുള്ള 'മിസ്സി' യുടെ അറയിൽ തെളിഞ്ഞ പ്രകാശംകാണപ്പെട്ടു, അതു പെട്ടെന്നു് ഹരിതവൎണ്ണമായിമാറി—ആരോ ഒരു പച്ച ഷെയ്ഡ് അതിൽ വച്ചി രിക്കണം. നിഴലുകൾ ചലിക്കാൻ തുടങ്ങിയിരുന്നു........എൻെറ ഹൃദയം മുഴുവൻ സാന്ദ്രതയും, സമാധാനവും സംതൃപ്തിയും നിറഞ്ഞു വിതുമ്പിയിരുന്നു—പ്രണയിക്കപ്പെടാൻ ഭാഗ്യംവന്നാരിലുള്ള ബോധം എന്നെ ആനന്ദോന്മത്തനാക്കിയിരുന്നു—അതോടൊപ്പമയം ഏതാനും വാര ദൂരത്തിൽ ഏകാന്തനായിരിക്കേണ്ടിവരുന്നു എന്ന ബോധം എന്നെ വല്ലാതെ ചിന്താകുലനാക്കി, അവിടെ എന്നെ ഇഷ്ടപ്പെടാ ത്ത, വെറുക്കുകതന്നെചെയ്യുന്ന ലിഡാ ഉണ്ടു്. സെൻയാ മുന്നിലെ ത്തുമെന്ന പ്രതീക്ഷകൊണ്ടു് അവളുടെ പാദപാതശബ്ദത്തിനായി ചെവിയോൎത്തു ഞാനിരുന്നു. മുകളിലത്തെനിലയിൽ ആരോ സംസാ രിക്കുന്നുണ്ടെന്നെനിക്കു തോന്നി.

ഒരുമണിക്കൂറോളം കഴിഞ്ഞു. ഹരിതപ്രകാശം പൊലിഞ്ഞു, നിഴലുകൾ മാഞ്ഞു. ആ വീടു് നിലാവിൽ മുങ്ങിനില്ക്കുമ്പോൾ, നിദ്ര യിൽ മുഴുകിയ ഉദ്യാനവും വിജനമായ പാതയും പ്രകാശത്തിൽ തെളി ഞ്ഞിരുന്നു. വീടിൻെറ മുൻവശത്തു വിടൎന്നനിന്ന പൂങ്കുലകളിലും പനിനീർപൂക്കളിലും വൈവിദ്ധ്യമില്ലാത്ത, ഒററയായ, നിറപ്പകിട്ടു കാണപ്പെട്ടിരുന്നു. ഞാൻ ഉദ്യാനത്തിൽനിന്നും പുറത്തുകടന്നു്, സെൻയാ വലിച്ചെറിഞ്ഞ കോട്ടെടുത്തുകൊണ്ടു് സാവധാനം വീട്ടി ലേക്കുനടന്നു.

പിറേറദിവസം ഉച്ചഭക്ഷണവും കഴിഞ്ഞു് ഞാൻ വോൾച്ചാ നിനോവ്യ് കുടുംബത്തിലെത്തുമ്പോൾ ഉദ്യാനത്തിന്നഭിമുഖമായുള്ള ജാലകം തുറന്നുകിടന്നിരുന്നു. ഏതുനിമിഷവും പനിനീർച്ചെടികൾ ക്കപ്പുറത്തുനിന്നോ, പാതയിൽനിന്നോ സെൻയാ മുന്നിലെത്താ മെന്നോ അല്ലെങ്കിൽ വീട്ടിനകത്തുനിന്നു് അവളുടെ ശബ്ദമെങ്കിലും കേൾക്കാമെന്നോ ഉള്ള പ്രതീക്ഷയോടെ ഞാൻ വരാന്തയിൽതന്നെ ഇരുന്നു. കുറച്ചുകഴിഞ്ഞു് ഞാൻ സ്വീകരണമുറിയിലേക്കും അവിടന്നു ഭക്ഷണമുറിയിലേക്കുംചെന്നു. എങ്ങും ഒരു ജീവിയേയും കാണാനി ല്ലായിരുന്നു. അവിടെനിന്നു ഹാൾമുറിയിലേക്കും തിരിച്ചു ഞാൻ

നടന്നു. ഇടനാഴികൾക്കിരുവശവുമായി അനവധി വാതിലുകളുണ്ടു്, അതിലൊന്നിലൂടെ ഞാൻ ലിഡായുടെ ശബ്ദംകേട്ടു.

"ഒരു കാക്കയ്ക്കു്........എവിടെനിന്നോ........" ഉറപ്പിച്ചുള്ളസ്വരത്തിൽ, കേട്ടെഴുത്തിനെന്നവിധം അവൾ പറയുന്നു—"ഒരു കാക്കയ്ക്കു ....എവിടെനിന്നോ......കുറച്ചു പാൽക്കട്ടികിട്ടി........ഒരു കാക്ക— "ആരാ അവിടെ?" എൻെറ ചുവട്ടടിശബ്ദംകേട്ടു് അവൾ പെട്ടെന്നു ചോദിച്ചു.

"ഞാനാണു്."

"ഓ! ക്ഷമിക്കണം, എനിക്കിപ്പോഴങ്ങോട്ടുവരാനൊക്കുകില്ല; ഞാൻ ദാഷായ്ക്കു പാഠംചൊല്ലിക്കൊടുക്കുകയാണു്."

"എകറേററിനാ പാപ്പലോവ്നാ ഉദ്യാനത്തിലുണ്ടോ?"

"ഇല്ല. അമ്മ അന്നുതന്നെ ജ്യേഷ്ഠത്തിയോടുകൂടി പെൻസാ ജില്ലയിലുള്ള എൻെറ കൊച്ചമ്മയുടെ വീട്ടിലേക്കുപോയി. ഈ ഹേമന്തത്തിൽ അവർ മററു സ്ഥലങ്ങളിലേക്കുപോകും." ഒരുനിമിഷം കഴിഞ്ഞു് അവൾ തുടർന്നു. "ഒരു കാക്കയ്ക്കു്....എവിടെനിന്നൊ....ഒരുകഷണം .......പാൽക്കട്ടികിട്ടി....എഴുതിയോ?"

ഞാൻ ഹാൾമുറിയിലേക്കുപോയി. അവിടെനിന്നു ശൂന്യത നിറഞ്ഞ മിഴികളോടെ ചിറയും ഗ്രാമവും നോക്കിനിന്നു. ആ ശബ്ദം അപ്പോഴും കർണ്ണങ്ങളിൽവന്നുതറച്ചു്, "ഒരു കാക്കയ്ക്കു്........എവിടെനിന്നോ....ഒരുകഷണം....പാൽക്കട്ടി കിട്ടി........"

ഞാൻ ആദ്യം ഇവിടെവന്ന പാതയിലൂടെത്തന്നെ മടങ്ങി—മുററത്തിറങ്ങി, ഉദ്യാനവും വീടും പിന്നിലാക്കി നാരകമരങ്ങൾ നിരന്നു വളർന്നിട്ടുള്ളതിനിടയിലൂടെയുള്ള പാതയിലൂടെ........ഒരു ബാലൻ എൻെറ പിറകേ ഓടിയെത്തി ഒരു കുറിപ്പുതന്നു. "ഞാൻ എല്ലാം ചേച്ചിയോടുപറഞ്ഞു. നാം എന്നെന്നേക്കുമായി പിരിയണമെന്നു് അവർ ശഠിക്കുന്നു," ഞാനതു വായിച്ചു "അനുസരണക്കേടുകൊണ്ടു് അവരെ വേദനപ്പെടുത്താൻ എനിക്കു കഴിവില്ല. ദൈവം അങ്ങയ്ക്കു നന്മചെയ്യട്ടെ—എന്നോടു ക്ഷമിക്കു! ഞാനും അമ്മയും എന്തുമാത്രം കണ്ണീരൊഴുക്കുന്നെന്നു് അങ്ങറിഞ്ഞിരുന്നെങ്കിൽ!"

ദേവതാരുമരങ്ങൾക്കിടയിലുള്ള പാതയും പൊളിഞ്ഞ കമ്പിവേലിയും മുന്നിലുണ്ടു്........ബജ്റ പൂത്തുനില്ക്കുന്ന പാടത്തിൽ കാടകൾ ചിലയ്ക്കുന്നു, കാലികളും മൊണ്ടിക്കുതിരകളും മേഞ്ഞുനടക്കുന്നു.

രസശൂന്യമായഭാവം പതിവുപോലെ എന്നൊവന്നു പൊതിഞ്ഞുകഴി ഞ്ഞപ്പോൾ, വൊൾച്ചാനിനോവ് "കുടുംബത്തിൽവെച്ച് ഞാൻ പറ ഞ്ഞതിനെപ്പററി ലജ്ജിതനായിപ്പോയി, അതോടെ ജീവിതം പഴയ പടി ദുർഭരമായ ഒരു വേദനയായി മാറിക്കഴിഞ്ഞു. ഞാൻ വീട്ടിലെ ത്തിയ ഉടൻ പീറേറഴ്സ്ബർഗ്ഗിലേയ്ക്കു ഭാണ്ഡംമുറുക്കി.

വോൾച്ചാനിനോവ് കുടുംബത്തിൽ ആരേയും ഞാൻ പിന്നീട് കണ്ടിട്ടില്ല. അടുത്ത കാലത്താണ് ബെലാക്കുറോവിനെ ക്രിമിയാ യിലേയ്ക്കുള്ള യാത്രയിൽ ഞാൻ ട്രയിനിൽവെച്ചുകണ്ടത്. അയാൾ പ ഴയപടി കർഷകരുടേതായ—ചിത്രങ്ങൾ തുന്നിച്ചേർത്തിട്ടുള്ളഉടുവേഷം ധ രിച്ചിരുന്നു. എൻെറ അന്വേഷണങ്ങൾക്കയാൾ മറുപടി പറഞ്ഞു: "ഈശ്വരകൃപയാൽ സുഖംതന്നെ." ഞങ്ങൾ വളരെ സംസാരിച്ചു. അയാൾ തൻെറ പഴയ 'എസ്റ്റേററ്' വിററ്, ല്യൂബോവ് ഇവാനോ വ്നയുടെ പേരിൽ ഒരു ചെറിയതു വാങ്ങിയിരുന്നു. വോൾച്ചാനി നോവ് കുടുംബത്തെപ്പററി അയാൾക്കു വളരെ കുറച്ചേ പറയാനുള്ളാ യിരുന്നു. ലിഡാ, ഷെൽക്കോവ്കായിൽതന്നെ അദ്ധ്യാപികയായി പാർത്തുവരുന്നു; ക്രമേണ അനുഭാവികളെ സമ്പാദിച്ച് കഴിഞ്ഞ തെര ഞ്ഞെടുപ്പിൽ അതുവരെ ജില്ലാ മുഴുവൻ കയ്യടക്കിവച്ചിരുന്ന ബലാഗി നെ പുറത്താക്കാൻ അവൾക്കു കഴിഞ്ഞു. സെൻയായെപ്പററിയാണെ ങ്കിൽ അയാൾക്കൊരു വിവരവും ഇല്ല, അവൾ വീട്ടിലില്ല, എവിടാ ണെന്നയാൾക്കൊരു രൂപവും ഇല്ല.

ആ പഴയ വീടുമറക്കാൻ ഞാൻ തുടങ്ങുകയാണ്. പക്ഷേ ചി ത്രം വരയ്ക്കുയോ, വായിക്കയോ ചെയ്യുമ്പോൾ പെട്ടെന്ന് യാതൊരു കാരണവും കൂടാതെതന്നെ ഹരിതപ്രകാശം അരിച്ചിറങ്ങുന്ന ആ ജാ ലകവും തണുപ്പുനിറഞ്ഞ രാത്രിയിൽ പ്രേമ നിർഭരമായ ഹൃദയത്തോ ടെ, ആ പാടങ്ങളിൽ എൻെറ പാദപാതശബ്ദം പ്രതിധ്വനിച്ചിരുന്ന തും ഓർത്തുപോകാറുണ്ട്. ഇപ്പോഴും അപൂർവ്വമായെങ്കിലും ഏകാന്ത തയും ഹൃദയഭാരവും തിങ്ങിവരുമ്പോൾ, അവ്യക്തമായ സ്മരണകൾ ഉണർന്നുനിന്ന് അവളും എന്നെ ഓർക്കുകയാവുമെന്നും എന്നെ കാ ത്തിരിക്കയാണെന്നും ഒരു സമാഗമം ഉണ്ടാകുമെന്നും തോന്നിപ്പോകാ റുണ്ട്............

മിസ്സീ........നീ എവിടെയാണ്? എവിടെയാണ്?.

# പച്ചോന്ത്

പുതിയ നീളൻ കോട്ടുധരിച്ചു്, കൈയിൽ ഒരു ഭാണ്ഡവുമായി പോലീസ്‌ ഇൻസ്പെക്ടർ ഒച്ചുമെലോവ്‌ ചന്തസ്ഥലത്തു കടന്നു. ഒരു കുട്ട നിറയെ പിടിച്ചെടുക്കപ്പെട്ട നെല്ലിക്കയുമായി ചെമ്പൻമുടിയുള്ള ഒരു കാൺസ്റ്റബിൾ അയാളെ പിന്തുടൎന്നിരുന്നു. എങ്ങും മൂകത നിറഞ്ഞുനിന്നിരുന്നു........ചന്തസ്ഥലത്തു് ഒററ ജീവിയില്ല........ ചെറിയ പീടികകളുടെയും ചാരായക്കടകളുടെയും വാതിലുകൾ ലോകത്തിൻനേരെ ആൎത്തിപെരുത്തു വാപിളൎന്നു നിന്നിരുന്നു. അടുത്തെങ്ങും ഒരു പിച്ചക്കാരനെക്കൂടി കാണാനില്ല.

പൊടുന്നനെ, ഒച്ചുമെലോവിൻെറ കൎണ്ണങ്ങളിൽ ഒരു ശബ്ദം വന്നുതറച്ചു. "കടിക്കും, നീ കടിക്കും, തെണ്ടിപ്പട്ടി! കുഞ്ഞുങ്ങളേ, വിടല്ലേ! ഇതു തെററാണു്. പിടിച്ചോണേ! ഹോ!"

തുടൎന്നു് ഒരു പട്ടിയുടെ മോങ്ങൽ കേട്ടു. ഒച്ചുമെലോവ്‌ ശബ്ദം കേട്ടിടത്തേയ്ക്കു നോക്കിയപ്പോൾ കണ്ടതിതാണു്: പിച്ചുഗിൻെറ തടിക്കടയിൽനിന്നും ഒരു പട്ടി മൂന്നുകാലിൽ ഓടിവരുന്നു, പിറകേ ഒരാൾ വീറോടെ എത്തുന്നുണ്ടു്, ആയാൾ ചിത്രങ്ങളച്ചടിച്ചിട്ടുള്ള ഇസ്തിരിയിട്ട ഒരു ഷൎട്ടിട്ടിരുന്നു, വെയ്സ്റ്റ്കോട്ടിൻെറ കുടുക്കുകൾ വിടൎത്തിയിട്ടിരുന്നു, അയാൾ കുതറിത്തെറിച്ചെത്തി പട്ടിയുടെ പുറങ്കാലുകളിലൊന്നിൽ പിടികൂടി. ഞരങ്ങിക്കൊണ്ടു വേറൊരുശബ്ദവുംകൂടി പുറത്തുവന്നു. "വിടരുതേ, അതിനെ!" മയക്കംമായാത്ത മിഴികൾ പീടികകളിൽനിന്നും പാതയിലേയ്ക്കു തുറിച്ചുനോക്കി, പൊടുന്നനെ, ഭൂമിയിൽനിന്നും പൊട്ടിമുളച്ചപോലെ തടിക്കടയുടെ മുമ്പിൽ ആളുകൾ തിങ്ങിക്കൂടി.

"പൊതുനിരത്തിൽകിടന്ന ബഹളമുണ്ടാക്കുന്നതിന്റെ മട്ടാണെല്ലോ, ഏമാനേ!" കാൺസ്റ്റബിൾ പറഞ്ഞു.

ഒച്ചുമെലോവ് ഗമയിൽ ആ ഭാഗത്തേയ്ക്കു തിരിഞ്ഞു. പുറവാതിലിനടുത്തുതന്നെ കുടുക്കുകളില്ലാത്ത വെയ്സ്റ്റ്കോട്ടോടുകൂടിയ മുൻപറഞ്ഞ വ്യക്തി വലതുകൈ ഉയർത്തിപ്പിടിച്ച്, രക്തമൊലിക്കുന്ന ഒരു അംഗുലി പ്രദർശിപ്പിച്ചുകൊണ്ടു നിന്നിരുന്നു. "നിന്നെ ഞാൻ തുലച്ചേക്കാമെടാ, ചെകുത്താനെ!" എന്ന വാക്കുകൾ കത്തിജ്ജ്വലിക്കുന്ന അയാളുടെ മുഖത്തു തെളിഞ്ഞുനില്ക്കുന്നപോലെ കാണപ്പെട്ടു; അയാളുടെ രക്തമൊലിക്കുന്ന അംഗുലിതന്നെ, ഒരു വെന്നിക്കൊടിപോലെ കാണപ്പെട്ടു. അയാളെ ഒച്ചുമെലോവ് തിരിച്ചറിഞ്ഞു, സ്വർണ്ണപ്പണിക്കാരനായ ഖ്റുയുകിൻ. ആ കൂട്ടത്തിന്റെ ഒത്തമദ്ധ്യത്തു കുറവാളി നാലുകാലും വികൃതമായി നിലത്തുറപ്പിച്ചു വിറയാർന്നുനിന്നിരുന്നു—കൂർത്തമുഖവും പുറത്തൊരു മഞ്ഞപ്പൊട്ടുമുള്ള 'ബോർസോയ്'ജാതിയിൽപെട്ട ഒരു വെളുത്ത പട്ടിക്കുട്ടി. അതിന്റെ കണ്ണീരണിഞ്ഞ മിഴികളിൽ ഭീതിയും സംഭ്രമവും തെളിഞ്ഞുനിന്നിരുന്നു.

"എന്താണിവിടെ ബഹളം?" ഒച്ചുമെലോവ് തിരക്കിലൂടെ തള്ളിക്കയറിച്ചെന്നു ചോദിച്ചു: "നിങ്ങൾ എന്താണിവിടെച്ചെയ്യുന്നതു്? തന്റെ വിരലുയർത്തിപ്പിടിച്ചിരിക്കുന്നതെന്തിന്? ഇവിടെക്കിടന്നു തൊള്ളവലിച്ചുകീറിയതാരു്?"

"ഏമാനേ, ഞാൻ എന്റെ പാട്ടുനോക്കി ഒരാട്ടിൻകുട്ടിയെപ്പോലെ ഒതുങ്ങിനടക്കയായിരുന്നു." ഖ്റുയുകിൻ മുഷ്ടിചുരുട്ടി അധരങ്ങളോടുചേർത്തുപിടിച്ച് ഒന്നു ചുമച്ചിട്ടുപറഞ്ഞു. "കുറച്ചു തടിയുടെ കാര്യമായി മിററ്റിമിററ്റിച്ചിനെ കാണാൻ വന്നതാണ്. അതിനിടയ്ക്കു് ഈ നാശംപിടിച്ച ജന്തു എന്റെ കയ്യിൽകേറിക്കടിച്ചു. ഞാനൊരു കൂലിവേലക്കാരനാണ്....ഒരു കുഴപ്പംപിടിച്ച ജോലിയാണെന്റേതു്. ഒരാഴ്ചത്തേയ്ക്കു് ഈ കൈ അനക്കി ജോലിനോക്കാനൊക്കാതാണിരിക്കുന്നതു്. എനിയ്ക്കെന്തെങ്കിലും വാങ്ങിത്തരണം—ഏമാനേ, സാധുക്കൾക്കു് ഇത്തരം ജന്തുക്കളിൽനിന്നും രക്ഷവേണ്ടേ, ഇതിനൊക്കെ ന്യായവും നിയമവും ഉണ്ടെന്നല്ല. ഈ നായ്ക്കളെല്ലാംകൂടി കയറിക്കടിക്കാൻ തുടങ്ങിയാൽ ജീവിക്കാനൊക്കുകയില്ല........"

"മ്ം........ശരി. ശരി." ഒച്ചുമെലോവ് പുരികം വക്രിപ്പിച്ചുകൊണ്ടു് ഒന്നു ചുമച്ചു. "ശരി........ഈ പട്ടി ആരുടേതാണ്? ഞാൻ ഇതത്ര നിസ്സാരമായി വിടാൻപോകുന്നില്ല. ഇങ്ങിനെ നായ്ക്കളെ

അഴിച്ചു തെരുവിൽ വിട്ടന്നാവരെ ഞാൻ ഒരു പാഠം പഠിപ്പിക്കും! നിയമം അനുസരിക്കാത്ത യോഗ്യന്മാരുണ്ടല്ലോ, അവരെ ഒന്നു മനസ്സിലാക്കിച്ചു വിടേണ്ടകാലം കഴിഞ്ഞിരിക്കയാണു്! ആ തെണ്ടിക്കു നല്ല ഒരു പിഴ വിധിപ്പിക്കുന്നുണ്ടു്—നായ്ക്കളേയും കന്നുകാലികളേയും അഴിച്ചു തെരുവിലേക്കടിച്ചാൽ എന്താണനുഭവമെന്നു് ഞാൻ കാട്ടിക്കൊടുക്കാം. അത്രയ്ക്കായാൽ കൊള്ളുകില്ലല്ലോ! എൽഡിറിൻ," കാൺസ്റ്റബിളിനോടുതിരിഞ്ഞു് അയാൾ തുടർന്നു, "ഈ പട്ടി ആരുടേതെന്നറിഞ്ഞു് ഒരു റിപ്പോർട്ടെഴുതു. ഇതിനെ ഉടൻ തുലയ്ക്കണം. ഇതൊരു പേപ്പട്ടിതന്നെയായിരിക്കണം.... ഇതാരുടെ പട്ടിയാണെന്നാണു് ഞാൻ ചോദിക്കുന്നതു്!"

"അതു ജനറൽ സിഗലോവിന്റേതായിരിക്കണം." ആൾക്കൂട്ടത്തിനിടയിൽനിന്നും ആരോ പറഞ്ഞു.

"ജനറൽ സിഗലോവ്! ങ്ഹേ! എൽഡിറിൻ, ഞാൻ കോട്ടൊന്നൂരട്ടെ, പിടിക്കൂ........ഹു, ഹ്ഹ! എന്തൊരു ചൂടാണിതു്! മഴപെയ്യാനുള്ളമട്ടാണു്." ഇൻസ്പെക്ടർ ഖ്രൂയുകിനോടു തിരിഞ്ഞു: "എനിക്കിതാണു് മനസ്സിലാകാത്തതു്—എങ്ങിനതുതന്നെ കടിച്ചു? അതെങ്ങിനെ തന്റെ വിരലിൽ കേറിപ്പിടിച്ചെന്നു്? ഈ കൊച്ചുപട്ടി, തടിമാടനായ തന്നെക്കേറി ആക്രമിക്കുക! താൻ വല്ല ആണിയോ മറേറാ കയ്യിൽ തുളച്ചുകേററിയിരിക്കും, എന്നിട്ടു്, എന്തെങ്കിലും കിട്ടാനായി ഒരു പുതിയ വശമെടുത്തിരിക്കയാണു്. നിന്റെ തരക്കാരെ എനിക്കു ശരിക്കറിയാം: ചെകുത്താന്റെ വർഗ്ഗങ്ങൾ!"

"എമാനേ, അയാൾ ഒരു സിഗരററുകുററികൊണ്ടു് അതിന്റെ മോന്തപൊള്ളിച്ചു കളിച്ചു. അതു ചാടിപിടിക്കയുംചെയ്തു. ആരുടെ കുററം, എമാനേ, ഈഖ്രൂയുടകിൻ എപ്പോഴും ഇമ്മാതിരി തോന്ന്യാസങ്ങൾ കാട്ടുന്നവനാണു്."

"എടാ, പച്ചക്കള്ളം പറയുന്നോ! ഞാനങ്ങിനെ ചെയ്യുന്നതു് നീ കണ്ടോ? ഏമാൻ അത്ര മോശക്കാരനല്ല, ആരാണു് സത്യംപറയുന്നതു്, കള്ളംപറയുന്നതു്, എന്നൊക്കെ കാണാൻ അവിടത്തേക്കു കഴിയും. ഞാൻ കള്ളം പറയുന്നെങ്കിൽ ദൈവം ചോദിക്കട്ടെ! നിയമംതന്നെ പറയുന്നില്ലേ............ഇപ്പോൾ എല്ലാവരും തുല്യരാണു്....എന്റെ ഒരു സഹോദരൻതന്നെ പോലീസിലുണ്ടു്. അറിയണമെങ്കിൽ........"

"പ്രസംഗിക്കാതെടോ!"

"അല്ല, അതു ജനറലിൻെറ പട്ടിയല്ല." ആഴ്ന്ന ചിന്താഭാവത്തോടെ കാൺസ്റ്റബിൾ പറഞ്ഞു. "ജനറലിനിത്തരം പട്ടികളില്ല. അദ്ദേഹത്തിനുള്ളതൊക്കെ വേട്ടനായ്ക്കളാണ്."

"തീർച്ചയാണോ?"

"വളരെ ശരിയാണേമാനേ"

"താൻ പറയുന്നതാണ് ശരി! ജനറലിൻെറ പട്ടികൾ വളരെ കൂടിയ തരമാണ്. ഒന്നാംതരം വർഗ്ഗമായിരിക്കും. ഇതു നോക്കു! വൃത്തികെട്ട തെണ്ടിപ്പട്ടി! ഇങ്ങിനൊരു ജന്തുവിനെ മനുഷ്യൻ എന്തിനു വളർത്തണം? നിങ്ങൾക്കു ഭ്രാന്തുണ്ടോ? ഇങ്ങിനൊരു തെണ്ടിപ്പട്ടിയെ മോസ്കോയിലോ, പീറേറഴ്സ്ബർഗ്ഗിലോ കണ്ടാൽ എന്താണെന്നറിയാമോ അതിൻെറ ഗതി? നിയമവും മററും അന്വേഷിക്കാൻ ആരും പോവുകയില്ല, അടുത്ത നിമിഷം അതിൻെറ കഥ തീർന്നതുതന്നെ. ഖ്റ്യുകിൻ, അതുതന്നെ കടിച്ചു. അതിനെ അങ്ങിനങ്ങു വിട്ടുകൂടെന്നു താനോർക്കണം. ശരിക്കൊരു പാഠംപഠിപ്പിക്കണം! ഇതത്ര്യധികമായിപ്പോകുന്നു................"

"ഒരു പക്ഷേ, ഇതു ജനറലിൻെറതന്നെ ആയിരിക്കയില്ലെ," കാൺസ്റ്റബിൾ ഉറക്കെ ചിന്തിക്കയായിരുന്നു. "ചുമ്മാ അതിനെ നോക്കി അങ്ങു തീരുമാനിച്ചുകൂടാ. കഴിഞ്ഞദിവസം ഇതുപോലൊന്നിനെ ഞാൻ ആ മുററത്തു കണ്ടതാണ്."

"അതെ, തീർച്ചയായും ഇതു ജനറലിൻെറ പട്ടിയാണ്." ആൾക്കൂട്ടത്തിൽനിന്നും അങ്ങിനൊരു ശബ്ദം പൊന്തിവന്നു.

"മ്ഉം! എൽഡിറിൻ, പിടിക്കു ഞാൻ ഈ കോട്ടൊന്നിടട്ടെ.... ........പൊടുന്നനെയുള്ള കാററുകൊണ്ടു് ഞാൻ കിടുങ്ങിപ്പോയി. ഇതിനെ ജനറലിൻെറ വീട്ടിൽ കൊണ്ടുപോയി ചോദിച്ചുനോക്കു. ഞാൻ അതിനെ കണ്ടുപിടിച്ചു് എത്തിക്കയാണെന്നു പ്രത്യേകം പറയണം. തെരുവിലെങ്ങും വിടരുതെന്നുകൂടി പറഞ്ഞേക്കണേ. ഒരു പക്ഷേ അതൊരപൂർവ്വജാതി നായായിരിക്കും, തെരുവിൽ നടന്നാൽ എതിരപ്പാളിയും അതിൻെറ മോന്തയിൽ സിഗററുകുററിവെച്ചു, പൊള്ളിച്ചു് നാണംകെടുത്താൻ തുനിഞ്ഞേക്കാം. പട്ടി ലാളന അർഹിക്കുന്ന ഒരു ജീവിയാണ്. താൻ എന്നിട്ടതിൻെറമേൽ കൈവയ്ക്കുന്നു!

മരത്തലയൻ! തൻെറ വിരലും പൊക്കിപ്പിടിച്ചുള്ള ഒരു നില, മതി യാക്കു. എല്ലാം തൻെറ കുററംതന്നെ..................."

"അതാ വരുന്നു ജനറലിൻെറ പാചകക്കാരൻ, ചോദിക്കാമല്ലോ........ഹേയ്, ഇതാ, പ്രൊഖോർ! ഒന്നിങ്ങോട്ടുവന്നിട്ടുപോകു! ഈ പട്ടിയെ ഒന്നുനോക്കു........ഇതു നിങ്ങളുടേതാണോ?"

"ഓ, ഇതോ! ഞങ്ങളുടെ ജീവിതത്തിൽ ഇത്തരം ഒന്നുണ്ടായി ട്ടില്ല."

"ഒരന്വേഷണവും ഇനി ആവശ്യമില്ല!" ഒച്ചുമെലോവു പ്രഖ്യാപിച്ചു. "ഇതൊരു തെണ്ടിപ്പട്ടിതന്നെ. വെറുതെ ഇവിടെനിന്നു സംസാരിച്ചു സമയംകളയേണ്ട ആവശ്യമെന്താണു്! ഇതൊരു തെണ്ടി പ്പട്ടിയാണെന്നു ഞാൻ പറഞ്ഞില്ലേ, പിന്നെന്തുവേണം. ഉടനേ കഥ കഴിച്ചു കാര്യം ഒതുക്കണം."

"ഇതു ഞങ്ങളുടേതല്ല." പ്രൊഖോർ തുടന്നു: "ഇതു ജനറലിൻെറ സഹോദരൻേറതാണു്. അദ്ദേഹം കുറച്ചുദിവസംമുൻപു് വന്നു. ഞങ്ങളുടെ ജനറലിനു ബോർസോയ്നായ്ക്കളിൽ തീരെ ഭ്രമമില്ല. അദ്ദേഹത്തിൻെറ സഹോദരൻ ഇപ്പോൾ ഇഷ്ടപ്പെടുന്നതു്........"

"എന്തു്! ജനറലിൻെറ സഹോദരൻ വന്നോ? വ്ളാഡിമർ ഇവാനിച്ചു്?" ഒച്ചുമെലോവു് ഉദ്വേഗത്തോടെ ആരാഞ്ഞു, തിളങ്ങുന്ന ഒരു പുഞ്ചിരി അയാളുടെ മുഖത്തുദിച്ചു. "നന്നായി! ഞാനതറിഞ്ഞതേ യില്ല. കുറച്ചുകാലം ഇവിടുണ്ടാവുമോ?"

"ഉണ്ടാവും."

"നല്ലകാലമായി! ഞാൻ കാണാൻ ആഗ്രഹിച്ചിരുന്നതാണു്! പക്ഷേ വന്നതറിഞ്ഞില്ല. അപ്പോൾ ഇതദ്ദേഹത്തിൻെറ പട്ടിയാണു്? ഏതായാലും നന്നായി. പിടിച്ചുകൊണ്ടു പൊയ്ക്കോളു. നല്ല ചന്തമുള്ള പട്ടി. ഓമനിക്കാൻകൊള്ളാം. ഇവൻെറ വിരലിൽ കടിച്ചു? ഹ....ഹ....ഹ! ബാ, ബാ, ഭയക്കാതെ. ച്ചൂ....ച്ചൂ....കൊച്ചുതെമ്മാടി പിണങ്ങിയിരിക്കയാ............എത്രനല്ലപട്ടി!"

പ്രൊഖോർ പട്ടിയെപ്പിടിച്ചുകൊണ്ടു് തടിക്കടയുടെമുന്നിൽ നിന്നുപോയി. ജനക്കൂട്ടം ഖ്റുയുകിനെ പരിഹസിച്ചു.

“താൻ സൂക്ഷിച്ചോളൂ! ഞാൻ വച്ചിട്ടൊണ്ടു തനിക്കു്!!” ഒച്ചു മെലോവ് അയാളെ ഭയപ്പെടുത്തി, തൻെറ നീളൻകോട്ട് ശരിക്കു പിടിച്ചിട്ടുകൊണ്ടു് ചന്തസ്ഥലം കടന്നുപോകയുംചെയ്തു.

# വൈരികൾ

സെപ്റ്റംബർമാസത്തിലെ ഒരുരാത്രി ഒമ്പതുമണികഴിഞ്ഞു് ഏറെ ചെല്ലുന്നതിനുമുമ്പ് സെംസ്റവോയിലെ മെഡിക്കൽ ആഫീസറായ കിരിലോവിന്റെ ആറുവയസ്സുമാത്രം പ്രായമുള്ള ഏകപുത്രൻ കണ്ഠരോഗത്താൽ മൃതിയടഞ്ഞു. ഡാക്ടരുടെ പത്നി പുത്രന്റെ മരണശയ്യക്കടുത്തു് ശോകാവേശത്തിന്റെ ആദ്യത്തെ ആക്രമണത്താൽ തരളിതയായി മുട്ടുകുത്തിയപ്പോഴെയ്ക്കും, പുറവാതിലിലെ മണിയടിയ്ക്കുന്നതിന്റെ പരുഷമായശബ്ദം കർണ്ണങ്ങളിൽ വന്നുതറച്ചു.

പകർച്ചവ്യാധിയായ ആ കണ്ഠരോഗംകാരണം രാവിലെതന്നെ ഭൃത്യരെ ഭവനത്തിൽനിന്നും യാത്രയാക്കിയിരുന്ന കിരിലോവു് ഷർട്ടുമാത്രമെ ധരിച്ചിരുന്നുള്ളു, പുറത്തിട്ടിരുന്ന വെയിസ്റ്റ്കോട്ടിന്റെ കുടുക്കുകൾ ഇട്ടിരുന്നില്ല, കാർബോളിക്കുപുരണ്ട തന്റെ കരങ്ങളോ നനവാന്ന വദനമോ തുടയ്ക്കാതെ അദ്ദേഹം വാതിൽ തുറക്കുന്നതിനെത്തി. ഹാൾമുറിയിൽ ഇരുൾനിറഞ്ഞിരുന്നു, ആഗതന്റെ ഏതാണ്ടു് ഇടത്തരം ഉയരവും, വെള്ള മഫ്ളറും വലിയമുഖവും മാത്രമെ ഡാക്ടൎക്കു കാണാമായിരുന്നുള്ളു, ആ വിളറിയവദനം ആ അറയിൽ പ്രകാശം നിറയ്ക്കുന്നപോലെ തോന്നി........

"ഡാക്ടരുണ്ടോ?" അയാൾ വ്യഗ്രതയോടെ ആരാഞ്ഞു.

"ഞാൻ ഇവിടുണ്ടു്." കിരിലോവ് മറുപടിപറഞ്ഞു. "നിങ്ങൾക്കെന്തുവേണം?"

"ഓ! നിങ്ങളെകാണാൻകഴിഞ്ഞതു് സന്തോഷകരമായി!" ഇരുളിൽ ഡാക്ടരുടെ കരം ഗ്രഹിക്കാൻ തപ്പിക്കൊണ്ടു് ആശ്വാസസൂചകമായ സ്വരത്തിൽ അയാൾ പറഞ്ഞു, അവ അകപ്പെട്ടപ്പോൾ ആത്മാർത്ഥമായി തന്റെ ഇരുകരങ്ങളിലും അമർത്തിക്കൊണ്ടു് അയാൾ പറ

ഞ്ഞു: "വളരെ സന്തോഷമായി.......വളരെ സന്തോഷമായി! നാം തമ്മിൽ ഇതിനുമുമ്പു കണ്ടിട്ടുണ്ടു്. എന്റെപേരു് അബോഗിൻ എന്നാണു്.......കഴിഞ്ഞ വേനൽക്കാലത്തു് നിങ്ങളെ ഗ്നൂച്ചിവ്സിൽവച്ചു പരിചയപ്പെടാനുള്ള ഭാഗ്യം എനിക്കുണ്ടായി. എന്നോടു കൂടി വരണം, ഞാൻ യാചിക്കുന്നു.........എന്റെഭാര്യ അപകടകരമായനിലയിൽ രോഗഗ്രസ്ഥയായി കിടക്കുകയാണു്. എന്റെവണ്ടി പുറത്തുനില്ക്കുന്നുണ്ടു്."

ആഗതന്റെ ശബ്ദവും ചലനങ്ങളും അയാൾ അങ്ങേഅററത്തെ ഉല്ക്കണ്ഠ അനുഭവിക്കുന്നതായി വ്യക്തമാക്കിയിരുന്നു. അയാളുടെ ശ്വാസഗതിക്കു വേഗതയേറിയിരുന്നു, സംഭാഷണത്തിൽ തിടുക്കമുണ്ടായിരുന്നു, അയാളുടെശബ്ദം പതറിയിരുന്നു, ഒരഗ്നിബാധയിൽ നിന്നോ, പേപ്പട്ടിയിൽനിന്നോ രക്ഷപ്പെട്ടുവന്നതാണെന്നുതോന്നും അയാളുടെഭാവംകണ്ടാൽ; അതിൽ ഒരുശിശുവിന്റേതുപോലെ നിഷ്കളങ്കമായഭാവം പ്രകടമായിരുന്നു. അയാൾ ചുരുക്കത്തിലാണു് പറഞ്ഞതു്, വാചകങ്ങൾ അപൂർണ്ണങ്ങളായിരുന്നു, സംഭ്രമാധീനരൊ ഭീതരോ ആയവരുടേതുപോലെ അയാൾ മുരണ്ടിരുന്നവാക്കുകളിൽ ഏറെയും സന്ദർഭത്തിനൊ സംഗതിക്കൊ ആവശ്യമുള്ളതായിരുന്നില്ല.

"നിങ്ങളെ കണ്ടുകിട്ടുകയില്ലെന്നു ഞാൻ ഭയന്നു," അയാൾ തുടന്നു. "ഇങ്ങെത്തുന്നതുവരെ എന്റെഹൃദയം വല്ലാതെ അസ്വസ്ഥമായിരുന്നു.........ഈശ്വരനെവിചാരിച്ചു് വേഷംമാറി എന്നോടുകൂടി വരണം.........അതാരംഭിച്ചതിങ്ങിനെയാണു്. പാപ്ച്ചിൻസ്കി എന്നെ കാണാൻവന്നു—അലക്സാണ്ഡർ സെമ്യനോവിച്ച്, അയാളെ നിങ്ങൾക്കറിയാം. ഞങ്ങൾ കുറച്ചുനേരം സംസാരിച്ചുകൊണ്ടിരുന്നു പിന്നീടു് ചായക്കിരുന്നു. പെട്ടെന്നു്, തീരെ അവിചാരിതമായി, എന്റെപത്നി ഒരക്രോശം പുറപ്പെടുവിച്ചു, കരങ്ങൾ നെഞ്ചിലമത്തി, അടുത്തനിമിഷത്തിൽ അവൾ കസേരയിലേയ്ക്കുമലന്നു. ഞങ്ങൾ അവളെഎടുത്തു കിടക്കയിൽകൊണ്ടുകിടത്തി.........അവളുടെനെററിയിൽ അമ്മോണിയാഇട്ടുതടവി, മുഖത്തുവെള്ളംതളിച്ചു.....പക്ഷെ അവൾ മരിച്ചപോലെ, അവിടങ്ങിനെകിടന്നു.....അതു് * അന്യൂയറിസമാണെന്നു ഞാൻഭയക്കുന്നു.....വരണം.....അവളുടെ അച്ഛൻ അന്യൂയറിസംമൂലമാണു് മരിച്ചതു്."

---

* മുറിവോ രോഗമോകൊണ്ടു്, ദുർബ്ബലമായ ഒരു ഭാഗത്തുള്ള ഞരമ്പു് പൊടുന്നനെ വീങ്ങിഉണ്ടാകുന്ന ഒരുതരം രോഗം.

കിരിലോവ് മൂകനായിരുന്നുകേട്ടു, അയാളുടെ ഭാവംകണ്ടാൽ റഷ്യൻഭാഷ മനസ്സിലാകയില്ല എന്നു തോന്നിപ്പോകും.

അബോഗിൽ വീണ്ടും പാപ്പ്ച്ചിൻസ്കിയെപ്പററിയും, തൻെറ ശത്രുരനെപ്പററിയും പറഞ്ഞുകൊണ്ടു് ഡാക്ടരുടെ കരംഗ്രഹിക്കാനായി ഇരുളിൽ തപ്പുമ്പോൾ, കിരിലോവ് പിറകോട്ടു വലിഞ്ഞുമാറി അശ്രദ്ധമായ ഭാവത്തോടെ ശിരസ്സു ചലിപ്പിച്ചുകൊണ്ടു പറഞ്ഞു:

"നിങ്ങളുടെ വീട്ടിലേയ്ക്കു് വരാൻ സാദ്ധ്യമല്ലാത്തതിൽ എനിക്കു ഖേദമുണ്ടു്. അഞ്ചുമിനിട്ടുകൾക്കുമുൻപ്—എൻെറ മകൻ മരിച്ചു."

"ഇല്ല, വാസ്തവമോ!" ഒരു ചുവടു് പിറകോട്ടു വലിച്ചിട്ടു് അബോഗിൻ ഉരുവിട്ടു. "എൻെറ ഈശ്വരാ, എത്ര തെററായ ഒരു നിമിഷമാണു് ഞാൻ തെരഞ്ഞെടുത്തതു്. എന്തൊരു നിർഭാഗ്യകരമായ ദിനം—ഇതെന്തായാലും അവിസ്മരണീയമായ ഒരു ദിനമാണു്. എന്തൊരു സംയോഗമാണു്....ഇതൊക്കെ ആർക്കു് ചിന്തിക്കാനൊക്കും!"

അയാൾ കതകിൻെറ കൈപിടി ഗ്രഹിച്ചുകൊണ്ടു്, ശിരസ്സുനമിച്ചു് ഇതികർത്തവ്യതാമൂഢനായിനിന്നു. തൻെറ അഭ്യർത്ഥന തുടരണോ, അതോ പിൻവാങ്ങണോ എന്നയാൾക്കുതന്നെ വ്യക്തമായിരുന്നില്ല.

"കേൾക്കണം!" അയാൾ വികാരവിവശമായ സ്വരത്തിൽ കിരിലോവിൻെറ കുപ്പായത്തിൻെറ കൈയിൽപിടിച്ചുകൊണ്ടു പറഞ്ഞു. "നിങ്ങളുടെ നില ഞാൻ വ്യക്തമായറിയുന്നുണ്ടു്. ഇത്തരം ഒരു നിമിഷത്തിൽ ഞാനെത്രമാത്രം ലജ്ജിക്കുന്നു എന്നു് ഈശ്വരനറിയാം. പക്ഷേ ഞാനെന്തുചെയ്യണം? നിങ്ങൾതന്നെ തീരുമാനിക്കണം—ഞാൻ മടങ്ങിപ്പോകണോ? ഈ സ്ഥലത്തുനിങ്ങളല്ലാതെ മറെറാരു ഡാക്ടരും ഇല്ല. ദൈവത്തെവിചാരിച്ചുവരണം! ഞാൻ എനിക്കുവേണ്ടിയപേക്ഷിക്കയല്ല. ഞാനല്ല, രോഗത്തിൻെറ പിടിയിൽ പെട്ടിരിക്കുന്നതു്!"

തുടന്നു് ഒരു മൂകത നിലനിന്നു. കിരിലോവ് അബോഗിനോടുപുറന്തിരിഞ്ഞു് ഒന്നോ രണ്ടോ നിമിഷംനിന്നു, എന്നിട്ടയാൾ ഹാൾമുറിയിൽനിന്നിറങ്ങി ഇരിപ്പുമുറിയിലേക്കു പോയി. അലസമായ ഒരു തീരുമാനത്തിൽ മുഴുകി യാന്ത്രികമായി ചുവടുവച്ചു്, അയാൾ ആ അറയിലെത്തി. കൊളുത്തപ്പെടാത്ത വിളക്കിൻെറ ചരിഞ്ഞുനിന്ന ഷെയിഡ് നേരേവച്ചിട്ടു് മേശപ്പുറത്തുകിടന്ന ഒരു തടിച്ച പുസ്തകത്തിലേക്കു

യാൾ നോക്കി, അയാളുടെ ഹൃദയത്തിൽ അപ്പോൾ ഉദ്ദേശങ്ങളോ അഭിലാഷങ്ങളോ ഉണ്ടായിരുന്നില്ല. അയാൾ ഒന്നിനെപ്പററിയും ചിന്തിക്കുന്നുമില്ലായിരുന്നു. ഹാൾമുറിയിൽ ഒരപരിചിതൻ നില്ക്കുന്നുണ്ടെന്നതു തന്നെ അയാൾ മറന്നിരുന്നു. ശാന്തനിറഞ്ഞ സന്ധ്യാസമയത്തിൻെറ പ്രാമാണ്യം അയാളുടെ ഉത്സാഹരാഹിത്യത്തെ അധികരിപ്പിച്ചതേയുള്ളു.

ഇരിപ്പുമുറിയിൽനിന്നും വായനമുറിയിലേക്കു കടക്കുമ്പോൾ അയാൾ തൻെറ വലതുകാൽ സാധാരണയിലധികംഉയർത്തി വാതിൽപടി തിരഞ്ഞു. ഒരപരിചിതമായ ഭവനത്തിലകപ്പെട്ടാലെന്നവിധം അയാൾ ആകെ സംഭ്രമമണിഞ്ഞിരുന്നു, അല്ലെങ്കിൽ ജീവിതത്തിൽ ആദ്യമായി മദ്യപിച്ചു മത്തുപിടിച്ച് അതിൻെറ അപരിചിതമായ സംഭ്രാന്തിക്കടിപ്പെട്ടപോലെ കാണപ്പെട്ടിരുന്നു. തെളിഞ്ഞ പ്രകാശത്തിൻെറ ഒരു ഭാഗം ഒരു ഭിത്തിയിലും പുസ്തകങ്ങളിരുന്ന ഷെൽഫിലുമായി വീഴുന്നുണ്ട്; ലേശം തുറന്നുകിടന്ന കിടപ്പറയിൽനിന്നും ആ പ്രകാശവും അതിനോടൊപ്പംതന്നെ കാർബോളിക്കിൻെറയും ഈതറിൻെറയും രൂക്ഷമായ ഗന്ധവും കടന്നുവന്നിരുന്നു........മേശയുടെ അടുത്തുകിടന്ന ഒരു കസേരയിൽ, തളർന്നുകഴിഞ്ഞ ഡാക്ടർ, ഇരുന്നു; പ്രകാശമേററ വ്യക്തമായികാണപ്പെടുന്ന പുസ്തകങ്ങളിലേക്ക് അയാൾ ഒരുക്ഷണം അലസമായി നോക്കി; എന്നിട്ടെഴുന്നേററു കിടപ്പറയിലേക്കുപോയി.

ഇവിടെ, കിടപ്പുമുറിയിൽ, മരണത്തിൻെറ മണമുള്ള ഒരു മൂകത ആധിപത്യം സ്ഥാപിച്ചുനിന്നിരുന്നു. ഇവിടത്തെ ഓരോ പരമാണുവും വളരെ സമീപത്തിൽ ഉയന്ന കൊടുങ്കാററിനെപ്പററി അവിരാമം പ്രഭാഷണങ്ങളുമായി നിന്നതാണ്, ഇപ്പോൾ അതൊന്നടങ്ങി തളർന്നു വിശ്രമിക്കയാണ്. എണ്ണമററ കുപ്പികളുടെയും ഭരണികളുടെയും നടുവിൽ ഒരു മെഴുകുതിരി കത്തിക്കൊണ്ടിരുന്നു. ഒരു മേശമേലിരുന്ന തെളിഞ്ഞ പ്രഭവിതറുന്ന വിളക്ക് ആ അറയിൽ പ്രകാശം നിറച്ചിരുന്നു. ജനാലയ്ക്കുതാഴെയുള്ള കിടക്കയിൽ ഒരു കുട്ടി കിടന്നിരുന്നു. തുറന്നുവച്ച മിഴികളോടെ കിടക്കുന്ന അതിൻെറ മുഖത്ത് ഒരാശ്ചര്യഭാവം തെളിഞ്ഞുനില്ക്കുന്നുണ്ട്. അവൻ ചലിക്കുന്നില്ല, പക്ഷേ അവൻെറ മിഴികൾ അനുനിമിഷം കൂടുതൽ ഇരുണ്ടുവരുന്നതായി തോന്നി, അവ തലയോട്ടിക്കുള്ളിലേക്കു കൂടുതൽ വലിഞ്ഞു താണുപോകുന്നതായും. അവൻെറ മെയ്യിൽ കൈവച്ചുകൊണ്ട്, കിടക്കവിരിപ്പുക

ളിൽ മുഖമമത്തി അവൻെറ അമ്മ കിടക്കയ്ക്കരുകിൽ മുട്ടുകുത്തിനിന്നിരുന്നു. ആ കുട്ടിയെപ്പോലെതന്നെ, അവളും നിശ്ചേതനയായിരുന്നു. പക്ഷേ എത്ര ശക്തിമത്തായ ചലനങ്ങളാണ് അവളുടെ തളൎന്നുവളഞ്ഞ ദേഹമിലും കരങ്ങളിലും ഒളിഞ്ഞുനിന്നിരുന്നതു്! അവൾ തൻെറ ശരീരം അപ്പാടും കിടക്കയോടു ചേൎത്തമൎത്തി ഇരുന്നു, ശക്തിമത്തായ അഭിവാഞ്ഛയോടും അത്യാശയോടും ഒടുവിൽ ശാന്തമായ ഒരിരുപ്പിൽ ഉറച്ച തൻെറ മേനിയുടെ സ്ഥിതി ശല്യപ്പെടുത്തപ്പെട്ടുമെന്നവർ ഭയക്കുന്നപോലെ. കരിമ്പടങ്ങളും, തുണിത്തുണ്ടുകളും, പാത്രങ്ങളും, തറയിൽ കെട്ടിക്കിടക്കുന്ന വെള്ളവും, കട്ടിയേറിയ വായുവും—എല്ലാം രികഞ്ഞ ശാന്തതയിൽ ആമഗ്നമായി നില്ക്കുന്നപോലെ തോന്നി.

ഡാക്ടർ ഭാൎയ്യയുടെ അരികിൽചെന്നുനിന്നു്, കൈകൾ കാലുറയുടെ കീശകളിൽ തിരുകി തല ഒരുവശത്തേക്കു ചെരിച്ചുവച്ചുകൊണ്ടു് പുത്രനിൽ മിഴിനട്ടുനിന്നു. അയാളുടെ മുഖത്തു് അശ്രദ്ധതെളിഞ്ഞുനിന്നിരുന്നു. താടിരോമങ്ങളിൽ തെളിഞ്ഞുനിന്ന കണ്ണീൎക്കണങ്ങൾ മാത്രം അദ്ദേഹം അടുത്ത ഏതാനും നിമിഷങ്ങൾക്കുമുൻപു് കണ്ണീരുതിൎത്തിയിരുന്നതായി സൂചിപ്പിച്ചിരുന്നു.

അസുഖകരവും ഭീതിജനകവുമായ മരണത്തിൻെറ സാമീപ്യത്തെപ്പററിയുള്ള ചിന്ത ആ അറയിൽ കുറഞ്ഞുവന്നിരുന്നു. നിലനിന്ന തളൎച്ചയിൽ ആ അമ്മയുടെ ഇരിപ്പും, അച്ഛൻെറമുഖത്തുമുദ്രിതമായ അശ്രദ്ധാഭാവവും ഏതാണ്ടാകൎഷകമായ ഒരു ഭാവംകുറിച്ചിരുന്നു, അതു് ഹൃദയസ്പൃക്കും അതിസൂക്ഷ്മവും അസ്പഷ്ടവുമായ മാനുഷികവേദനകളുടെ ഒരു രൂപമാണ്. അതത്രവേഗം ഗ്രഹിക്കാൻ ആൎക്കും കഴിഞ്ഞെന്നുവരികയില്ല, വിവരണാതീതമെന്നു പറഞ്ഞുകൂടാ. ഒരു പക്ഷെ അതു വ്യക്തമാക്കാൻ സംഗീതത്തിനുമാത്രമേ കഴിവുണ്ടായിരിക്കയുള്ളു. പക്ഷേ ആ ഇരുണ്ട മൂകതയ്ക്കൊരു സൗന്ദൎയ്യമുണ്ടായിരുന്നു. കിരിലോവും പത്നിയും ഒരക്ഷരം ഉരിയാടിയില്ല, കരഞ്ഞില്ല, അവരുടെ വേദനയുടെഭാരം വൎദ്ധിക്കുന്നവിധം ആ നിമിഷങ്ങളുടെ കവിതാത്മകത്വം അവൎക്കു ബോദ്ധ്യമാവുകയും ചെയ്തിരുന്നു. അവരുടെ യൗവനം വിടവാങ്ങിക്കഴിഞ്ഞതോടെ ഒരു കുഞ്ഞുണ്ടായിരിക്കാനുള്ള അവകാശം ഈ കുട്ടിയോടുകൂടി അവസാനിച്ചിരിക്കുന്നു. ഡാക്ടൎക്കു് നാല്പത്തിനാലുവയസ്സു പ്രായമുണ്ടു്. തലനരച്ചുകഴിഞ്ഞു, അയാൾ ഒരു വൃദ്ധനെപ്പോലെ ആയിക്കഴിഞ്ഞിട്ടുമുണ്ടു്. ചന്തംമങ്ങിയ ദുർബലയായ അയാളുടെപത്നിക്കു മുപ്പത്തിഅഞ്ചുവയസ്സുണ്ടു്. അൻഡ്രേ അവരുടെ ഏകപുത്രൻമാത്രമല്ല, അവസാനത്തേതുമാണു്.

അയാൾ ഭാര്യയെപ്പോലെയല്ല, മനോവേദനയുടെ നിമിഷങ്ങളിൽ എന്തെങ്കിലും പ്രവർത്തിച്ചുകൊണ്ടിരിക്കേണ്ടതാവശ്യമായി അനുഭവപ്പെടുന്ന ശീലമാണ് ഡാക്ടരുടേതു്. ഏതാനും നിമിഷം ഭാര്യയുടെ അടുത്തുനിന്നിട്ട് അയാൾ കിടപ്പറയിൽനിന്നും പുറത്തുകടന്നു. അപ്പോഴും അയാൾ വലതുകാൽ ആവശ്യത്തിലധികം ഉയർത്തി. ഒരു ഇടുങ്ങിയ അറയിലേക്കു ഡാക്ടർ കടന്നു, അതിൻെറ പകുതിയോളം ഭാഗം ഒരു സോഫാ കവന്നിരുന്നു. അയാൾ അവിടെനിന്നും അടുക്കളയിലേക്കുകടന്നു. അടുപ്പിനും പാചകക്കാരൻെറ കിടക്കയ്ക്കും ഇടയിൽ ഉലാത്തിക്കൊണ്ടിരുന്ന അയാൾ പൊക്കം കുറഞ്ഞ ഒരു വാതിലിൽക്കൂടി കുനിഞ്ഞുകടന്ന് ഹാൾമുറിയിലെത്തി.

അവിടെ ഒരിക്കൽക്കൂടി ആ വെള്ളമഫ്ളറും വിളറിയ വദനവും അയാളെ നേരിട്ടു.

"ഉറപ്പായെങ്കിലും", വാതിലിൻെറ കൈപിടിയിൽ കൈവച്ചുകൊണ്ടു നെടുവീർപ്പോടെ അബോഗിൻ പറഞ്ഞു, "വരണം, ദയവുചെയ്തു വരണം!"

ഡാക്ടർ നടുങ്ങി, അയാളെനോക്കി, എല്ലാം ഓർത്തു........

"പക്ഷേ, സാദ്ധ്യമല്ലന്നു ഞാൻ പറഞ്ഞില്ലേ," അയാൾപെട്ടെന്നു സ്വബോധത്തിലെത്തിയിട്ടുപറഞ്ഞു. "എത്രമാത്രം അസാധാരണമായിരിക്കുന്നു........"

"ഞാൻ ഒരു കൽപ്രതിമയല്ല. നിങ്ങളുടെ സ്ഥിതി ഞാനറിയുന്നുണ്ടു്. അതെന്നെ വല്ലാതെ സ്പർശിച്ചിട്ടുമുണ്ടു്." അബോഗിൻ തൻെറ കരം മഫ്ളറിൽ ഉറപ്പിച്ചുകൊണ്ടു യാചനാഭരിതമായ സ്വരത്തിൽ പറഞ്ഞു. "പക്ഷെ ഞാൻ എനിക്കുവേണ്ടിമാത്രമല്ല അപേക്ഷിക്കുന്നതു്. എൻെറ ഭാര്യ മരണത്തിലേക്കു വഴുതുന്നു. അവളുടെ ഞരക്കങ്ങളൊന്നു കേട്ടെങ്കിൽ, ആ മുഖമൊന്നു കണ്ടെങ്കിൽ, എൻെറ നിർബന്ധപൂർവ്വമുള്ള അപേക്ഷയുടെ പ്രാധാന്യം നിങ്ങൾ മനസ്സിലാക്കുമായിരുന്നു. ഈശ്വരാ, നിങ്ങൾ പുറപ്പെടാനായി വേഷം മാറാൻപോയി എന്നാണ് ഞാൻ കരുതിയതു്! ഡാക്ടർ, സമയം വിലപ്പെട്ടതാണ്. വരണം ഞാൻ യാചിക്കുന്നു."

"എനിക്കു നിങ്ങളോടുകൂടി വരാൻ സാദ്ധ്യമല്ല." ഓരോവാക്കും വ്യക്തമായി അക്രോശിച്ചുകൊണ്ടു അയാൾ ഇരുപ്പുമുറിയിലേക്കുകടന്നു.

അബോഗിൻ അയാളെ പിന്നുടെന്റെ കുപ്പായത്തിന്റെ കയ്യിൽ പിടിച്ചു നിവൃത്തിക്കൊണ്ടുപറഞ്ഞു:

“നിങ്ങൾ വല്ലാത്ത വൈഷമ്യത്തിലാണെന്നെനിക്കറിയാം. എനിക്കു നിങ്ങളുടെനില മനസ്സിലാക്കാൻകഴിയും. പക്ഷേ ഇതൊരു പല്ലുവേദനയുടെയോ രോഗനിർണ്ണയത്തിന്റെയോ കാര്യമല്ല, ഒരു ജീവൻ രക്ഷിക്കാനാണ് നിങ്ങൾ വരണമെന്നു ഞാൻ അപേക്ഷിക്കുന്നത്.” അയാൾ യാചനാനിർഭരമായസ്വരത്തിൽ തുടന്നു: “ഈ ജീവിതം, വ്യക്തിഗതമായ വേദനയിൽനിന്നും ഉപരിയായിനില്ക്കുന്നു. ധൈര്യവും, മനഃശക്തിയും പ്രകടിപ്പിക്കാൻ ഞാനപേക്ഷിക്കുന്നു— മനുഷ്യത്വത്തിന്റെ പേരിൽ!”

‘മനുഷ്യത്വം—അതു രണ്ടുതലയ്ക്കും മൂർച്ചയുള്ള ഒരായുധമാണ്.” കിരിലോവുപറഞ്ഞു “അതേ, മനുഷ്യത്വത്തിന്റെ പേരിൽ എന്നെ കൊണ്ടുപോകാൻ നിർബന്ധിക്കരുതെന്നു ഞാൻ പറയുന്നു. പതിരില്ലാത്ത സത്യം! എനിക്കു നിവന്നുനില്ക്കാൻതന്നെ കഴിയുന്നില്ല. എന്നാൽ നിങ്ങൾ മനുഷ്യത്വമെന്നവാക്കുകൊണ്ട് എന്നെ പേടിപ്പിക്കാൻ ശ്രമിക്കുന്നു. ഈ നിമിഷത്തിൽ ഞാൻ ഒന്നിനും ശക്തനല്ല............എന്നെപ്രേരിപ്പിക്കാൻ ഇപ്പോൾ ഒന്നും ശക്തമാവുകയില്ല. കൂടാതെ എന്റെ ഭാര്യയുടെ സഹായത്തിന് ആരെയെങ്കിലും ഏല്പ്പെടുത്താനും എനിക്കില്ല. വയ്യ, തീരെ നിവൃത്തിയില്ല........”

കൈകൾ മുന്നോട്ടുനീട്ടി അയാളെ തടയാനെന്നോണം ഉയർത്തിക്കൊണ്ടു കിരിലോവ് ഒരുചുവടു പിറകോട്ടുവച്ചു.

“എന്നോടകാര്യം ഇനി പറയാതിരിക്കൂ,” അയാൾ പെട്ടെന്നു യന്ത്ര ഭ്രാന്തമായ ആവേശത്തോടെപറഞ്ഞു. “എന്നോടുക്ഷമിക്കൂ........ പതിമൂന്നാംവാല്യത്തിലെ നിയമമനുസരിച്ചു നിങ്ങളോടുകൂടിവരാൻ ഞാൻ ബാദ്ധ്യസ്ഥനാണ്, എന്നെ വലിച്ചിഴച്ചുകൊണ്ടുപോകാനുള്ള അവകാശം നിങ്ങൾക്കുണ്ട്. ശരി, അങ്ങനെചെയ്യൂ, പക്ഷേ........ ഞാൻ ഒന്നിനും പററാത്ത അവസ്ഥയിലാണ്........സംസാരിക്കാൻ കൂടി ശക്തിതികയുന്ന ഒരവസ്ഥയിലല്ല ഞാൻ........ക്ഷമിക്കൂ........”

“നിങ്ങൾ, ആ സ്വരം എന്റെനേക്കുപയോഗിക്കരുതു ഡാക്ടർ.” ഒരിക്കൽക്കൂടി ഡാക്ടരുടെ കുപ്പായത്തിൽപിടിച്ചു വലിച്ചുകൊണ്ട് അബോഗിൻപറഞ്ഞു. “പതിമൂന്നാംവാല്യത്തിലെ നിയമാവലികളെപ്പററി ഞാനെന്തിനുനോക്കണം? ഹിതത്തിനു വിപരീതമായി

നിങ്ങളെ നിർബന്ധിക്കാൻ എനിക്കൊരവകാശവും ഇല്ല, നിങ്ങൾക്ക് ഇഷ്ടമുള്ളപക്ഷം വരണം! നിങ്ങളുടെ ചിന്തയോടല്ല, ഹൃദയത്തോടാണ് ഞാൻ യാചിക്കുന്നത്. ചെറുപ്പക്കാരിയായ ഒരുവൾ മരിക്കുന്നു. നിങ്ങളുടെ പുത്രൻ ഏതാനും നിമിഷങ്ങൾക്കുമുൻപ് മരിച്ചതേയുള്ളു, എന്ന് നിങ്ങൾ പറയുന്നു—അപ്പോൾ മററാരെക്കാളും എന്റെ ഉൽക്കണ്ഠ നിങ്ങൾക്കറിയാൻകഴിയും!"

അബോഗിന്റെ ശബ്ദം, ഉദ്വേഗംകൊണ്ടു പതറിയിരുന്നു. അയാളുടെ വാക്കുകളിലേതിലും കൂടുതൽ പ്രേരണാശക്തി ആ പതറിച്ചയിലും സ്വരത്തിലും ഉണ്ടായിരുന്നു. അബോഗിൻ ആത്മാർത്ഥമായാണു സംസാരിച്ചത്. എങ്കിലും അയാളുടെ വാക്കുകൾ പരുഷവും കർക്കശവും ആവശ്യത്തിലേറെ ആലങ്കാരികവുമായിരുന്നു. അത് ആ ഡാക്ടറുടെ ഭവനത്തിൽ നിലവിലുള്ള അവസ്ഥയ്ക്കും അകലെ മരിക്കാൻകിടക്കുന്ന സ്ത്രീയുടെനിലയ്ക്കും ചേരാത്തതായിത്തോന്നി. തന്റെ നില വിശദീകരിക്കാൻ കരുത്തു പോരാത്തതായി അയാൾക്കു തോന്നിയിരിക്കണം. തന്റെ ശബ്ദം മൃദുലവും ഹൃദയസ്പർശിയുമാക്കാനും അങ്ങനെ കാര്യസാദ്ധ്യം വരുത്താനും വാക്കുകൾകൊണ്ടു കഴിയുന്നില്ലെങ്കിൽ ആത്മാർത്ഥതയുടെ സ്വര കൊണ്ടതു നേടാൻ അയാൾ ശ്രമിച്ചിരുന്നു. വാക്കുകൾ ആഴമേറിയവയും, എത്രതന്നെ ആത്മാർത്ഥവും ആയിരുന്നാലും അശ്രദ്ധമായ ഒരു മനഃസ്ഥിതിയിലുള്ളയാളെയല്ലാതെ, സന്തുഷ്ടനേയോ വേദനാമഗ്നനായ ഒരുവനെയോ കീഴടക്കാൻ ശക്തമല്ലെന്നു തീർച്ചയാണ്. അതുകൊണ്ടാണ് പലപ്പോഴും അതിരററ ആനന്ദവും വേദനയും മൂകമായിരിക്കുന്നത്. പ്രേമികൾ മൂകരായിരിക്കുമ്പോൾ പരസ്പരം കൂടുതൽ അറിയുന്നു, ഒരു പട്ടടയ്ക്കടുത്ത് വികാരഭരിതവും തന്മയത്വവുമായ ഒരു സംഭാഷണം അന്യരെമാത്രമേ സ്പർശിക്കുകയുള്ളു, അത് വിധവയ്ക്കും മക്കൾക്കും വിരസമായായിരിക്കും അനുഭവപ്പെടുന്നത്.

കിരിലോവ് മൂകനായി നിന്നു. അബോഗിൻ ഒരു ഡാക്ടറുടെ മഹത്തായ ചുമതലയേയും ത്യാഗത്തേയും മററുംപററി നല്ല ചാതുര്യമുള്ള വാക്കുകളുരുവിടുമ്പോൾ അയാൾ തീരെ പരുക്കനായ സ്വരത്തിൽ ചോദിച്ചു:

"അതു വളരെ അകലത്താണോ?"

"പതിമൂന്നോ പതിനാലോ *വെർസ്റ്റ് ദൂരമേയുള്ളു. എന്റെ കുതിരകൾ ഏററവും മെച്ചപ്പെട്ടവയാണ്, ഡാക്ടർ. അവ ഒരു മണിക്കൂറിനകം നമ്മെ അവിടെ എത്തിക്കുമെന്ന് ഞാൻ ഉറപ്പുതരുന്നു. ഒരൊററ മണിക്കൂർമാത്രം!"

അതു് മനുഷ്യത്വത്തെപ്പററിയുള്ള പ്രഭാഷണങ്ങളെക്കാൾ ഡാക്ടറെ സ്പർശിച്ചു. ഒരു നിമിഷത്തെ ചിന്തയ്ക്കുശേഷം അയാൾ പറഞ്ഞു:

"ശരി., നമുക്കു പോകാം."

അയാൾ ധൃതിയിൽതന്റെ വായനമുറിയിലേക്കു പോയി, ഒരു നിമിഷത്തിനകം വേഷംമാറി പുറത്തെത്തി. സന്തുഷ്ടനായ അബോഗിൻ തിടുക്കത്തോടെ അയാളുടെ അടുത്തെത്തി, കോട്ടു ശരിക്കുപിടിച്ചിടുന്നതിനു സഹായിച്ചു. അവർ ഒരുമിച്ചു പുറത്തുകടന്നു.

പുറത്തു് ഇരുൾ തിങ്ങിയിരുന്നു, എങ്കിലും ഹാൾമുറിയിലെ അത്ര അതിനു കട്ടിതോന്നിച്ചിരുന്നില്ല. ഡാക്ടരുടെ ഉയർന്നു മുന്നോട്ടാഞ്ഞ രൂപവും, നേരിയ താടിയും, വളഞ്ഞ നാസികയും ഇരുട്ടിൽ വ്യക്തമായി കാണാമായിരുന്നു. അബോഗിന്റെ വദനം വിളറിയിരുന്നു, അയാളുടെ വലിയ തല ശരിക്കു മറയ്ക്കാതെ, വിദ്യാർത്ഥികൾ ധരിക്കാറുള്ള ഒരു തൊപ്പിയാണ് അയാൾ വച്ചിരുന്നതു്. കഴുത്തിൽ ചുററിയിരുന്ന മഫ്ളറിന്റെ വെള്ളനിറം മുമ്പിൽമാത്രമേ കാണാനുണ്ടായിരുന്നുള്ളു, പുറകിൽ അതു മുടികൊണ്ടു മാഞ്ഞിരുന്നു.

"വിശ്വസിക്കണം. നിങ്ങളുടെ കാരുണ്യത്തിനുള്ള ബഹുമതി ഞാൻ എങ്ങനെ പ്രകടിപ്പിക്കുമെന്ന് നിങ്ങൾക്കു ബോദ്ധ്യമാകും." ഡാക്ടറോടുകൂടി വണ്ടിയിൽ കടന്നിരുന്നപ്പോൾ അയാൾ പറഞ്ഞു. "നിമിഷങ്ങൾക്കകം നാം അവിടെ എത്തും. ലൂക്കാ, ദയവു ചെയ്തു് കഴിയുന്നത്ര വേഗം ഓടിക്കു. വേഗം!"

വണ്ടിക്കാരൻ കുതിരകളെ അതിവേഗത്തിൽ ഓടിച്ചു. ആദ്യം ആശുപത്രിയുടെ മുന്നിലുള്ള ഒരു നിര വൃത്തികെട്ട ഭവനങ്ങളെ അവർ പിന്നിട്ടു. അവ എല്ലാം ഇരുളിൽ മുങ്ങിക്കിടന്നിരുന്നു, എന്നാൽ പുറകുവശത്തുള്ള ഒരു ജനാലയിൽനിന്നും ഉദ്യാനത്തിലേക്ക് പ്രകാശത്തിന്റെ ഒരു ഭാഗം ചിതറിവീണിരുന്നു, ആശുപത്രിയോടുചേർന്നുള്ള

---

* ഒരു വെർസ്റ്റ്, 3500 അടി.

ഒരു കെട്ടിടത്തിൻെറ മുകളിലത്തെ നിലയിൽ, പരിസരത്തിൽനിന്നു വ്യത്യസ്ഥമായി, വിളറിയെങ്കിലും ലേശം പ്രകാശം ജനാലപാളികളിൽ വീണിരുന്നു. വീണ്ടും ആ വണ്ടി ഇരുളിലേക്കു കടന്നു. അവിടെ തണുത്തുവിറങ്ങലിച്ച ഒരു ഗന്ധവും, കുമിളിൻെറ മണവും, ഇലകൾ കാററിൽ ശബ്ദിക്കുന്നതും അനുഭവപ്പെട്ടിരുന്നു. തരുശാഖകളിലിരുന്ന കാക്കകൾ വണ്ടി കടന്നുപോകുമ്പോഴുള്ള ശബ്ദത്താൽ ഉണർത്തപ്പെട്ട് സംഭ്രമാധീനരായി ശബ്ദിച്ചു. ഡാക്ടരുടെ പുത്രൻ മരിച്ചതും അബോഗിൻെറ പത്നി രോഗഗ്രസ്ഥയായിരിക്കുന്നതും അവ അറിഞ്ഞതുപോലെ തോന്നും, എന്നാൽ വേഗംതന്നെ ഒററപ്പെട്ട മരങ്ങളും കുററിക്കാടുകളും അതിശീഘ്രം മറഞ്ഞുകൊണ്ടിരുന്നു. വിസ്തൃതമായ ഒരു വെളിസ്ഥലത്തുകൂടി വണ്ടി കടന്നുപോകുമ്പോൾ ഇരുൾപൊതിഞ്ഞ ഒരു കുളത്തിൻെറ മുകൾപരപ്പ് മിന്നിക്കൊണ്ടിരുന്നു. കാക്കകളുടെ കരച്ചിൽ ക്രമേണ കുറഞ്ഞ്, ഒടുവിൽ തീരെ കേൾക്കാനില്ലാതായി.

കിരിലോവും അബോഗിനും വഴിയിൽ തീരെ സംസാരിച്ചിരുന്നില്ലെന്നുതന്നെ പറയാം. ഒരിക്കൽമാത്രം നെടുവീർപ്പോടെ അബോഗിൻ മുരണ്ടു:

"വേദനാമയമായ സന്ദർഭം! നിങ്ങൾക്കു വേണ്ടപ്പെട്ടവർ നഷ്ടപ്പെടാനിടയുണ്ടെന്നു തോന്നുമ്പോഴത്തേപ്പോലെ തീവ്രമായി മറെറാരിക്കലും സ്നേഹിക്കാൻ നിങ്ങൾക്കു സാദ്ധ്യമല്ല."

നദി കടക്കുന്നതിനായി വണ്ടിയുടെ വേഗത ഒന്നു കുറഞ്ഞപ്പോൾ കിരിലോവ് പെട്ടെന്നൊന്നു ഞെട്ടി. ജലപ്പരപ്പിൻെറ തിളക്കംകണ്ടു ഭീതനായപോലെ അയാൾ തൻെറ ഇരിപ്പിടത്തിൽ ഒന്നു ചലിച്ചു.

"നോക്കൂ, ഞാൻ തിരിച്ചുപോകാനനുവദിക്കൂ." അയാൾ വേദനാഭരിതമായ സ്വരത്തിൽ പറഞ്ഞു. "ഞാൻ പിന്നീട് നിങ്ങളുടെ വീട്ടിൽ വരാം. എൻെറ അസിസ്റ്റൻറിനെ ഭാര്യയുടെഅടുത്തേക്കയയ്ക്കേണ്ടതാമസമേയുള്ളു. ഏതായാലും അവർ ഒററയ്ക്കല്ലേയുള്ളു!"

അബോഗിൻ ഒരക്ഷരം ഉരിയാടിയില്ല. വണ്ടി മുന്നോട്ടുനീങ്ങി, ചക്രങ്ങൾക്കിടയിൽപെട്ടു കല്ലുകൾ ഞെരിഞ്ഞു, മണൽനിറഞ്ഞ കരയിൽകടന്ന് അതു മുന്നോട്ടുനീങ്ങി. വേദനാമഗ്നനായ കിരിലോവ് പരിഭ്രമത്തോടെ ചുററും നോക്കി. താരങ്ങളുടെ നേർത്ത പ്രകാശത്തിൽ പാതയും പുഴക്കരയിലുള്ള മരങ്ങളും മറയുന്നതായിക്കാണാം.

വലതുവശത്തായി ആകാശംപോലെ, വെളിസ്ഥലം അന്തമില്ലാതെ നീണ്ടുകിടക്കുന്നു. അകലത്തിൽ മങ്ങിയ പ്രകാശം അവിടവിടെ മിന്നിക്കൊണ്ടിരുന്നു, അവിടം ഒരുപക്ഷേ വെളിപ്രദേശമായിരിക്കാം. ഇടതുവശത്തായി പാതയ്ക്കു സമാന്തരമായി ഒരുനിര കുന്നുകൾ നീണ്ടു കിടന്നിരുന്നു, അവിടെങ്ങും കുററിക്കാട്ടുകൾ നിറഞ്ഞിരുന്നു, അവയെല്ലാം മുകളിലായി നേർത്ത മഞ്ഞിന്റെ മൂട്ടപടമണിഞ്ഞ ചുവന്ന ചന്ദ്രക്കല, ഒന്നും വഴുതിപ്പോകാതിരിക്കാൻ സൂക്ഷ്മനിരീക്ഷണനോട ത്തി കാവൽനില്ക്കുന്നപോലെ നിശ്ചലമായി നിന്നിരുന്നു.

പ്രകൃതിമുഴുവൻ വേദനാമയവും, രോഗഗ്രസ്തവുമായിരിക്കുന്ന പോലെ തോന്നിച്ചിരുന്നു. ഇരുണ്ട മുറിയിൽപ്പെട്ട പതിതയായ ഒരുവളെപ്പോലെ, ഭൂതകാലത്തെപ്പററി ചിന്തിക്കാൻ ശക്തയല്ലാതെ, ഭൂമി വസന്തത്തിന്റേയും ഗ്രീഷ്മർത്തുവിന്റേയും സ്മരണകളാൽ കീഴ്പെട്ടു കിടക്കുന്നപോലെ തോന്നി, ഒഴിച്ചുകൂടാനാവാത്ത ഹേമന്തത്തെ അലസമായി പ്രതീക്ഷിക്കുന്നപോലെയും. നോക്കുന്നിടത്തൊക്കെ അബോഗിനോ ആ ചുവന്ന ചന്ദ്രക്കലയ്ക്കുതന്നെയോ പിടിച്ചുകയററാൻ കഴിയാത്തവിധം, പ്രകൃതി തമസ്സിൽ മുങ്ങി അന്തമില്ലാത്ത അഗാധതയിൽ ആണ്ടുകിടക്കുന്നപോലെ തോന്നിച്ചിരുന്നു.

വണ്ടി ലക്ഷ്യത്തോടടുക്കുന്തോറും അബോഗിൻ കൂടുതൽ അസ്വസ്ഥനായിക്കൊണ്ടിരുന്നു. അയാൾ പലവശത്തേക്കും ചലിക്കയും, വണ്ടിക്കാരന്റെ ചുമലുകൾക്കുമുകളിലൂടെ മുന്നോട്ടുനോക്കുകയും ചെയ്തുകൊണ്ടിരുന്നു. ആകർഷകമായി പണിചെയ്യപ്പെട്ട ഒരു ഭവനത്തിന്റെ മുമ്പിൽ, വണ്ടി നിന്നു. രണ്ടാമത്തെനിലയിലെ ജാലകങ്ങളിലേക്കു നോക്കുമ്പോൾ അയാളുടെ ശ്വാസഗതി വേഗതയിലും ഉച്ചത്തിലുമായി.

"എന്തെങ്കിലും സംഭവിക്കുന്നെങ്കിൽ അതു സഹിക്കാൻ ഞാൻ ശക്തനാകയില്ല." ഹാൾമുറിയിലേയ്ക്കു ഡാക്ടറെ അനുഗമിക്കുമ്പോൾ കൈകൾ കൂട്ടിത്തിരുമ്മി അസ്വാസ്ഥചിത്തനായി അയാൾ പറഞ്ഞു. "പക്ഷേ കുഴപ്പങ്ങളുടെ സൂചനയായ ശബ്ദങ്ങളൊന്നും ഇല്ല. അതിനാൽ എല്ലാം ആശ്വാസകരമായ നിലയിലായിരിക്കണം." മൂകതയിൽനിന്നും എന്തെങ്കിലും ഗ്രഹിക്കാൻ കണ്ണുകളെ ഏകാഗ്രമാക്കിക്കൊണ്ടു് അയാൾ തുടർന്നു.

ആരുടെ എങ്കിലും ശബ്ദമോ, പാദപാതശബ്ദമോ ഹാളിൽ കേൾക്കാനില്ലായിരുന്നു, തെളിഞ്ഞ പ്രകാശം നിറഞ്ഞിരുന്നെങ്കിലും ആ

ഭവനംമുഴുവൻ നിദ്രയിൽ മുഴുകിക്കിടക്കുന്നാപോലെ തോന്നി. ഇതുവരെ ഇരുളിൽക്കൂടി നീങ്ങിയിരുന്ന ഡാക്ടർക്കും അബോഗിനും ഇപ്പോൾ ശരിക്കു തമ്മിൽ കാണാമായിരുന്നു. ഡാക്ടർ ദീർഘകായനും താഴ്ന്ന ചുമലുകളുള്ളവനും അപരിഷ്കൃതമായമട്ടിൽ വസ്ത്രങ്ങളണിഞ്ഞയാളുമായിരുന്നു. അയാൾ തീരെ സുമുഖനായിരുന്നില്ല. അയാളുടെ കറുത്തുതടിച്ച അധരങ്ങളും, വളഞ്ഞ നാസികയും, നിർജ്ജീവവും അശ്രദ്ധവുമായ നോട്ടവും അസുഖകരവും കർക്കശവും വിരസവുമായ ഒരു ഭാവം പ്രകടിപ്പിച്ചിരുന്നു. അയാളുടെ കോതിവയ്ക്കാതെകിടന്ന മുടിയും, ഒട്ടിയ നെററിയും അകാലത്തിൽ വന്ന നരയും, സമൃദ്ധമല്ലാത്ത നീണ്ട താടിയും, അതിലൂടെ തെളിഞ്ഞുനില്ക്കുന്ന വിളറിയ തൊലിയും, അശ്രദ്ധമായ ഭാവവും എല്ലാം ഒടുങ്ങാത്ത ആവശ്യങ്ങളുടേയും നിരാശയുടേയും ആളുകളിലുള്ള കൗതുകക്കുറവിൻേറയും സൂചനകളായിരുന്നു. അയാളുടെ ആകർഷകമല്ലാത്ത മേനിയിലേക്കു നോക്കുമ്പോൾ അയാൾക്കൊരു ഭാര്യയുണ്ടെന്നോ, ഒരു പുത്രൻവേണ്ടി കരയാൻകഴിയുമെന്നോ തോന്നുകയില്ല. അബോഗിൻ തീരെ വ്യത്യസ്ഥമായ ഒരു ഭാവമാണു് പ്രതിനിധീകരിച്ചിരുന്നതു്. അയാൾ തടിച്ചുകൊഴുത്തു സുമുഖനായ ഒരുവനായിരുന്നു. വലിയ തലയും തടിച്ചു കുറുകിയ അംഗഘടനയുമുള്ള അയാൾ ഏററവും മെച്ചപ്പെട്ടതും നവീനവുമായ വസ്ത്രങ്ങളണിഞ്ഞിരുന്നു. അയാളുടെ ഭാവത്തിൽ ഒരു കുലീനത്വവും അസാധാരണത്വവും നിഴലിച്ചിരുന്നു, ഇറുകിക്കിടക്കത്തക്കവിധം കുടുക്കുകളിട്ട ഫ്റാക്കുകോട്ടും വളർന്ന മുടിയും എല്ലാം ആ ഭാവം വിളിച്ചറിയിക്കുന്നതായിരുന്നു. അയാൾ നെഞ്ചുയർത്തിപ്പിടിച്ചു്, നിവർന്നാണു നടന്നിരുന്നതു്. അയാളുടെ സംഭാഷണരീതി ആകർഷകമായിരുന്നു, തൻെറ മഫ്ളർ അഴിച്ചിട്ടു മുടി തടവി ഒതുക്കുമ്പോഴുള്ള കരചലനങ്ങൾക്കു് സ്ത്രീകളുടേതിനോടു സാദൃശ്യമുള്ള ഒരാകർഷകത്വമുണ്ടായിരുന്നു. അയാളുടെ വിളർച്ചയും, ഓവർകോട്ടു് ഊരിക്കൊണ്ടു് മുകളിലത്തെനിലയിലേക്കു നോക്കുമ്പോഴുള്ള ഭാവംതന്നെയും അയാളുടെ പൊതുവേയുള്ള ഭാവത്തെയോ കുലീനമായ മട്ടുകളെയോ ആത്മവിശ്വാസത്തെയോ അയാളിൽനിന്നും അകററിയിരുന്നില്ല.

“ആരെയും കാണാനില്ല. ഒരു ശബ്ദവും ഇല്ല.” പടികയറുമ്പോൾ അയാൾ പറഞ്ഞു. “ഒരു കുഴപ്പവും അനുഭവപ്പെടുന്നില്ല. നമുക്കാശിക്കാം.......”

അയാൾ ഡാക്ടറെ, ഹാളിൽക്കൂടി ഒരു വലിയ അറയിലേക്കാനയിച്ചു. അവിടെ ഒരു വലിയ പിയാനോയുടെ ഇരുണ്ട നിഴൽ പര

ന്നിരുന്നു. വെള്ളമൂടിയിട്ട മെഴുകുതിരികൾ ഘടിപ്പിച്ച വിളക്ക് മച്ചിൽനിന്നും തൂങ്ങിക്കിടന്നിരുന്നു. അവിടെനിന്നും അവർ ഒരു ചെറിയ സ്വീകരണമുറിയിലേക്കു കടന്നു. അവിടെ നേരിയ അരുണിമയുടെ മൂടുപടമണിഞ്ഞ നേർത്ത സുഖപ്രദമായ വെളിച്ചമുണ്ടായിരുന്നു.

"ഇരിക്കണം, ഡാക്ടർ" അബോഗിൻ പറഞ്ഞു. "ഞാൻ ഒരു നിമിഷത്തിനകം വരാം. നിങ്ങൾ വന്നു, എന്ന് ഞാനവരോടു പറയട്ടെ."

കിരിലോവ് ഏകാകിയായി അവിടെ ഇരുന്നു. ആ സ്വീകരണമുറിയിലെ ആർഭാടവും സുഖപ്രദമായ പ്രകാശവും, തീരെ അപരിചിതമായ ഒരു ഭവനത്തിലെ സാഹസികമായ തൻെറ സാമീപ്യം തന്നെയും അയാളെ ലേശമെങ്കിലും സ്പർശിക്കുന്ന ഒരു വികാരം ഉളവാക്കിയില്ല. അയാൾ ഒരു കസേരയിൽ ഇരുന്ന്, കാർബോളിക്കു പുരണ്ട തൻെറ വിരലുകളിൽ നോക്കി. അരുണവർണ്ണത്തിലുള്ള ഒരു വിളക്കിൻെറ മൂടിയും വയലിൻ വയ്ക്കുന്ന പെട്ടിയും അയാളുടെ ശ്രദ്ധയിൽപെട്ടില്ല. നിമിഷങ്ങൾക്കനുസരിച്ചു ശബ്ദിക്കുന്ന ഒരു ക്ലാക്കിൻെറ നേരേ നോക്കിയിരിക്കുമ്പോൾ അയാളുടെ മിഴികൾ ഒരു ചെന്നായുടെ രൂപത്തിലുറച്ച്, അത് അബോഗിനെപ്പോലെ സമൃദ്ധിയിൽ തടിച്ചു കൊഴുത്തതുപോലെ കാണപ്പെട്ടിരുന്നു.

എങ്ങും ശാന്തത നിറഞ്ഞിരുന്നു. അകലെയുള്ള ഏതോ ഒരറയിൽനിന്നും ആരോ ആക്രോശിച്ചു, "ഹാ!" ചില്ലിട്ട ഒരലമാരയുടെ മൂടി ഒന്നു ശബ്ദിച്ചതുപോലെ തോന്നി. വീണ്ടും നിറഞ്ഞ മൂകത. ഏതാണ്ട് ഒരഞ്ചുമിനിട്ടുകഴിഞ്ഞ്, തൻെറ കൈകളിൽനിന്നും മിഴികളുയർത്തി, അബോഗിൻ കടന്നുവരുന്ന ദിക്കിലേയ്ക്കു കിരിലോവ് നോക്കി.

അബോഗിൻ വാതില്ക്കൽ നിന്നിരുന്നു, എന്നാൽ അയാൾ അകത്തേക്കു പോയ അതേമനുഷ്യനായിരുന്നില്ല. അയാളുടെ കുലീനമായ ഭാവവും മട്ടും മറഞ്ഞിരുന്നു, അയാളുടെ വദനവും നിലയും എല്ലാം അസുഖകരമായ ഒരു കാഴ്ചയായിരുന്നു, അത് ഭീതികൊണ്ടോ ശാരീരികമായ അസുഖങ്ങൾകൊണ്ടോ ഉണ്ടായതായിരുന്നില്ല. അയാളുടെ നാസികയും അധരങ്ങളും മീശയും എല്ലാം ഒരു വല്ലാത്ത ഭാവപ്പകർച്ചകൊണ്ടു തുടിച്ചിരുന്നു, അവയെല്ലാം അയാളുടെ മുഖത്തിൽനിന്നും

രക്ഷപ്പെടാനാഗ്രഹിക്കുന്നപോലെ തോന്നി. അയാളുടെ മിഴികളിൽ വേദനയുടെ ഒരു നാളം തെളിഞ്ഞിരുന്നു........

അയാൾ കനത്ത പാദങ്ങളോടെ ഉലാത്തി, മുന്നോട്ടാഞ്ഞു കൈകൾ കൂട്ടിത്തിരുമ്മിക്കൊണ്ടു മുരണ്ടു:

"അവൾ എന്നെ ചതിച്ചു." അയാൾ അലറി. 'ചതിച്ചു' എന്ന വാക്കിന് അയാൾ കൂടുതൽ ശക്തി നല്കിയിരുന്നു. "എന്നെ ചതിച്ചു. അവൾ എന്നെവിട്ടുപോയി! സുഖക്കേടായി ഭാവിച്ച് ഡാക്ടറെ വിളിക്കാനയച്ചതു്, ആ തെമ്മാടിയായ പാപ്പ്ൾച്ചിൻസ്കി യോടുകൂടി പോകാനായിരുന്നു! ഈശ്വരാ!"

അബോഗിൻ ഡാക്ടരുടെ അടുത്തേക്കു നടന്നു, തന്റെ തടിച്ചു കുറുകിയ മുഷ്ടി അയാളുടെനേരെ ചലിപ്പിച്ചുകൊണ്ട് അബോഗിൻ അക്രോശിച്ചു:

"എന്നെ വിട്ടുപോയി. എന്നെ ചതിച്ചു! എന്തൊരു കാപട്യമാണ്! ഈശ്വരാ! ചതി നിറഞ്ഞതും, നികൃഷ്ടവും, വികൃതവുമായ ഈ വേല എന്തിന്! ഞാൻ അവൾക്കെന്തു ദ്രോഹം ചെയ്തു? അവൾ എന്നെ ഉപേക്ഷിച്ചു!"

അയാളുടെ കപോലങ്ങളിലൂടെ കണ്ണീരു വാർന്നൊഴുകി. അയാൾ ആ സ്വീകരണമുറിയിൽ അസ്വസ്ഥനായി ഉലാത്തി. അയാളുടെ ഇടുങ്ങിയ ഫ്റാക്കുകോട്ടും, പരിഷ്കൃതമായ കാലുറകളും, അതിൽകൂടി വളരെ നേർത്തു ശരീരത്തിനനുരൂപമായി വണ്ണംതികയാതെ തോന്നുന്ന കാലുകളും, അയാളുടെ വലിയ തലയും വളർന്ന മുടിയും എല്ലാംകൂടെ യുംകാൾ അയാൾക്കു് ഒരു സിംഹത്തിന്റെ രൂപത്തോട് സാദൃശ്യം നല്കി. ഡാക്ടരുടെ അശ്രദ്ധമായ മുഖഭാവത്തിൽ ഒരു ജിജ്ഞാസ കടന്നു. അയാൾ എഴുന്നേററു് അബോഗിനെ നോക്കി.

"രോഗി, എവിടെ?" ഡാക്ടർ ചോദിച്ചു.

"രോഗി! രോഗി!" മുഷ്ടിചുരുട്ടി കൈപ്പത്തിയിൽ ഇടിച്ചുകൊണ്ട് ചിരിയും കരച്ചിലും കലർന്ന സ്വരത്തിൽ അബോഗിൻ അക്രോശിച്ചു. "അവൾ ഒരു രോഗിണിയല്ല, അവൾ ശപിക്കപ്പെട്ട ഒരു സ്ത്രീയാണ്! എത്ര നികൃഷ്ടം! എത്ര ഹീനം! ചെകുത്താനുപോലും ഇതിലുപരിയായ ഒരുചതി കണ്ടുപിടിക്കാൻ സാദ്ധ്യമല്ല. ആ തെമ്മാടിയോടുകൂടി, വൃത്തികെട്ട ജന്തുവിനോടുകൂടി, ഒളിച്ചോടാൻവേണ്ടി

അവൾ എന്നെ പറഞ്ഞയച്ചു. ഈശ്വരാ, ഇതിൽ ഭേദം അവൾ മരിച്ചിരുന്നെങ്കിൽ! ഒരിക്കലും ഇതിൽനിന്നും രക്ഷപെടാൻ എനിക്കു സാദ്ധ്യമല്ല. ഒരിക്കലും!"

ഡാക്ടർ എഴുന്നേററു. അയാൾ വല്ലാതായി, മിഴികൾ നിറഞ്ഞു, കവിളെല്ലുകൾക്കൊപ്പം അയാളുടെ താടിരോമങ്ങൾ ചലിച്ചു.

"ക്ഷമിക്കണം—ഇതിൻെറയൊക്കെ അത്ഥമെന്താണ്?" അയാൾ അത്ഭുതത്തോടെ ചുററും നോക്കിയിട്ടു പറഞ്ഞു. "എൻെറ കുട്ടിമരിച്ചു, എൻെറ ഭാര്യ ഏകാന്തമായി കണ്ണീരിൽ മുങ്ങി വീട്ടിൽ കഴിയുന്നു..........എനിക്കു നിവർന്നുനില്ക്കാൻതന്നെ കഴിയുന്നില്ല, മൂന്നുരാത്രികളായി ഞാൻ ഉറങ്ങിയിട്ടില്ല..........എന്നിട്ടു ഞാനെന്താണ് കാണുന്നതു്? വികൃതമായ ഒരു നാടകത്തിലെ ഒരുഭാഗം അഭിനയിക്കാൻ ഞാൻ പിടിച്ചിറക്കപ്പെട്ടു, ഞാൻ രംഗത്തെ നിസ്സാരമായ ഒരുപകരണംപോലെയായി—എനിക്കു മനസ്സിലാകുന്നില്ല."

അബോഗിൻ മുഷ്ടിനിവത്തു് ഒരു കുറിപ്പു തറയിലേക്കു വലിച്ചെറിഞ്ഞു; താൻ നശിപ്പിക്കാനാഗ്രഹിക്കുന്ന ഒരു കീടത്തെ എന്നപോലെ അതിനെ ചവിട്ടി ഞെരിച്ചുകൊണ്ടയാൾ മുരണ്ടു:

"ഞാൻ ഒന്നും കണ്ടില്ല, ഒന്നും ഗ്രഹിച്ചില്ല." അയാൾ പല്ലുഞെരിച്ചുകൊണ്ടുരുവിട്ടു, തൻെറ കാൽവണ്ണയിൽ പററിയ ഒരു വ്രണത്തിൽ ആരോ ചവിട്ടിയിട്ടെന്നപോലെ അയാൾ കൈകളുയത്തി മുഖത്തിനുനേരെ ചലിപ്പിച്ചു. "അയാൾ ഓരോ ദിവസവും വരുന്ന രീതി ഞാൻ ഗൗനിച്ചില്ല, ഇന്നു് ഒരു വണ്ടിയിൽ അയാൾ വന്നതും എൻെറ ശ്രദ്ധയിൽപെട്ടില്ല. ഒരു വണ്ടിയുടെ ആവശ്യമെന്താണ്? അന്ധനായ ഒരു മഠയനാണ് ഞാൻ, ഞാനതു ശ്രദ്ധിച്ചില്ല. അന്ധനായ ഒരു മഠയൻ!"

"ഞാൻ—ഞാൻ ഒന്നും മനസ്സിലാക്കുന്നില്ല." ഡാക്ടർ മുരണ്ടു. "ഇതിൻെറ എല്ലാം അത്ഥം എന്താണ്? ഇതു വ്യക്തിപരമായ ഒരു വഞ്ചനാപ്രകടനമാണ്, മനുഷ്യൻെറ വേദനകളോടുള്ള ഒരു പരിഹാസമാണ്. ഇതു തീരെ പാടില്ലാത്തതാണ്—ഞാൻ ഇത്തരം ഒരു കാര്യം ജീവിതത്തിൽ കേട്ടിട്ടേഇല്ല!"

താൻ അധിക്ഷിപ്തനായിരിക്കുന്നു എന്നു ഗ്രഹിക്കാൻ തുടങ്ങിയിരുന്ന ഡാക്ടർ, നിർജ്ജീവമായി വിശ്വാസക്കുറവോടെ ചുമലിളക്കി

കൊണ്ടു് ഇരുകരങ്ങളും മുന്നോട്ടുനീട്ടി, സംസാരിക്കാൻ ശക്തനല്ലാതെ ഒരു കസേരയിലേക്കു കുഴഞ്ഞുവീണു.

"ഇപ്പോൾ നീ എന്നെ സ്നേഹിക്കുന്നില്ല, നീ മററൊരുവനെ സ്നേഹിക്കുന്നു—ശരിതന്നെ, പക്ഷേ എന്തിനാണു് ഈ ചതി, ഹീനവും നിന്ദ്യവുമായ ഈ തന്ത്രം!" അബോഗിൻ കണ്ണീരോടെ ഉരുവിട്ടു. "ഇതിൻെറ മെച്ചമെന്താണു്? ഇതിൻെറ ആവശ്യം എന്താണു്? ഞാൻ നിനക്കെന്തു ദ്രോഹംചെയ്തു?" "ഡാക്ടർ!" അയാൾ കിരിലോവിൻെറ അടുത്തുചെന്നു് അമർഷത്തോടെ അക്രോശിച്ചു. "നിങ്ങൾ എൻെറ ഭാഗ്യദോഷത്തിനു്, കരുതിക്കൂട്ടിയല്ലാതെവന്നകപ്പെട്ട സാക്ഷിയാണു്. സത്യം, നിങ്ങളിൽനിന്നും ഞാൻ ഒളിക്കുന്നില്ല. ഞാൻ സത്യംചെയ്യുന്നു, ഞാൻ അവളെ സ്നേഹിച്ചു, ആരാധിച്ചു. ഞാനവളുടെ അടിമയായിരുന്നു. ഞാൻ അവൾക്കുവേണ്ടി എല്ലാം ത്യജിച്ചു. എൻെറ ബന്ധുക്കളോടു കലഹിച്ചു്, ജോലി വലിച്ചെറിഞ്ഞു, സംഗീതത്തോടു വിടവാങ്ങി, അവളുടെ അപരാധങ്ങൾ ക്ഷമിച്ചു്; അതേകാര്യങ്ങൾക്കു് എൻെറ അമ്മയോ സഹോദരിയോ ആയാൽ ഞാൻ ക്ഷമിക്കയില്ലായിരുന്നു....ഞാൻ അവളെ കടുപ്പിച്ചൊന്നു നോക്കിയിട്ടുകൂടിയില്ല....ലഘുവായ ഒരു കാരണംപോലും ഞാൻ ഉണ്ടാക്കിയിട്ടില്ല. ഈ കാപട്യങ്ങളെന്തിനു്? ഞാൻ പ്രേമം ആവശ്യപ്പെടുന്നില്ല, പക്ഷേ ഈ ചതികളെന്തിനു്? നീ എന്നെ സ്നേഹിക്കുന്നില്ലെങ്കിൽ എന്തുകൊണ്ടു തുറന്നു പറഞ്ഞുകൂടാ?—ഇതിലെല്ലാം ഉള്ള എൻെറ വീക്ഷണഗതി നിനക്കറിയാം...."

നിറഞ്ഞ മിഴികളോടും, വിറയാന്ന മേനിയോടും ഏററവും ആത്മാർത്ഥതയോടെ അബോഗിൻ തൻെറ ഹൃദയം ഡാക്ടരുടെമുന്നിൽ തുറന്നുവച്ചു. അയാൾ വികാരത്തള്ളലോടെ സംസാരിച്ചിരുന്നു, ഗാർഹികമായ എല്ലാ രഹസ്യങ്ങളും യാതൊരു മടിയുമില്ലാതെ അയാൾ വെളിപ്പെടുത്തി, എല്ലാ രഹസ്യങ്ങളും തന്നിൽനിന്നും പുറത്തുചാടുന്ന കാര്യ അയാൾക്കാശ്വാസകരമായിരുന്നു. ഒരുമണിക്കൂർകൂടി അങ്ങിനെ സ്വയം മറന്നു സംസാരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ അയാൾ ഒട്ടാശ്വസിക്കുമായിരുന്നു. ആക്കറിയാം? ഡാക്ടർ സഹാനുഭൂതിയോടും സ്നേഹത്തോടും അതു ശ്രവിച്ചിരുന്നെങ്കിൽ സാധാരണ സംഭവിക്കാറുള്ളതുപോലെ അയാൾ യാതൊന്നും പുലമ്പാതെ തൻെറ വിധിയോടു പൊരുത്തപ്പെടുകയും വിഡ്ഢിത്തങ്ങൾ കാട്ടിക്കൂട്ടാതിരിക്കയും ചെയ്യുമായിരുന്നു........പക്ഷേ അതല്ല സംഭവിച്ചതു്. അബോഗിൻ സംസാ

രിച്ചുകൊണ്ടിരിക്കുമ്പോൾ ഡാക്ടരുടെമുഖത്തു് ശ്രദ്ധേയമായ ഒരു ഭാവപ്പകർച്ച തെളിഞ്ഞു. അയാളുടെ വദനത്തിൽ മുദ്രിതമായിരുന്ന അശ്രദ്ധയും ആശ്ചര്യവും, ക്രമേണ തീക്ഷ്ണമായ കോപത്തിനും ക്ഷോഭത്തിനും വഴി മാറിക്കൊടുത്തു. അയാളുടെ ഭാവം തീരെ പരുക്കനും പൊരുത്തപ്പെടാത്തതും അസുഖകരവുമായി മാറി. അബോഗിൻ തന്റെ മിഴികൾക്കുനേരെ, ഒരു കന്യാസ്ത്രീയെപ്പോലെ നിർവികാരമായ മുഖഭാവത്തോടുകൂടിയ ഒരു സുന്ദരിയുടെ ചിത്രം എടുത്തുപിടിച്ചുകൊണ്ടു്, ആ മുഖം കാപട്യത്തിനും ചതിക്കും ശക്തമാണെന്നു് ആർക്കെങ്കിലും പറയാൻ കഴിയുമോ എന്നു ചോദിച്ചപ്പോൾ ഡാക്ടർ ചാടിഎഴുന്നേററു് മിഴികളിൽ മൃഗീയമായ ഒരു തിളക്കത്തോടെ ഓരോവാക്കും പരുഷമായി ഉച്ചരിച്ചുകൊണ്ടു് ക്രൂരമായി അക്രോശിച്ചു:

“നിങ്ങളെന്തിനാണു് ഇതൊക്കെ പറയുന്നതു്? ഇതിൽ എനിക്കൊരു കൗതുകവും ഇല്ല. നിങ്ങൾ പറയുന്നതൊന്നും ഞാൻ ശ്രദ്ധിക്കയില്ല!” അയാൾ മേശപ്പുറത്തു് ഇടിച്ചുകൊണ്ടു് അലറി: “എനിക്കു നിങ്ങളുടെ വിലയററ രഹസ്യങ്ങളാവശ്യമില്ല, നശിച്ച കാര്യങ്ങൾ! എന്നോടു് ഈവിധമുള്ള നിരർത്ഥകമായ കാര്യങ്ങൾ പറയരുതു്. ഇതിനകംതന്നെ എന്നെ കണക്കിനധിക്ഷേപിച്ചുകഴിഞ്ഞു എന്നു് നിങ്ങൾ ചിന്തിക്കുന്നില്ലായിരിക്കാം? യാതൊരു ചിന്തയുമില്ലാതെ നിങ്ങൾക്കു നശിപ്പിക്കാൻ കഴിയുന്ന ഒരു ഭൃത്യനായി നിങ്ങൾ എന്നെ കണക്കാക്കുന്നു. അതല്ലേ ഇതിന്റെയൊക്കെ അർത്ഥം?”

അബോഗിൻ പിറകോട്ടു മലച്ചു്, ആശ്ചര്യത്തോടെ അയാളെ തുറിച്ചുനോക്കി.

“നിങ്ങൾ എന്തിനെന്നെ ഇവിടെ വിളിച്ചുകൊണ്ടുവന്നു?” ഡാക്ടർ തുടർന്നു, അയാളുടെ താടിരോമങ്ങൾ വിറച്ചു. “നിങ്ങൾ മററൊന്നും ചെയ്യാനില്ലാത്തതുകൊണ്ടു വിവാഹംകഴിച്ചു, അതുകൊണ്ടുതന്നെ നിങ്ങൾ നിങ്ങളുടെഭാഗംതന്നെ അഭിനയിച്ചുതീർക്കണം, പക്ഷേ അതിലൊക്കെ എനിക്കെന്തുകാര്യമാണു്? പോയി ഒരു മാന്യനെപ്പോലെ ദ്വന്ദ്വയുദ്ധം നടത്തു, മനുഷ്യസഹജമായ നിങ്ങളുടെ വിശ്വാസങ്ങൾ പ്രകടിപ്പിക്കൂ. പോകൂ—(ഇവിടെ ഡാക്ടർ വയലിൻവച്ചിരിക്കുന്ന പെട്ടിയുടെനേരെ ഒരു നോട്ടംഎറിഞ്ഞു.) പോയ്; നിങ്ങളുടെ സമരകാഹളംമുഴക്കൂ; ഒരു പൂവൻകോഴിയെപ്പോലെ ക്രൂക്രി പക്ഷേ അനാവശ്യമായി മനുഷ്യരെ അലട്ടാൻ തുനിയരുതു്. അവ

ആദരിക്കാൻ നിങ്ങൾക്കു സാദ്ധ്യമല്ലെങ്കിൽ, ഉപദ്രവിക്കാതെ വിട്ടേക്കൂ!"

"ക്ഷമിക്കണം, പക്ഷേ, ഇതിൻെറയെല്ലാം അർത്ഥമെന്താണ്?" വിളറിയ വദനത്തോടെ അബോഗിൻ ചോദിച്ചു.

"മനുഷ്യരെ ഇങ്ങനെ വിഡ്ഢികളാക്കുന്നതു മാനംകെട്ടതും, അന്തസ്സില്ലാത്തതുമായ ഒരു പണിയാണെന്നാണ് അതിൻെറ അർത്ഥം. ഞാനൊരു ഡാക്ടരാണ്, കോളോണിൻെറയും വ്യഭിചാരത്തിൻെറയും ഗന്ധമില്ലാത്ത ഓരോ ജോലിക്കാരനും നിങ്ങളുടെ ദാസന്മാരാണെന്നു നിങ്ങൾ കരുതുന്നു. അങ്ങനെതന്നെ ആകട്ടെ, എന്നാൽ വേദനപ്പെടുന്ന ഒരു മനുഷ്യനെ രംഗസജ്ജീകരണത്തിൽ ഒരുപകരണമാക്കാൻ നിങ്ങൾക്കു തീർച്ചയായും അവകാശമില്ല."

"അതെന്നോടു പറയാൻ നിങ്ങൾക്കെങ്ങനെ തോന്നുന്നു?" അബോഗിൻ മൃദുസ്വരത്തിൽ പറഞ്ഞു, അയാളുടെ മുഖം വക്രിച്ചു, ഇപ്രാവശ്യം അതു രോഷത്തോടുകൂടിയായിരുന്നു.

"എൻെറ വേദനകൾ അറിഞ്ഞുകൊണ്ടുതന്നെ നിങ്ങളുടെ പുലമ്പലുകൾ കേൾക്കാൻ എന്നെ ഇങ്ങോട്ടു വലിച്ചിഴയ്ക്കാൻ നിങ്ങൾക്കെങ്ങനെ കഴിഞ്ഞു?" മേശപ്പുറത്തടിച്ചുകൊണ്ടു ഡാക്ടർ വീണ്ടും ആക്രോശിച്ചു. "മററാരാളുടെ വേദനയെ പരിഹസിക്കാൻ നിങ്ങൾക്കെന്തവകാശമാണ്.?"

"നിങ്ങൾക്കു ഭ്രാന്തായിരിക്കും!" അബോഗിൻ പറഞ്ഞു. "എന്തു സഹാനുഭൂതിയില്ലാത്ത വാക്കുകളാണ്! ഞാൻ മനക്ലേശത്തിൻെറ പാരമ്യത്തിലാണ്....എന്നിട്ടും....എന്നിട്ടും...."

"മനഃക്ലേശം!" ഡാക്ടർ വെറുപ്പോടെ ഉരുവിട്ടു. "ആ വാക്കു പ്രയോഗിക്കാതിരിക്കൂ. അതു നിങ്ങൾക്കു തീരെ പൊരുത്തപ്പെടുന്നില്ല. തങ്ങളുടെ കടം വീട്ടാൻ ഗതിയില്ലാത്തവരും, സ്വയം ദുഃഖിതരെന്നു വിളിക്കുന്നു. കൊഴുത്തു തടിച്ച ഒരു കോഴിക്കുഞ്ഞും ദുഖിതനാണ്"

"എൻെറ പ്രിയപ്പെട്ട സർ, നിങ്ങൾ സ്വയം മറന്നു സംസാരിക്കുന്നു." അബോഗിൻ ആക്രോശിച്ചു. "ഇത്തരം വാക്കുകൾക്ക്.... അടിയാണ് അർഹിക്കുന്ന മറുപടി. നിങ്ങൾക്കു മനസ്സിലാകുന്നുണ്ടോ?"

അബോഗിൻ ധൃതിയോടെ കീശയിൽ തിരഞ്ഞ്, കുറേ നോട്ടുകൾ വലിച്ചെടുത്ത് അതിൽ രണ്ടെണ്ണം മേശപ്പുറത്തുവച്ച് ഇടിച്ചുകൊണ്ടു പറഞ്ഞു:

"ഇതാ, ഇതു നിങ്ങൾക്കുള്ളതാണ്." അയാളുടെ നാസിക വിറയ്ക്കുന്നുണ്ടായിരുന്നു "നിങ്ങൾ വന്നതിനുള്ള കൂലി."

"എനിക്കു പണംതരാൻ തുനിയണ്ട!" നോട്ടുകൾ തുത്തു നിലത്തേക്കെറിഞ്ഞുകൊണ്ടു ഡാക്ടർ പറഞ്ഞു "അപമാനത്തിനു, പണം പരിഹാരമാകുന്നില്ല."

അബോഗിനും ഡാക്ടരും പരസ്പരം എതിൎത്തു കോപാവേശത്തോടെ പല അധിക്ഷേപ വാക്കുകളും പ്രയോഗിച്ചു. അവർ രണ്ടു പേരും, ഉന്മാദാവസ്ഥയിൽപോലും ഇത്ര ഹീനവും അസഭ്യവുമായ വാക്കുകൾ, ജീവിതകാലത്തുരുവിട്ടിരിക്കയില്ല. രണ്ടിലും വേദനിക്കുന്നവരുടെ ഗർവം തെളിഞ്ഞുനിന്നിരുന്നു. വേദനപ്പെടുന്നവർ അഹംഭാവികളാകുന്നു, കോപവും ന്യായരാഹിത്യവും ക്രൂരതയും തികഞ്ഞവർ യഥാൎത്ഥത്തിൽ മറ്റയരായവരെക്കാൾ പരസ്പരം അറിയാൻ അശക്തരാവുന്നു. ഭാഗ്യദോഷം ആളുകളെ തമ്മിലടുപ്പിക്കുന്നതിനു പകരം അകററുന്നു, ദൗർഭാഗ്യത്തിൻെറ സാദൃശ്യം ആളുകളെ തമ്മിലടുപ്പിക്കുമെന്നാണു വിശ്വാസമെങ്കിലും, അവർതമ്മിൽ താരതമ്യേന സംതൃപ്തരായവരെക്കാൾ കൂടുതൽ ഔചിത്യഹീനമായും നിർദ്ദയമായും പെരുമാറുന്നു.

"എന്നെ വീട്ടിലെത്തിക്കാൻ ദയവുണ്ടാകണം!" ഡാക്ടർ ശ്വാസംവിടാതെനിന്നാക്രോശിച്ചു.

അബോഗിൻ ബെല്ലടിച്ചു. ആരും എത്താതിരുന്നപ്പോൾ അതാവൎത്തിച്ചിട്ട് അയാൾ ബെല്ലുവലിച്ച് നിലത്തെറിഞ്ഞു. അതു പരവതാനിയിൽ, പൊള്ളയായ ഒരു ശബ്ദത്തോടെ പതിച്ചു, അതു ശോകനിർഭരമായ ഒരു കരച്ചിൽപോലെ ഉയൎന്നടങ്ങി. ഒരു ഭൃത്യൻ എത്തി.

"എവിടായിരുന്നെടാ, നീ ഒളിച്ചിരുന്നതു്?" മുഷ്ടിചുരുട്ടി അവൻെറനേക്കു പാഞ്ഞടുത്തുകൊണ്ടു് അബോഗിൻ അലറി. "നീ എവിടായിരുന്നു? പോയി ഇദ്ദേഹത്തിനുവേണ്ടി, വണ്ടി ഏർപ്പാടുചെയ്യൂ. ഒരു ഒററക്കുതിരവണ്ടി എനിക്കും തയ്യാറാക്കു. നിൽക്കൂ!" ഭൃത്യൻ പോകാൻ തിരിഞ്ഞപ്പോൾ അയാൾ അക്രോശിച്ചു. "നാളെ ഒരൊററ ചതിയനേയും ഈ വീട്ടിനുള്ളിൽ കടത്തരുതു്. എല്ലാവനും പോകട്ടെ! ഞാൻ പുതിയ ഭൃത്യന്മാരെ ഏർപ്പെടുത്തും! പന്നി!"

വണ്ടിക്കുവേണ്ടി കാത്തിരിക്കുമ്പോൾ അബോഗിനും ഡാക്ടരും മൂകത പാലിച്ചു. അബോഗിൻെറ കുലീനവും മെച്ചപ്പെട്ടതുമായ പരിസരത്തിൽ രൂപംപ്രാപിച്ച സ്വഭാവഗതികൾ മടങ്ങിവന്നിരുന്നു. അയാൾ ആ അറയിൽ ഉലാത്തിക്കൊണ്ടിരുന്നു, തല ഉയൎത്തിപ്പിടിച്ചു

കൊണ്ടുള്ള ആ നടത്തയിൽ അയാൾ എന്തൊക്കയോ പരിപാടിയിട്ട ന്നപോലെ തോന്നി. അയാളുടെ ക്രോധം അടങ്ങിയിരുന്നില്ല, പക്ഷേ തൻെറ വൈരിയുടെ സാമീപ്യം അറിയുന്ന ഭാവം അയാൾ പ്രകടി പ്പിച്ചിരുന്നില്ല. ഡാക്ടർ മേശയിൽ പിടിച്ചുകൊണ്ടു് അബോഗിനെ നോക്കിനിന്നു, അയാളുടെ ഭാവം വിരൂപവും, വെറുപ്പും വിദ്വേഷവും കലന്ന ഒരു കുബുദ്ധിയുടേതുമായിരുന്നു, ദുഃഖിതരും ദരിദ്രരുമായവർ ആവശ്യത്തിലേറെ വിനയത്താൽ എതിക്കപ്പെടുമ്പോഴുള്ള ഭാവമായി രുന്നു അതു്.

കുറെക്കഴിഞ്ഞു് തൻെറ വീട്ടിലേക്കു തിരിക്കുന്നതിനായി വണ്ടി യിൽ കടന്നു് ഇരുന്നു കഴിഞ്ഞപ്പോഴും ഡാക്ടരുടെ മിഴികളിൽ വെ റുപ്പും വിദ്വേഷവും കലന്ന ഒരു ഭാവം തെളിഞ്ഞുനിന്നിരുന്നു. ഇരുളിനു കഴിഞ്ഞ ഒരു മണിക്കൂറിനുമുൻപുള്ളതിനെക്കാൾ കട്ടി ഏറി യിരുന്നു, അരുണവൎണ്ണത്തിലുള്ള ചന്ദ്രക്കല കുന്നിൻപുറകിൽ മറ ഞ്ഞുകഴിഞ്ഞിരുന്നു, നക്ഷത്രങ്ങളെ രക്ഷിച്ചുനിന്ന മേഘപാളികൾ അവയ്ക്കു ചുററും ആകാശത്തിൻെറ വിടവടയ്ക്കുന്നപോലെ അങ്ങിങ്ങു കവുത്തുകൂടിനിന്നിരുന്നു. വണ്ടിച്ചക്രങ്ങളുടെ ശബ്ദം പാതയിൽനിന്നു പൊങ്ങി, ചുവപ്പുവിളക്കുവച്ച ഒരു ഒററക്കുതിരയെ പൂട്ടിയവണ്ടി ഡാക്ടരുടെ വണ്ടിയെ കടന്നുപോയി. അതിൽ അബോഗിനായിരു ന്നു, അയാൾ പ്രതിഷേധിക്കാനും വിഡ്ഢിത്തങ്ങൾ കാട്ടാനും ഉറച്ചു പോകയാണു്......................

യാത്രയിൽ തൻെറ പത്നിയേയോ അൻഡ്രേയിയേയോ അല്ല ഡാക്ടർ ഓൎത്തിരുന്നതു്, താൻ ഏതാനും നിമിഷങ്ങൾക്കുമുൻപു വിട്ട ഭവനത്തിലെ താമസക്കാരും അബോഗിനുമായിരുന്നു അയാളുടെ ചിന്തയിൽ കിടന്നിരുന്നതു്. അയാളുടെ ചിന്തകൾ നീതിക്കു നിര ക്കാത്തതും ക്രൂരവുമായിരുന്നു. അയാൾ അബോഗിനേയും അയാളുടെ പത്നിയേയും പാപ്ചിൻസ്കിയേയും എല്ലാം ശപിച്ചു്, അവരോടുള്ള വെറുപ്പുകൊണ്ടു തിങ്ങിയ അയാളുടെ കരൾ വേദനിച്ചു. അവരോ ടെല്ലാം നീതിക്കുനിരക്കാത്ത ഒരു മനോഭാവം അയാളുടെ ഹൃദയത്തിൽ വേരൂന്നിക്കഴിഞ്ഞിരുന്നു.

കാലം കഴിഞ്ഞുപോകും, കിരിലോവിൻെറ വേദനകൾമായും, എന്നാൽ ന്യായരഹിതവും മനുഷ്യത്വമററതുമായ ആ മനോഭാവം മായുകയില്ല, അതു് ഡാക്ടരോടുകൂടി അയാളുടെ മരണംവരെ നില നില്ക്കും.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MF9 Acc. No. 9483

This book should be returned on or before the date last stamped below.

12 SEP 2008

If the book is not returned on due date a fine of 10 (Ten) Ps. per day will be charged.

MF9

9483

ചെക്കോവ് ആൻറൺ

<u>പേഷ്യാന്റ്</u>